KOTTAYAM PUBLIC LIBRARY

Call No. 1708 D.S Acc. No 79621

Author [illegible]

Title [illegible]

KOTTAYAM PUBLIC LIBRARY ★ KOTTAYAM. ★

# സമാധാനപ്രവാചകൻ

അഥവാ

# ശ്രീനാരായണ ഗുരുദേവൻ.

KOTTAYAM PUBLIC LIBRARY * KOTTAYAM. 79821

By

സ്വാമി ധർമ്മതീർത്ഥർ, ബി. എ., എൽ എൽ. ബി.

DISTRIBUTING LIBRARY. KOTTAYAM. DM 4195

പ്രസാധകർ,
എസ്. റ്റി. റെഡ്യാർ & സൺസ്,
വി. വി. പ്രെസ്സ്—കൊല്ലം.

കറന്റ് ബുക്സ് തൃശൂർ

1–ാംപതിപ്പ് കോപ്പി—2000.

1953.

1-50NP

---

ഗ്രന്ഥകർത്താവിന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

1793

M108
Dan. S.

ശ്രീനാരായണ ഗുരുദേവൻെറ അനുഗ്രഹക്കൊടിയിൻകീഴിൽ അണിനിരന്ന ഭക്തകോടികളുടെയും പൂജ്യന്മാരായ ധീരനേതാക്കന്മാരുടെയും കഴിഞ്ഞ 50-ൽപരം വഷത്തെ വിശ്വസ്ത സേവനത്തിൻെറ വിജയസ്തംഭമായി പരിലസിക്കുന്ന,

എസ്സ്. എൻ. ഡി. പി. യോഗത്തിൻെറ കനകജൂബിലിയാഘോഷങ്ങളിൽ ഞങ്ങളുടെ ഒരു വിനീതോപഹാരമായി, ഗുരുദേവൻെറ പ്രഥമ സന്യാസിശിഷ്യന്മാരിൽ ഒരാളായ ശ്രീ ധമ്മതീത്ഥസ്വാമികൾ രചിച്ചിട്ടുള്ള ഈ വിശിഷ്ടഗ്രന്ഥം ഞങ്ങൾ ലോകസമക്ഷം സമപ്പിക്കുന്നു.

പ്രസാധകന്മാർ.

DISTRIBUTING LIBRARY,
No..................
KOTTAYAM.

I

# ആമുഖം.

DISTRIBUTING LIBRARY,
No..................
KOTTAYAM.

## ജീവചരിത്രം ഒരു പഠനം.

ഒരു മഹാത്മാവിൻെറ ജീവചരിത്രം എത്രതന്നെ പ്രാപ്തിയോടുകൂടി എഴുതപ്പെട്ടിരുന്നാലും അതു് ഒരു പഠനം മാത്രമായിരിക്കും. ഈ പഠനം എല്പ്പോഴും അപൂൎണ്ണമായിരിക്കാനേ നിവൃത്തിയുള്ളു. അതു് ഒരു ചെറിയ മനുഷ്യൻ തന്നെക്കാൾ മഹാനായ ഒരാളെ മനസ്സിലാക്കുവാനും വിവരിക്കുവാനും ചെയ്യുന്ന ഒരു യത്നമാണു്. വൎത്തമാനകാലത്തുമാത്രം ജീവിക്കുന്നവരല്ല മഹാന്മാർ. അവരുടെ ജീവിതകാലത്തല്ല, ഭാവിശതാബ്ദങ്ങളിലാണു് അവരുടെ മഹത്ത്വം പ്രത്യക്ഷപ്പെടുന്നതു്. അവർ വിദൂരത്തുള്ള നക്ഷത്രങ്ങളെപ്പോലെയാണു്. ഭൂമിയെക്കാൾ കോടിമടങ്ങു വലിപ്പമുള്ള നക്ഷത്രങ്ങൾ മേഘങ്ങളുടെ ഇടയിൽകൂടി ഒരു ചെറുപുഷ്പത്തിൻെറ ആകൃതിയിൽ കാണപ്പെടുന്നതുപോലെ, വരുവാനിരിക്കുന്ന അനേകശതാബ്ദങ്ങളുടെ അപ്പുറത്തുനിന്നു് പ്രകാശിക്കുന്നവരാണു് മഹാന്മാർ. ഈവിധം അവരെ വീക്ഷിക്കുന്നതു് വളരെ വിഷമമുള്ള ഒരു പ്രവൃത്തിയാണു്. അതിനു് അസാമാന്യമായ ദീൎഘവീക്ഷണശക്തി ആവശ്യമാകുന്നു. ഈ വിഷമങ്ങളൊന്നും ഇല്ലെങ്കിൽതന്നെ ഒരു മനുഷ്യനെ ശരിയായി മനസ്സിലാക്കുന്നതുപോലെ അത്ര പ്രയാസ

മുള്ള വിഷയം മറെറാന്നുമില്ല. എന്തുകൊണ്ടെന്നാൽ ഒരു മനുഷ്യന്റെ യഥാത്ഥ സ്വഭാവം നമ്മുടെ ബുദ്ധിക്ക് അതീതമായിട്ടുള്ളതാകുന്നു. ഒരു മനുഷ്യവ്യക്തിയുടെ മാഹാത്മ്യം അറിയുന്നതിനു് പ്രകൃതിശാസ്ത്രജ്ഞന്മാർ സാധാരണ ഉപയോഗിക്കുന്ന മാൎഗ്ഗം വളരെ സഹായമായി ത്തീരുന്നില്ല. ബുദ്ധിശക്തിയും ഹൃദയശുദ്ധിയുമാണു് ഒരു മനുഷ്യന്റെ യഥാത്ഥമഹത്വം നിശ്ചയിക്കുന്നതു്. ഇവ രണ്ടും ഇന്ദ്രിയങ്ങൾക്കു് അഗോചരവും മനസ്സിനു് ദുർഗ്രാഹ്യവുമാകുന്നു. ഒരു മനുഷ്യന്റെ ബുദ്ധിശക്തിയും ഹൃദയ ശുദ്ധിയും മനസ്സിലാക്കുന്നതിനു് നാം സാധാരണ ഉപയോഗിക്കുന്ന മാർഗ്ഗങ്ങൾ അശേഷം വിശ്വാസയോഗ്യമായിട്ടുള്ളവയല്ല. ഈ വിഷയത്തിൽ നാം ചെയ്യുന്ന പരിശ്രമങ്ങൾക്കു് അപൂൎണ്ണമായ ഒരു പഠനത്തെക്കാൾ കൂടുതൽ മെച്ചമില്ല. മറെറാരു വൈഷമ്യമുള്ളതു് കഥാനാഥനെപ്പററിയുള്ള ഗ്രന്ഥകാരന്റെ അനുമാനങ്ങൾക്കെല്ലാം അയാളുടെ സ്വന്തം അഭിപ്രായത്തിന്റെ വൎണ്ണം പകരാതിരിക്കയില്ല എന്നുള്ളതാണു്. മററു വിഷയങ്ങളിലെന്നപോലെ യഥാത്ഥത്തെ പരിശോധിച്ചറിയാൻ വായനക്കാൎക്കു് സൌകൎയ്യവുമില്ല. അതുകൊണ്ടു് വലിയ സങ്കോചത്തോടുകൂടിയാണു് ഈ ഗ്രന്ഥനിൎമ്മാണത്തിനു് ഞങ്ങൾ ഉദ്യമിക്കുന്നതു്. വിഷയത്തിന്റെ മഹത്വം നോക്കിയാൽ ഈ കൎമ്മത്തിനു് ആവശ്യമായ യോഗ്യത തനിക്കില്ലെന്നു് ഗ്രന്ഥകാരനു് അറിയാം. ഗുരുദേവന്റെ സന്നിധാനത്തിൽ താൻ വെറും നിസ്സാരനും ദുൎബ്ബലനും ആണെന്നു് ഗ്രന്ഥകാരൻ സ്മരിക്കുന്നു. പക്ഷെ ഗ്രന്ഥകാരന്റെ ഭക്തിപൂൎണ്ണമായ മനോവീക്ഷണത്തിൽ പ്രത്യക്ഷ

മാകുന്ന ആ മനോഹരകാഴ്ച, കണ്ണുമഞ്ഞുന്നവിധം പ്രകാശമാനമായതും അത്ഭുതലാവണ്യത്തോടും ദിവ്യപ്രഭാവത്തോടുംകൂടിയതുമായ ആ കാഴ്ച, സർവ്വസംശയങ്ങളും നീക്കിക്കൊണ്ടു് പ്രകാശിക്കുന്ന ആ കാഴ്ച, അതിൻെറ പ്രചോദനത്താൽ ഗ്രന്ഥകാരൻെറ അധൈര്യത്തെ നിഷ്കാസനം ചെയ്യുന്നു. കർത്തവ്യബോധം അതായതു് അത്ഭുതാവഹമായ ഒരു ദർശനം ലഭിക്കുവാനുള്ള അപൂർവ്വഭാഗ്യമുണ്ടായ ഒരാൾക്കു്—തനിക്കു് അനുഭവപ്പെട്ടിട്ടുള്ള വസ്തുവിൻെറ മാഹാത്മ്യം മററുള്ളവരെ ധരിപ്പിക്കാനുള്ള ചുമതല, ഈ ഗ്രന്ഥകാരനെ നിർബന്ധിതനാക്കിത്തീർത്തിരിക്കുന്നു. അതുകൊണ്ടു് ഈ പരിശ്രമത്തിൽ ഗ്രന്ഥകാരൻ ആരോടെങ്കിലും ക്ഷമാപണം ചെയ്യേണ്ടതായിട്ടുണ്ടെന്നു് തോന്നുന്നില്ല.

ഗുരുദേവൻെറ കർമ്മപരിപാടിയെയും നേട്ടങ്ങളെയും പററി ആദ്യം വിചിന്തനം ചെയ്യാം. എന്നിട്ടു് അങ്ങിനെ ലഭിക്കുന്ന അറിവിനെ അടിസ്ഥാനമാക്കി അദ്ദേഹത്തിൻെറ വ്യക്തിമാഹാത്മ്യത്തെ കുറേക്കൂടി ധൈര്യത്തോടെ പരിശോധിച്ചുനോക്കാം. വെറും സംഭവങ്ങളെക്കുറിക്കുന്നതു് ജീവിതചരിത്രമല്ല. കഥാനാഥനു് എത്രതന്നെ മാഹാത്മ്യമുണ്ടായിരുന്നാലും ജീവിതസംഭവങ്ങളെ അവയുടെ മഹത്തായ ലക്ഷ്യത്തോടു് ഘടിപ്പിച്ചു് വീക്ഷിക്കാതിരുന്നാൽ അവയുടെ പ്രസ്താവന ഹൃദയസ്പൃക്കായി തീരുകയില്ല. സംഭവങ്ങൾക്കു് മഹത്തായ ഒരു പൊതു ഉദ്ദേശ്യം ഇല്ലാത്തപക്ഷം അങ്ങനെയുള്ള ജീവിതത്തിൽ സർവ്വപ്രധാനമോ സർവ്വസാമാന്യമോ ആയ അർത്ഥം കല്പിക്കാവുന്നതല്ല. അതു് ലോകചരിത്രത്തിലെ അനേ

കസംഭവങ്ങളുടെ കൂട്ടത്തിൽ ഒന്നുമാത്രമാകുന്നു. കഥാനാ ഥന്റെ ജീവിതത്തിൽ സർവ്വപ്രധാനമായ ഒരു കാര്യനിർവ്വഹണോദ്ദേശമുള്ളതായി പ്രത്യക്ഷപ്പെടുന്നുണ്ടോ? അങ്ങിനെയുള്ള ലക്ഷ്യത്തിലേക്ക് മററെല്ലാസംഭവങ്ങളും നമ്മെ ഹഠാൽ ആനയിക്കുന്നുണ്ടോ? മനുഷ്യരുടെ പുരോഗമനമാർഗ്ഗത്തിൽ ഒരു പുതിയ പ്രകാശം വീശിത്തുടങ്ങിട്ടുണ്ടോ? അങ്ങനെയാണെങ്കിൽ ജീവിതചിത്രത്തിലെ ചെറിയ കാര്യങ്ങൾപോലും അർത്ഥഗർഭമുള്ളവയായിത്തീരും. അങ്ങനെയല്ലാത്തപക്ഷം നമുക്ക് അവയുടെ പ്രാധാന്യം ഗ്രഹിക്കുവാനും സാധിക്കയില്ല. കഥാനാഥൻ ആരായിരുന്നു എന്നുള്ളതല്ല യഥാർത്ഥപ്രശ്നം. അതു് നിഷ്ഫലമായ ഒരന്വേഷണമായിരിക്കും. നമുക്ക് അദ്ദേഹം എന്തായിരുന്നു; നമ്മുടെ ജീവിതത്തിലേക്ക് അദ്ദേഹം എന്താണു് പ്രദാനംചെയ്തിട്ടുള്ളതു്. ലോകാഭിവൃദ്ധിയെ ത്വരിപ്പിക്കുവാനും നമ്മുടെ ചുററും വർദ്ധിച്ചുവരുന്ന അനവധി സജീവപ്രശ്നങ്ങൾക്കു് സമാധാനം കണ്ടുപിടിക്കാനും അദ്ദേഹം എന്താണു് സംഭാവന ചെയ്തിട്ടുള്ളതു്. ഇതാണു് മഹാത്മാക്കളുടെ ജീവിതത്തിൽ നമുക്കുള്ള യഥാർത്ഥ താല്പര്യം. ഇപ്രകാരം ഗുരുദേവന്റെ സുസ്ഥിരമായ നേട്ടത്തിന്റെ സ്വഭാവം മനസ്സിലാക്കിക്കഴിഞ്ഞാൽ അദ്ദേഹത്തിന്റെ ജീവിതത്തിലെ വിവിധ സംഭവങ്ങളെ അതാതിന്റെ യോഗ്യതാനുസരണം ദർശിക്കുവാൻ നമുക്കു സാധിക്കും. ലോകത്തെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കു് അദ്ദേഹം ഉപദേശിച്ചിട്ടുള്ള പോംവഴി പ്രശസ്തരായ മഹാന്മാരുടെ ഇടയിൽ അദ്ദേഹത്തിനുള്ള നില എന്താണെന്നു വ്യക്തമാക്കും.

## ഒരു ലോകഗുരു.

ഗുരുദേവന്ന് ലോകത്തിലെ ഏററവും വിശിഷ്ടന്മാരുടെ കൂട്ടത്തിൽ ഒരു സ്ഥാനം ഞങ്ങൾ അവകാശപ്പെടുന്നു എന്നുള്ള സംഗതി മറച്ചുവയ്ക്കുന്നില്ല. അതായത് സാധാരണ മനുഷ്യരുടെ കൂട്ടത്തിൽ അല്ല, സൂര്യനക്ഷത്രങ്ങളെപ്പോലെ പ്രകാശിക്കുന്നവരുടെ കൂട്ടത്തിൽ. രാജാക്കന്മാരുടേയും യുദ്ധവീരന്മാരുടേയും കൂട്ടത്തിലല്ല. ലോകപരിത്രാണാത്ഥം അവതരിച്ചിട്ടുള്ളവരുടെ കൂട്ടത്തിൽ. വെറും തത്വജ്ഞാനികളുടേയും ബുദ്ധിശാലികളുടേയും കൂട്ടത്തിലല്ല, ബുദ്ധൻ, ക്രിസ്തു, മുഹമ്മദ് മുതലായവരുടെ കൂട്ടത്തിൽ. അതുകൊണ്ട് അദ്ദേഹത്തിൻെറ പ്രവൎത്തനങ്ങളുടെ യോഗ്യത നിശ്ചയിക്കുന്നതിന്ന് ഏററവും ഉൽകൃഷ്ടമായ പ്രമാണംപോലും അധികമായി എന്നു വരികയില്ല. അദ്ദേഹത്തിൻെറ സന്ദേശത്തിൻെറ വ്യാപ്തി ഗ്രഹിക്കുന്നതിന്ന് നമ്മുടെ മനോവീക്ഷണത്തെ എത്രതന്നെ വിശാലമാക്കിയാലും അതു് അധികമായിരിക്കയില്ല. സാൎവ്വലൗകികമായ പ്രശ്നങ്ങളുടെയും അനേക ശതാബ്ദങ്ങളിൽക്കൂടിയുള്ള പരിവൎത്തനഗതിയുടേയും പ്രകാശത്തിൽ നാം അതിനെ പരിശോധിച്ചു നോക്കണം. ഗുരുദേവനെ വെറും ഒരു പരിഷ്കൎത്താവായോ ഒരു പ്രത്യേക സമുദായത്തിൻെറ മതഗുരുവായോ ഒരു മഹാപണ്ഡിതനും ബുദ്ധിശാലിയുമായോ അഥവാ അനേകം സ്ഥാപനങ്ങളുടെജനയിതാവായോ മാത്രം നാം വിചാരിക്കുന്നതായാൽ നാം നമ്മുടെ ചിന്താഗതിയെ സങ്കുചിതമാക്കിത്തീക്കുകയും ഇവയെക്കാൾ വലുതായ ഒരു പരമാൎത്ഥത്തെ നമ്മുടെ ദൃഷ്ടിയിൽനിന്നു മറയ്ക്കുകയും ചെയ്യുന്നതായിരിക്കും.

## ഒരു സ്വതന്ത്രമായ അഭിപ്രായം.

ഗുരുദേവനെപ്പററി മേൽ പ്രസ്താവിച്ച അഭിപ്രായം ഇപ്പോൾ ആദ്യമായി, അതും അദ്ദേഹത്തിൻെറ ഒരു ശിഷ്യൻ, പുറപ്പെടുവിക്കുന്ന അമിതമായ ഒരു അവകാശമാണെന്നു് ആരും തെററിദ്ധരിക്കരുതു്. അങ്ങിനെയല്ല. അദ്ദേഹം സമാധിയാകുന്നതിനു് ഇരുപതിൽ അധികം ആണ്ടുകൾക്കു മുമ്പു് നിഷ്പക്ഷനിലകൊണ്ടും യോഗ്യതകൊണ്ടും ഗണനീയരായ കോഴിക്കോട്ടെ ബ്രഹ്മവിദ്യാസംഘക്കാർ അദ്ദേഹത്തിനു് പരസ്യമായി സമർപ്പിച്ച ഒരു സ്വാഗതപത്രത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരുന്നു:— മനുഷ്യരുടെ ഒരു നേതാവായിത്തീരുവാൻ ജന്മമെടുത്തിട്ടുള്ള അങ്ങയ്ക്കു് ഞങ്ങൾ ഈ ആനിഹാളിലേക്കു് ഹൃദയപൂർവ്വകമായ സ്വാഗതം സമർപ്പിക്കുന്നു. അങ്ങു് നമ്മുടെ മാതൃഭൂമിയിലെ പുരാതന ഋഷിമാരുടെ പരമ്പരയിൽപെട്ട ഒരു യഥാർത്ഥ സിദ്ധനാണു്. ഉയന്ന ജാതിക്കാരാണെന്നു് സ്വയം അഭിമാനിക്കുന്നവർ നിർദ്ദയം വിസ്മരിച്ചു് ത്യജിച്ചിട്ടുള്ള ഒരു സമുദായത്തിൻെറ ആത്മീയോൽക്കർഷത്തിനും രക്ഷയ്ക്കുമായി മനുഷ്യരുടെയെല്ലാം രക്ഷാധികാരം വഹിക്കുന്ന ശക്തിയാൽ അയയ്ക്കപ്പെട്ടിട്ടുള്ള ഒരു ദിവ്യനാണു് അങ്ങു്. അങ്ങയുടെ ആത്മീയ പ്രചോദനത്താൽ ഈ കടൽക്കരയിൽ വിസ്മയാവഹമാംവിധം നിർമ്മിക്കപ്പെടുന്ന മഹാദേവക്ഷേത്രങ്ങൾ ആര്യവർഗ്ഗത്തിൻെറ ആറാമത്തെ ഉപവർഗ്ഗമായ ഒരു പുതിയ ജനത ഉൽഭൂതമാകുന്നതിൻെറ മുൻസൂചനയായി ഉണ്ടാകുന്ന ദിവ്യശക്തിപ്രവാഹത്തിൻെറ കേന്ദ്രങ്ങളാണെന്നു് ഞങ്ങൾ വിചാരിക്കുന്നു.

അങ്ങയുടെ പരിശുദ്ധമായ സ്വാധീനശക്തി അധികമധികമായി വളൎന്നുവരട്ടെ എന്നും അതു് സൎവ്വത്ര സമാധാനബുദ്ധിയും ഐക്യബോധവും വൎഷിച്ചു് നാമെല്ലാം സ്നേഹിക്കുന്ന കേരളത്തിലെ സാമൂഹ്യവിഷയങ്ങൾക്കു് ഒരു പരിഹാരം ശീഘ്രത്തിൽ ഉണ്ടാക്കട്ടെ എന്നും ഞങ്ങൾ പ്രാൎത്ഥിക്കുന്നു." ഗുരുദേവൻെറ കൎമ്മപരിപാടിയും പ്രശസ്തിയും അവയുടെ മൂൎദ്ധന്യദശയെ പ്രാപിക്കുന്നതിനു് മുമ്പുതന്നെ മേൽപ്രകാരം പുകഴ്ത്തപ്പെട്ടിരുന്നു.

1928-ൽ ഗുരുദേവൻ സമാധിയായ ഉടനെ കേരളബ്രഹ്മവിദ്യാ സംഘം വകയായ "സനാതനധൎമ്മം" മാസികയുടെ പത്രാധിപർ ഗുരുദേവനെപ്പററി ആ മാസികയിൽ താഴെ കാണിക്കുന്നപ്രകാരം എഴുതിയിട്ടുള്ളതു് ഈ ഗ്രന്ഥകാരൻ പറയുവാനുദ്ദേശിക്കുന്ന പല സംഗതികളുടെയും ഒരു മുൻ സൂചനയായിത്തീൎന്നിട്ടുണ്ടു്.

"ഉജ്ജ്വലവും, ദീൎഘവും, വിപുലവും സൎവ്വജനീനവും അന്യൂനവും ആയ ഒരു ബഹുമാനം സ്വാമിക്കു് സിദ്ധിച്ചതുപോലെ ഇന്ത്യയിൽ അടുത്ത നൂററാണ്ടുകളിലൊന്നും ആൎക്കും സിദ്ധിച്ചിട്ടില്ല. കൎമ്മവിമുക്തരായ ധീരാത്മാക്കൾ ആചാരവിമൎദ്ദിതരായ ജനങ്ങൾക്കു് സ്വാതന്ത്ര്യമാർഗ്ഗം കാണിച്ചുകൊടുക്കുവാൻവേണ്ടി ചിലപ്പോൾ അവരുടെ ഇടയിൽ ജനിച്ചു് അവരുടെ കൂട്ടത്തിൽ അപമാനവും ആപത്തും അനുഭവിക്കാറുണ്ടെന്നുള്ള ഒരു ദിവ്യതത്വത്തെ സ്വാമിയുടെ ജീവിതം വെളിപ്പെടുത്തി നിൎദ്ധൂതകന്മഷനായ ആ പരമപവിത്രൻെറ സ്ഥൂലദേഹം സഹിക്കേണ്ടിവന്ന കൎമ്മശല്യങ്ങൾ താൻ ജനിച്ച കുല

ത്തിൻെറ സമൂഹകർമ്മം ഏറെറടുത്തു് അനുഭവിച്ചതാണെന്നേ വിചാരിച്ചുകൂടൂ. പുണ്യാത്മാക്കൾ അവരുടെ ശുദ്ധരക്തംകൊണ്ടു മനുഷ്യരുടെ പാപവിമോചനം സാധിക്കുന്നു, എന്ന അദ്ധ്യാത്മരഹസ്യമാണു് അന്ത്യകാലത്തുകൂടി സ്വാമി കാണിച്ചുതന്നതു്.

"താഴ്ത്തപ്പെട്ട ജാതിക്കാർക്കു് ഉയരുവാൻ അദ്ദേഹം പഠിപ്പിച്ചു. എന്നാൽ താഴ്ന്നവരും ഒരേ മായയുടെ സന്താനങ്ങളും ഒരുപോലെ അനുതാപാർഹരുമായതുകൊണ്ടു് ആ വ്യാമോഹകാരണമായ "ജാതി" എന്ന പേരും പൊരുളും തീരെ മറന്നാൽ മാത്രമെ വാസ്തവത്തിൽ സാമുദായികമോക്ഷം കിട്ടുകയുള്ളു എന്നു് എല്ലാവർക്കും അദ്ദേഹം ഉപദേശിച്ചു. ആ സമദർശനരഹസ്യം ഗ്രഹിക്കുവാൻ സ്വാമിഭക്തന്മാർക്കുകൂടി പ്രയാസം കാണുന്നു.

"ക്ഷേത്രമില്ലാത്ത ജാതിക്കാരുടെ തൽക്കാല ആവശ്യത്തിനു് അദ്ദേഹം ക്ഷേത്രങ്ങൾ സ്ഥാപിച്ചുകൊടുത്തു. എന്നാൽ മററു ക്ഷേത്രങ്ങളിലെന്നപോലെ തൻെറ ക്ഷേത്രങ്ങളിലെ ദേവന്മാർക്കും മനുഷ്യചാപല്യങ്ങൾ കണ്ടുതുടങ്ങിയപ്പോൾ, ഈ ലോകമഹാക്ഷേത്രത്തിൽ അനേകരൂപത്തിൽ കാണപ്പെടുന്ന ഏകചൈതന്യത്തെ ജാതിയും മതവും മറന്നു് ഭജിച്ചുകൊള്ളുവാൻ അദ്ദേഹം ആജ്ഞാപിച്ചു.

"അദ്ദേഹം പ്രസംഗിക്കുകയോ അധികം സംസാരിക്കുകയോ ചെയ്യാറില്ല. എന്നാൽ സൂര്യനെപ്പോലെ സന്നിധിമാത്രംകൊണ്ടു ശക്തിയും പ്രേമവും അദ്ദേഹം

പ്രചരിപ്പിച്ചു. നാരായണചൈതന്യം "പല നരേന്ദ്രരെയും" പ്രസിദ്ധവാഗ്മികളാക്കീട്ടുണ്ടു്; ആ പ്രേമവിലാസം പല കഠിനവൈരങ്ങളുടെയും ഭവേരറുത്തിട്ടുണ്ടു്. ആ ജ്ഞാനദൃഷ്ടി അനേക ജനങ്ങളെ വിച്ഛിന്നസംശയരാക്കീട്ടുണ്ടു്. ആ ത്യാഗശീലം വളരെപ്പേൎക്കു് കൎമ്മയോഗരഹസ്യം കാണിച്ചുകൊടുത്തു.

"പ്രബുദ്ധകേരളത്തിനു് യോഗത്തിൽ പതഞ്ജലിയും, ജ്ഞാനത്തിൽ ശങ്കരനും, ഭരണനൈപുണിയിൽ മനുവും, ത്യാഗത്തിൽ ബുദ്ധനും, സ്ഥൈൎയ്യത്തിൽ നിബിയും, വിനയത്തിൽ യേശുവും ആയ നാരായണഋഷി നരവേഷം ധരിച്ചു് 72 വൎഷത്തെ ലീലകൾക്കുശേഷം യഥാസ്ഥാനം പ്രാപിച്ചു. യഥാൎത്ഥ അദ്ധ്യാത്മവിത്തുകൾക്കു മാത്രം സിദ്ധിക്കുന്ന ക്രമപ്രവൃദ്ധമായ കീൎത്തിയും സജ്ജനഭക്തിയും പൂൎണ്ണമായി നില്ക്കുത്തന്നെ, ആ പൂൎണ്ണജീവൻ മൃത്യുപരിധിയിൽനിന്നു് അമൃതപദവിയിലേക്കു് വീണ്ടും പ്രവേശിച്ചു. അനേകലക്ഷം ഭക്തജനങ്ങളുടെ ഹൃദയപീഠങ്ങളിൽ കുടികൊള്ളുന്ന നാരായണവിഗ്രഹങ്ങളും അദ്ദേഹം തുടങ്ങിയിട്ടുള്ള ലോകസേവാസ്ഥാപനങ്ങളും ശാശ്വതാവസ്ഥയുടെ ഒരു സാക്ഷിയായി സ്ഥിതിചെയ്യുന്ന ആ ശിവഗിരിയും മൗനമായി വന്ദിച്ചുനില്ക്കുത്തന്നെ, ആ പ്രഭാപൂരം ആകാശത്തിൽ ഉൽഗളിച്ചു. അദ്ദേഹത്തിൻെറ മുഖകാന്തിയും വാക്‌മാധുരിയും സ്പന്ദിച്ചിട്ടുള്ള ശുദ്ധഹൃദയങ്ങൾക്കു് ഇനി അഗാധജ്ഞാനത്തിൻെറയും വിശാല പ്രേമത്തിൻെറയും വിപുലകൎമ്മങ്ങളുടെയും ചരിത്രംതന്നെ നിരന്തരമായ ഉജ്ജീവശക്തിയായി

തീരട്ടെ. ഇനി ജനിക്കുന്നവർക്ക് ഇന്ത്യാരാജ്യത്തിലെ ഇതിവൃത്തങ്ങളിലെ അവതാരമൂർത്തികളുടെയും സിദ്ധപുരുഷന്മാരുടെയും കൂട്ടത്തിൽ അദ്ദേഹം ഒരു ഉപാസനാദേവനായിത്തീരും.

അദ്ദേഹത്തിന്റെ ശരീരം ശിവഗിരിയിലെ പഞ്ചഭൂതങ്ങൾ എനിക്കെനിക്കെന്ന് പങ്കിട്ടെടുത്തു. എന്നാൽ അതിൽനിന്ന് വിട്ടുപോയ ആ മഹാശക്തി അദ്ദേഹം ഉപദേശിച്ച "ഏകദൈവം, ഏകമതം, ഏകജാതി" ലോകത്തിൽ സുസ്ഥാപിതമാകുന്നതുവരെ, നമ്മെ ശാസിച്ചുകൊണ്ടും അനുഗ്രഹിച്ചുകൊണ്ടും നില്ക്കും."

II

# ആ നിത്യപ്രശ്നം.

ഹിന്ദുവേദാന്തികൾ പറയുന്നതുപോലെ സത്യം എല്ലായ്പോഴും എല്ലാവർക്കും ഒന്നുതന്നെ. അപ്രകാരം തന്നെ ലോകത്തിലെ മൗലികപ്രശ്നങ്ങളും. എല്ലാ യുഗങ്ങളിലും രാജ്യങ്ങളിലും സാരാംശത്തിൽ അവ ഒന്നാകുന്നു. മനുഷ്യസംസ്കാരത്തെ ആസ്പദമാക്കി വീക്ഷിക്കുന്നതായാൽ സനാതനവും ഏകവുമായ ആ ജീവൽപ്രശ്നത്തിനു മൂന്നു വശങ്ങൾ ഉണ്ട്. അവ (1) വ്യക്തി (2) വ്യക്തികൾ അടങ്ങിയ സമൂഹം (3) വ്യക്തിക്കും സമൂഹത്തിനും ലക്ഷ്യമായിരിക്കുന്ന ആദർശം ഇവയാകുന്നു. ഈ മൂന്നിന്റെയും പരസ്പരബന്ധവും അവയെ സംയോജിപ്പിച്ച് സംഘടിപ്പിക്കുന്നതുമാണ് എല്ലാ ചിന്തയുടെയും പഠനത്തിന്റെയും വിഷയം. ചരിത്രപ്രസിദ്ധമായ പരന്ത്രീ

സ് വിപ്ലവത്തിൻെറ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന മുദ്രാവാക്യങ്ങൾ ഏകമായ ജീവൽപ്രശ്നത്തിൻെറ മേൽപറഞ്ഞ മൂന്നു വശങ്ങളെ ഏററവും സുഗമമായവിധം പ്രസ്പഷ്ടമാക്കുന്നു. തടസ്സംകൂടാതെ വളരാനും പ്രവൎത്തിക്കാനുമുള്ള വ്യക്തിയുടെ അവകാശത്തെയാണു് “സ്വാതന്ത്ര്യം” സ്ഥാപിക്കുന്നതു്. സമുദായത്തിലെ വ്യക്തികൾ പരസ്പരം സമ്മതിച്ചുകൊടുക്കേണ്ട അവകാശത്തെ “സമത്വം” എന്ന പദംകൊണ്ടു സൂചിപ്പിക്കുന്നു. എല്ലാവരും കാംക്ഷിക്കേണ്ട ജീവിതലക്ഷ്യമായ വിശിഷ്ടാദൎശമാണു് “സാഹോദര്യം;” ഒരു മതവിശ്വാസിയുടെ ഭാഷയിൽ ഇതിനെ “മനുഷ്യൻ, പ്രപഞ്ചം, ഈശ്വരൻ” എന്നു പറയാം. സ്ഥിതിസമത്വവാദികൾ അതിനെ “വേലക്കാർ, സമുദായം, സ്ഥിതിസമത്വം” എന്നു് മൂന്നായി വിവരിച്ചേക്കാം. ഒരു രാജ്യതന്ത്രജ്ഞൻ അതിനെ “പൗരൻ, രാജ്യം, സൎവ്വരാജ്യസമാധാനം” എന്ന രീതിയിൽ അതിനെപ്പററി ചിന്തിക്കുന്നു. ഒരു അൎത്ഥശാസ്ത്രജ്ഞൻ അതിനെപ്പററി പറയുന്നതു് “സ്വകാര്യസ്വത്തു്, പൊതുസ്വത്തു്, സാൎവ്വത്രികമായ സാമ്പത്തികധൎമ്മകൎത്തൃത്വം” എന്നായിരിക്കും. ത്രികോണാകൃതിയിലുള്ള ഈ ജീവിതരഹസ്യമാണു് ലോകത്തിലെ മഹാശയന്മാരുടെ എല്ലാം ചിന്തയ്ക്കു വിഷയമായിട്ടുള്ളതും ഇപ്പോഴും വിഷയമായിക്കൊണ്ടിരിക്കുന്നതും. കാലഗതിയും മനുഷ്യരുടെയും പ്രകൃതിയുടെയും പരിവൎത്തനവും അനുസരിച്ചു് ആവശ്യമായ മാററങ്ങളോടുകൂടി ജീവിതത്തിലെ ഈ മൂന്നുവശങ്ങളെ അന്യോന്യം സംയോജിപ്പിച്ചു് ഘടിപ്പിക്കാൻ മാത്രമാണു് മഹാത്മാക്കളും മതസ്ഥാ

പകന്മാരും ഓരോകാലത്തു് ശ്രമിച്ചിട്ടുള്ളതു്. ലോകത്തിലെ എല്ലാ പ്രധാന മതങ്ങളും ഈ ഒരേ ജീവിതരഹസ്യത്തെ കണ്ടുപിടിക്കാനുള്ള മാർഗ്ഗങ്ങൾ അഥവാ ഒരേ നിത്യപ്രശ്നത്തിനുള്ള പല സമാധാനങ്ങൾ ആകുന്നു. ഒരുകാലത്തു് ഏതെങ്കിലും ഒരുവശം പ്രധാനമായി വിചാരിക്കപ്പെടുന്നു. മററൊരുകാലത്തു് വേറൊരുവശത്തിനു് പ്രാധാന്യം കൊടുക്കപ്പെടുന്നു. ഒരുമതം വ്യക്തിയുടെ ജീവിതത്തെപ്പററി ചിന്തിച്ചു് വ്യക്തിക്കു് മോക്ഷം ലഭിക്കാനുള്ള വഴി കണ്ടുപിടിക്കുന്നു. മററൊരുമതം സമുദായവ്യവസ്ഥയ്ക്കു് പ്രാധാന്യം കല്പിച്ചു് ആ നിലയിൽനിന്നു് മററു വശങ്ങളെപ്പററി ചിന്തിക്കുന്നു. ഇങ്ങനെ വീക്ഷണകോണുകൾ മാറുന്നു; പുരോഗമനമാർഗ്ഗങ്ങൾ വിഭിന്നങ്ങളാകുന്നു; ഒരേ പ്രശ്നത്തിൽനിന്നു് പല സമാധാനങ്ങൾ ഉണ്ടാകുന്നു. ഒരിക്കൽ ഒരുവശത്തിനും പിന്നൊരിക്കൽ മററൊരുവശത്തിനും പ്രാധാന്യം കല്പിക്കപ്പെടുന്നു. എങ്ങിനെയായാലും യഥാർത്ഥപ്രശ്നം ഒരേ ഒരു പ്രശ്നമാണെന്നു് വിസ്മരിക്കപ്പെടരുതു്. ആ പ്രശ്നത്തിൻെറ മൂന്നു വശങ്ങളെയും ഉൾക്കൊള്ളാത്ത ഒരു സമാധാനം സമാധാനമായിരിക്കയില്ല. അതുകൊണ്ടു് നാം ഒരു ഗുരു ഏതെങ്കിലും ഒരു പ്രത്യേക പ്രശ്നത്തെപ്പററിയാണു് ചിന്തിച്ചതെന്നോ അഥവാ ഒരുമതം അതിനു് പ്രത്യേകമായ ഒരു രക്ഷാമാർഗ്ഗത്തെ പ്രതിപാദിക്കുന്നു എന്നോ പറയുമ്പോൾ സാധാരണഭാഷയിൽ താരതമ്മ്യവിവേചനം ചെയ്യുന്നു എന്നല്ലാതെ അവതമ്മിൽ മൗലികമായ വ്യത്യാസങ്ങൾ ഇല്ല.

# ഹിന്ദുമതം മുതൽ ക്രിസ്തുവരെ.

മതങ്ങളിൽവച്ചു് ഏററവും പ്രാചീനമായ ഹിന്ദുമതത്തിൽ വ്യക്തികളുടെ മോക്ഷത്തെ സംബന്ധിക്കുന്ന തത്ത്വങ്ങൾ സവിസ്തരം പ്രസ്താവിക്കപ്പെട്ടിട്ടുണ്ടു്. അക്കാലത്തു് സമുദായം നല്ലപോലെ സംഘടിക്കപ്പെട്ടിരുന്നു. ജനങ്ങൾ സാമൂഹ്യ ജീവികളായിരുന്നു. അതായതു് ഓരോ വ്യക്തിയും നിർബന്ധമായ അച്ചടക്കത്തോടും വ്യവസ്ഥയോടും കൂടിയ ഒരു സമൂഹത്തിൽ ബലമായി ബന്ധിക്കപ്പെട്ടിരുന്നു. പ്രപഞ്ചത്തിലെ ഒരു നിസ്സഹായിയായ അണുമാത്രംപോലെയുള്ള മനുഷ്യനു് എങ്ങനെ അതിൽനിന്നു് സ്വതന്ത്രനാവാം? ഈ രൂപത്തിലായിരുന്നു പ്രാചീന ആൎയ്യന്മാൎക്കു് ആ ജീവൽപ്രശ്നം പ്രത്യക്ഷപ്പെട്ടതു്. അനേകം ചിന്തകന്മാരും ബുദ്ധിമാന്മാരും ഓരോ വിധത്തിൽ മോക്ഷത്തെ സംബന്ധിച്ചുള്ള സിദ്ധാന്തങ്ങളും അവസാന മുക്തിയെപ്പററിയുള്ള തത്ത്വപ്രമാണങ്ങളും വെളിപ്പെടുത്തിയിട്ടുണ്ടു്. അവർ അവസാനമില്ലാത്ത ഈ പ്രശ്നത്തിൽ സമാധാനം കണ്ടുപിടിക്കാനായി ഭാവനയുടെ അത്യുൽകൃഷ്ടമായ തലങ്ങളിലേയ്ക്കു് ഉയൎന്നിട്ടുള്ളതായും ബുദ്ധിയുടെ അതിസൂക്ഷ്മമായ യുക്തികൾ പ്രയോഗിച്ചിട്ടുള്ളതായും നമുക്കുകാണാം. ചിന്താലോകത്തിൽ ഈ വിധമുള്ള അത്ഭുതപ്രവൎത്തനങ്ങൾ നടന്നുകൊണ്ടിരുന്നെങ്കിലും ഇൻഡ്യയിലെ ജനസമൂഹം ഇതുകൊണ്ടൊന്നും അല്പമെങ്കിലും ബന്ധിക്കപ്പെടാതെയൊ അഥവാ സ്വല്പം മാത്രം ബന്ധിക്കപ്പെട്ടോ അതിന്റെ പ്രത്യേകമായ ഒരു മാർഗ്ഗത്തിൽക്കൂടി പുരോഗമിക്കയോ

അധഃപതിക്കയോ ചെയ്തുകൊണ്ടിരുന്നു. വേദാന്തങ്ങൾക്ക് അവയുടെ ഗുണം ഇല്ലെന്നില്ല. പക്ഷെ സമുദായങ്ങളുടെ അഭിവൃദ്ധിക്ക് ഒരു തുലാം വേദാന്തത്തെക്കാൾ ഒരു കഴഞ്ചു് അനുകരണീയമായ ഉദാഹരണമാണു് വിലയേറിയതു്. മനുഷ്യർക്ക് വഴികാട്ടുവാനായി ആത്മീയതത്ത്വങ്ങളെ ഓരോ വിധം സ്വജീവിതത്തിൽ അനുഭവപ്പെടുത്തി കാണിച്ചിട്ടുള്ള മഹാത്മാക്കൾ ഹിന്ദുമത ചരിത്രത്തിൽ ധാരാളം ഉണ്ടെന്നുള്ളതിനു സംശയമില്ല. പക്ഷെ എന്തോ കാരണവശാൽ പ്രാചീനന്മാരുടെ തത്ത്വോപദേശങ്ങളാൽ ബന്ധിക്കപ്പെടാതെ സമുദായം അതിൻെറ സ്വന്തം ഗതിയും പരിവൎത്തനവും തുടൎന്നുകൊണ്ടിരുന്നു. അതുകൊണ്ടാണു് അനേക നൂററാണ്ടുകൾ അന്യൎക്ക് അടിമപ്പെട്ടു് കഷ്ടപ്പെട്ടതിനു ശേഷം ഇന്നും ഹിന്ദുക്കൾ അവരുടെ അന്ധവിശ്വാസങ്ങളെയും, യുഗാന്തരങ്ങളിലെ പുകയടിച്ചു കറുത്തവയും ഭയങ്കരമാംവിധം പാപപങ്കിലവുമായ പഴയ ദുരാചാരങ്ങളെയും വികാരപൂൎവ്വം കെട്ടിപ്പിടിച്ചുകൊണ്ടിരിക്കുന്നതു്. അതിനു് ഉദാഹരണങ്ങളാണു് അവരുടെ പുരോഹിതവൎഗ്ഗവും അവരുടെ പൗരോഹിത്യജാലത്തിൽ മയങ്ങിയ അനുഗാമികളും. ഹിന്ദുസംസ്കാരത്തിൻെറ ഏററവും വിലപിടിച്ച നിധികളായി ഇന്നും കാത്തുരക്ഷിക്കുന്ന ജാതിവ്യത്യാസം, അയിത്തം, മൃഗബലി, ശൈശവ വിവാഹം മുതലായവയും.

ശ്രീബുദ്ധൻ ഒരു പുതിയ വേദാന്തവുംകൊണ്ടല്ല വന്നതു്. അദ്ദേഹം ആദ്ധ്യാത്മികധൎമ്മത്തെ സ്വജീവിതത്തിൽ പ്രദർശിപ്പിച്ചു. പ്രാചീന തത്ത്വജ്ഞാനികളുടെ മഹനീയ ആദർശങ്ങൾ രക്ഷകാണാതെ പരിഭ്രാന്തരായി

ജീവിച്ചിരുന്ന ഒരു ജനതയ്ക്കു് ഏതുവിധം പ്രായോഗികമാക്കിത്തീക്കാമെന്നു് അദ്ദേഹം കാണിച്ചുകൊടുത്തു. അദ്ദേഹത്തിൻെറ ഉപദേശങ്ങഠം സുഗ്രാഹ്യവും, വ്യക്തവും, പ്രയോഗസാദ്ധ്യവുമായിരുന്നു. മന്ത്രതന്ത്രങ്ങളും, യാഗങ്ങളും, ക്ഷേത്രാരാധനയിലെ ആഡംബരങ്ങളും, വേദാന്തചിന്തയിലെ കസത്തുകളും അദ്ദേഹം ദൂരെ വലിച്ചെറിഞ്ഞു. പൂർവ്വികന്മാർ ഏപ്പെടുത്തിയിരുന്ന ജാതിവ്യവസ്ഥ അദ്ദേഹം ഉടച്ചു. അദ്ദേഹം മതത്തെ ഹിന്ദുക്കളുടെ വേദാന്തശിഖരങ്ങളിൽനിന്നു് ജനങ്ങളുടെ ദൈനംദിന ജീവിതത്തിലേക്കു് ഇറക്കിക്കൊണ്ടുവന്നു. അദ്ദേഹം മതത്തെ ക്രൂരകമ്മങ്ങളുടെയും നീചവിശ്വാസങ്ങളുടെയും പിടിയിൽനിന്നു് മോചിപ്പിച്ചു് മതാനുയായികളുടെ ഇടയിൽ അതിനെ ഒരു ധാമ്മികശക്തിയാക്കി ഉയത്തി. അദ്ദേഹത്തിൻെറ ധമ്മം വളരെ ശക്തിപ്പെട്ടുവന്നു. ജാഗരിതാവസ്ഥയിലെ യാഥാത്ഥ്യങ്ങളെക്കാഠം സുഷുപ്തിയിലെ മിത്ഥ്യകഠക്കു് കൂടുതൽ വില കല്പിക്കുന്ന സ്വപ്നഭൂമിയായ ഇൻഡ്യയും പാണ്ഡിത്യവാദാന്ധതയിൽ നിബിഡമായ ഇൻഡ്യയിലെ അന്തരീക്ഷവും ബുദ്ധധമ്മം മുളച്ചുവരുന്നതിനു പററിയ ഭൂമി അല്ലായിരുന്നു. ഇൻഡ്യയിൽ ഉത്ഭവിച്ച ആ ധാമ്മിക അല ഈ രാജ്യത്തെ ഉപേക്ഷിച്ചു് മററു രാജ്യങ്ങളിലേക്കും സമുദായങ്ങളിലേക്കും പ്രവഹിച്ചു. ഇന്നു് ബുദ്ധദേവൻ ലോകത്തിലെ അഞ്ചിൽ ഒരു ഭാഗം ജനങ്ങഠക്കു് സദ്ധമ്മത്തിൻെറ ഒരു മൂത്തീകരണമാകുന്നു.

അധികകാലം കഴിയുന്നതിനു മുൻപു് യേശുക്രിസ്തു അവതരിച്ചു. അദ്ദേഹം നിത്യസത്യവും മോക്ഷമാഗ്ഗവും

ആകുന്നു. സത്യത്തെയും മോക്ഷമാർഗ്ഗത്തെയുംപററി പ്രസംഗിക്കാനല്ല, അവയെ കാണിച്ചുകൊടുക്കാനാണു് അദ്ദേഹം വന്നതു്. അദ്ദേഹം ദൈവത്തെയും ദൈവമഹത്വത്തെയുംപററി പറഞ്ഞറിയിക്കാനല്ല, ദൈവം ആരാണെന്നു് പ്രത്യക്ഷമായി കാണിച്ചുകൊടുക്കാനാണു് ജനിച്ചതു്. ദൈവത്തെ പ്രാപിക്കാൻ മനുഷ്യനെ പഠിപ്പിക്കാനായി മനുഷ്യനെ പ്രാപിച്ചിട്ടുള്ള ദൈവമാണദ്ദേഹം. ഹിന്ദുക്കളുടെ വേദാന്തസാരമെല്ലാം ക്രിസ്തുവിന്റെ ലളിതമായ ജീവിതകഥയിൽ സംഗ്രഹിച്ചിരിക്കുന്നു. അതുകൊണ്ടു് ക്രിസ്തു ഹിന്ദുവേദഗ്രന്ഥത്തിലെ ഒരു മനോഹരമായ പടമാണെന്നും ബുദ്ധധർമ്മത്തിന്റെ സുഗ്രാഹ്യവും സമ്പൂർണ്ണവുമായ ഒരു രൂപീകരണമാണെന്നും പറയാം. ബുദ്ധൻ മതത്തെ ജനങ്ങളുടെ ദൈനംദിന ജീവിതത്തിലേക്കു കൊണ്ടുവന്നു എന്നു പറയാമെങ്കിൽ ക്രിസ്തു അതിനെ അവരുടെ ദൈനംദിനജീവിതത്തിൽക്കൂടി മരണാനന്തരമുള്ള നിത്യജീവിതത്തിലേക്കു കടത്തിക്കൊണ്ടുപോയി എന്നു പറയണം. ബുദ്ധൻ വേദാന്തതത്വങ്ങളെ ധർമ്മമായും സംഘമായും ക്രോഡീകരിച്ചു് ക്രിസ്തു, മതത്തെ ഒരു കുരിശിന്റെ രൂപത്തിൽ മൂർത്തീകരിച്ചു. കുരിശു് മോക്ഷപ്രാപ്തിക്കുള്ള ആത്മീയധർമ്മങ്ങളുടെ ഏററവും ഹൃദയാവർജ്ജകവും പ്രത്യക്ഷവുമായ ഒരു ചിഹ്നമാണു്. ബുദ്ധൻ ധ്യാനവും തപസ്സുംമൂലം ജ്ഞാനപ്രകാശം സമ്പാദിച്ചു. ക്രിസ്തു ജ്ഞാനപ്രകാശത്തോടുകൂടി ജനിച്ചു. അദ്ദേഹം ആ പ്രകാശമായിരുന്നു. ബുദ്ധൻ ധർമ്മത്തെ ഉപദേശിക്കാൻ ജനിച്ചു. ക്രിസ്തു ധർമ്മത്തെ നിറവേററുവാൻ ജനിച്ചു. അദ്ദേഹം ആ ധർമ്മമായിരുന്നു.

ഹിന്ദുക്കളുടെ തത്വശാസ്ത്രം ജീവാത്മാവിനെപ്പററിയും പരമാത്മാവിനെപ്പററിയും ഉള്ള അവസാനമില്ലാത്ത പ്രബന്ധങ്ങൾ നിർമ്മിച്ചു് അഹങ്കരിച്ചശേഷം രണ്ടും ഒന്നാണെന്നു് താത്വികമായി സ്ഥാപിക്കുന്നു. അതുപ്രകാരം അവരവരിൽ ഈശ്വരാനുഭൂതി ഉണ്ടാകുന്നതാണു് മോക്ഷം. ബുദ്ധൻ ഈ ഗംഭീരമായ ബുദ്ധിപ്രകടനങ്ങളെ വിസ്മരിക്കുന്നു. അദ്ദേഹം പ്രകൃതിനിയമം അനുസരിച്ചുള്ള അഹിംസാപരവും പരിശുദ്ധവുമായ ജീവിതചര്യമൂലം നിർവ്വാണത്തെ അണയുവാനായി മനുഷ്യരോടു് അഹ്വാനം ചെയ്യുന്നു. ക്രിസ്തു ഹിന്ദുക്കളുടെ ഗംഭീരങ്ങളായ വേദാന്തതത്വങ്ങൾ കഥാരൂപത്തിൽ ധരിപ്പിക്കുന്നു. മനുഷ്യപുത്രൻ ദൈവപുത്രനാണു്. പിതാവും പുത്രനും ഒന്നാകുന്നു. ക്രിസ്തു കന്യകയിൽ ജനിച്ചു എന്ന കഥയിൽനിന്നു നാം ഗ്രഹിക്കേണ്ടതു് യഥാർത്ഥ മനുഷ്യൻ ശരീരമല്ല ദൈവാത്മാവാണു്. അതുകൊണ്ടു് യഥാർത്ഥ പിതാവു് സ്വർഗ്ഗപിതാവാണു് എന്നുള്ള മഹാസന്ദേശമാകുന്നു. പിന്നീടു് പല പ്രാവശ്യം പ്രസ്താവിക്കപ്പെട്ടിട്ടുള്ള ഒരു സംഗതി ഈശ്വരേച്ഛ നിറവേററുവാനാണു് ദൈവപുത്രനെ അയച്ചിട്ടുള്ളതു് എന്നാകുന്നു. ഇതാണു് ആദ്ധ്യാത്മികജീവിതത്തിലെ പരമരഹസ്യം:—ഈശ്വരസങ്കല്പത്തെയും ധർമ്മത്തെയും അറിഞ്ഞു് അതുപ്രകാരം ജീവിക്കുക; പിതാവിൻെറ സങ്കല്പം, പുത്രൻ മനുഷ്യരുടെ മോക്ഷത്തിനായി ജീവിക്കുകയും മരിക്കുകയും ചെയ്യണമെന്നായിരുന്നു. ജീവിച്ചിരിക്കുമ്പോൾ തന്നെപ്പോലെതന്നെ മററുള്ളവരെയും സ്നേഹിക്കുകയും മററുള്ളവർ തന്നോടു് ഏതുതരം പ്രവർത്തിക്കണമെന്നു് അനുഗ്രഹിക്കുന്നുവോ

അതേപ്രകാരം മററുള്ളവരോട് പ്രവർത്തിക്കയും ചെയ്യണം. മാത്രമല്ല, സ്വർഗ്ഗത്തിലേക്കു നയിക്കുന്ന അവസാനത്തെ പടി കുരിശിന്മേലുള്ള മരണമാകുന്നു. ആ മരണം കാണിക്കുന്നതു് ശരീരത്തിൻെറ പരാജയവും ആത്മാവിൻെറ വിജയവുമാണു്. സങ്കുചിതമായ ജീവാത്മപ്രകൃതിയെ ഉപേക്ഷിച്ചു് പരമാത്മഭാവത്തെ വരിക്കുന്ന ഈ മഹാത്യാഗം ദൈവപദത്തെ അണയുവാൻ എല്ലാപേരും ചെയ്യേണ്ട ഒരു മഹായജ്ഞമാണു്. വേദാന്തത്തിലെ അഗാധമായ രഹസ്യങ്ങളെല്ലാം ക്രിസ്തുവിൻെറ ഈ ലളിതവും ഒരിക്കലും മനസ്സിൽനിന്നു മായാത്തതുമായ കഥയിൽ ഉദാഹരിക്കപ്പെട്ടിരിക്കുന്നു. അതു് എത്ര ഹൃദയസ്പൃക്കായിരിക്കുന്നു; എത്ര വ്യക്തമായിരിക്കുന്നു; ലളിതമായാലും എത്ര പ്രൗഢമായിരിക്കുന്നു. കാലാവസ്ഥകൾക്കു് യോജിച്ചതും നമ്മുടെ ഓരോരുത്തരുടേയും ജീവിതസമരത്തെ സ്മരിപ്പിക്കുന്നതുമായ ആ കഥ, ത്യാഗവും സേവനവുമാണു് ഏററവും ഉൽകൃഷ്ടമായ ധർമ്മമെന്നു സ്ഥാപിക്കുന്നു.

## പരിവർത്തന വേദന.

ക്രിസ്തുമതത്തിലും അതിനു മുൻപുണ്ടായ മതങ്ങളിലും ഏററവും ഉൽകൃഷ്ടമായ ജീവിതാദർശം വ്യക്തിയുടെ മോക്ഷമാണു്. ഈ ആദർശത്തിൻെറ ഏററവും സുഗമവും സംപൂർണ്ണവും ആയ ഒരു വിവരണമാണു് ക്രിസ്തുവിൻെറ ജീവിതം. ഈ മാർഗ്ഗത്തിൽക്കൂടി ഇനി കൂടുതൽ പുരോഗമിക്കുന്നതിന്നു് സാദ്ധ്യമല്ലാതെയായി. ക്രിസ്തു ആ ആദർശത്തിൻെറ മൂർദ്ധന്യാവസ്ഥയെ സൂചിപ്പിക്കുന്നു. മോക്ഷമാ

ശ്ശുപരിപാടി ക്രിസ്തുവിൽ പൂൎത്തിയാകുന്നു. അദ്ദേഹം അതിൻെറ പൂൎണ്ണരൂപമാകുന്നു. ഈ മഹനീയമാതൃക ഇരുപതു നൂററാണ്ടുകളായി ലോകത്തെ പ്രഭാവാദിപ്പിച്ചു കൊണ്ടിരിക്കുന്നു. ലോകനന്മയ്ക്കായി അതു് ചെയ്തിട്ടുള്ള സംഭാവന മഹത്താകുന്നു. പക്ഷെ ആ ദൈവപുത്രൻെറ മാഹാത്മ്യത്തെപ്പററി ചിന്തിക്കുമ്പോൾ നമ്മുടെ സ്മൃതിപഥത്തിൽ വരുന്നതു് ക്രൈസ്തവലോകത്തിലും മററു സ്ഥലങ്ങളിലും ഇപ്പോൾ നടമാടുന്ന ഭയങ്കരസംഭവങ്ങളാകുന്നു. എന്തോ ഒരു വലിയ മാററം വരുവാൻ പോകുന്നതിനെയാണു് അതു സൂചിപ്പിക്കുന്നതു്. അധൎമ്മത്തിൽനിന്നും പാപത്തിൽനിന്നും രക്ഷിക്കാനായി ക്രിസ്തു തൻെറ ജീവനെ ബലികഴിച്ചു എങ്കിലും ലോകം ഇന്നും അധൎമ്മത്തിൻെറയും പാപത്തിൻെറയും അടിയിൽപെട്ടു് പ്രാണവേദന കൊള്ളുന്നതായിട്ടാണു കാണുന്നതു്. പുണ്യാത്മാക്കളായ മഹതികളും മഹാന്മാരും കുരിശിൻെറ സന്ദേശം ലോകമാസകലം പ്രചരിപ്പിച്ചിട്ടുണ്ടെന്നുള്ളതു് വാസ്തവം തന്നെ. അവരുടെ മഹാത്യാഗങ്ങളെപ്പററി ചിന്തിക്കുമ്പോൾ നമ്മളിൽ ഭക്തിയും ബഹുമാനവും ഉദിക്കുന്നു. അങ്ങനെ ആണെങ്കിലും ആകപ്പാടെ നോക്കിയാൽ മനുഷ്യരുടെ പരിഷ്കാരാഭിവൃദ്ധിമൂലം കൂടുതൽ ദുഃഖവും മദ്ദനവും അക്രമവും അസമത്വവും സ്വാൎത്ഥപരതയുമാണു് ഉളവായിട്ടുള്ളതു്. അവിടവിടെ കാണപ്പെടുന്ന ക്രിസ്തുവിനെപ്പോലെയുള്ളവരോ അഥവാ അല്പം കുറഞ്ഞ പ്രകാശത്തോടുകൂടിയവരോ ആയ പുണ്യാത്മാക്കളെ ഒഴിച്ചാൽ, ഇന്നു ലോകത്തിലുള്ള രാജ്യങ്ങളെല്ലാം ക്രിസ്തുമതത്തിൻെറ ശവകുടീരങ്ങളാണു് ദേശീയകാൎയ്യങ്ങളിലും രാജ്യങ്ങൾ

തമ്മിലുള്ള പരസ്പരഇടപാടുകളിലും ക്രിസ്തുവിൻെറ ഏററവും വിശിഷ്ടമായ സന്ദേശങ്ങൾ പരസ്യമായി ലംഘിക്കപ്പെട്ടുവരുന്നു. മഹാശക്തികളുടെ മന്ത്രിസഭകളിൽ ക്രിസ്തുവിനെ കുരിശിൽ തറയ്ക്കുന്നതു് രണ്ടായിരം വർഷങ്ങൾക്കു മുൻപു നടന്നതിനേക്കാൾ നിഷ്ഠുരമായവിധം ഇന്നും നിത്യവും നടക്കുന്ന ഒരു സംഭവമാകുന്നു. മനുഷ്യരുടെ പ്രാപ്തിയും ധനവും പിശാചിൻെറ സേവനത്തിലും നശീകരണയന്ത്രങ്ങളുടെ നിർമ്മാണത്തിലുമാണു് വിനിയോഗിക്കപ്പെടുന്നതു്. ഓരോ രാജ്യക്കാരും ഒപ്പിട്ടു സൂക്ഷിച്ചിട്ടുള്ള സഖ്യഉടമ്പടികളെല്ലാം അവ കുറച്ചൊന്നുമല്ല-മറെറതെങ്കിലും രാജ്യത്തിനൊ താല്പര്യത്തിനൊ എതിരായുള്ള രഹസ്യ കൂട്ടുകെട്ടുകളാണു്. രാഷ്ട്രീയബന്ധങ്ങൾ അസത്യവും പരസ്പരവഞ്ചനയും കെട്ടിപ്പടുത്തിട്ടാണു് നിലനിറുത്തിവരുന്നതു്. നിസ്സാരകാരണത്തിന്മേലോ കാരണമൊന്നും കൂടാതെയോ അയൽരാജ്യത്തിൻെറ ഹൃദയത്തിൽ യുദ്ധക്കഠാരി കുത്തിക്കേററുന്നതിന്നു് ആർക്കും അല്പമെങ്കിലും സങ്കോചമില്ല. മിക്ക ജനങ്ങളേയും അടിമപ്പെടുത്തിയിട്ടുള്ള ജീവിതത്തിലെ അധീശതാല്പര്യങ്ങൾ അന്നാശയും ഭോഗാശയുമാകുന്നു. വലിയവരും ചെറിയവരും ഒരുപോലെ സ്വയംകൃതമായ അധഃപതനത്തിന്നു് ഇരയായിത്തീർന്നിരിക്കുന്നു. രാഷ്ട്രങ്ങൾ ഓരോന്നും അവരവർ തന്നെ നിർമ്മിച്ചുകൂട്ടിയിട്ടുള്ള മർദ്ദനയന്ത്രങ്ങളുടെ അടിയിൽ കുടുങ്ങി പ്രാണവേദനയോടെ വിലപിക്കുന്നു. അവ പരസ്പരമുള്ള അവിശ്വാസങ്ങളും രഹസ്യമായ ഉദ്ദേശങ്ങളും അക്രമപരമായ മോഹങ്ങളും നിറഞ്ഞ അഗ്നിപർവ്വതത്തിന്മേൽ ഇരിക്കുകയാണു്. ഏതു സമയമെങ്കിലും

ആ പൎവ്വതം പൊട്ടിപ്പിളൎന്ന് നിൎദ്ദോഷികളായ ജനങ്ങളുടെ രക്തത്തിൽ അവരെ ആഴ്ത്തിയേക്കാം. സ്വാതന്ത്ര്യവൎദ്ധനയോടുകൂടി നിഷ്ഠുരമായ സ്വാൎത്ഥപരതയും, അക്രമമായ ദുരാഗ്രഹവും, ശക്തൻ അശക്തനെയും ധനികൻ ദരിദ്രനേയും മൎദ്ദിക്കുന്നതും, സന്മാൎഗ്ഗികമായ അധഃപതനവും, അനിയന്ത്രിതമായ വിഷയാസക്തിയും വൎദ്ധിച്ചിട്ടുണ്ട്. ഒരു വീട്ടിൽ കവൎച്ചയ്ക്കുപോയ കള്ളൻ അവിടെ ഉണ്ടായിരുന്ന വിലപിടിച്ച സാധനങ്ങൾ ഓരോന്നായി തലയിലേററിയതുകൊണ്ട് ഭാരം അസഹനീയമായിത്തീൎന്ന് വീണുപോകുമെന്നായപ്പോൾ വീട്ടുടമസ്ഥൻവന്ന് അവനെ അപായത്തിൽനിന്ന് രക്ഷിക്കേണ്ടിവന്നപോലെയുള്ള ഒരവസ്ഥയിലാണ് ഇന്നത്തെ വ്യക്തികളും സമുദായങ്ങളും നിലകൊള്ളുന്നത്. വീട്ടുടമസ്ഥനായ സൎവ്വേശ്വരൻവന്ന് രക്ഷിക്കാനായി ലോകം അക്ഷമയോടെ കാത്തിരിക്കയാകുന്നു.

## ഇസ്ലാം.

പ്രൗഢമായ ഹൈന്ദവവേദാന്തശാസ്ത്രം, ബുദ്ധൻെറ സന്മാൎഗ്ഗികധൎമ്മോപദേശങ്ങൾ, ക്രിസ്തുവിൻെറ കുരിശാരോഹണം ഇവയിൽനിന്നെല്ലാം നമുക്കു സിദ്ധിക്കുന്നത് വ്യക്തിയുടെ മോക്ഷപ്രാപ്തിക്കുള്ള ഏറെക്കുറെ ഒരേ ആത്മീയധൎമ്മോപദേശങ്ങളാണ്. ഒന്നാമത്ത് അവയുടെ വിസ്തൃതമായ വിശദീകരണവും, രണ്ടാമത്ത് അവയുടെ ഏകദേശമുള്ള ഒരു ചിത്രീകരണവും, മൂന്നാമത്ത് അവയുടെ വ്യക്തമായ ഉദാഹരണവുമാകുന്നു. അനിവാൎയ്യമായ ഒരു

വിപ്ലവത്തിന് ലോകത്തെ ഒരുക്കുവാനായി, മനുഷ്യൻ അദ്ദേഹത്തെ സ്വീകരിക്കുവാൻ യോഗ്യനാകുന്നതിനു മുൻപുതന്നെ മുഹമ്മദുനബി അവതരിച്ചു് പഴയതിൽ നിന്നു് വ്യത്യസ്തമായ ഒരു ജീവിതക്രമത്തെ, അതായതു് എല്ലാപേരും ഏകോദരസഹോദരന്മാരെപ്പോലെ ജീവിക്കുന്ന ഒരു സമുദായ വ്യവസ്ഥയെ പ്രഖ്യാപനംചെയ്തു. അദ്ദേഹം ആസന്നമായിരിക്കുന്ന നവയുഗത്തിൻെറ ഒന്നാമത്തെ മഹാപ്രവാചകനാണു്—രാഷ്ട്രീയഭാഷയിൽ പറയുന്നതായാൽ ഒന്നാമത്തെ "കമ്മ്യൂണിസ്റ്റു്" അഥവാ ഒന്നാമത്തെ സ്ഥിതിസമത്വവാദി. അദ്ദേഹം വിതച്ച വിത്തുകൾ സാവധാനത്തിൽ മുളച്ചു് ചെടികളായിതീർന്നിട്ടുണ്ടു്. അവ ഇപ്പോഴും വളർന്നുകൊണ്ടിരിക്കുന്നു. രാജ്യത്തെല്ലാം അരാജകത്വം, സർവ്വത്ര കുഴപ്പങ്ങൾ, അസ്വസ്ഥരായ ജനങ്ങളുടെ നിരന്തരമത്സരങ്ങൾ, ഇതെല്ലാമായിരുന്നു മുഹമ്മദുനബിയെ അഭിമുഖീകരിച്ച സ്ഥിതിഗതികൾ. വ്യക്തികളുടെ ആത്മീയമോക്ഷത്തെപ്പററിയൊ, ധാർമ്മികോദ്ധാരണത്തെപ്പററിയൊ അല്ല, നിരന്തരം പരസ്പരം യുദ്ധം ചെയ്തുകൊണ്ടു ജീവിച്ചിരുന്ന വർഗ്ഗങ്ങളുടെ ഇടയിൽ സമാധാനവും സംതൃപ്തിയും സ്ഥാപിക്കുന്നതിനെപ്പററിയായിരുന്നു അദ്ദേഹത്തിനു് പ്രധാനമായി ചിന്തിക്കാനുണ്ടായിരുന്നതു്. മതപ്രശ്നം ഒരു മനുഷ്യപ്രശ്നം. അതായതു് മനുഷ്യരുടെ ദൈനംദിനജീവിതത്തെ ബാധിക്കുന്ന ഒരു പ്രശ്നമാണെന്നു് ഇപ്പോഴാണു് വ്യക്തമായി തുടങ്ങുന്നതു്. ഇസ്ലാം എന്ന പദത്തിൻെറ അർത്ഥംതന്നെ സമാധാനം, ശാന്തി, പരസ്പരസൗഹാർദ്ദ

ത്തോട്ടുകൂടിയിരിക്കൽ എന്നാകുന്നു. ഒരു മുസ്ലീമിൻെറ ഒന്നാമത്തെ ധമ്മം അള്ളായിൽ പരിപൂൎണ്ണമായി വിശ്വസിക്കുകയും പരോപകാരം ചെയ്യുകയുമാകുന്നു. "അള്ളായിലും അവസാനദിനത്തിലും വിശ്വസിക്കയും അന്യക്ഷ്ഗ്രണം ചെയ്യുകയും ചെയ്യുന്നവർ അനുഗൃഹീതരായിത്തീരും." സൎവ്വപ്രധാനമായി കല്പിക്കപ്പെട്ടിട്ടുള്ളതു് നല്ല നടത്തയാണു്. ഏകാന്തമായി ജീവിക്കുന്ന ഒരാളുടെ ധമ്മമല്ല സഹജീവികളുടെ മദ്ധ്യത്തിൽ ജീവിക്കുന്ന മനുഷ്യൻെറ ധമ്മമാണു് നല്ല നടത്ത എന്നു പറഞ്ഞതു്. ഖുറാനിൽ പറയുന്നു:—"എല്ലാമനുഷ്യരും ഒരൊററ വൎഗ്ഗമാണു്. ഒരു ജനവും മറെറാരു ജനത്തെ അപഹസിക്കരുതു്. ഒരുപക്ഷെ മററവരായിരിക്കാം കൂടുതൽ ഗുണമുള്ളവർ." മനുഷ്യസാഹോദര്യം ഏററവും ഉൽകൃഷ്ടമായ ധമ്മമായും സത്യമായും അംഗീകരിക്കപ്പെട്ടു. അത്രമാത്രമല്ല മുഹമ്മദുനബി കല്പിച്ചിട്ടുള്ളതു് മനുഷ്യൻെറ മതം ഏതായാലും "എല്ലാവരും ഭജിക്കുന്നതു് അള്ളാവിനെയാണു്." എന്നാകുന്നു.

## ഒരു സമാധാന പ്രവാചകൻ.

മുഹമ്മദുനബിയെയും ഒരു നവയുഗത്തെ ആഹ്വാനം ചെയ്യുന്ന അദ്ദേഹത്തിൻെറ ഉപദേശങ്ങളുടെ സാദ്ധ്യതകളെയും ഇനിയും ലോകം ശരിയായി ധരിച്ചിട്ടില്ല. അദ്ദേഹം ചൂണ്ടിക്കാണിച്ച ലക്ഷ്യത്തിലേക്കു് നാം പുരോഗമനം ചെയ്തിട്ടില്ലെന്നു പറയണം. അവസാനിക്കാൻ പോകുന്ന നാഗരീകത്തിൻെറ ദോഷങ്ങൾ അവയുടെ

മൂൎദ്ധന്യദശയിൽ എത്തിയിരിക്കുന്നു. ഒരു നവയുഗോദയം ദിഗ്മണ്ഡലത്തെ പ്രകാശമാനമാക്കുന്നു. സമാധാന സ്ഥാപനത്തിനായുള്ള പരിശ്രമം യുഗയുഗാന്തരങ്ങളിൽ അവസാനമില്ലാതെ തുടൎന്നുപോകുന്നു. മനുഷ്യയത്നം നിഷ്ഫലമായി കാണപ്പെട്ടപ്പോൾ മഹാത്മാക്കൾ അവതരിച്ചു സമാധാനം സ്ഥാപിക്കുന്നു. കുറേക്കഴിയുമ്പോൾ ആ വ്യവസ്ഥയും വിസ്മരിക്കപ്പെട്ടുകയൊ ദുൎബ്ബലമായിത്തീരുകയൊ ചെയ്തു വീണ്ടും അനൎത്ഥങ്ങൾ വന്നുചേരുന്നു. അപ്പോൾ മറെറാരു മഹാത്മാവു് രംഗത്തിൽ പ്രത്യക്ഷമായി ലോകശക്തികളെ നിയന്ത്രിച്ചു് കാലാനുസരണം ജീവിതവ്യവസ്ഥകളെ പുതുക്കി സമാധാനം പാലിക്കാൻ ശ്രമിക്കുന്നു. മുഹമ്മദുനബിയുടെ ആഗമനത്തോടുകൂടി മനുഷ്യവൎഗ്ഗത്തിൻെറ വളൎച്ചയുടെ സ്വഭാവത്തിനു് ഒരു വലിയ മാററം സംഭവിച്ചിട്ടുണ്ടു്. അതു് വ്യക്തിപരമല്ലെന്നും സാമൂഹ്യമായ അടിസ്ഥാനത്തിന്മേലായിരിക്കണമെന്നും വന്നിരിക്കുന്നു. നാം അറിയാതെ തന്നെ ആ ലക്ഷ്യത്തിലേക്കു് സാവധാനം പുരോഗമിച്ചുകൊണ്ടിരിക്കയാണു്. ആസന്നമായ നവയുഗത്തിൻെറ ആദൎശം എന്തായിരിക്കുമെന്നു് എച്ചു്. ജി. വെൽസ്സ് അദ്ദേഹത്തിൻെറ "ആദ്യന്തവസ്തുക്കൾ" എന്ന പുസ്തകത്തിൽ വാക്ചാതുരിയോടെ പ്രസ്താവിച്ചിരിക്കുന്നു. ജീവിതാദൎശത്തിനു വരുന്ന സമൂലപരിവൎത്തനത്തിൻെറ സാരം ഇപ്രകാരം ചുരുക്കി പറഞ്ഞിരിക്കുന്നു:—"എൻെറ അഭിപ്രായത്തിൽ മനുഷ്യചരിത്രത്തിൽ നിന്നു് പ്രത്യക്ഷമാകുന്ന ഏററവും പ്രധാനസംഗതി ഇതാകുന്നു. മനുഷ്യവൎഗ്ഗം ഒരൊററ സമുദായമാണെന്നുള്ള ഐക്യബോധം സാവധാ

No. 4195 79821 KOTTAYAM

നത്തിൽ വികസിക്കുന്നു; മനുഷ്യരുടെ സൗഹാർദ്ദമായ സഹകരണത്തിൽ നിന്നു് സ്വപ്നത്തിൽപ്പോലും അസാദ്ധ്യമായി തോന്നാത്ത അത്ഭുതാവഹമായ സംഘടനാശക്തികൾ ഉളവാകുന്നതാണു്; മനുഷ്യർ തമ്മിലുള്ള വ്യത്യാസങ്ങൾ നശിച്ചു് അവർ എല്ലാം ഒരു ശരീരത്തിലെ അവയവങ്ങൾപോലെയായിത്തീരുന്നുണ്ടു്. ഇന്നത്തെ കുഴപ്പങ്ങളിൽ നിന്നു് സർവ്വജനീനമായ ഒരു ജീവിതോദ്ദേശ്യം അഥവാ പൊതു ആദർശം സംവർദ്ധിതമായിത്തീരുന്നുണ്ടു്." (P. 58) സങ്കുചിതവും വ്യക്തിഗതവുമായ ജീവിതം അസാദ്ധ്യമായിത്തീരുന്നുണ്ടു്. ഇന്നത്തെ പ്രധാന ലോകപ്രശ്നങ്ങളെല്ലാം മനുഷ്യവർഗ്ഗത്തെ ഒട്ടാകെ ബാധിക്കുന്നവയാണു്. രാഷ്ട്രങ്ങൾ തമ്മിലുള്ള യുദ്ധം, വെള്ളക്കാർ, കാപ്പിരികൾ എന്നിങ്ങനെയുള്ള വർഗ്ഗവ്യത്യാസങ്ങൾ, ജാതി അസമത്വങ്ങൾ, മതമത്സരങ്ങൾ, മുതലാളിതൊഴിലാളിസംഘട്ടനം, സന്താനനിയന്ത്രണം, ആരോഗ്യസംരക്ഷണം, ലോകസമാധാനം, സർവ്വസാഹോദര്യം ഇവയെല്ലാം ഉദാഹരണങ്ങളാകുന്നു. ഇങ്ങനെയുള്ള എല്ലാ വിഷയങ്ങളിലും മനുഷ്യരെല്ലാം ഒന്നാണെന്നു വിചാരിച്ചു് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. രാജ്യങ്ങൾ തമ്മിലുള്ള സ്ഥലകാലവ്യത്യാസങ്ങൾ ലഘൂകരിച്ചു് ഒന്നായിത്തീരുന്നതിനു് പ്രകൃതിശാസ്ത്രത്തിന്റെ അഭിവൃദ്ധിയും സഹായിച്ചിട്ടുണ്ടു്. ഇപ്പോൾ ശാസ്ത്രജ്ഞന്മാരെ അഭിമുഖീകരിക്കുന്ന പ്രശ്നത്തിന്റെ വൈപുല്യം കണ്ടു് അവർ തന്നെ പരിഭ്രാന്തരായിരിക്കുന്നു. ഇന്നത്തെ സാർവ്വത്രികമായ അരാജകത്വത്തിൽ നിന്നു് ഒരു രക്ഷാമാർഗ്ഗം കാണിച്ചുതരുന്നതിനു് നമുക്കു് ഒരു ലോകഗുരുവിന്റെ സഹായം

അത്യന്താപേക്ഷിതമായിരിക്കുന്നു. അങ്ങനെയുള്ള ഒരു മഹാ ശാന്തിപ്രവാചകന്റെ ശാന്തിസന്ദേശത്തെ വെളിപ്പെടുത്തുവാനുള്ള ഒരു യത്നമാണ് ഈ പുസ്തകം.

---

## III

# കേരളത്തിലെ പ്രശ്നം

മലയാളഭാഷ സംസാരിക്കുന്ന ജനങ്ങളുടെ രാജ്യമാണ് കേരളം. ഇവിടെയാണ് ഗുരുദേവൻ തന്റെ പരീക്ഷണത്തിനും ധർമ്മസ്ഥാപനത്തിനും വിനിയോഗിച്ച ഗവേഷണ കേന്ദ്രം. ഇവിടെ അദ്ദേഹം തന്റെ മഹാസന്ദേശത്തെ പ്രഖ്യാപിച്ചു. ബന്ധിച്ചു കിടന്നിരുന്ന പുരോഗമനദ്വാരങ്ങളെ തുറക്കുവാനുള്ള താക്കോൽ ഇവിടെ അദ്ദേഹം നമുക്കു തന്നിരിക്കുന്നു. കേരളത്തിൽ അദ്ദേഹത്തെ അഭിമുഖീകരിച്ചിരുന്ന പ്രശ്നം എങ്ങനെയുള്ളതായിരുന്നുവെന്ന് നമുക്കു പരിശോധിക്കാം.

## വിഡ്ഢികളുടെ സ്വർഗ്ഗം.

ഒരു ശതാബ്ദത്തിനു മുമ്പിലത്തെ കേരളം വിഡ്ഢികളുടെ ഒരു സ്വർഗ്ഗമായിരുന്നു. അവിടെ എല്ലാവരും അജ്ഞതയിലും അന്ധവിശ്വാസങ്ങളിലും സാമുദായിക അടിമത്തത്തിലും സുഖമായി ജീവിച്ചിരുന്നു. ഗ്രാമമായിരുന്നു അവരുടെ സാമൂഹ്യജീവിതത്തിന്റെ കേന്ദ്രം. ഇന്നത്തെ പട്ടണങ്ങൾ അന്ന് വെറും ഗ്രാമങ്ങളായിരുന്നു.

ബാഹ്യദൃഷ്ടിയിൽ ഗ്രാമം ഒരു പ്രജാധിപത്യരാജ്യം പോലെയായിരുന്നെങ്കിലും വാസ്തവത്തിൽ അതു് ഏററവും ഉയൎന്ന ജാതിക്കാർ ഭരിക്കയും മററുള്ളവരെല്ലാം വണക്കത്തോടെ അനുസരിക്കുകയും ചെയ്തിരുന്ന നിഷ്ഠൂരമായ ജാതിമേധാവിത്വത്തിൻെറ കോട്ടയായിരുന്നു. ജാതിനിയമമായിരുന്നു രാജ്യത്തിൻെറ പൊതുനിയമം. നമ്പൂരിജന്മിയുടെ അധികാരത്തിൽ അഥവാ നമ്പൂരിയില്ലാത്തപക്ഷം ഏററവും ധനികനായ നായർജന്മിയുടെ അധികാരത്തിലുള്ള ക്ഷേത്രമായിരുന്നു ഗ്രാമഭരണത്തിൻെറ തലസ്ഥാനം. ജനങ്ങൾ സമാധാന പരിപാലനത്തിനും സ്വത്തുക്കളുടെ രക്ഷയ്ക്കും ക്ഷേത്രാധികാരിയെ ആശ്രയിച്ചു് പല ജാതിവകുപ്പുകളായി തിരിഞ്ഞു നിവസിച്ചിരുന്നു. സാമ്പത്തികനില പരിഗണിച്ചു് അവരെ മൂന്നായി തരം തിരിക്കാം. (1) ജന്മികൾ, അതായതു് നിയമപ്രകാരം ഭൂമിയുടമസ്ഥന്മാർ. (2) യഥാൎത്ഥത്തിൽ ഭൂമി കൈവശക്കാരും അനുഭവക്കാരും ആയിരുന്നവർ. (3) തൊഴിലാളികൾ. ഒന്നാമത്തെ കൂട്ടരായ ഗ്രാമപ്രമാണികൾ സാമുദായികവും മതപരവും, സിവിലും, ക്രിമിനലും ആയ നിയമാധികാരികളായിരുന്നു. നിയമാധികാരി തൻെറ സ്ഥാനമാനങ്ങളും അധികാരവും നിലനിറുത്തുന്നതിനും ശാസനകൾ നടത്തുന്നതിനും ഉപയോഗപ്പെടുത്തിയിരുന്ന ഒരു പട്ടാളംപോലെയായിരുന്നു രണ്ടാമത്തെ കൂട്ടർ. മൂന്നാമത്തെ കൂട്ടർ സമുദായത്തിലെ അടിമകളായിരുന്നു. ഇവരായിരുന്നു എല്ലാ വേലകളും ചെയ്തിരുന്നതു്. നിലം ഉഴുന്നതുമുതൽ നാട്ടുപ്രമാണിയുടെ കൊട്ടാരവും ഗ്രാമക്ഷേത്രവും നിൎമ്മിക്കുന്നതുവരെയുള്ള സകല

പണികളും നിർവഹിച്ചിരുന്നത് മൂന്നാമത്തെ കൂട്ടത്തിൽ പെട്ട ആശാരി, മൂശാരി, തട്ടാൻ, കല്ലാശാരി, ചെരുപ്പുകുത്തി, ക്ഷുരകൻ, അലക്കുകാരൻ, നിലംപൂട്ടുന്നവൻ മുതലായവരായിരുന്നു. ഒന്നോ രണ്ടോ കൂട്ടർ ഒഴിച്ച് ശേഷമുള്ള എല്ലാ തൊഴിലാളികളും അസ്പൃശ്യരായിരുന്നു. അവർ ഗ്രാമത്തിൽ അവർക്കായി നിശ്ചയിച്ചിട്ടുള്ള മൂലയിൽ വസിച്ചുകൊള്ളണം. അവരുടെ പരമ്പരയായുള്ള ജോലികൾ നോക്കിക്കൊള്ളണം; അതിന് അവർക്ക് അല്പം നെല്ലും കറിസാധനങ്ങളും എണ്ണയും വിശേഷദിവസങ്ങളിൽ വസ്ത്രവും ലഭിച്ചിരുന്നു. ഉയന്ന ജാതിക്കാരെ അശുദ്ധമാക്കിയെങ്കിലോ എന്നുള്ള ഭയംകൂടാതെ അവർക്ക് അവരുടെ തെരുവിൽനിന്ന് പുറത്തിറങ്ങുവാൻ സാദ്ധ്യമല്ലായിരുന്നു. പരമ്പരയായുള്ള തൊഴിലല്ലാതെ മറെറാന്നും പഠിക്കുവാൻ അവരെ സാധാരണയായി അനുവദിച്ചിരുന്നില്ല; ഇതിന് വിരോധമായി പ്രവത്തിക്കുന്നവക്ക് ആ ഗ്രാമവാസികളുടെ വിരോധവും ഗ്രാമപ്രമാണിയുടെ നിർദ്ദയമായ ശിക്ഷയുമായിരുന്നു ഫലം. ശുഭ്രവസ്ത്രധാരികളായി മററു പൗരന്മാരെപ്പോലെ നിരത്തിൽ കൂടിനടക്കുവാൻ അവർക്ക് സ്വാതന്ത്ര്യമില്ലായിരുന്നു. കന്നുകാലികൾക്ക് എവിടെയും അലഞ്ഞുനടക്കാം. എന്നാൽ ഒരു അസ്പൃശ്യനായ തൊഴിലാളി ഉയന്ന ജാതിയിലുള്ളവർ വരുമ്പോൾ പൊതുനിരത്തിൽനിന്ന് മാറിപ്പോകണം. അവരുമായി സംസാരിക്കുന്നത് ദൂരെനിന്നായാലും ഒരു കൈകൊണ്ടു വാ മൂടിയിരിക്കണം. പുതിയ പുരയുണ്ടാക്കുന്നതിനും വിശേഷ ദിവസങ്ങളിൽ സദ്യ നടത്തുന്നതിനും ജന്മിയുടെ അനുവാദംവേണം. അരയ്ക്കു

കീഴെ ഒരു വസ്ത്രമല്ലാതെ മററൊന്നും ധരിക്കാൻ പാടി ല്ലായിരുന്നു. ചെരിപ്പോ മററൊ ധരിച്ചാൽ അവൻ ധിക്കാരപൂൎവ്വമായ നടപടിക്കു കുററക്കാരനായിത്തീരും. അവൻെറ പേർ ഒരു നല്ല പേരായിരുന്നാൽ അതു് ചുരുക്കി വഷളാക്കി മാത്രമെ ഉച്ചരിക്കാൻ പാടുള്ളൂ. അവനു് സ്വ ഗ്രാമം വിട്ടുപോകാൻ അവകാശമില്ല. അഥവാ അവൻ അങ്ങനെ ചെയ്താൽ മററു ഗ്രാമക്കാരും അവനെ സ്വീകരിക്കയില്ല. പൊതുവിദ്യാലയങ്ങൾ, കടകൾ, കുളങ്ങൾ, കിണറുകൾ, ക്ഷേത്രങ്ങൾ മുതലായവ യെല്ലാം അവനു് നിഷേധിക്കപ്പെട്ടിരുന്നു. എന്നാൽ ഇവയുടെ സംരക്ഷണത്തിനായി ദേഹംകൊണ്ടും ധനം കൊണ്ടും സഹായിക്കേണ്ടു ചുമതല അവനും ഉണ്ടായി രുന്നു. ഈ കൂട്ടരിൽ ഏററവും താഴ്ന്ന ജാതിയിൽ പെട്ടവർ അവർ നിവസിച്ചിരുന്ന സ്ഥലത്തോടുകൂടി ക്രയ വിക്രയം ചെയ്യപ്പെട്ടിരുന്നു. മേൽപ്രകാരം ജനങ്ങളെ മൂന്നായി തിരിച്ചതിൽ രണ്ടും മൂന്നും വകുപ്പിൽ പെട്ടവ രുടെ കൂട്ടത്തിൽ അനേകം അവാന്തരവിഭാഗങ്ങൾ ഒന്നി നൊന്നു് മീതെയും കീഴെയും ആയി ഉണ്ടായിരുന്നു. ഓരോന്നും അതാതിൻെറ ജാത്യാഭിമാനങ്ങളും അവകാശ ങ്ങളും പരിപാലിക്കയും കീഴെയുള്ള ജാതികളെ അമൎത്തി നിറുത്തുകയും ചെയ്തിരുന്നു. അസ്പൃശ്യൎക്കും, ഒരു പക്ഷെ മററുള്ളവരെക്കാൾ കൂടുതൽ അഭ്യന്തരജാതിവ്യത്യാസ ങ്ങൾ ഉണ്ടായിരുന്നതു് അവരും വലിയ വാശിയോടെ ആചരിച്ചു നിലനിറുത്തിവന്നു.

ഈവിധമുള്ള അജ്ഞതയും അന്ധവിശ്വാസങ്ങളും അടിമത്തവും ഉണ്ടായിരുന്നിട്ടും പണ്ടത്തെ കേരളഗ്രാമം ഒരു സ്വർഗ്ഗമായിരുന്നു. എന്തുകൊണ്ടെന്നാൽ അവിടെ ആരും വിജ്ഞരാകാൻ ആഗ്രഹിച്ചില്ല; ചിന്തിക്കാൻ ആരും ധൈര്യപ്പെട്ടില്ല; സ്വാതന്ത്ര്യമനുഷ്യരായിരിക്കുന്നതു് എന്താണെന്നു് ആരും അറിഞ്ഞിരുന്നില്ല. പരമ്പരയായി ആചരിച്ചുവന്നിരുന്ന ജാതിവ്യവസ്ഥകളിലായിരുന്നു രാജ്യത്തിലെ പരമാധികാരം. അജ്ഞതയുടേയും സാമുദായിക ദുരധികാരത്തിൻെറയും കീഴിൽ നിർധനരായ തൊഴിലാളികൾ അവരുടെ യജമാനന്മാർ അനുവദിച്ചുകൊടുത്തിരുന്ന ചെററപ്പുരകളുടെ മലിനതയിലും ദാരിദ്ര്യത്തിലും മൂകമാടുകളെപ്പോലെ നിശ്ശബ്ദമായി യജമാനന്മാർക്കുവേണ്ടി വേല ചെയ്തുകൊണ്ടു് സുഖമായി ജീവിച്ചു. അതു് ഭൂരിജനങ്ങളുടെ മാനസികവും സാമ്പത്തികവുമായ അടിമത്തത്തിന്മേൽ ബലമായി സ്ഥിരപ്രതിഷ്ഠചെയ്തിരുന്ന ഒരു ജാതിമേധാവിത്വമായിരുന്നു. ഉയർന്ന ജാതികൾ നിഷ്ഠുരന്മാരായ സ്വേച്ഛാധികാരികളായിരുന്നു എന്നോ താഴ്ന്ന ജാതികളെ അവർ നിർദ്ദയം ചവുട്ടിമെതിച്ചിരുന്നു എന്നോ പറയുന്നതായാൽ ശരിയായിരിക്കയില്ല; അങ്ങനെ അല്ലായിരുന്നു. യജമാനന്മാർ നല്ലവരും ദയവുള്ളവരുമായിരുന്നു. അടിമകൾ സംതൃപ്തരും സന്തുഷ്ടരുമായിരുന്നു. മററു രാജ്യങ്ങളിലെ ജനങ്ങളുടെ ഇടയിൽ എന്നപോലെ ഇവിടെയും മർദ്ദനവും അധർമ്മവുമുണ്ടായിരുന്നു. അതിലും കൂടുതലായി പറയാനൊന്നുമില്ല. ഏററവും ഉൽകൃഷ്ടരും ഏററവും നികൃഷ്ടരും ഒരുപോലെ ജാതിവ്യവസ്ഥയ്ക്കും പഴക്കത്താൽ ബലംകുറയുന്നതിനു പകരം പരി

ശൂദ്രമായിത്തീന്നിരുന്ന പരമ്പരയായുള്ള ആചാരങ്ങൾക്കും അടിമകളായിരുന്നു. പറയർ, പുലയർ മുതലായവരെ പ്പോലെതന്നെ ഗ്രാമത്തിലെ സർവ്വാധിപതിയായി സുഖസ മൃദ്ധിയിൽ ജീവിച്ചിരുന്ന വിദ്വാനായ നമ്പൂരിയും ജാതി വ്യവസ്ഥയുടെ ഒരു നിസ്സഹായിയായ ഇരപ്പണ്ടമായിരുന്നു. അയാൾക്കും അയാളുടെ അന്ധവിശ്വാസങ്ങളും ബുദ്ധിശൂ ന്യമായ ആചാരങ്ങളും ഉണ്ടായിരുന്നു. ജാതിനിയമത്തി ന്റെ ദുരധികാരത്തിന് അയാളും വിധേയനായിരുന്നു. പുരാതനകാലത്തെ മൃഗീയങ്ങളായ ഏപ്പാട്ടുകളെ ഇന്നും നിലനിറുത്തുന്ന അടിമ മനഃസ്ഥിതിയുടെ സിംഹഭാഗം അയാളിൽതന്നെയായിരുന്നു. അതിന് കീഴെയുള്ള മദ്ധ്യ സ്ഥിതരായവരുടെ അവസ്ഥ എന്തായിരുന്നു എന്നു നോക്കാം. അസ്പൃശ്യരുടെ ഇടയിൽ ഉള്ളതായി നാം കണ്ട അനേകം ജാതിവിഭാഗങ്ങൾ, നികൃഷ്ടമായ ആചാ രങ്ങൾ, അർത്ഥശൂന്യവും നിഷ്ഠുരവുമായ കർമ്മങ്ങൾ, ഉയ ന്ന ജാതിക്കാരോട്ട് അടിമബുദ്ധിയോടുകൂടിയ വണക്കം, നിത്യജീവിതത്തിലെ നിസ്സാരകാര്യങ്ങളിൽ കൂടിയുണ്ടായി രുന്ന പരാശ്രയം ഇതെല്ലാം രണ്ടാമത്തെ വകുപ്പിൽപെട്ട വരുടെ മദ്ധ്യത്തിലും പ്രബലമായിരുന്നു.

സ്ഥിതികൾക്കു വളരെ മാററം വന്നിട്ടുണ്ടെങ്കിലും പരിഷ്കൃതയായ കേരളത്തിൽ ഇപ്പോഴും നികൃഷ്ടമായ പല വശങ്ങളും ഉണ്ടു്. കാട്ടോരങ്ങളിൽ ഇന്നും അനേ കായിരം ജനങ്ങൾ അഴുക്കുജലം കുടിച്ചും, ദുഷിച്ച ശവം തിന്നും, അജ്ഞതയിലും, വൃത്തിഹീനതയിലും, അനാരോ ഗ്യത്തിലും, ശേഷമുള്ള ജനങ്ങളാൽ നിന്ദ്യരായി പുറംത ള്ളപ്പെട്ടും ജീവിക്കുന്നുണ്ടു്. വിദ്യാനിധികളും സംസ്കാര

സമ്പന്നരും വിവിധരാജ്യങ്ങളെ സന്ദർശിച്ചിട്ടുള്ളവരുമായ യോഗ്യന്മാർപോലും അവരറിയാതെതന്നെ ജാതിചിന്തയ്ക്കു വശഗരായിരിക്കുന്നു. ജാതിയുടെ ബാഹ്യചിഹ്നങ്ങൾ തേഞ്ഞുപോയിട്ടുണ്ടെങ്കിലും അതിൻെറ വിഷം സമുദായ ശരീരത്തിൽ വ്യാപിച്ചു കിടക്കുന്നു.

## ഒരു നവ്യസംസ്കാരത്തിൻെറ ജന്മഭൂമി.

ഭൂലോകം മുഴുവൻ ഇപ്പോൾ ഒരു ദുർഘടസന്ധിയിലാണ്. പഴയ സ്ഥാപനങ്ങൾ തകൻുപോകുന്നു. പ്രാചീനസാമൂഹ്യവ്യവസ്ഥകൾ അനാദരവിനാലൊ മനഃപൂർവ്വമുള്ള എതിർപ്പിനാലൊ നിഷ്കാസിക്കപ്പെടുന്നു. മതങ്ങൾ കത്തിക്കാളുന്ന വിമർശനകുണ്ഡത്തിൽ കിടന്നു പൊരിയുന്നു. രാജ്യതന്ത്രജ്ഞന്മാരുടെ പ്രിയപ്പെട്ട ഭാവനകൾ വിലയില്ലാതെ തള്ളപ്പെടുന്നു. പുരോഗമനത്തെയും സംസ്കാരത്തെയും പററിയുള്ള ദീർഘകാലസ്ഥാപിതങ്ങളായ ധാരണകളെ പ്രകൃതിശാസ്ത്രവും സ്വതന്ത്രചിന്തയും അടിച്ചുടയ്ക്കുന്നു. ജീവിതം ഭക്തിവിശ്വാസവിരളവും പരിഭ്രമജനകവുമായ ഒരനിശ്ചിതാവസ്ഥയായിത്തീൎന്നിരിക്കുന്നു. ഇൻഡ്യയിൽ ഈ ദുർഘടഘട്ടം ജീവിതത്തിലെ എല്ലാ വശങ്ങളിലും പ്രത്യക്ഷമാകുന്നുണ്ട്. സാമുദായികവും മതപരവും ആയ സമാധാനത്തിനുവേണ്ടിയുള്ള പ്രയത്നവുമായി താരതമ്യപ്പെടുത്തിനോക്കിയാൽ രാഷ്ട്രീയസ്വാരാജ്യത്തിനുവേണ്ടിയുള്ള സമരം ഒരു ചെറിയ കാൎയ്യമാണ്. അനവധി ജാതികളുടെയും വൎഗ്ഗങ്ങളുടെയും ഒരു വമ്പിച്ച കൂട്ടമായ ഇൻഡ്യയിലെ ജനങ്ങളുടെ ഇടയിൽ

സമാധാനവും ഐകമത്യവും സ്ഥാപിച്ചു നിലനിറുത്തുന്ന വിഷയം ലോകപ്രാധാന്യമുള്ള ഒരു പ്രശ്നമാണു്. നമുക്കു സമാധാനം കണ്ടുപിടിക്കാനുള്ള പല മതപ്രശ്നങ്ങളിൽ ഒന്നുമാത്രമാണു് ഹിന്ദുമുസ്ലീംതക്കം. ഈ രണ്ടു കാൎയ്യങ്ങളിൽ അതായതു് സാമുദായികം, മതപരം, വിജയപ്രദമായ തീരുമാനങ്ങൾ ചെയ്യുവാൻ നമുക്കു സാധിക്കുന്നതായാൽ അതു് ലോകത്തിലെ ഏററവും ദുഷ്ഘടമായ ചില വിഷയങ്ങൾക്കു് നിവാരണം ഉണ്ടാക്കുന്നതായിരിക്കും. ഈവക വിഷമങ്ങൾ ഏററവും ദുഃഖകരമായ വിധത്തിൽ പടൎന്നുപിടിച്ചിട്ടുള്ളതു് കേരളത്തിലാണു്. അവിടെയാണു് ഗുരുദേവൻ അദ്ദേഹത്തിന്റെ ശാന്തിസന്ദേശം പ്രഖ്യാപിക്കയും ഐക്യപ്രസ്ഥാന പദ്ധതി പൂൎത്തിയാക്കയും ചെയ്തതു്.

ഗുരുദേവനു് ഒരു ഗവേഷണശാലയായിത്തീൎന്ന കേരളത്തിന്റെ അപൂൎണ്ണമായ ഒരു വിവരണമാണു് ഇവിടെ കൊടുത്തിട്ടുള്ളതു്. യഥാൎത്ഥം മുഴുവൻ അതിന്റെ പൂൎണ്ണമായ നഗ്നതയിൽ വിവരിക്കുവാൻ സാദ്ധ്യമല്ല. അതു് അത്ര അധികം ശോചനീയവും നിരാശാജനകവും ആകുന്നു. ഈ കരയിൽ ഒരു കുഗ്രാമത്തിൽ ഗുരുദേവൻ മതങ്ങളുടെ മൈത്രിയും, സൎവ്വസാഹോദൎയ്യത്തിന്റെ യാഥാൎത്ഥ്യവും വ്യക്തമാക്കിയും സാക്ഷാൽകരിച്ചും ലോകത്തിലെ സൎവ്വജനങ്ങളുടെയും രാജ്യങ്ങളുടെയും രക്ഷാമാൎഗ്ഗത്തെ കാണിച്ചുകൊടുക്കാനായി അവതരിച്ചു. അനേകശതാബ്ദങ്ങളിലെ അനുസരണത്തിന്റെ ഫലമായി പരിപാവനങ്ങളായി കരുതപ്പെട്ടുന്നതും സഹജമായി തീൎന്നിട്ടു

ള്ളതുമായ ദുരാചാരങ്ങൾക്ക് അടിമപ്പെട്ടു് അധഃപതനഗർത്തത്തിൽ പതിച്ചിരുന്ന ഒരു വലിയ ജനസമൂഹം അവിടെയുണ്ടായിരുന്നു. വിദ്യാഹീനരും നിർദ്ധനരും മർദ്ദിതരുമായ അവർ സമുദായസേവകന്മാരുടെ ഒരു തീരാദുഃഖമായിരുന്നു. അങ്ങനെയുള്ള പാവങ്ങളുടെ ഇടയിൽ ജനിച്ച ഗുരുദേവനു് നിർവ്വഹിക്കാനുണ്ടായിരുന്നതു് അവനവന്റെ ആത്മോൽക്കർഷത്തെ സാധിക്കുന്നതിനു പുറമെ തന്റെ അനുഗാമികളായ അനേകലക്ഷംപേരെ ഭയങ്കരമായ ദുർബ്ബലതയുടെ അഗാധത്തിൽനിന്നു് കരകയററി പരിഷ്കൃത മനുഷ്യരാക്കിത്തീർക്കുകയും അവരിൽകൂടി സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും ഉത്തമാദർശലക്ഷ്യങ്ങളെ ലോകോപകാരാർത്ഥം പ്രഖ്യാപനം ചെയ്യുകയും ആയിരുന്നു. അദ്ദേഹം ഏതുവിധം ഈ മഹൽകൃത്യം നിർവ്വഹിച്ചു?

IV

# ആവരണത്തെ ഭേദിക്കൽ.

കേരളഗ്രാമങ്ങളിലെ ആദ്ധ്യാത്മികവും സാമുദായികവുമായ അധികാരകേന്ദ്രം ക്ഷേത്രമായിരുന്നു എന്നു് നാം പ്രസ്താവിച്ചുകഴിഞ്ഞല്ലൊ. പൊതുകാര്യങ്ങൾ ആലോചിച്ചു തീരുമാനിക്കാൻ അവിടെയാണു് ദേശപ്രമാണികൾ സഭ കൂടിയിരുന്നതു്. ജനങ്ങൾ അനുസരിക്കേണ്ടിയിരുന്ന ശാസനകൾ അവിടെനിന്നാണു് ഉത്ഭവിച്ചിരുന്നതു്. ഒരു ഗ്രാമീണനു് ക്ഷേത്രത്തിലുണ്ടായിരുന്ന അധികാരാവകാശങ്ങൾ നോക്കിയായിരുന്നു അയാളുടെ വിലയും നിലയും നിശ്ചയിക്കപ്പെട്ടിരുന്നതു്. ഏററവും ഉന്നതജാതിയിൽപെട്ടവക്ക മാത്രമേ ക്ഷേത്രത്തിൽ ശ്രീകോവിലിനുള്ളിൽ പ്രവേശനമുണ്ടായിരുന്നുള്ളു. അടുത്ത പടിയിലുള്ളവർ ക്ഷേത്രത്തിലെ കൈകാര്യങ്ങൾ നടത്തുന്നവരായിരുന്നു. അവരിലും കീഴെയുള്ളവക്കു് ചുററമ്പലങ്ങളിൽ പ്രവേശിച്ചു് ആരാധിക്കാമായിരുന്നു. ക്ഷേത്രമതിലിനുള്ളിൽ പ്രവേശിക്കാമെങ്കിലും ചുററമ്പലത്തിൽ കടക്കവാൻ അർഹതയില്ലാത്തവരായിരുന്നു പിന്നത്തെ പടിയിലുള്ളവർ. മററു ചിലക്ക ഗോപുരദ്വാരംവരെ മാത്രം ചെല്ലാമായിരുന്നു. അവരെക്കാൾ നികൃഷ്ടരായ ജാതിക്കാർ ക്ഷേത്രത്തിൽനിന്നും ദൂരെ അകന്നുനിന്നു് ആരാധിച്ചുകൊള്ളണം. അവസാനത്തെ കൂട്ടരെ ക്ഷേത്രസങ്കേതത്തിനടുത്തെങ്ങും കാണാൻപോലും പാടില്ലായിരുന്നു. ഏററവും ഉയൻ ജാതിക്കാക്ക മാത്രമേ പൂജാരിയാകാൻ

അർഹതയുള്ളു. അവൎക്കു മാത്രമേ ക്ഷേത്രം പ്രതിഷ്ഠിക്കാൻ അർഹതയുള്ളു. വേറെ ആരെങ്കിലും ക്ഷേത്രം പ്രതിഷ്ഠിക്കുന്നതു് ദൈവദൂഷണവും സമുദായത്തോടുള്ള പോർവിളിയുമായിരുന്നു. ഹിന്ദുസമുദായത്തിൽ എവിടെയും പണ്ടും ഇന്നും ഇതാണു് വ്യവസ്ഥ. അതുകൊണ്ടു് സമുദായവ്യവസ്ഥയുടെ മകുടംപോലെയാണു് ക്ഷേത്രം. അതു് പഴയ തോന്ന്യാസങ്ങളെ കാലപ്പഴക്കത്താലും വിദ്യാപ്രചാരത്താലും നശിക്കാതെ സംരക്ഷിക്കാനുള്ള ഒരു കോട്ടയായിരുന്നു.

## നവ്യവ്യവസ്ഥാപ്രഖ്യാപനം.

ഇൻഡ്യാരാജ്യത്തിൽ എവിടെയും ഭക്തിപൂർവം ആരാധിച്ചുപോരുന്ന പ്രാചീനാചാരങ്ങളെ നിശ്ശബ്ദമായി ധിക്കരിച്ചുകൊണ്ടും മനുഷ്യരുടെ സമുദായസ്ഥാപനങ്ങളുടെ ഉൽക്കർഷാപകർഷങ്ങൾക്കു് കാരണമായി ഒളിഞ്ഞുകിടക്കുന്ന ഈശ്വരസങ്കല്പത്തിൻെറ സ്വഭാവം അറിയുന്നവൎക്കുമാത്രം ഉണ്ടാവുന്ന ധീരതയോടും, വിദൂരഭാവിയെ വീക്ഷിക്കുവാൻ കഴിവുള്ള സൂക്ഷ്മദൃക്കുകൾക്കുമാത്രം സാദ്ധ്യമാകുന്ന വിജയലബ്ധിയിലുള്ള ദൃഢവിശ്വാസത്തോടുംകൂടി തിരുവനന്തപുരത്തുനിന്നു് ഉദ്ദേശം പതിനഞ്ചുമൈൽ ദൂരെയുള്ള അരുവിപ്പുറത്തു് ഒരു ക്ഷേത്രം പ്രതിഷ്ഠിച്ചതായിരുന്നു ഗുരുദേവൻെറ പരസ്യജീവിതത്തിലെ ഒന്നാമത്തെ കൎമ്മം. മനുഷ്യസഞ്ചാരമില്ലാത്തതും കാട്ടുമൃഗങ്ങൾ സ്വച്ഛന്ദം വിഹരിച്ചിരുന്നതുമായ ഉയൎന്ന കുന്നുകളാൽ ചുററപ്പെട്ടതും അടുത്തൊന്നും ജനവാസം ഇല്ലാതിരുന്നതുമായ അരുവിപ്പുറത്തെ കുററിക്കാടുകളിലുണ്ടായിരുന്ന ഒരു

പാറക്കുന്നിന്മേൽ അടുത്തുതന്നെ ഒഴുകുന്ന പുഴയിൽനിന്ന് മുങ്ങിയെടുത്ത ഒരു ശില ഗുരുദേവൻ പ്രതിഷ്ഠിച്ചു. ആ പ്രതിഷ്ഠാപനമായിരുന്നു അദ്ദേഹത്തിൻെറ ഭാവികർമ്മപരിപാടിയുടെ അടിസ്ഥാനം. അന്നവിടെ സ്ഥാപിച്ച ആ ചെറിയ ശിലയുടെ ചുററും ഗുരുദേവൻെറ ഒന്നാമത്തെ സ്വാതന്ത്ര്യമന്ദിരം ഉയൎന്നുവന്നു. അവിടെ സമുദായത്തിലെ ഏററവും താഴ്ത്തപ്പെട്ടവൎക്കുപോലും മററു സ്വതന്ത്രമനുഷ്യരെപ്പോലെ ഈശ്വരസന്നിധാനത്തിലേക്കു പ്രവേശനം ലഭിച്ചു. അസ്പൃശ്യരായവൎക്ക് അവരുടെ ജാതിശൃംഖലകൾ സൎവ്വശക്തൻെറ അനുഗ്രഹത്താലെന്നപോലെ എങ്ങനെയോ പൊട്ടിത്തെറിക്കുന്നതായി ഒരു അത്ഭുതദൎശനമുണ്ടായി. ഈ ഒന്നാമത്തെ പ്രതിഷ്ഠ യാഥാസ്ഥിതികത്വമായ കരിമ്പാറയെ പിളൎക്കുന്ന ഒരു യഥാൎത്ഥ ബാംബുതന്നെയായിരുന്നു. അവിടെനിന്നും പുറപ്പെട്ട സ്വാതന്ത്ര്യകാഹളധ്വനി രാജ്യത്തിൻെറ ഒരററംമുതൽ മറേറ അററംവരെ മാറെറാലിക്കൊണ്ടു. ചിരപ്രതിഷ്ഠിതങ്ങളായ വിശ്വാസങ്ങളുടെ നേൎക്കുള്ള പോരാട്ടത്തിൻെറ ധ്വനി അരുവിപ്പുറത്തെ താഴ്വരകളിൽകൂടി മുഴങ്ങി അധഃകൃതജനതയെ തട്ടിയുണൎത്തി യുഗാന്തരങ്ങളിലെ അടിമത്തത്തിൽനിന്നുള്ള മോചനം ആസന്നമായെന്നുള്ള സന്തോഷം അവരിൽ ഉല്ലാസിപ്പിച്ചു. ആ സംഭവം ജാതിമതമേധാവിത്വക്കോട്ടയെ അടിമുതൽ മുടിവരെ ഒന്നു കുലുക്കി. അസ്പൃശ്യരുടെ നേത്രങ്ങളിൽനിന്ന് ദാസ്യതിമിരം മാറിപ്പോകയും അവരുടെ മതിമറന്ന മോഹങ്ങളെക്കാൾ വിചിത്രമായ ഒരു ശോഭനഭാവിയുടെ ഉദയചിഹ്നങ്ങൾ അവർ കാണുകയും ചെയ്തു. എന്നാൽ ഉയൎന്ന ജാതി

ക്കാക്ക് അതു് അവരുടെ പരിശുദ്ധക്ഷേത്രത്തിന്റെ അടി ക്കല്ലുകഠം തകൎക്കുന്നതായ ഒരു തീയുണ്ട (mine) പൊട്ടി ത്തെറിക്കൽപോലെയും അവരുടെ അധികാരവും പദ വിയും രക്ഷിക്കുന്നതിനു് അനേക നൂററാണ്ടുകളിലായി അവർ കെട്ടിപ്പടുത്തിട്ടുള്ള ഭിത്തികഠം പിളൎന്നുവിഴുന്നതു പോലെയുമുള്ള ഒരു കൃത്യമായിരുന്നു. നികൃഷ്ടമായ അസ്പൃശ്യതയുടെ അഗാധത്തിൽനിന്നു് ഹിമകിരീടധാ രികളായ സ്വാതന്ത്ര്യക്കൊടുമുടികളിലേക്കുള്ള ഈ സാഹ സമായ ചാട്ടം രാജ്യത്തിൽ ഒട്ടാകെ രോമാഞ്ചം ഉണ്ടാക്കു കയും എല്ലാവരുടെയും നേത്രങ്ങഠം ഈ ഏകാകിയായ മനുഷ്യന്റെ അത്ഭുതകൃത്യങ്ങളുടെ നേൎക്കു തിരിയുകയും ചെയ്തു. എന്തുകൊണ്ടെന്നാൽ താഴ്ന്നജാതിയിൽ ജനിച്ച ഒരു മനുഷ്യൻ ക്ഷേത്രപ്രതിഷ്ഠ ചെയ്യുന്നതു് ജാതിഗോപു രത്തിന്റെ തറപ്പടിയിൽനിന്നു് ശിഖരത്തിലെ പടിയി ലേക്കുള്ള ഒരു ചാട്ടത്തിനു തുല്യമായ ഒരു സാഹസപ്രവൃ ത്തിയായിരുന്നു. നിഷ്കനായ ഒരു സാധു, രൂപമില്ലാത്ത ഒരു കല്ലു്, തിരുവിതാംകൂറിലെ ജനസഞ്ചാരമില്ലാത്ത ഒരു കാട്ടിൽ സ്ഥാപിച്ചതു് സ്ഥൂലദൃഷ്ടിയിൽ വെറും നിസ്സാര മായ ഒരു സംഗതിയായിരുന്നു. ഇതുകൊണ്ടു് അയാഠംക്കു എന്തുചെയ്യാൻ സാധിക്കും. എങ്കിലും തങ്ങളുടെ ഭക്തി കേന്ദ്രമായ സ്ഥാപനത്തിനു് (ക്ഷേത്രത്തിനു്) വലിയ അപത്തു വരുവാൻ പോകുന്നു എന്നുള്ള ഭീതിമൂലം പല രുടെയും ഹൃദയം തുടിക്കയും ഒരു നവജീവോദയത്താലു ണ്ടായ അഹ്ളാദം ഭൂരിജനങ്ങളുടെ രക്തനാഡികളിൽ കൂടി തിളയ്ക്കുകയും ചെയ്തു. ഒരു മഹാസംഭവം നടന്നിരി ക്കുന്നുവെന്നും ഒരു വിദഗ്ദ്ധഹസ്തം പരിവൎത്തനചക്രത്തെ

തിരിക്കാൻ തുടങ്ങിയിരിക്കുന്നു എന്നും എങ്ങിനെയെ എല്ലാവക്കും ബോദ്ധ്യമായി. പക്ഷെ എങ്ങിനെയെന്നു് ആക്കും ഒരു തുമ്പും ഇല്ലായിരുന്നു. ഗുരുദേവൻെറ ഈ പ്രവൃത്തിയോട്ടു് ഏകദേശം സാദൃശ്യമുള്ള ചരിത്രത്തിലെ ഏക സംഭവം ഉദ്ദേശം അരശതാബ്ദത്തിനുശേഷം അറബിക്കടലോരത്തിൽ ഉപ്പുണ്ടാക്കി ബ്രിട്ടീഷ് സാമ്രാജ്യത്തിൻെറ അടിസ്ഥാനം തകക്കുവാനായി മഹാത്മാ ഗാന്ധി ആരംഭിച്ച ഉപ്പുസത്യാഗ്രഹമാകുന്നു. മഹാത്മാഗാന്ധിക്കും അമ്പതു വർഷങ്ങൾക്കു മുമ്പാണു് ഗുരുദേവൻ തിരുവിതാംകൂറിലെ ഒരു കാട്ടുപൊയ്കയിൽനിന്നെടുത്ത ഒരു കല്ലു പ്രതിഷ്ഠിച്ചു് ബ്രിട്ടീഷ് സാമ്രാജ്യത്തെക്കാൾ ശക്തിയായി ജനഹൃദയങ്ങളിൽ സ്ഥാപിതമായിരുന്ന ഒരു സാമ്രാജ്യത്തെ ഉടയ്ക്കുവാൻ തുടങ്ങിയതു്. ആ സുദിനത്തിൽ (memorable) ജ്വലിപ്പിച്ച പ്രകാശം കാട്ടുതീപോലെ നാലുപുറവും വ്യാപിച്ചു് ഉയന്നവരുടെയും താഴ്ന്നവരുടെയും ഹൃദയങ്ങളിൽനിന്നു് അവക്കു ജാതിമത മേധാവിത്വത്തിലുണ്ടായിരുന്ന ഭയഭക്തിയെ പാടെ നിഷ്കാസനം ചെയ്തു. പ്രാചീനാചാരങ്ങളിൽ അവക്കുണ്ടായിരുന്ന മൂഢവിശ്വാസമായ തുരുമ്പിച്ച ചങ്ങലകളെ അതു പൊട്ടിച്ചെറിഞ്ഞു. ഇതിനെത്തുടന്നു് ഇതുപോലെയുള്ള അറുപതിലധികം ക്ഷേത്രങ്ങൾ ഗുരുദേവൻ കേരളത്തിൽ സ്ഥാപിച്ചിട്ടുണ്ടു്. അവയിൽ മിക്കതും മനുഷ്യക്കുണ്ടായിരിക്കേണ്ട പ്രാഥമികാവകാശങ്ങൾപോലും അതുവരെ നിഷേധിക്കപ്പെട്ടിരുന്ന അനേകായിരം ജനങ്ങൾക്കു് ഒരു മോചനമായിത്തീന്നിട്ടുണ്ടു്. ഹിന്ദുക്ഷേത്രങ്ങളെ ആവരണംചെയ്തു് അവയെ ജനദൃഷ്ടിയിൽനിന്നു്

മറച്ചുവച്ചിരുന്ന രഹസ്യവും പാവനതയും ഭേദിച്ച് അവയിലെ ഏററവും പരിശുദ്ധസ്ഥാനമായ ശ്രീകോവിലുകളിൽകൂടി ഏററവും എളിയവനായ ഒരു ഭക്തനുപോലും പ്രവേശനസ്വാതന്ത്ര്യം കൊടുത്ത ഒന്നാമത്തെ മഹാചാര്യനാണ് ഗുരുദേവൻ എന്നു പറയണം. ഈ സംഗതിയിലാണ് വിജയത്തിൻെറ ബീജം ഉൾക്കൊണ്ടിരുന്നതു്. ഇതാണ് അധഃകൃതരുടെ സർവ്വപ്രധാനമായ സ്വാതന്ത്ര്യപ്രമാണം. ഇതാണ് അന്നുനടന്ന വിപ്ലവവും സ്വാതന്ത്ര്യപ്രഖ്യാപനവും. ഗുരുദേവൻ ഒന്നാമതായി സ്ഥാപിച്ച ക്ഷേത്രത്തിൻെറ ഭിത്തിയിന്മേൽ എഴുതിയിരുന്ന മുദ്രാവാക്യം ഇതായിരുന്നു.

"ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെ സർവ്വരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാമിതു്."

---

V

# ശുദ്ധീകരണം.

## ധർമ്മാധർമ്മതത്ത്വം (ഗുണദോഷങ്ങൾ.)

ജനങ്ങളെ ഉദ്ബുദ്ധരാക്കിയ ഉടനേതന്നെ പോയി പൊരുതി ജയിക്കുവാനായി ഗുരുദേവൻ അവരോടു് ആജ്ഞാപിച്ചില്ല. അടിമത്തം നിലനില്ക്കുന്നതിനു് അടിമയും ഉടമയും ഒരുപോലെ ഉത്തരവാദികളാണു് എന്നു് അദ്ദേഹത്തിനു് അറിയാമായിരുന്നു. സ്വാതന്ത്ര്യം ഈശ്വരൻെറയും പ്രകൃതിയുടെയും നിയമധർമ്മമാണു്. അതു് എല്ലാ മനുഷ്യരുടേയും ജന്മാവകാശമാണു്. മനുഷ്യർ മനസ്സാലെയോ മനസ്സില്ലാതെയോ അനുവദിച്ചാലല്ലാതെ അവരുടെ ഈ അവകാശം ദീർഘകാലം നിഷേധിക്കുന്നതിനു് ഭൂമുഖത്തിൽ ഒരു ശക്തിക്കും സാധിക്കുകയില്ല. ഒരു രാഷ്ട്രം സ്ഥിതിചെയ്യുന്നതും ഭരിക്കപ്പെടുന്നതും അതിലെ ജനങ്ങളുടെ ആനുകൂല്യം ഉള്ളതുകൊണ്ടാണെന്നു് പറയുന്നതു് ശരിയാണെങ്കിൽ അതിനേക്കാൾ പരമാർത്ഥമായ ഒരു സംഗതിയാണു് സാമുദായികവും മതപരവും ആയ അസമത്വങ്ങളും അധർമ്മവും അവയെ അനുകൂലിച്ചു് വളരുവാനുള്ള വളം നൽകുന്ന സ്ത്രീപുരുഷന്മാർ ഉള്ളതുകൊണ്ടാണു് നിലനിന്നുപോകുന്നതു് എന്നുള്ള തത്ത്വം. മനുഷ്യൻ തന്നെയാണു് മനുഷ്യൻെറ ഭാഗധേയം നിശ്ചയിക്കുന്നതു്. സമുദായങ്ങളും രാഷ്ട്രങ്ങളും അവരവരുടെ മോചനത്തെ അദ്ധ്വാനിച്ചു് സമ്പാദിക്കണം. മറ്റുന

ത്തിൻെറ കാരണം മറ്റിക്കുന്നവരിലല്ല മറ്റിതരിലാണ് പ്രധാനമായി സ്ഥിതിചെയ്യുന്നത്. എല്ലാ ദുഷ്ടതകളും മനുഷ്യൻെറയും ഈശ്വരൻെറയും നീതിക്ക് വിരോധമായിട്ടുള്ളവയാണ്. സത്യധർമ്മങ്ങൾ ഉള്ളിടത്ത് അവയ്ക്കു വളരുവാനോ സ്ഥിതിചെയ്യുവാൻപോലുമൊ സാധിക്കയില്ല. നാം ഈശ്വരനിലൊ അഥവാ പ്രപഞ്ചം മുഴുവൻ ബുദ്ധിപൂർവ്വം സംഘടിതമായിരിക്കുന്നു എന്നുള്ള വസ്തുതയിലൊ വിശ്വസിക്കുന്നുവെങ്കിൽ നമ്മുടെ കഷ്ടതകൾക്ക് നമ്മുടെ അയോഗ്യതയാണ് കാരണമായിരിക്കുന്നത് എന്നു സമ്മതിക്കാതെ തരമില്ല. സത്യധർമ്മങ്ങളാണ് ദൈവികവും ലൌകികവുമായ എല്ലാനീതിയുടേയും സമാധാനത്തിൻെറയും അടിസ്ഥാനം. താറുമാറായ ഒരു ലോകത്തിൽമാത്രമേ അധർമ്മവും അസത്യവും പുലരുകയുള്ളു. നമ്മുടെ ദുഷ്ടതമൂലം നാം അനുഭവിക്കേണ്ടിവരുന്ന ഒരു അനീതി വാസ്തവത്തിൽ അനീതിയല്ല. മറ്റിക്കുന്നവരെ എതിർക്കുവാനുള്ള പൌരുഷം നമുക്കില്ലെങ്കിൽ നാം അനുഭവിക്കുന്ന മർദ്ദനം യഥാർത്ഥത്തിൽ മർദ്ദനമല്ല. എല്ലാ ദോഷങ്ങളുടെയും പ്രധാനകാരണം നമ്മിൽതന്നെയാണ് ആദ്യമായി തിരഞ്ഞുനോക്കേണ്ടത്; അന്യരിലല്ല. എങ്കിലും യേശുക്രിസ്തു പറഞ്ഞതുപോലെ "മനുഷ്യപുത്രൻ അനുഭവിക്കേണ്ടതു് അനുഭവിച്ചേ തീരു. പക്ഷെ മനുഷ്യപുത്രനെ ഒററികൊടുത്തവനു് നാശംതന്നെ ഫലം" എന്നു കൊണ്ടെന്നാൽ ദുഷ്ടനാണ് ദുഷ്ടതമൂലം കഷ്ടപ്പെടുന്നവരെക്കാൾ അധികം ദുഃഖം വന്നുചേരുന്നതു്. അടിമ നിലത്തുകിടന്നു സുഖമായി ക്ഷീണം വലിക്കുമ്പോൾ അവൻെറ യജമാനൻ നിദ്രയില്ലാതെ കിടന്നു തപിക്കുന്നു. ദുഷ്ടൻെറ

അവസ്ഥയാണ് കൂടുതൽ പരിതാപകരമായിട്ടുള്ളതു്. എന്തുകൊണ്ടെന്നാൽ അയാൾ സ്വന്തം ശവക്കുഴി തോണ്ടുകയാണു ചെയ്യുന്നതു്. നേരേമറിച്ചു് മർദ്ദിക്കപ്പെടുന്നവർ എങ്ങിനെയെങ്കിലും അവരവരുടെ രക്ഷ നേടാതിരിക്കയില്ല. ഇതാണു് ധർമ്മാധർമ്മങ്ങളെ നിയന്ത്രിക്കുന്ന നിത്യസത്യം.

## നമ്മുടെ കർത്തവ്യം.

ശ്രീ ബുദ്ധൻ പറഞ്ഞതുപോലെ തിന്മയെ തിന്മകൊണ്ടു ജയിക്കാൻ സാധിക്കയില്ല; നന്മകൊണ്ടു മാത്രമേ സാധിക്കയുള്ളൂ. ഒരു പ്രബലസമുദായം അതിൻെറ അധികാരങ്ങളെയും സൗകര്യങ്ങളെയും ദുർവിനിയോഗിച്ചു മററുള്ളവരുടെ അഭിവൃദ്ധിക്കുള്ള ദ്വാരങ്ങൾ ബന്ധിച്ചിട്ടുണ്ടായിരിക്കാം. അവരുടെ നന്മതിന്മകളെ വിതിച്ചു് വിധികല്പിക്കുന്നതല്ല നമ്മുടെ കർത്തവ്യം. നാം അദ്ധ്വാനിച്ചു വിജയം നേടണം. വിമുക്തരാകണമെന്നു ദൃഢനിശ്ചയം ചെയ്തിട്ടുള്ള ഒരാളുടെയും രക്ഷാമാർഗ്ഗം തടയുവാൻ ആർക്കും സാധിക്കയില്ല. അവരവരുടെ സമത്വനിലയെ പരിപാലിക്കാൻ ഒരുങ്ങിയിട്ടുള്ള ഒരു സമുദായത്തെ കീഴടക്കിനിറുത്താൻ മറെറാരു സമുദായത്തിനു സാധിക്കയില്ല. സ്വതന്ത്രരാവണം എന്നു നിശ്ചയിച്ചിട്ടുള്ള ഒരു ജനതയുടെ മേൽ ആധിപത്യം വച്ചുകൊണ്ടിരിക്കാൻ ഒരു അന്യരാജ്യത്തിനു് സാദ്ധ്യമല്ല. ദ്രോഹിക്കപ്പെടുന്നവരുടെ ശ്രദ്ധ ദ്രോഹിയുടെ മേൽ കുററം ചുമത്തി സ്ഥാപിക്കാനായിരിക്കരുതു്. വ്യക്തികളായാലും സമുദായങ്ങളായാലും പരിതഃസ്ഥിതികളെക്കാൾ കൂടുതലായി അവരവർ

തന്നെയാണ് അവരുടെ ഭാഗധേയം നിർണ്ണയിക്കുന്നത്. അതുകൊണ്ടു് ബുദ്ധിമാനായ ഒരു നേതാവു് കുററംചെയ്യുന്നവനെ വകവെക്കാതെ നമ്മുടെ കത്തവ്യവും അവകാശങ്ങളും എന്തെല്ലാമാണെന്നു് നമ്മെ ഉൽബോധിപ്പിക്കുന്നു. അദ്ദേഹം ശത്രുവിനെ അപഹസിക്കാൻ നില്ക്കാതെ നമ്മെ പ്രാപ്യസ്ഥാനത്തേക്കു നയിക്കുന്നു. ശത്രു ശരിയായാലും കൊള്ളാം തെററായാലുംകൊള്ളാം, സത്യസമരത്തിലെ യോദ്ധാക്കൾ ഈശ്വരനീതിയും പ്രകൃതിനീതിയും അനുസരിച്ചു് അദ്ധ്വാനിച്ചു് അവരവരുടെ മോചനം സമ്പാദിക്കണം.

## വിജയരഹസ്യം അഥവാ സത്യാഗ്രഹം.

ദൈവം ജ്ഞാനസ്വരൂപനാണു്. പ്രപഞ്ചം അന്യോന്യം പൊരുതിക്കൊണ്ടിരിക്കുന്ന അണുക്കളുടെ അന്പും തുമ്പുമില്ലാത്ത ഒരു ബഹളമല്ല; അതു് അപ്രമേയമായ ഒരു ബുദ്ധിശക്തിയാൽ ബുദ്ധിപൂവ്വം നിർമ്മിക്കപ്പെട്ടു് നയിക്കപ്പെടുന്ന ഒരു സംഘടിതലോകമാണു്. ആ മഹാശക്തിയുടെ വൈഭവമാണു് പ്രകൃതിയിൽ കാണുന്ന നിയമവും ക്രമീകരണവും, അനിയന്ത്രിതമായ ഒരു പ്രപഞ്ചത്തിൽ സ്വാതന്ത്ര്യവും സമാധാനവും സാദ്ധ്യമല്ല. ബുദ്ധിയുടെയും ധർമ്മത്തിൻെറയും ആധിപത്യത്തിൽ സ്വാതന്ത്ര്യവും ഉണ്ടായിരിക്കും. പക്ഷെ ദൈവലോകത്തിലായാലും ഒരു മൂർഖൻ എപ്പോഴും അസ്വതന്ത്രനായിരിക്കും.

ദൈവം നന്മയാകുന്നു. അദ്ദേഹം എല്ലാം നന്മയായി സൃഷ്ടിച്ചു. നന്മമാത്രമേ സ്ഥിരമായിട്ടുള്ളു. തിന്മ

ചെകിത്താൻ മനുഷ്യരെ കുടുക്കാനായി ഉപയോഗിക്കുന്ന ഇരയാണു്. അതു് അജ്ഞരുടെ ക്ഷണികമായ വ്യാമോഹങ്ങളാണു്. അതു് ദീർഘകാലം നിലനില്ക്കുകയില്ല. എന്തുകൊണ്ടെന്നാൽ അതിനു് ജീവനോ ശക്തിയോ ഇല്ല. ധർമ്മം മാത്രമേ വ്യക്തികൾക്കും സമുദായങ്ങൾക്കും ശ്രേയസ്സുണ്ടാക്കുകയുള്ളൂ. എന്തുകൊണ്ടെന്നാൽ, അതാണു് ബലം; അതാണു് ജീവിതരഹസ്യം. അധർമ്മം ദുർബ്ബലന്മാരുടെ ശരണമാണു്; മരണലക്ഷണമാണു്.

ദൈവം സത്യമാണു്. എന്തുകൊണ്ടെന്നാൽ അതു മാത്രമാണു വാസ്തവമായിട്ടുള്ളതും നിത്യമായിട്ടുള്ളതും. പ്രകാശമുള്ളിടത്തു് ഇരുളോ സത്യമുള്ളിടത്തു് അസത്യമൊ ഉണ്ടാവുക സാദ്ധ്യമല്ല. എപ്പോഴും സത്യമേ ജയിക്കൂ. അസത്യം എപ്പോഴും ശൂന്യമായ പരാജയത്തിൽ അവസാനിക്കും. അവാസ്തവങ്ങളായ നിഴലുകൾകൊണ്ടു് ഒരു കോട്ടകെട്ടുവാൻ സാധിക്കയില്ല. സത്യമായ പാറ മാത്രമാണു് ജീവിതത്തിന്റെ അസ്ഥിഭാരമായിട്ടുള്ളതു്. സത്യമില്ലാത്തവൻ ആത്മഹത്യ ചെയ്യുന്നവനെപ്പോലെയാണു്. അവൻ ആത്മദ്രോഹിയാണു്. ആത്മനിഷേധിയാണു്. ചതിയും കൊള്ളയും മൂലം വിജയംനേടാൻ ശ്രമിക്കുന്നതു് ഈശ്വരാനുഗ്രഹാർത്ഥം ചെകിത്താനെ ഭജിക്കുന്നതിനു തുല്യമാണു്.

ദൈവം സ്നേഹമാണു്. പ്രപഞ്ചത്തിൽ രണ്ടു ശക്തികൾ മാത്രമേയുള്ളൂ; സൃഷ്ടിക്കുന്നതും സംഹരിക്കുന്നതും. സ്നേഹം സൃഷ്ടിക്കുന്നു. ദ്വേഷം സംഹരിക്കുന്നു. സ്നേഹം യോജിപ്പിക്കുന്നു; ദ്വേഷം ഭിന്നിപ്പിക്കുന്നു. സ്നേഹമാണു്

ജീവിതത്തിലെ സൃഷ്ടിസ്ഥിതികൾക്ക് ആധാരമായ മഹാശക്തി. ദ്വേഷം ജീവനെ ഹനിക്കുന്ന വിഷംപോലെയാണ്. ദ്വേഷമായ അഗ്നി കത്തിക്കത്തി പുകയായും ചാമ്പലായും കലാശിക്കുന്നു. സ്നേഹമായ ജലം ഒഴുകുന്തോറും ശക്തിയിലും വലിപ്പത്തിലും കൂടിവരുന്നു. അതു് സ്വയം വദ്ധിക്കയും മററുള്ളവരെ വദ്ധമാനമാക്കയും ചെയ്യുന്നു.

ദൈവം സ്വാതന്ത്ര്യമാകുന്നു. എന്തുകൊണ്ടെന്നാൽ സ്വാതന്ത്ര്യത്തിൽ മാത്രമേ സുഖമുള്ളു; സമാധാനമുള്ളു. യുദ്ധത്തിനുള്ള ആയുധങ്ങൾക്ക് അടിമത്തത്തിൻെറ ശൃങ്ഖലകൾ മാത്രമേ നിമ്മിക്കാൻ സാധിക്കയുള്ളു. നിരന്തരം ആയുധധാരികളായി ജീവിക്കുന്ന ജനങ്ങൾ രക്തപാനാസക്തരായ നായാട്ടുനായ്ക്കളെപ്പോലെയാണ്. അവക്ക് സമാധാനമായി ജീവിക്കാൻ സാധിക്കയില്ല. നാം മററുള്ളവരെ ദ്രോഹിക്കാൻ പരിശ്രമിക്കുകയും ദുഃഖത്തിൻെറ വിത്തു് വിതയ്ക്കുകയും ചെയ്തുകൊണ്ടിരുന്നാൽ നമുക്ക് എങ്ങിനെ സുഖമുണ്ടാകും? എപ്പോഴും കടംവാങ്ങുന്നവന് ഒരിക്കലും സുഖമില്ല. നമ്മുടെ ആവശ്യങ്ങൾ അമിതമാക്കുന്നതു് നാം മററുള്ളവക്ക് ന്യായമായി അവകാശപ്പെട്ടതിനെ അപഹരിക്കുന്നതിനു തുല്യമാണ്. സ്വാതന്ത്ര്യത്തിനു് അസ്വാതന്ത്ര്യതയുടെ ശൃങ്ഖലകൾ നിമ്മിക്കാൻ സാധിക്കയില്ല. യഥാത്ഥത്തിൽ സ്വാതന്ത്ര്യം അനുഭവിക്കുന്ന ഒരു ജനത മററൊരു ജനതയെ അടിമപ്പെടുത്തുകയില്ല. മർദ്ദിക്കുന്നവർ അവരവക്കുതന്നെ നാശം വരുത്തിക്കൂട്ടുന്നു. മർദ്ദിതർ ലോകക്ഷേമത്തിനുവേണ്ടി ആത്മത്യാഗം ചെയ്യുന്ന ധീരാത്മാക്കളാണ്. സാമ്രാജ്യ

ങ്ങളും രാഷ്ട്രങ്ങളും മർദ്ദിതരുടെ കണ്ണുനീരിൽ അലിഞ്ഞു പോകുന്നു. എന്നാൽ മദ്ദനാഗ്നിയിൽപെട്ടു് പൊരിയുന്ന ദുർബലന്മാർ പോലും ബലവാന്മാരായിത്തീരും. ശക്തനും സ്വതന്ത്രനുമായ ഒരു മനുഷ്യനു് നിവർന്നില്ക്കുവാൻ താങ്ങു് ആവശ്യമില്ല. മുടന്തരായ ജനങ്ങളാണു് ആയുധങ്ങളിന്മേൽ താങ്ങിനില്ക്കുന്നതു്. അതുകൊണ്ടു് സ്വതന്ത്രരായ ജനങ്ങൾ മററുള്ളവരുടെ സ്വാതന്ത്ര്യത്തെ ഭയപ്പെടുന്നില്ല. മറിച്ചു് അടിമകളെ സൃഷ്ടിക്കുന്ന ഒരുവൻ നിത്യവും അയാളുടെ അടിമകളെ ഭയപ്പെട്ടുകൊണ്ടു് ജീവിക്കണം.

പുരോഗമനത്തിൻെറയും സംസ്കാരാഭിവൃദ്ധിയുടെയും മുന്നോടികളായ ഭടന്മാർ ഈശ്വരൻെറ കൊടിക്കീഴിൽ സംഘടിക്കണം. ഈശ്വരസങ്കല്പമാണു് അവരുടെ ബലം. ഈശ്വരസങ്കല്പനിർവ്വഹണമാണു് അവരുടെ വിജയം. ഈ രഹസ്യത്തിനാണു് മഹാത്മാഗാന്ധി സത്യാഗ്രഹം എന്നു് പേർ കൊടുത്തിട്ടുള്ളതു്. ഈ തത്വങ്ങളെ അടിസ്ഥാനമാക്കിയായിരുന്നു ശ്രീ നാരായണഗുരുദേവൻ അദ്ദേഹത്തിൻെറ ലോകോദ്ധാരണ പ്രവൎത്തനങ്ങൾ സമാരംഭിച്ചതു്. അതുകൊണ്ടു് അദ്ദേഹത്തിൻെറ ജീവിതത്തിൽ ഒരിക്കൽപോലും മററുള്ളവരെ ആക്ഷേപിക്കയൊ കുററപ്പെടുത്തുകയൊ ചെയ്തിട്ടില്ല. ശത്രു ഉണ്ടെന്നു വിചാരിക്കുന്നതു് ശത്രുവിനെ സ്വയം ക്ഷണിച്ചുവരുത്തുകയാണു്. ഗുരുദേവനു് ശത്രുക്കൾ ഉണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ അദ്ദേഹം സ്വന്തം കൎത്തവ്യത്തെപ്പററി ചിന്തിച്ചതല്ലാതെ മററുള്ളവരുമായി ബലം പരി

ശോധിക്കാൻ ആഗ്രഹിച്ചില്ല. ജീവിതലക്ഷ്യമായിരിക്കുന്ന പ്രകാശത്തെ കാണുന്ന ഒരാൾ മറെറാന്നും ചിന്തിക്കാതെ അതിനുനേരെ നടക്കുന്നു. ലക്ഷ്യത്തെ കാണാത്തവർ തങ്ങളുടെ ചുററും ദുർഘടങ്ങൾ നിറഞ്ഞിരിക്കുന്നു എന്നു വിചാരിച്ചു് കാര്യസാദ്ധ്യത്തിനായി യത്നിക്കുന്നതിനു പകരം അവർ സങ്കല്പിച്ചുണ്ടാക്കുന്ന ശത്രുക്കളുമായി പൊരുതി കാലം കഴിക്കുന്നു. സത്യധമ്മങ്ങൾ പുരോഗമിക്കുമ്പോൾ അവയുടെമുമ്പിൽ രാക്ഷസശക്തികൾ പരാജയപ്പെട്ടു് ഓടുകതന്നെ ചെയ്യും. ധമ്മം നമ്മുടെ ഭാഗത്താണെന്നും, മററുള്ളവരുടെ സൗജന്യത്തിനല്ല നമുക്കു് ഈശ്വരദത്തമായിരിക്കുന്ന അവകാശങ്ങൾക്കാണു് നാം പൊരുതുന്നതെന്നും ബോദ്ധ്യംവന്നാൽ വിജയം കരസ്ഥമാകുന്നതുവരെ നാം മുന്നോട്ടു തള്ളിക്കയറുകതന്നെ ചെയ്യും.

സത്യാഗ്രഹസമരത്തിലെ യോദ്ധാക്കൾ അവരവരുടെ യോഗ്യതയെപ്പററി:—അതായതു് ധാമ്മികമായ ഉദ്ദേശ്യം, നിത്യപരിശ്രമം, ഇളകാത്ത ധൈര്യം, പാവനമായ ഹൃദയശുദ്ധി, ത്യാഗം അനുഷ്ഠിക്കാനും കഷ്ടപ്പെടുവാനുമുള്ള സന്നദ്ധത എന്നിവയെപ്പററി—സദാ ശ്രദ്ധാലുക്കളായിരിക്കും. വിജയത്തിൻെറ ഫലം അനുഭവിക്കാൻ തങ്ങൾ യോഗ്യരായിരിക്കണമെന്നാണു് അവരുടെ മുഖ്യലക്ഷ്യം. വിജയം മററുള്ളവർക്കു തരാവുന്ന ഒന്നല്ലെന്നും അവരവർ അർഹിക്കയും സൃഷ്ടിക്കയും ചെയ്യേണ്ടതാണെന്നും അവക്കറിയാം. ഭൂരിജനങ്ങളെ പരാശ്രയത്തിൽ കെട്ടിയിടുന്ന ശൃങ്ഖലകൾ പ്രധാനമായി ബാഹ്യശക്തികൾ വച്ചുകെട്ടുന്നതല്ലെന്നും അവരവർതന്നെ ബുദ്ധിമോ

ശത്താൽ വരുത്തിക്കൂട്ടുന്നതാണെന്നും നാം കണ്ടുവല്ലോ. അധഃപതനത്തിനു് കാരണമാകുന്ന അവരവരുടെ ദോഷങ്ങളെ പരിത്യജിക്കാനാണു് ഗുരുദേവൻ തൻെറ അനുയായികളോടു് ആദ്യമായി ആവശ്യപ്പെട്ടതു്.

## നിർമ്മല ജീവിതവും നിഷ്കളങ്ക മനസ്സും.

അതുകൊണ്ടു് പുരോഗമനപ്രസ്ഥാനത്തിലെ ഒന്നാമത്തെ പരിപാടി അവരവരുടെ ജീവിതം പരിശുദ്ധമാക്കിത്തീൎക്കലായിരുന്നു. ജനങ്ങൾ മലിനമായ ആഹാരം കഴിച്ചു് മലിനജീവിതം നയിക്കുന്നവരും അന്ധവിശ്വാസങ്ങളിൽ മുഴുകി കിടക്കുന്നവരുമായിരുന്നു. നിർമ്മലമായി ജീവിക്കാനും നിഷ്കളങ്കമായി ചിന്തിക്കാനുമായിരുന്നു അവരെ പഠിപ്പിക്കേണ്ടിയിരുന്നതു്. ബഹുഭാൎയ്യാത്വം, ബഹുഭർത്തൃത്വം മുതലായി മനുഷ്യർ വെറും കാടന്മാരായിരുന്നകാലത്തെ അവശിഷ്ടങ്ങളായ പഴയ സമ്പ്രദായങ്ങൾ പലതും ഉണ്ടായിരുന്നു. ഇവയെ നിഷേധിക്കേണ്ടതു് ആവശ്യമായിരുന്നു. ധനവാന്മാരെപ്പോലും പാപ്പരാക്കിത്തീൎക്കുന്ന താലികെട്ടു് (ഒരു വ്യാജക്കല്യാണം)പോലെയുള്ള ചടങ്ങുകൾ ഉണ്ടായിരുന്നു. മൃഗബലി ഈശ്വരൻെറപേരിൽ മദ്യം കുടിച്ചു കൂത്താടുക മുതലായ ക്രൂരവും നികൃഷ്ടവുമായ സമ്പ്രദായങ്ങൾ ഉണ്ടായിരുന്നു. ഇങ്ങനെയുള്ള പല ദോഷങ്ങളെ പുഴുത്തു കളയുന്നതായിരുന്നു ഒന്നാമത്തെ കർത്തവ്യം. ഗുരുദേവൻ സ്ഥാപിച്ച ക്ഷേത്രങ്ങൾ ഈ കാൎയ്യം സഫലമായി നിൎവ്വഹിച്ചു. അവ മററു പ്രേരണയൊന്നും കൂടാതെതന്നെ ജനങ്ങളെ വൃത്തിയും ശുചിയും ഉള്ളവരാക്കി. അവ അക്കാലത്തു് ജനങ്ങളുടെ ഇടയിൽ

പ്രചാരത്തിലിരുന്ന ആരാധനാസമ്പ്രദായത്തിലെ ക്രൂരതകളും നികൃഷ്ടകർമ്മങ്ങളും ഇല്ലാത്തതും ഉൽകൃഷ്ടവും സംസ്കാരകാരകവുമായ ഒരു ആരാധനാക്രമത്തിനുള്ള ആവശ്യത്തെ നിറവേററി. ഈ ക്ഷേത്രങ്ങളിൽനിന്നു് ധർമ്മപ്രവാചകന്മാർപോയി സമാഗതമായിരിക്കുന്ന നവജീവിതത്തെപ്പററി പ്രസംഗിച്ചു. ജനങ്ങൾ അവരുടെ അകൈതവമായ സ്നേഹബഹുമാനങ്ങൾ ഗുരുദേവനിൽ അർപ്പിച്ചിരുന്നതിനാൽ അദ്ദേഹത്തിനു് അവരെ നഷ്ടകരവും നികൃഷ്ടവുമായ കർമ്മങ്ങളിൽനിന്നു് വിരമിപ്പിക്കുവാൻ സാധിച്ചു. അവസാനനിമിഷത്തിൽ ഒരാളെ മാനസാന്തരപ്പെടുത്തിയിട്ടുള്ള ഒരു സംഭവമുണ്ടു. ഒരു ധനികൻ അയാളുടെ പുത്രിമാരുടെയും വേറേ കുറെ പെൺകുട്ടികളുടെയും താലികെട്ടു് കല്യാണം വളരെ ആഘോഷപൂർവ്വം നടത്തുവാൻ ഏർപ്പാടുചെയ്തിരുന്നു. ഇതുസംബന്ധമായ സദ്യയും കളികളും സാധാരണ നാലുദിവസം മുഴുവൻ ഉണ്ടായിരിക്കും. ഇവകൾക്കും അലങ്കാരങ്ങൾക്കുമായി ഒരു വലിയ സംഖ്യ ചിലവാകുകയും ചെയ്യും. വീട്ടിലെ കാരണവർ അനേകദിവസം ബുദ്ധിമുട്ടി ആലോചനകൾ കഴിച്ചിട്ടാണു് താലികെട്ടു നിശ്ചയിക്കുക. ഇവിടെ വിഷയമായിരിക്കുന്ന താലികെട്ടിനെ സംബന്ധിച്ചും അതെല്ലാം നടത്തിയിരുന്നു. അവസാനംവരെയുള്ള സകല ഏർപ്പാടും പൂർത്തിയായിരുന്നു. ബന്ധുമിത്രാദികൾ ദൂരസ്ഥലങ്ങളിൽനിന്നു വന്നുചേർന്നിരുന്നു. അതിഥികളും ആഗതരായിരുന്നു. ലജ്ജാവഹമായ താലികെട്ടുകർമ്മത്തിനായി പെൺകുട്ടികൾ സഭാമദ്ധ്യത്തിൽ നിരന്നിരുന്നു. ഗ്രാമത്തിലുള്ള ജനങ്ങളെല്ലാം അവിടെ കൂടി

യിരുന്നു. എല്ലാപേരും മുഹൂർത്തം അടുത്തെന്നുവിചാരിച്ചു് ബദ്ധശ്രദ്ധരായിരുന്നിരുന്നു. ജ്യോത്സ്യൻ സമയം ഉച്ചരിക്കേണ്ട താമസംമാത്രമേ ഉണ്ടായിരുന്നുള്ളു. അപ്പോൾ താലികെട്ടു് നടക്കും. ആ സന്ദർഭത്തിലാണു് ഗുരുദേവൻ അവിടെ സന്നിഹിതനായതു്. അവിചാരിതമായി വന്ന ബഹുമാന്യാതിഥിയെ വണങ്ങുവാനായി സകലരും എണീററുനിന്നു. ജനങ്ങൾ പരിഭ്രമത്തോടുകൂടി സംസാരിക്കാനും എന്തൊക്കെയാണു് സംഭവിക്കാൻ പോകുന്നതെന്നു് വിചാരിക്കുവാനും തുടങ്ങി. ഗുരുദേവൻ എന്തുചെയ്യുവാനാണു് നിശ്ചയിച്ചിട്ടുള്ളതു്? താലികെട്ടിനെ വിരോധിച്ചു് ആ അടിയന്തിരം മുഴുവൻ മ്ലാനമാക്കിത്തീർക്കുമോ? ഇല്ല. അദ്ദേഹം തൻെറ സാന്നിദ്ധ്യത്താൽ ആ സഭയെ അനുഗ്രഹിച്ചു. സ്വല്പനിമിഷത്തിനുള്ളിൽ വീട്ടിലെ കാരണവർ ഗുരുദേവൻെറ പാദത്തിൽ നമസ്കരിച്ചു് കല്പനപോലെ ചെയ്യാമെന്നുപറഞ്ഞു. എന്താണു് തൻെറ ഇഷ്ടമെന്നു് ഗുരുദേവൻ വ്യക്തമാക്കി. ലജ്ജാവഹമായ താലികെട്ടുകർമ്മം ഉപേക്ഷിക്കണം. ഗുരുദേവൻ കാരണവരെ വിളിച്ചു് ഇപ്രകാരം പറഞ്ഞു.

ഗുരുദേവൻ:—താലികെട്ടുകർമ്മം ആവശ്യമില്ല. നാം അതു പലതവണ പറഞ്ഞിട്ടുണ്ടെങ്കിലും നിങ്ങൾ എന്തുകൊണ്ടാണു് ശ്രദ്ധിക്കാത്തതു്. നിങ്ങളുടെ നന്മയെ ഉദ്ദേശിച്ചാണു് നാം പറയുന്നതു്. നാം പറയുന്നതിൽ വിശ്വാസമുണ്ടെങ്കിൽ ഈ കർമ്മം നടത്തരുതു്.

കാരണവർ:—തൃപ്പാദങ്ങൾ കല്പിക്കുന്നതുപോലെ ചെയ്യാം. ഇനിമേൽ ഈ കുടുംബത്തിൽ താലികെട്ട് നടത്തില്ല.

ഗുരുദേവൻ:—അതുപോരാ. താലികെട്ട് അനാവശ്യമാണെന്നു ബോദ്ധ്യമായാൽ ഇപ്പോൾതന്നെ വേണ്ടെന്നു വയ്ക്കാമല്ലോ. അതിൽ ഒരർത്ഥവുമില്ല. വേണ്ടെന്നുവച്ചാൽ ഒരു ദോഷവുമില്ല.

കാരണവർ:—ഈ അവസാനനിമിഷത്തിൽ ഉപേക്ഷിക്കുന്നതു് കുട്ടികളുടെ രക്ഷാകർത്താക്കന്മാർക്കും ഇവിടെ കൂടിയിട്ടുള്ളവർക്കും സമ്മതമാകുമോ എന്നറിഞ്ഞുകൂടാ.

ഗുരുദേവൻ:—നിങ്ങൾക്കു സമ്മതമാണോ? ശേഷമുള്ളവരെ നാം സമ്മതിപ്പിക്കാം.

കാരണവർ:—എനിക്കു പൂർണ്ണസമ്മതമാണു്. തൃപ്പാദങ്ങൾ കല്പിക്കുന്നതുപോലെ ചെയ്യാം.

ഗുരുദേവൻ:—സമ്മതമാണല്ലോ. അതുമതി.

ഗുരുദേവൻ കുട്ടികളുടെ രക്ഷിതാക്കന്മാരെ വിളിച്ചു വിവരം പറഞ്ഞു. അവരെല്ലാം തൃപ്പാദങ്ങളുടെ കല്പനപോലെ ചെയ്യാമെന്നു സമ്മതിച്ചു. വിപ്ലവകരമായ ഈ മാററം വരുത്തുന്നതിനു് സ്ത്രീകൾ പ്രത്യേകിച്ചും ഔൽസുക്യം പ്രദശിപ്പിച്ചതു് എല്ലാവർക്കും വിസ്മയത്തെ ഉളവാക്കി. ഗുരുദേവൻ കുട്ടികളെ വിളിച്ചു് അനുഗ്രഹിച്ചു് പൊയ്ക്കൊള്ളാൻ പറഞ്ഞു. പരിഹാസകരമായ കെട്ടുകർമ്മം ഗുരുദേവൻെറ ആജ്ഞപ്രകാരം ഉപേക്ഷിച്ചിരിക്കുന്നുവെന്നും മേലിൽ ആരും അതു നടത്തുകയില്ലെന്നു

ഗുരുദേവൻ വിശ്വസിക്കുന്നുവെന്നും ഒരു അന്തേവാസി സദസ്യരോടു പറഞ്ഞു മനസ്സിലാക്കി. ആ നിശ്ചയത്തെ എല്ലാപേരും നിശ്ശബ്ദമായി സ്വീകരിച്ചു. അടിയന്തിരത്തിന്റെ മററു ചടങ്ങുകളെല്ലാം മുടങ്ങാതെ നടന്നു. അധിക താമസംകൂടാതെ സമുദായം ഒട്ടാകെ ഈ പരിഷ്കാരത്തെ അംഗീകരിച്ചു. ഇതുപോലെ സമുദായത്തെ ബാധിച്ചിരുന്ന മററു ദോഷങ്ങളെയും ഓരോന്നായി ബഹിഷ്കരിച്ചു. ഗുരുദേവന്റെ ഇച്ഛ എന്താണെന്നു പറഞ്ഞാൽ മതിയായിരുന്നു; അപ്പോൾ അതു നടപ്പിൽ വരുത്താനായി രാജ്യത്തിന്റെ നാനാഭാഗത്തും ജനങ്ങൾ സംഘം ചേർന്ന് അതു നിർവ്വഹിക്കുമായിരുന്നു.

## ക്ഷേത്രമതപരിഷ്കാരം.

ഗുരുദേവൻ എസ്സ്. എൻ. ഡി. പി. യോഗത്തിലേക്ക് അയച്ച ഒരു സന്ദേശത്തിൽ ഇപ്രകാരം ആജ്ഞാപിച്ചിരുന്നു:—"ക്ഷേത്രനിർമ്മാണവിഷയത്തിൽ ഒരു ഉന്മേഷം ഇപ്പോൾ പലേടത്തും കാണുന്നുണ്ട്. എന്നാൽ ക്ഷേത്രങ്ങൾ അവയുടെ ഉദ്ദേശങ്ങളെ മുഴുവൻ സഫലമാക്കുന്നുണ്ടോ എന്നു നോക്കേണ്ടതാകുന്നു. ഈശ്വരാരാധന എല്ലാ ഗൃഹങ്ങളിലും എല്ലാ ഹൃദയങ്ങളിലുമെത്തണം. അതിനു മതതത്വങ്ങൾ ജനങ്ങൾ അറിവാൻ വേണ്ട ഏർപ്പാടുചെയ്യണം.

1) "ഈശ്വരമാഹാത്മ്യപ്രതിപാദകങ്ങളായ ചരിത്രങ്ങളെയും ശാസ്ത്രതത്വങ്ങളെയും പ്രസംഗിച്ച് ജനങ്ങളെ ധരിപ്പിക്കുന്നതിനു കഴിയുന്ന ദിക്കുകളിലെല്ലാം

ക്ഷേത്രങ്ങളോടു സംബന്ധിച്ചു് വേണ്ട ഏർപ്പാടുകൾ ഉണ്ടാക്കണം.

2) അല്ലാത്ത ദിക്കുകളിൽ യോഗ്യതയുള്ള പ്രാസംഗികന്മാരെ അയച്ചു് കൂടക്കൂടെ പ്രസംഗങ്ങൾ നടത്തണം.

തിരണ്ടുകുളി, പുളികുടി, ഈ അടിയന്തിരങ്ങൾ ആഘോഷവും ചിലവുംകൂടാതെതന്നെ മിക്കവാറും നടന്നുതുടങ്ങിയിരിക്കുന്നു. താലികെട്ടു് നിർത്തൽ ചെയ്യാനുള്ള ഏർപ്പാടുകൾ ഫലവത്തുക്കളായി വരുന്നുണ്ടെങ്കിലും എല്ലായിടത്തും ഒരുപോലെ വ്യാപിച്ചിട്ടില്ലെന്നു കാണുന്നു."

സന്ന്യാസിമഠത്തിൻെറ പ്രവൃത്തികൾ ഏതുപ്രകാരമായിരിക്കണമെന്നു് ശിവഗിരിമഠത്തിൻെറ ഉദ്ദേശത്തെപ്പററിയുള്ള ഗുരുദേവൻെറ സന്ദേശം വ്യക്തമാക്കി. ആ സന്ദേശം ഇപ്രകാരമായിരുന്നു.

1) മതത്തിൻെറ സാമാന്യതത്ത്വങ്ങളെ ജനസാമാന്യത്തിനു് ഉപദേശിക്കയും ഈശ്വരഭക്തിയെ എങ്ങും പ്രചരിപ്പിക്കുകയും ചെയ്യുക.

2) ബാഹ്യാഭ്യന്തരശുദ്ധിയെ അല്ലെങ്കിൽ ത്രികരണശുദ്ധിയെ സമ്പാദിക്കാൻ ജനങ്ങളുടെ ഇടയിൽ വേണ്ടുംവിധം യത്നിക്കുക.

3) അഹിംസ, സ്നേഹം, ഐകമത്യം, ഇവയുടെ മാഹാത്മ്യത്തെ ജനങ്ങളുടെ ഇടയിൽ പ്രസംഗിക്കുകയും അവയെ അനുഷ്ഠിക്കയും ചെയ്ക.

4) സാധുജനങ്ങളുടെ ഇടയിൽ വിദ്യാഭ്യാസസ്ഥിതിയെ നന്നാക്കുക.

(5) വാസനയുള്ള യുവാക്കളെ തിരഞ്ഞെടുത്തു് ബ്രഹ്മചാരികളായി സ്വീകരിച്ചു് പഠിപ്പിക്കുകയും അവരിൽ മനസ്സും യോഗ്യതയും ഉള്ളവർക്ക് സന്ന്യാസം നല്കി പരോപകാരാർത്ഥം പ്രയത്നിക്കാൻ അവരെ വിട്ടയയ്ക്കുകയും ചെയ്തു.

## ജാതി നിരോധം.

ദോഷങ്ങളിൽവച്ചു് ഏററവും നീചവും രൂഢമൂലവും മാററുവാൻ കൃഛ്റസാദ്ധ്യവുമായിരുന്നതു് ജാതിവ്യത്യാസങ്ങളായിരുന്നു. ഗുരുദേവൻെറ അനുയായികളുടെ ഇടയിൽത്തന്നെ പല ജാതിവകുപ്പുകൾ ഉണ്ടായിരുന്നു. അവരോടു് ഉയർന്നജാതിക്കാർ എങ്ങനെ പെരുമാറിയിരുന്നുവോ അതേപ്രകാരമുള്ള നിന്ദയോടുകൂടി അവർ തങ്ങളെക്കാൾ താഴ്ന്നവരോടും പെരുമാറിവന്നു. ഭിന്നജാതികൾതമ്മിൽ വിവാഹവും പന്തിഭോജനവും വലിയ കുററങ്ങളായി ഗണിക്കപ്പെട്ടിരുന്നു. ഈ കുററങ്ങൾ ചെയ്യുന്നവർ ജീവപര്യന്തം സമുദായത്തിൽനിന്നു് ഭ്രഷ്ടരാക്കപ്പെടുകയും ചെയ്തിരുന്നു. ഉപദേശവും പ്രസംഗവുംമൂലം രൂഢമൂലമായ ദുരാചാരങ്ങളെ ശമിപ്പെടുത്തുന്നതു് അസാദ്ധ്യമായിരുന്നു. അതുകൊണ്ടു മററുള്ളവർ ഏതുവിധം വർത്തിക്കണമെന്നു ഗുരുദേവൻ ഉദ്ദേശിച്ചുവോ അതേവിധം ഗുരുദേവൻ ജീവിച്ചു കാണിച്ചുകൊടുത്തു. എവിടെ പോയാലും ഏററവും അധഃകൃതരായിരുന്നവരോടു് പ്രത്യേകം താല്പര്യം പ്രദർശിപ്പിച്ചു. അങ്ങിനെയുള്ളവരെ തൻെറ ഏററവും അടുത്തുള്ള ശുശ്രൂഷകരായി നിയമിച്ചു. അവരെ മഠങ്ങളിലും ക്ഷേത്രങ്ങളിലും കൊണ്ടുപോയി

ഗുരുദേവൻെറ പാചകന്മാരായി ഏൎപ്പെടുത്തി. ഇതുമൂലം മഠങ്ങളിൽ ആഹാരം കഴിച്ചവക്കെല്ലാം ജാത്യാഭിമാനങ്ങൾ തീരെ വിസ്മരിക്കേണ്ടതായി വന്നു. അധഃകൃതരിൽനിന്നു് വിദ്യാൎത്ഥികളെ എടുത്തു് അവരെ വേദഗ്രന്ഥങ്ങൾ പഠിപ്പിച്ചു. അവരെ സഭകളിലും സദ്യകളിലും കൊണ്ടുപോയി മററുള്ളവരോടൊപ്പം ഇരുത്തി. താൻ പ്രതിഷ്ഠിച്ച ക്ഷേത്രങ്ങളിലെല്ലാം ഏററവും താഴ്ന്ന ജാതിയിൽപ്പെട്ടവൎക്കുകൂടി പ്രവേശനമുണ്ടായിരിക്കണമെന്നു് അദ്ദേഹം നിർബന്ധിച്ചു സമുദായത്തിൽനിന്നു ഭ്രഷ്ടരാക്കപ്പെട്ടവരെയും ഇതരസമുദായങ്ങളിൽ ചേൎന്നിട്ടുള്ളവരെയും അദ്ദേഹം മടക്കി എടുത്തു. അവാന്തരവ്യത്യാസങ്ങളെ നിറുത്തി ജനങ്ങളെ ഒന്നായി ഇണക്കിച്ചേൎത്തു. മനുഷ്യർ തമ്മിൽ സഹോദരങ്ങളെപ്പോലെ സഹകരിക്കുന്നതിനും യോജിക്കുന്നതിനും മതവ്യത്യാസംപോലും തടസ്സമാകരുതെന്നു് അദ്ദേഹം നിഷ്കൎഷിച്ചു. ഭിന്നവർഗ്ഗത്തിൽ പെട്ടവർ തമ്മിൽ വിവാഹം കഴിക്കുന്നതിനു് അദ്ദേഹം ഒരു വിരോധവും കാണിച്ചില്ല. വക്കല മഠത്തിൽ അദ്ദേഹത്തിൻെറ സന്നിധിയിൽവച്ചു് ഒരു ഇൻഡ്യാക്കാരനും ഒരു ജൎമ്മൻസ്ത്രീയും തമ്മിൽ വിവാഹം നടത്തപ്പെട്ടിട്ടുണ്ടു്. സമന്മാരുടെ നിലയിൽ ലോകത്തിലെ ജനങ്ങൾ അന്യോന്യം വിവാഹത്തിലും ഭോജനത്തിലും മററും സാമൂഹ്യബന്ധം ഏൎപ്പെടുത്തുവാനുള്ള സ്വാതന്ത്ര്യത്തിനു് അദ്ദേഹം പരിധിയൊന്നും കല്പിച്ചില്ല. അദ്ദേഹത്തിൻെറ ഒരു അന്തേവാസിയായിത്തീരുന്നതിനു് രാജ്യമോ മതമോ മാറേറണ്ടതില്ലായിരുന്നു. മതം ഏറക്കുറെ മനുഷ്യരുടെ വേഷവും ഭാഷയുംപോലുള്ള ഒരു വ്യത്യാ

സമായിട്ടുമാത്രമേ അദ്ദേഹം കരുതിയുള്ളൂ. മനുഷ്യരുടെ മതം, ഭാഷ, വേഷം മുതലായവ എങ്ങിനെയിരുന്നാലും അവരെല്ലാം ഒരേ ജാതിയിൽപെട്ടവരാകയാൽ അവർ തമ്മിൽ പന്തിഭോജനവും വിവാഹവും ചെയ്യുന്നതിൽ ദോഷമില്ലെന്നു് അദ്ദേഹം പറയാറുണ്ടായിരുന്നു.

## ·മദ്യപാനദോഷം.

മദ്യപാനവിഷയത്തിലും അദ്ദേഹത്തിൻെറ ശ്രദ്ധ പതിഞ്ഞിരുന്നു. മദ്യപാനത്തിൻെറ ദോഷങ്ങളെപ്പററി എത്രതന്നെ പറഞ്ഞാലും മററുള്ളവരെക്കൊണ്ടു പറയിച്ചാലും അദ്ദേഹത്തിനു് തൃപ്തിയാകയില്ല. ഒരുകൊല്ലം ജന്മനക്ഷത്രാഘോഷത്തിനു് അദ്ദേഹം അയച്ച സന്ദേശം ഇതിനെപ്പററിയായിരുന്നു. "മദ്യം വിഷമാണു്. അതുണ്ടാക്കരുതു്. കൊടുക്കരുതു്, കുടിക്കരുതു്, ചെത്തുകാരൻെറ തുണി നാറും, വീടു നാറും, അവൻ തൊട്ടതെല്ലാം നാറും" മറെറാരവസരത്തിൽ അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു. "ചെത്തു് ഒരു മഹാവ്യാധിയാണു്. ഒരവയവത്തിനു കുഷ്ഠരോഗമുണ്ടായാൽ ദേഹം മുഴുവൻ അതു് ദൂഷിപ്പിക്കുന്നതുപോലെ ചിലർ ചെത്തുന്നതുമൂലം സമുദായം മുഴുവൻ കെട്ടുപോകുന്നു. രോഗം ബാധിച്ച അവയവത്തെ മുറിച്ചു കളയുന്നതുപോലെ ചെത്തുകാരെയും സമുദായത്തിൽനിന്നു ബഹിഷ്കരിക്കണം. അവരുമായി യാതൊരു ബന്ധവും അരുതു്. ചെത്തു നിറുത്തിയാൽ മടക്കിയെടുക്കാൻ വിരോധമില്ല." അനേകശതം മദ്യപാനികൾ അദ്ദേഹത്തിൻെറ മുമ്പിൽ വന്നു മദ്യം കുടിക്കയില്ലെന്നു ശപഥം

ചെയ്യുകയും ശപഥത്തെ ജീവപര്യന്തം നിറവേററുകയും ചെയ്തിട്ടുണ്ട്. ഗുരുദേവൻെറ അനുഗ്രഹത്താൽ അനേകം കുടുംബങ്ങൾ മദ്യപാനശാപത്തിൽനിന്നു രക്ഷപ്പെട്ടിട്ടുണ്ട്.

## മൃഗബലി നിറുത്തൽ.

മൃഗബലി നിറുത്തുവാനും മാംസഭക്ഷണം കുറയ്ക്കുവാനും ഗുരുദേവൻ ഏറെക്കുറെ സാധിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ അനുയായികൾ എല്ലാവരും മൃഗബലി ഉപേക്ഷിച്ചിട്ടുണ്ടെന്നു പറയാം. അനേക തലമുറകളിലായി മൃഗബലി നടത്തിയിരുന്ന ക്ഷേത്രങ്ങളിൽ അദ്ദേഹം അതു നിറുത്തലാക്കുകയും അവയിലെ പൂജാക്രമങ്ങളും മററും മാററി പരിശുദ്ധമാക്കയും ചെയ്തിട്ടുണ്ട്. ഇതിനെ അനുകരിച്ച് തിരുവിതാംകൂർ ഗവമ്മെൻറുവക ക്ഷേത്രങ്ങളിലും മൃഗബലി നിരോധിക്കപ്പെട്ടിരിക്കുന്നു. മൃഗബലിയെപ്പററി ഗുരുദേവൻ ചില പദ്യങ്ങൾ രചിച്ചിട്ടുണ്ട്.

"എല്ലാവരുമാത്മസഹോദരരെ-
ന്നല്ലെ പറയേണ്ടതിതോക്കിൽ
കൊല്ലുന്നതുമെങ്ങിനെ ജീവികളെ
തെല്ലും കൃപയററു ഭുജിക്കയതും

കൊല്ലാവ്രതമുത്തമമാമിതിലും
തിന്നാവ്രതമേറെയുമുത്തമമാം
എല്ലാമതസാരവുമോക്കിലിതെ-
ന്നല്ലേ പറയേണ്ടതു ധാമ്മികരെ.

കൊല്ലുന്നതുതങ്കൽവരിൽപ്രിയമാ-
മല്ലീവിധിയാൾക്കു ഹിതപ്രദമാം
ചൊല്ലേണ്ടതു ധർമ്മ്യമിതാരിലുമൊ-
ത്തല്ലേ മരുവേണ്ടതു സൂരികളെ

കൊല്ലുന്നവനില്ല ഭുജിപ്പതിനാ-
ളില്ലെങ്കിലശിക്കുകതന്നെ ദൃഢം
കൊല്ലിക്കുകകൊണ്ടു ഭുജിക്കുകയാം
കൊല്ലുന്നതിൽനിന്നുമുരത്തൊരഘം

കൊല്ലായ്കിലവൻ ഗുണമുള്ള പുമാൻ
അല്ലായ്കിൽ മൃഗത്തൊടുതുല്യനവൻ
കൊല്ലുന്നവനില്ല ശരണ്യത മ-
റ്റെല്ലാവകനന്മയുമാർന്നിടിലും.

## ഗുരുദേവൻെറ പ്രവത്തനരീതി.

ശുദ്ധീകരണം എന്നപേരിൽ ഈ പുസ്തകത്തിൽ മുമ്പു വിവരിച്ചിട്ടുള്ള ഗുരുദേവൻെറ ആദ്യകാലത്തെ പ്രവത്തനങ്ങളെപ്പററി ഡാക്ടർ നടരാജൻ എഴുതിയിട്ടുള്ള The way of the Guru എന്ന ഗ്രന്ഥത്തിൽ (ഭാഗം 37-38) ഇപ്രകാരം പറഞ്ഞിരിക്കുന്നു:—"ഈവിധ പരിഷ്കാരങ്ങൾ വരുത്തുന്നതിനു് അനവധി ത്യാഗങ്ങൾ ചെയ്യേണ്ടിവന്നിട്ടുണ്ടു്. അവയിൽ ചിലതു് സ്വയം വരിച്ച ത്യാഗങ്ങളായിരുന്നു; ചിലതു തൻെറ അതൃപ്തിയെ കാണിക്കാനായിട്ടായിരുന്നു; വേറെ ചിലതു് ജനങ്ങൾക്കു് ഒരു ഉൽകൃഷ്ടമാതൃക കാണിച്ചുകൊടുക്കാൻ വേണ്ടിയായിരുന്നു. ഒരു ധനികനായ ഭക്തൻ അയാളുടെ വീട്ടിലേക്കു് ഗുരുദേ

വനെ ക്ഷണിച്ചുകൊണ്ടു ചെന്നപ്പോൾ അവിടെ മുററത്തു് കോഴികളെ കണ്ടിട്ടു് ഗുരുദേവൻ "ഒരു പക്ഷിയെയൊ മൃഗത്തേയൊ വലുതാകുന്നതുവരെ വളരെ ശ്രദ്ധയോടുകൂടി തീററി വളർത്തിക്കൊണ്ടുവന്നശേഷം ഒരു സുപ്രഭാതത്തിൽ അതിനെ കൊന്നുതിന്നു് ആർത്തിതീക്കുന്ന സമ്പ്രദായം എത്ര ക്രൂരമായിരിക്കുന്നു" എന്നുപറഞ്ഞു് അവിടെനിന്നും ഇറങ്ങിപ്പോയി. ഒരവസരത്തിൽ താൻ കയറിയിരുന്ന വണ്ടിയിൽ കെട്ടിയിരുന്ന മൃഗങ്ങളെ വണ്ടിക്കാരൻ ഉപദ്രവിച്ചു എന്നുപറഞ്ഞു് ഗുരുദേവൻ വണ്ടിയിൽനിന്നിറങ്ങി ഇരുപതുമൈൽ ദൂരം കാൽനടയായിപ്പോയി. മറെറാരു സന്ദർഭത്തിൽ കൂടെയുണ്ടായിരുന്നവർ സദ്യയിൽ അമിതമായി ഭക്ഷണം കഴിച്ചു് അകാലത്തിൽ കിടന്നുറങ്ങുന്നതു കണ്ടിട്ടു് ഗുരുദേവൻ ആ സ്ഥലംവിട്ടിറങ്ങി രാത്രിമുഴുവൻ നടന്നു. ഒരിക്കൽ ധനാഢ്യനായ ഒരു ഭക്തൻെറ വീട്ടിൽ വിശ്രമിക്കുമ്പോൾ താൻ ഇരുന്നിരുന്ന മുറിയുടെ സമീപം ഒരാൾ തുപ്പുന്നതു കണ്ടിട്ടു് ഗുരുദേവൻ എണീററുപോയി പുഴയരുകിൽ ഇരിക്കയും വീട്ടുടമസ്ഥൻ എത്രതന്നെ ക്ഷണിച്ചിട്ടും അകത്തു തയാറാക്കിയിരുന്ന കട്ടിലിൽചെന്നു് കിടക്കാതെ രാത്രിമുഴുവൻ പുഴയരുകിൽ കഴിച്ചുകൂട്ടുകയും ചെയ്തു. ഒരു ദിവസം ഗുരുദേവൻ ഭക്ഷണം കഴിക്കാതെ ഉപവസിക്കുമ്പോൾ പാൽക്കാരൻ പശുക്കിടാവിനു് പാൽകൊടുക്കാതെ വളരെ നിർദ്ദയമായി പാൽ മുഴുവൻ കറന്നെടുക്കുന്നു എന്നുപറഞ്ഞു് കുടിക്കാൻ തയാറാക്കിയിരുന്ന പാലുപോലും ഉപയോഗിക്കാതെ നിരാഹാരവ്രതം ആചരിച്ചു. ഗുരുദേവൻെറ

ജീവിതത്തിൽ ഇതുപോലെയുള്ള സംഭവങ്ങൾ സാധാരണമായിരുന്നു.

അദ്ദേഹത്തിൻെറ ഹൃദയത്തിൽ നിന്നു് നിശ്ശബ്ദമായി സദാ പുറപ്പെട്ടിരുന്ന സന്ദേശങ്ങളെ ഈ സംഭവങ്ങൾ അഗാധങ്ങളും ഉത്തേജകങ്ങളും ആക്കിത്തീർത്തു. പാവപ്പെട്ട ജനങ്ങളുടെ ഇടയിൽ വൃത്തിയും അറിവും ഉണ്ടാക്കുന്നതിനായി ഗുരുദേവൻ പതിനഞ്ചു വർഷത്തോളം നിരന്തരം സഞ്ചരിച്ചുകൊണ്ടിരുന്നു. വീടുകളും തെരുവുകളും വൃത്തിയായി വയ്ക്കുവാൻ അവരെ പ്രേരിപ്പിച്ചു. ശുദ്ധമായ ആഹാരക്രമം ഏർപ്പെടുത്തി അതിൻെറ ഒരു മാതൃക സ്വജീവിതത്തിൽ കാണിച്ചുകൊടുത്തു. അവരുടെ സാന്മാർഗ്ഗികജീവിതത്തെ ശക്തിപ്പെടുത്തി. പരിഷ്കാരവും സമൃദ്ധിയും ഉണ്ടാകുന്നതിനു ശരിയായ പന്ഥാവു് അവർക്കു ചൂണ്ടിക്കാണിച്ചു. അനിയന്ത്രിതമായ വികാരങ്ങൾക്കു് വശപ്പെടാതെ ബുദ്ധിപൂർവ്വം ജീവിക്കുവാൻ അവരെ സഹായിച്ചു. പക്ഷേ ഇതെല്ലാം അദ്ദേഹം പിന്നീടു് അവർക്കു കൊടുത്ത ഉപദേശങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭപരിപാടികൾ മാത്രമായിരുന്നു.

തൻെറ അനുയായികളുടെ നന്മയ്ക്കായി ഗുരുദേവൻ നൽകിയ ധർമ്മോപദേശങ്ങളും സംസ്കൃതാശയങ്ങളും അവരുടെ ഹൃദയത്തിൽ പതിയുവാനായി അദ്ദേഹം എത്രമാത്രം ക്ലേശപ്പെടേണ്ടി വന്നുവെന്നു് ഡാക്ടർ നടരാജൻെറ മനോഹരമായ ചിത്രീകരണം വ്യക്തമാക്കുന്നുണ്ടു്. ത്യാഗവും ക്ലേശവും സ്വയം വരിച്ചുകൊണ്ടുള്ള അദ്ദേഹത്തിൻെറ ചെറിയ കർമ്മങ്ങൾ മൂലം ജനങ്ങൾ

വിസ്മരിച്ചിരുന്ന തത്ത്വങ്ങളിലേക്ക് അദ്ദേഹം അവരുടെ ശ്രദ്ധയെ ആകർഷിക്കയും ഉൽകൃഷ്ടമായ ആശയങ്ങളിൽ അവരുടെ വികാരം ഉണർത്തുകയും ചെയ്ത് അവരുടെ സ്വഭാവത്തിന് സ്ഥിരമായ ഒരു സംസ്കാരം വരുത്തി. അതിൻെറ ഫലമായി അതാത് സംഭവവുമായി ബന്ധപ്പെട്ട വ്യക്തികൾക്കു മാത്രമല്ല അതിനെ കാണുകയോ കേട്ടറിയുകയോ ചെയ്ത ഒരു വലിയ ജനതയ്ക്കു മുഴുവൻ ഹൃദയംഗമമായ ഒരു മാനസാന്തരവും ആത്മവികാസവും ബുദ്ധിവിശാലതയും ഉളവാക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ പരിപാവനജീവിതമായ പ്രശാന്തത നിറഞ്ഞ തടാകത്തിലുണ്ടായ ഏററവും ചെറിയ ചലനത്തിൽനിന്നും ഉത്തേജകങ്ങളായ ചെറുതിരകൾ പുറപ്പെട്ട് നാലുവശവും പരന്ന് അനേകായിരം ഹൃദയങ്ങളിൽ ചെന്നുമുട്ടി വിശിഷ്ടചിന്തകളും ഉൽകൃഷ്ടാകാംക്ഷകളും അവരിൽ ഉല്പാദിപ്പിച്ചുകൊണ്ടിരുന്നു. ഇപ്രകാരമാണ് ഗുരുദേവൻെറ ജീവിതസംസ്കാരപരമായ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരുന്നത്.

മററൊരാളിൽ നിന്നുണ്ടാകുന്ന നിർബന്ധം എത്രതന്നെ സദുദ്ദേശത്തോടുകൂടിയായാലും അത് ഒരു വ്യക്തിക്കു ദോഷം ചെയ്യുകയല്ലാതെ അയാളിൽ ആന്തരമായ സംസ്കാരം ഉണ്ടാക്കയില്ലെന്ന് ഗുരുദേവൻ സ്മരിച്ചിരുന്നിരിക്കണം. മാനസാന്തരം എപ്പോഴും അവനവൻെറ അനുഭവഫലമായി സ്വഹൃദയാന്തർഭാഗത്തു നിന്നാരംഭിക്കണം. ത്യാഗികളായ പ്രവർത്തകന്മാരുടെ വേഷത്തിൽ അദ്ദേഹത്തിൻെറ ചുററും ചില ദുർബ്ബുദ്ധികളും ചെന്നുപററിയിരുന്നു. ഗുരുദേവൻ അങ്ങിനെയുള്ളവരെപ്പോലും

അശേഷം ക്ലേശിപ്പിക്കാതെ അവരോടും കരുണാപുരസ്സരം പെരുമാറി പ്രത്യേകസൗകര്യങ്ങൾ കൊടുത്തുവന്നു. അവരെ മഠങ്ങളിൽ ചുമതലയുള്ള സ്ഥാനങ്ങളിൽ നിശ്ചയിച്ച് അവക്കാവശ്യമായ എല്ലാസഹായങ്ങളും ചെയ്തുകൊടുത്തിരുന്നു. എന്നു മാത്രമല്ല യാതൊരു സ്വാത്ഥപരമായ ചിന്തയും കൂടാതെ ആദ്യവസാനം സ്ഥാപനങ്ങളുടെ നന്മയ്ക്കായി അദ്ധ്വാനിച്ചിട്ടുണ്ടായിരുന്ന സേവാവ്രതന്മാരായ അന്തേവാസികൾക്ക് അസൂയതോന്നുമാറ് അടുത്തകാലത്തു വന്നുകൂടിയിരുന്ന ഈ ചെറുപ്പക്കാർ ഗുരുദേവൻെറ വാത്സല്യത്തിൽ ആറാടുന്നതുപോലെ കാണപ്പെട്ടു. പക്ഷെ അങ്ങിനെയുള്ളവരുടെ ഭാഗ്യം ക്ഷണികമായിരുന്നു. വ്യാജവേഷക്കാരായ അവർ അവരുടെ പ്രവൃത്തിമൂലംതന്നെ മററുള്ളവരെ ബുദ്ധിമുട്ടിച്ചതിനെക്കാൾ കൂടുതലായി അവരവക്ക് ക്ലേശങ്ങൾ ഉണ്ടാക്കിത്തീത്ത് അവസാനം കുനയങ്ങൾ ഉപേക്ഷിച്ചു സ്ഥലത്തുനിന്ന് ഓടിപ്പോവുക പതിവായിരുന്നു. ഗുരുദേവൻ എല്ലാവരോടും കരുണയോടുകൂടിയിരുന്നു. പക്ഷെ ദുഷ്ടന്മാക്ക് അദ്ദേഹത്തിൻെറ പാവനമായ കാരുണ്യസന്നിധിയിൽ വത്തിക്കുന്നതു് സാദ്ധ്യമല്ലായിരുന്നു. പ്രായേണ അധികം സംസ്കാരമോ വിദ്യാഭ്യാസമോ ഇല്ലായിരുന്ന ജനങ്ങളുടെ ഇടയിൽ അദ്ദേഹത്തിൻെറ നാമധേയത്തിൽ നടന്നിരുന്ന പലതരത്തിലുള്ള പ്രവത്തനങ്ങൾക്ക് സ്വഭാവഗുണത്തോടുകൂടിയ ഒന്നാംതരം കമ്മഭടന്മാർ ആവശ്യമായിരുന്നു. പക്ഷെ അക്കാലത്തു് അധികവും നാലാം തരക്കാരായ പ്രവത്തകന്മാർ മാത്രമേ ഉണ്ടായിരുന്നുള്ളു. ആ നിലയ്ക്കു് നിഷ്കൃഷ്ടമായ അച്ചടക്കവും സംഘടനയും നിരന്തരമുള്ള

മേലന്വേഷണവും മൂലം പ്രവർത്തകരുടെ ദൗർബ്ബല്യതയ്ക്കു നിവാരണം ഉണ്ടാക്കുകയാണു സാധാരണ ചെയ്യേണ്ടിയിരുന്നതു്. പക്ഷെ ഇതൊന്നും ഗുരുദേവന്റെ രീതിക്കു് യോജിച്ച സംഗതികളായിരുന്നില്ല. ഈവിധമുള്ള ബാഹ്യസമ്പ്രദായങ്ങളെപ്പററി അദ്ദേഹം ചിന്തിച്ചിരുന്നില്ല. ഒരുപക്ഷെ അദ്ദേഹത്തിനതു് ആവശ്യമില്ലായിരുന്നു. തന്നെയും തന്റെ സ്ഥാപനങ്ങളേയും ദുർജ്ജനങ്ങളിൽ നിന്നു രക്ഷിക്കുന്നതിനു് തന്റെ മഹത്തായ ആത്മശക്തി മാത്രമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്ന ഏക കവചം. എപ്പോഴെങ്കിലും ഗൗരവമായ പ്രതിബന്ധം ആരിൽ നിന്നെങ്കിലും ഉണ്ടായാൽ അസുഖകരമായ ആ സ്ഥലത്തു നിന്നു് ഇറങ്ങിപ്പോകുന്നതു് അദ്ദേഹത്തിന്റെ ഏററവും കവിഞ്ഞ ഒരു പ്രവൃത്തിപോലെയായിരുന്നു. അതു് അദ്ദേഹത്തിന്റെ അനിഷ്ടത്തിന്റെ ഏററവും ശക്തിമത്തായ ഒരു പ്രകടനമായിരുന്നു. അങ്ങിനെ ചെയ്തിട്ടുള്ളപ്പോഴെല്ലാം വികൃതികളുടെ മനസ്സിൽ പശ്ചാത്താപം ഉളവാകയും ചെയ്തിട്ടുണ്ടു്. ഇപ്രകാരം നിരുപദ്രവവും നിരാഡംബരവുമായ അനിഷ്ടപ്രകടനങ്ങളാൽ പാമരജനങ്ങളുടെ വികാരങ്ങളും വിചാരങ്ങളും, പരിശുദ്ധമാക്കുന്നതിനു് അദ്ദേഹം ശക്തനായിരുന്നു. അദ്ദേഹത്തിന്റെ പ്രവൃത്തികളെല്ലാം സ്നേഹപ്രേരിതവും സ്നേഹഭാവത്തിലും മററുള്ളവരിൽ സ്നേഹം വളർത്തുന്ന വിധത്തിലും ആയിരുന്നു. കുട്ടികൾക്കായി "അനുകമ്പ" എന്ന വിഷയത്തെപ്പററി അദ്ദേഹം രചിച്ചിട്ടുള്ള ചില പദ്യങ്ങളാണിവ.

(1) ഒരുപീഡയെറുമ്പിനും വരു-
ത്തരുതെന്നുള്ളനുകമ്പയും സദാ
കരുണാകരനല്കുകുള്ളിൽ നിൻ-
തിരുമെയ് വിട്ടകലാത്ത ചിന്തയും.

(2) അരുളാൽ വരുമിമ്പമൻപക-
ന്നൊരുനെഞ്ചാൽ വരുമല്ലലോർക്കുക
ഇരുളൻപിനെ മാററുമല്ലലിൻ-
കരുവാകും; കരുവാമിതേതിനും

(3) അരുളൻപനുകമ്പ മൂന്നിനും
പൊരുളൊന്നാണിതു ജീവതാരകം
“അരുളുള്ളവനാണു് ജീവി”യെ-
ന്നുരുവിട്ടീടുകയീ നവാക്ഷരി.

(4) അരുളില്ലയതെങ്കിലസ്ഥിതോൽ
സിര നാറുന്നൊരുടമ്പു താനവൻ
മരുവിൽ പ്രവഹിക്കുമമ്പുവ-
പ്പുരുഷൻ നിഷ്ഫലഗന്ധപുഷ്പമാം.

(5) പുരുഷാകൃതിപൂണ്ട ദൈവമോ!
നരദിവ്യാകൃതിപൂണ്ട ധർമ്മമോ?
പരമേശ പവിത്ര പുത്രനോ!
കരുണാവാൻ നിബി മുത്തുരത്നമോ.
......... യീയനുകമ്പയാണ്ടവൻ!

VI

# സമരം.

## പുരോഗമനത്തിന്നവശ്യം വേണ്ട മൂന്നു സംഗതികൾ.

ഇതേവരെ ചെയ്ത പ്രവൃത്തികൾമൂലം നിലം ഉഴുതു വിത്തുവിതയ്ക്കുവാൻ തയാറാക്കിയിരിക്കുന്നു എന്നു പറയാം. സൃഷ്ടിപരമായ പരിശ്രമങ്ങൾ ആരംഭിക്കുന്നതിനുള്ള മനോധൈര്യം ജനങ്ങളിൽ ഉല്പാദിപ്പിച്ചു കഴിഞ്ഞിരിക്കുന്നു. അനേകകാലമായി അവരെ ബാധിച്ചിരുന്ന മൗഢ്യം നീങ്ങുകയും അവക്കിനിയും പ്രാപിക്കാനുണ്ടായിരുന്ന നാഗരികതയുടെ ഉൽകൃഷ്ടതലങ്ങൾ അവർ ദശിക്കയും ചെയ്തു. താരതമ്യേന തങ്ങൾ അധഃകൃതരാണെന്നുള്ള ബോധം, മററു ജനങ്ങളുടെ നിലയിൽ എത്തുവാനും തങ്ങൾ ഇപ്പോഴും പേറി നടന്നിരുന്ന അടിമത്തചിഹ്നങ്ങളെ നിർമ്മാജ്ജനം ചെയ്യുവാനും അവരെ ഉത്സാഹഭരിതരാക്കിത്തീർത്തു. ഗുരുദേവൻ മുമ്പുതന്നെ ജ്വലിപ്പിച്ചിരുന്ന ആത്മ സംസ്കാരപരമായ ശക്തികൾ ഇപ്പോൾ സൃഷ്ടിപരമായ പന്ഥാവുകളിലേയ്ക്കു തിരിക്കപ്പെട്ടു. ദോഷങ്ങളെ നീക്കുന്നതു മാത്രമല്ല അഭിവൃദ്ധി, അതു് നന്മയേയും ശക്തിയേയും ആജ്ജിക്കുന്നതുകൂടിയാണു്. അവകാശങ്ങളെ ആവശ്യപ്പെടുവാനും, അധികാരത്തെ പരിപാലിക്കാനും, ശക്തികളെ സംഘടിപ്പിക്കാനും ആരംഭിക്കുമ്പോഴാണു് യഥാത്ഥസമരം തുടങ്ങുന്നതു്. ആത്മസംസ്കാരത്തിലും സത്യാഗ്രഹത്തിലും പ്രതിഷ്ഠിതമായ സമരത്തി

ൻെറ തത്ത്വങ്ങൾ നാം ഇതിനുമുമ്പു വിവരിച്ചിട്ടുള്ളതു സ്മരിക്കുന്നതായാൽ ഇവിടെ പ്രതിപാദിക്കാൻ പോകുന്ന സമരം മററുള്ളവരെ ആക്രമിച്ചുകൊണ്ടുള്ള ഒരു ശണ്ഠയ ല്ലെന്നു ഗ്രഹിക്കുവാൻ പ്രയാസമുണ്ടായിരിക്കയില്ല. വിദ്യാഭ്യാസവും സംഘടനയുംമൂലം മനുഷ്യരുടെ ജീവിത ത്തിലും വിചാരത്തിലും നിർമ്മിക്കേണ്ടതാണ് സംസ്കാരമ ണ്ഡപം. ഗുരുദേവൻെറ പരിപാടിപ്രകാരം ലൗകികമായ അഭ്യുന്നതിക്ക് അത്യാവശ്യമായ മൂന്നു സംഗതികൾ വിദ്യ യും ധനവും സംഘടനയും ആകുന്നു. ഇതു മൂന്നും സമ്പാ ദിക്കാനുള്ള നിരന്തരപരിശ്രമത്തെയാണ് ഇവിടെ സമരം എന്നു വിവക്ഷിച്ചിട്ടുള്ളതു്.

രാഷ്ട്രങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾ, മുതലാളിയും തൊഴിലാളിയും തമ്മിലുള്ള ശണ്ഠ, രാഷ്ട്രീയ കക്ഷികൾ തമ്മിലുള്ള മത്സരം ഇങ്ങനെ ലോകത്തിൽ നടക്കുന്ന പല വിധത്തിലുള്ള സമരങ്ങളെപ്പററി ചിന്തിച്ചു നോക്കുക. അവയുടെയെല്ലാം മൂലം അജ്ഞതയിലും തെററിദ്ധാരണ യിലുമാണ്. യഥാർത്ഥത്തിൽ ഈവക കുഴപ്പങ്ങൾ എല്ലാം വെറും തെററിദ്ധാരണകളാണെന്നു പറയണം. അധി കാരം, പെരുമ, ധനം മുതലായി ലോകത്തിലുള്ള പല മിന്നുന്ന വസ്തുക്കളെ സമ്പാദിക്കുന്നതാണ് അവയുടെയെ ല്ലാം ലക്ഷ്യം. അവയുടെ ഉപകരണങ്ങൾ പലതരത്തി ലുള്ള സംഘടനകളാണ്. വിദ്യയും ധനവും സംഘടനാ ബലവുമുള്ള ഏതു ജനതയ്ക്കും രാഷ്ട്രങ്ങളുടെ മദ്ധ്യത്തിൽ തങ്ങളുടെ അവകാശാധികാരങ്ങൾ പരിപാലിക്കാനു സാധിക്കും.

## സംഘടന.

ഗുരുദേവൻെറ സൃഷ്ടിപരമായ പരിപാടിയിലും ക്ഷേത്രമാണു കേന്ദ്രസ്ഥാനം. അരുവിപ്പുറത്തു സ്ഥാപിച്ച ഗുരുദേവൻെറ ഒന്നാമത്തെ ക്ഷേത്രത്തോടു ഘടിപ്പിച്ച് ഏൎപ്പെടുത്തിയ എസ്സ്. എൻ. ഡി. പി. യോഗം സംസ്ഥാനത്തിലെ ഏററവും വലിയ ഒരു സംഘമായിത്തീൎന്നു. ഇതുപോലെ ഗുരുദേവൻെറ ഓരോ ക്ഷേത്രത്തോടും സംഘടിപ്പിച്ച് സ്ഥലവാസികളുടെ ഒരു യോഗം ഉണ്ടായിരുന്നു. ഇവയെല്ലാം ഗുരുദേവൻെറ ഉപദേശത്താലും ഉദാഹരണത്താലും പ്രചോദിതങ്ങളായിരുന്നു എങ്കിലും ജനങ്ങൾതന്നെ ഏൎപ്പെടുത്തിയ ജനങ്ങളുടെ സഭകളായിരുന്നു. അവയുടെ നടത്തിപ്പിൽ ഗുരുദേവന് ഒരു കൈയും ഉണ്ടായിരുന്നില്ല. മഴക്കാലത്തെ കൂണുകൾപോലെ അവ രാജ്യത്തെല്ലാം മുളച്ചുപൊങ്ങി. ഒരു പക്ഷെ അവയിൽ അധികവും നാമമാത്രസഭകളായിരുന്നിരിക്കാം. എന്നാൽ അവയിൽ പലതും അതാതു സ്ഥലത്തു പ്രബലപ്പെട്ട് ജനങ്ങളുടെ സൎവ്വതോമുഖമായ അഭിവൃദ്ധിക്കു പൎയ്യാപ്തങ്ങളായിത്തീൎന്നിട്ടുണ്ട്. അവയുടെ വകയായും അവകൾ നടത്തുന്നതായും ക്ഷേത്രങ്ങൾ, വിദ്യാലയങ്ങൾ, ക്ലബ്ബുകൾ, ബാങ്കുകൾ, മഠങ്ങൾ, വ്യവസായശാലകൾ, വൈദ്യശാലകൾ എന്നു തുടങ്ങി ഉപകാരപ്രദങ്ങളായ അസംഖ്യം സ്ഥാപനങ്ങൾ ഉണ്ട്. യോഗങ്ങളും പ്രസംഗങ്ങളും നടത്തുക. ചന്തകളും ഉത്സവങ്ങളും ഏൎപ്പെടുത്തുക, സാധു വിദ്യാൎത്ഥികളെ സഹായിക്കുക, ഗുരുദേവൻെറ ജീവിതത്തിലെ പ്രധാനസംഭവങ്ങൾ കൊണ്ടാടുക, പുസ്തകങ്ങളും പത്രങ്ങളും

പ്രസിദ്ധപ്പെടുത്തുക, ഗുരുദേവൻെറ ആദർശങ്ങളും ഉപദേശങ്ങളും പ്രചരിപ്പിക്കുക, വഴക്കുകൾ മദ്ധ്യസ്ഥതയിൽ തിക്കുക, സാമൂഹ്യകാര്യങ്ങൾ തീരുമാനിക്കുക മുതലായി അതാതു സ്ഥലത്തെ ആവശ്യവും സൗകര്യവും അനുസരിച്ചു പല സംഗതികൾ അവമൂലം നിർവ്വഹിക്കപ്പെടുന്നു. ഇങ്ങനെ ചെറിയതൊ, വലിയതൊ ആയ ഒരു സംഘം കേരളത്തിലെ ഓരോ ഗ്രാമത്തിലും ഇപ്പോൾ കാണാം. അവയിൽ പലതും ശൈശവാവസ്ഥയിലെ നിസ്സഹായതയിൽ വർത്തിക്കുന്നവയാണെങ്കിലും അവ അതാതിൻെറ അറിവും പ്രാപ്തിയുംപോലെ ഗുരുദേവൻ സമാരംഭിച്ചിട്ടുള്ള പ്രസ്ഥാനങ്ങളെ പുലത്തിക്കൊണ്ടു പോകുന്നു.

## വിദ്യാഭ്യാസം.

വിദ്യാഭ്യാസകാര്യത്തിൽ ഗുരുദേവൻ ഒരു മഹാപ്രവീണൻതന്നെയായിരുന്നു. ഗ്രാമീണകുട്ടികളെ എഴുത്തും വായനയും അല്പം സംസ്കൃതവും പഠിപ്പിക്കുന്ന ഒരു ആശാൻെറ നിലയിലാണു് അദ്ദേഹം ജീവിതം ആരംഭിച്ചതു്. അങ്ങിനെയാണു് നാണുആശാൻ എന്നപേർ കിട്ടിയതു്. ഈ പേർ അവസാനംവരെ അദ്ദേഹത്തിൻെറ ഒരു ഓമനപ്പേർപോലെയായിരുന്നു. പരമാത്ഥത്തിൽ അദ്ദേഹം ജീവപര്യന്തം ഒരാശാനായിരുന്നു. പഠിച്ചുകൊണ്ടിരുന്ന ഒരു വിദ്യാത്ഥിയുടെ നിലയിലൊ അവധൂതനായ ഒരു ഭിക്ഷുവിൻെറ നിലയിലൊ, അഥവാ ഒരു സന്യാസിയുടെയൊ, ജനങ്ങളുടെ ഒരു നേതാവിൻെറയൊ നിലയിലൊ അദ്ദേഹം എവിടെയിരുന്നാലും അവിടെയെല്ലാം പഠിക്കാൻ വാസനയുള്ള കുട്ടികളെയും യുവാക്കളെയും ചുററും

ശേഖരിച്ച് താൻതന്നെ പഠിപ്പിക്കുകയൊ മററുള്ളവരെ ക്കൊണ്ടു പഠിപ്പിക്കുകയൊ ചെയ്യുന്നതു് അദ്ദേഹത്തിൻെറ പതിവായിരുന്നു. തൻെറ അനുയായികളുടെ ഇടയിൽ സംസ്കൃതവിദ്യാഭ്യാസം പ്രചരിപ്പിക്കുന്ന വിഷയത്തിൽ അദ്ദേഹം വളരെ താല്പര്യം പ്രദശിപ്പിച്ചിരുന്നു. സംസ്കൃതത്തിനു സംസ്കാരപരമായി ഒരു പ്രത്യേക വിലയുണ്ടെന്നുള്ള വസ്തുത അദ്ദേഹം വിസ്മരിച്ചില്ല. ഇതിനെപ്പററി ഒരു സന്ദർഭത്തിൽ അദ്ദേഹം പറഞ്ഞ അവസരോക്തി ഇവിടെ സ്മരണീയമാണു്. പതിവുപോലെ ഭക്തജനങ്ങളുടെ ഇടയിൽ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു സംസ്കൃതവിദ്വാൻെറ ഗൃഹത്തിൽ കയറിച്ചെന്നു. അവിടെയുണ്ടായിരുന്ന ഒരു പട്ടി അസാധാരണ സന്തോഷം പ്രകടിപ്പിച്ചുകൊണ്ടു് ഗുരുദേവൻെറ മുമ്പിൽ വന്നു് ഭക്തജനങ്ങൾ നമസ്കരിക്കുന്നതുപോലെ കുനിഞ്ഞു കൈകൾ നീട്ടി ഗുരുദേവനെ പ്രണമിച്ചു. ഇതു കണ്ടിട്ടു് ഗുരുദേവൻ ഗൃഹനായകനെ നോക്കി പറഞ്ഞു. ഈ പട്ടി സംസ്കൃതം പഠിക്കയാലല്ല പഠിപ്പിച്ചതു് കേൾക്കയാലായിരിക്കണം ഇത്ര സൽസ്വഭാവിയായതു്.

ഗുരുദേവൻ തൻെറകൂടെ നിറുത്തി പഠിപ്പിച്ചു വളത്തിയ നിസ്സഹായിയായ ഒരു ചെറുക്കനാണു് പിന്നീടു് കേരളത്തിലെ ഏററവും മഹാനായ ഒരു കവിയായിത്തീന്ന മഹാകവി കുമാരനാശാൻ. ഉപരിവിദ്യാഭ്യാസത്തിനു പ്രായമായപ്പോൾ ഗുരുദേവൻ ആ കുട്ടിയെ ബാംഗ്ളൂരിലും കല്ക്കട്ടായിലും അയച്ചു സംസ്കൃതവിദ്യാഭ്യാസം പൂത്തിയാക്കിച്ചു. വിദ്യാഭ്യാസാനന്തരം തൻെറ

വന്ദ്യഗുരുവിൻെറ അടുക്കൽ വന്നുചേൎന്ന ആ കുട്ടി അധിക താമസംകൂടാതെ തൻെറ രാജ്യത്തെ മഹാകവികളിൽ ഏററവും പ്രകാശമുള്ള ഒരു താരമായി പ്രസിദ്ധി സമ്പാദിച്ചു. ഇതുപോലെ സുപ്രസിദ്ധമായ സംഭവങ്ങളല്ലെങ്കിലും മററനേകംപേരുടെ ജീവിതത്തിലും ഗുരുദേവൻെറ വാത്സല്യപൂൎണ്ണമായ ഉപദേശവും അനുഗ്രഹവും അവരുടെ വിദ്യാഭ്യാസത്തിനും സംസ്കാരത്തിനും കാരണമായിത്തീൎന്നിട്ടുണ്ടു്.

ഒന്നാമത്തെ സ്ഥാപനമായ അരുവിപ്പുറം ക്ഷേത്രത്തോടുചേൎന്നു് അദ്ദേഹം ഒരു ചെറിയ സംസ്കൃതപാഠശാല ഏൎപ്പെടുത്തി. വൎക്കലയും അതേപ്രകാരം ചെയ്തു. മററു പല സ്ഥലങ്ങളിലും ഇതുപോലെ സ്കൂളു തുടങ്ങുകയൊ മററുള്ളവരെക്കൊണ്ടു തുടങ്ങിക്കുകയൊ ചെയ്തു. അദ്ദേഹത്തിൻെറ സ്ഥാപനങ്ങളിൽ പ്രധാനമായ മറെറാന്നു് ആലുവാ അദ്വൈതാശ്രമമാണു്. അവിടെ ഒരു സംസ്കൃതഹൈസ്കൂൾ സ്ഥാപിച്ചു. ഈ സംസ്ഥാനത്തിലെ നല്ല വിദ്യാലയങ്ങളിൽ ഒന്നാണതു്. അനേകം വിദ്യാൎത്ഥികളെ ഫീസ്സുകൂടാതെ പഠിപ്പിച്ചിരുന്നു. ആദ്യകാലങ്ങളിൽ ഗുരുദേവൻ അതിൻെറ നടത്തിപ്പിൽ നേരിട്ടു ശ്രദ്ധ പതിപ്പിച്ചിരുന്നു. അന്നു് അതിനോടു ചേൎന്നുണ്ടായിരുന്ന വിദ്യാൎത്ഥിസത്രത്തിൽ പല സാധുകുട്ടികൾക്കും സൗജന്യമായി ഭക്ഷണം നൽകിയിരുന്നു. ആലുവാ ആശ്രമം നിസ്വാൎത്ഥമായി സേവനം ചെയ്യുവാൻ ജീവിതം അൎപ്പിച്ചു് സന്ന്യാസസംഘത്തിൽ ചേരുവാൻ ആഗ്രഹിക്കുന്നവൎക്കു വേണ്ട പരിശീലനം കൊടുക്കുവാനുള്ള ഒരു കേന്ദ്രമായിരിക്കണമെന്നാണു് അദ്ദേഹം സങ്കല്പിച്ചിരുന്നതു്. ഏതൊരു

ദിഷ്ഭാവിയിലാണു് അതു് നിവ്വഹിക്കപ്പെടുന്നതെന്നു് അറിഞ്ഞുകൂടാ.

സംസ്കൃതവിദ്യാഭ്യാസത്തിൽ പ്രത്യേകം താല്പയ്യം പ്രദർശിപ്പിച്ചതുകൊണ്ടു് ആധുനികവിഷയങ്ങളുടെ പഠനത്തെ അദ്ദേഹം വേണ്ടപോലെ വിലമതിച്ചില്ലെന്നു ധരിക്കരുതു്. അതിനു് അർഹിക്കുന്ന പ്രാധാന്യം കൊടുക്കുകയും തൻെറ അനുയായികളുടെ ഇടയിൽ അതിനെ കഴിയുന്നതു പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അദ്ദേഹം സ്ഥാപിച്ച അറുപതിലധികം ക്ഷേത്രങ്ങളിൽ പുതിയ രീതിയിലുള്ള സ്കൂളുകൾ ഇല്ലാത്തവ വളരെ ചുരുക്കമാണു്. ഇങ്ങനെയുള്ള പല സ്കൂളുകളും അവയുടെ സ്ഥിരമായ നടത്തിപ്പിനെ ഉദ്ദേശിച്ചു് ഗവമ്മെൻറിനെ ഏല്പിക്കയും ചെയ്തിട്ടുണ്ടു്. ചിലതെല്ലാം ഇപ്പോഴും ഗവമ്മെൻറു സഹായത്തോടുകൂടി ജനങ്ങൾ നടത്തിവരുന്നു. എല്ലാ വിദ്യാത്ഥികളും ഒരുമിച്ചു താമസിച്ചു പഠിക്കാൻ സൗകയ്യമുള്ള ഒരു കാളേജു് വക്കലയിൽ സ്ഥാപിക്കണമെന്നുദ്ദേശിച്ചു് കെട്ടിടംപണി അദ്ദേഹം ആരംഭിച്ചു് പ്രാരംഭപടിയായി ഒരു ഇംഗ്ലീഷു് മദ്ധ്യമസ്കൂൾ ഏപ്പെടുത്തുകയും ചെയ്തു. അതു് ഇപ്പോൾ ഒരു ഹൈസ്കൂൾ ആയി നടന്നുവരുന്നു കോളേജു സ്ഥാപനം പൂത്തിയാകുന്നതിനു മുമ്പു് ആ ജോലി തൻെറ പിൻഗാമികളെ ഏല്പിച്ചു് അദ്ദേഹം സമാധിയായി.

വക്കലയിൽ അദ്ദേഹം ഏപ്പെടുത്തിയ നെയ്ത്തുസ്കൂളിൽ വിദ്യാത്ഥികളെ ഫീസുകൂടാതെ നെയ്ത്തു് പഠിപ്പിച്ചിരുന്നു. അതു പലക്കും ഒരു ജീവനോപായം ഉണ്ടാ

ക്കിക്കൊട്ടത്തിട്ടുണ്ട്. ഗുരുദേവന് ആയുർവേദത്തിൽ അഗാധപാണ്ഡിത്യം ഉണ്ടായിരുന്നു. അതിൻെറ പ്രചരണത്തിലും വലിയ താല്പൎയ്യം കാണിക്കയും ചെയ്തു. അദ്ദേഹത്തിൻെറ അനുയായികളിൽപെട്ട ഒരു പ്രസിദ്ധ ആയുർവേദപണ്ഡിതൻ വക്കല മഠത്തോട്ടച്ചൻ ഒരു ആയുർവേദസ്കൂൾ നടത്തിയിരുന്നു. ചില സ്ഥലങ്ങളിൽ പകൽ വിദ്യ അഭ്യസിക്കാൻ സൗകൎയ്യമില്ലാത്ത പാവങ്ങളെ ഉദ്ദേശിച്ച് നിശാപാഠശാലകൾ ഏൎപ്പെടുത്തപ്പെട്ടിരുന്നു.

സൎവ്വകലാശാലാപഠനത്തിനും അതൎഹിക്കുന്ന ശ്രദ്ധ അദ്ദേഹത്തിൽനിന്നു ലഭിച്ചു. ഉപരിപഠനത്തിനായി പല യുവാക്കന്മാരെ അദ്ദേഹം ധനംകൊണ്ടു സഹായിച്ചിരുന്നു. അങ്ങിനെ സഹായിക്കുന്നതിന് മററു വ്യക്തികളെയും സ്ഥാപനങ്ങളെയും പ്രേരിപ്പിക്കുകയും ചെയ്തിരുന്നു. എസ്സ്. എൻ. ഡി. പി. യോഗം ആദ്യംമുതൽ സഹായം അൎഹിക്കുന്ന വിദ്യാൎത്ഥികൾക്കു വേതനം നല്കി വന്നിട്ടുണ്ട്.

അദ്ദേഹത്തിനു സമൎപ്പിച്ച ഒരു മംഗളപത്രത്തിനു മറുപടിയായി ഒരിക്കൽ ഇങ്ങനെ പറഞ്ഞിട്ടുണ്ട്:—"നമ്മുടെ സമുദായത്തിൽ ഉയൎന്നതരം വിദ്യാഭ്യാസമുള്ളവർ വളരെ ചുരുക്കംപേർ മാത്രമേയുള്ളു. ഇപ്പോൾ ഏതാനും കൊല്ലങ്ങളായി നമ്മുടെ സമുദായാംഗങ്ങൾക്കു വിദ്യാഭ്യാസത്തിൽ അഭിരുചി ജനിച്ചുകാണുന്നുണ്ടു്. ഇതു സന്തോഷകരംതന്നെ. വിദ്യാഭ്യാസം ഏതു സമുദായത്തെയും ഉന്നതിമാൎഗ്ഗങ്ങളിലേക്കു നയിക്കുന്ന ഒന്നാകയാൽ നാം സമുദായാഭിവൃദ്ധിയെ കാംക്ഷിക്കുന്നുണ്ടെങ്കിൽ

വിദ്യാഭ്യാസത്തിന്ന് നമ്മുടെ ഇടയിൽ ധാരാളം പ്രചാരം ഉണ്ടാക്കുവാൻ ശ്രമിക്കണം. ഉയന്നതരം പരീക്ഷകൾ ജയിക്കുന്നതിന്ന് എല്ലാവക്കും സാദ്ധ്യമായി എന്നു വരികയില്ല. അതിനാൽ ഒരുവിധം ധനമുള്ളവർ സാധുക്കളും വിദ്യാതല്പരന്മാരുമായ വിദ്യാത്ഥികളെ കഴിയുന്നത്ര സഹായിച്ച് ഇതരദേശങ്ങളിലേക്കയച്ച് വിദ്യ അഭ്യസിപ്പിക്കുവാൻ ഉത്സാഹിക്കണം. ഇതു നമ്മുടെ സമുദായത്തിനു പലവിധത്തിലും ഗുണകരമായ ഒരു സംഗതിയായിരിക്കും. സംസ്കൃതവിദ്യാഭ്യാസത്തിൻെറ പ്രാധാന്യം കുറഞ്ഞുകുറഞ്ഞാണു കാണപ്പെടുന്നത്. ഇപ്പോൾ പ്രധാനമായി പ്രചാരത്തിൽ ഇരിക്കുന്നതായ ഭാഷ ഇംഗ്ലീഷ് ആകുന്നു. അതിനാൽ അതിലാണ് നാം നമ്മുടെ ശ്രദ്ധ പതിപ്പിക്കേണ്ടതു്. സമുദായത്തിൽ പുരുഷന്മാക്കു മാത്രമല്ല, സ്ത്രീകൾക്കും വിദ്യാഭ്യാസം ഉണ്ടായിരിക്കണം. അവരെ ഇപ്രകാരമുള്ള കായ്യങ്ങളിൽ പിന്നോട്ടു തള്ളിവിടരുതു്.

വിദ്യാഭ്യാസം കഴിഞ്ഞാൽ സമുദായാഭിവൃദ്ധിക്ക് അത്യാവശ്യമായിട്ടുള്ളതു വ്യവസായമാണ്. നമ്മുടെ സമുദായത്തിലെ ധനസ്ഥിതി വളരെ മോശമാണ്. വ്യവസായംകൊണ്ടല്ലാതെ ധനാഭിവൃദ്ധിയുണ്ടാകുവാൻ സാധിക്കുന്നതല്ല. ഇക്കായ്യത്തിലും ധനവാന്മാരുടെ ശ്രദ്ധയാണു പതിയേണ്ടതു്. പലമാതിരി യന്ത്രങ്ങൾ മുതലായവ വരുത്തി കൈപ്പണികൾ നടത്തിക്കുന്നതിനും ധനവാന്മാക്കു മാത്രമേ അധികം സാധിക്കുകയുള്ളു. ഒരാളോ അഥവാ സാധിക്കാതെ വരുന്നപക്ഷം, പലർകൂടി കമ്പനിഏപ്പെടുത്തിയോ ഇപ്രകാരമുള്ള കായ്യങ്ങളിൽ സധൈ

ത്തും വേണ്ടതു പ്രവൎത്തിക്കേണ്ടതാണു്. അഭിവൃദ്ധിമാൎഗ്ഗങ്ങൾ നേരെ കിടക്കുന്നുണ്ടെങ്കിലും അതിലേക്കു കാലുവെക്കാൻ നമ്മുടെ സമുദായാംഗങ്ങൾ ധൈൎയ്യപ്പെടുന്നില്ല. ഈ രാജ്യത്തു ധാരാളമുണ്ടാകുന്ന കൊപ്ര, ചകരി മുതലായവ അന്യദേശങ്ങളിൽ അയച്ചു് അവിടെ അവർ രൂപാന്തരപ്പെടുത്തുന്നതിനു വളരെ കൂടുതൽ വിലകൊടുത്തു നാം വാങ്ങിച്ചുപയോഗിക്കുന്നു. ഈപ്രകാരം ചെയ്യേണ്ടിവരുന്നതു് അതുകളെ രൂപാന്തരപ്പെടുത്തേണ്ട മാതിരി നമുക്കറിവാൻ പാടില്ലാഞ്ഞിട്ടാണു്. ഇതിന്റെ നിവാരണത്തിനുവേണ്ടി നമ്മുടെ കുട്ടികളെ വ്യവസായശാലകളിൽ അയച്ചു പഠിപ്പിക്കണം. ഇതും ധനവാന്മാരുടെ മുറയാണു്. ഇതുകൂടാതെ പ്രാഥമിക വിദ്യാഭ്യാസമെങ്കിലും എല്ലാവൎക്കും ഉണ്ടായിരിക്കണം. നമ്മുടെ സമുദായത്തിൽ ധനസ്ഥിതികൊണ്ടു് ഒന്നാമത്തെ സ്ഥാനത്തിനു് അൎഹരായിട്ടുള്ളവർ കാൎത്തികപ്പള്ളി താലൂക്കുകാരാണു്.

സാഹിത്യസംഘങ്ങളും വായനശാലകളും ഓരോ ദേശങ്ങളിലും പ്രത്യേകം ഉണ്ടായിരിക്കേണ്ടതും അതുകൾ മൂലം വിദ്യാഭ്യാസവിഷയത്തിൽ സമുദായത്തിനു വളരെ അഭിവൃദ്ധിയുണ്ടാകാൻ ഇടയുള്ളതുമാകുന്നു. സാഹിത്യസംഘങ്ങളും വായനശാലകളും പ്രബലപ്പെടുന്നതിനു് സമുദായാംഗങ്ങൾ ഓരോരുത്തരും യത്നിക്കേണ്ടതാണു്. ഇങ്ങനെയുള്ള കാൎയ്യങ്ങളിൽ ധനവാന്മാർ മൗനാവലംബികളായിരിക്കുന്നതു തീരെ പോരാത്തതാണു്."

സംസ്ഥാനത്തെ താഴ്ന്ന ജാതിക്കാൎക്കു് പൊതുവിദ്യാലയങ്ങളിൽ പ്രവേശനമുണ്ടായിരുന്നില്ലെന്നുള്ള വസ്തുത

ഓർത്താൽ അദ്ദേഹത്തെ അഭിമുഖീകരിച്ച മററാരു വലിയ പ്രതിബന്ധം എന്തായിരുന്നു എന്നു മനസ്സിലാക്കാം. ഗുരുദേവൻെറ സധീരമായ നേതൃത്വത്താൽ ഉള്ള ഉദ്ബോധകതയോടും ഇതരസംഘടനയുടെ പിൻതുണയോടുംകൂടി എസ്സ്. എൻ. ഡി. പി. യോഗം ഈവിധമുള്ള അസമത്വങ്ങളുടെയും അനീതികളുടെയും നേക്ക് ശക്തിമത്തായ പ്രക്ഷോഭണം നടത്തുകയും തൽഫലമായി അധികതാമസംകൂടാതെ മിക്ക സ്കൂളുകളിലും ജാതിവ്യത്യാസം നോക്കാതെ എല്ലാവക്കും പ്രവേശനം അനുവദിക്കപ്പെടുകയും ചെയ്തു.

കയറു പിരിക്കുന്ന തൊഴിലിലും ഗുരുദേവൻ വിദഗ്ദ്ധനായിരുന്നു. അവധൂതനായി കടലോരങ്ങളിൽ സഞ്ചരിക്കുന്ന കാലത്തു് അവിടെയുള്ള പല സാധുക്കൾക്കും കയററുപണി ശീലിപ്പിച്ചുകൊടുക്കുകയും അവക്ക് അതൊരു ഉപജീവനമാഗ്ഗമായിത്തീരുകയും ചെയ്തിട്ടുണ്ടു്. കൃഷിസംബന്ധമായും വ്യവസായസംബന്ധമായും അദ്ദേഹത്തോടു് അഭിപ്രായം ചോദിച്ചു് അതനുസരിച്ച പ്രവത്തിച്ചതുമൂലം ധനികന്മാരായിത്തീന്നിട്ടുള്ളവരും കുറച്ചൊന്നുമല്ല. ഒരവസരത്തിൽ ഗുരുദേവനിൽ അതിഭക്തിയുണ്ടായിരുന്ന ഒരു വൃദ്ധൻ തൻെറ ദാരിദ്ര്യത്തിനു് എന്തെങ്കിലും നിവാരണം ഉണ്ടാക്കിത്തരണമെന്നു് അപേക്ഷിച്ചു. ഗുരുദേവൻ അടുത്തുണ്ടായിരുന്ന കുന്നിനെ ചൂണ്ടിക്കാണിച്ചു് അതിൻെറ ചരുവിലുള്ള കുററിക്കാടുകൾ വെട്ടിനീക്കി കൃഷിചെയ്യുവാൻ ഉപദേശിച്ചു. അന്നു് ആ സ്ഥലം ഗവർമ്മെൻറു സ്ഥലമായിരുന്നെങ്കിലും ആ ഭക്തൻ

ഗുരുദേവൻ പറഞ്ഞതുപോലെ ചെയ്തു. പിന്നീടു് ആ സ്ഥലം അയാളുടെ പേരിൽ പതിപ്പിച്ചു വാങ്ങുവാൻ അയാൾക്കു സാധിച്ചു. ഇങ്ങനെ അയാൾ ദാരിദ്ര്യത്തിൽ നിന്നു വിമുക്തനായി. വേറെ ചിലക്കു് ഗുരുദേവൻ ചില ഔഷധങ്ങൾ പറഞ്ഞു കൊടുക്കുകയും അവക്കു് അതു് ഉപജീവനമാർഗ്ഗമായിത്തീരുകയും ചെയ്തിട്ടുണ്ടു്. കടലോരങ്ങളിൽ മുക്കുവരുടെ ഇടയിൽ സഞ്ചരിച്ചുകൊണ്ടിരുന്ന കാലത്തു് സ്വാമി അവരുടെ ഇടയിൽ ഉള്ള ദിവസങ്ങളിലെല്ലാം ധാരാളം മത്സ്യം കിട്ടുമെന്നു മുക്കുവക്കു് അനുഭവമായിരുന്നതിനാൽ ദിവസവും അവർ കടലിൽനിന്നു മടങ്ങിയാൽ ഏറ്റവും നല്ല ഒരു മീനിനെ സ്വാമിക്കു കാഴ്ച വയ്ക്കുക പതിവായിരുന്നു. തൻെറ അനുയായികളായിരുന്നവരുടെ ലൗകികമായ അഭ്യുന്നതിക്കു സഹായകമായ അഭിപ്രായങ്ങളും ഉപദേശങ്ങളുംകൊടുത്തു് അദ്ദേഹം അസംഖ്യം പേരുടെ എന്നന്നേക്കുമുള്ള ഭക്തിബഹുമാനങ്ങൾക്കു പാത്രമായിട്ടുണ്ടു്.

## യഥാർത്ഥ സ്വാതന്ത്ര്യം.

ഇപ്രകാരം ഗുരുദേവൻ ജനങ്ങളെ വിദ്യയിലും സാമ്പത്തികനിലയിലും മുമ്പോട്ടു പുരോഗമിപ്പിച്ചു് ഒരാളെയും ഉപദ്രവിക്കാതെയും ഒരാളുടെയും ആക്ഷേപത്തിനു കാരണമാകാതെയും അവരുടെ സ്വാതന്ത്ര്യം സമ്പാദിക്കുവാൻ അവരെ ശക്തരാക്കിത്തീർത്തു. അദ്ദേഹം അന്ധവിശ്വാസങ്ങളുടെയും സ്ഥാപിതതാല്പര്യങ്ങളോടുകൂടിയ സാമുദായികശക്തികളുടെയും കോട്ടകൾ തള്ളിയിട്ടതു് അവയെ ബലാൽ തല്ലിപ്പൊളിച്ചിട്ടല്ല. അവയുടെ ആശ്രയ

ത്തിൽനിന്നു് തന്റെ അനുയായികളെ വിമുക്തരാക്കിയി ട്ടായിരുന്നു. സന്മനസ്സില്ലാത്ത ഒരു യാഥാസ്ഥിതികഗവ ൺമെന്റു് മർദ്ദിതജനങ്ങളോടു് ന്യായം പ്രവർത്തിക്കാൻ വീ ണ്ടും വീണ്ടും നിർബന്ധിതരാക്കപ്പെട്ടു. നിശ്ശബ്ദമായും നിരാഡംബരമായും ഗുരുദേവൻ ചെയ്തിരുന്ന പ്രവൃത്തിയു ടെ സ്ഫടികമാനമായ പരിശുദ്ധതയും പരിപാവനമായ മഹനീയതയുംമൂലം ഉയർന്ന ജാതികളുടെയും പ്രബലസമു ദായങ്ങളുടെയും എതിർപ്പിനു ജീവനില്ലാതെയായി. ആരെ യും കൂസാത്ത സ്വാതന്ത്ര്യസ്വഭാവത്തോടും എല്ലാ ബാഹ്യ ശക്തികളിൽനിന്നും വിമുക്തരാകുവാനുള്ള കത്തിക്കാളുന്ന ആകാംക്ഷയോടും കൂടിയവരും വിശ്വാസത്തിലും അഭിപ്രാ യത്തിലും അതിരില്ലാത്ത വ്യക്തിസ്വാതന്ത്ര്യം അനുവദിച്ചു കൊടുക്കുന്നവരുമായ ഒരു ജനത ഇൻഡ്യയിലുണ്ടെങ്കിൽ അതു് ഗുരുദേവന്റെ വമ്പിച്ച അനുയായിസംഘമാണു്. അവരുടെ ഇടയിൽ ഹിന്ദുക്കളും, ബൗദ്ധരും, നിരീശ്വര വാദികളും, ശൂന്യവാദികളും, ക്രിസ്ത്യാനികളും, മുഹമ്മദീ യരും, ഒരു ജാതി, ഒരു മതം, ഒരു ദൈവം എന്നു വിശ്വ സിക്കുന്നവരുമുണ്ടെങ്കിലും സ്വതന്ത്രരായി ജീവിക്കുവാനു ള്ള ആഗ്രഹത്തിൽ അവർ ആവക വ്യത്യാസങ്ങളെല്ലാം വിസ്മരിക്കുന്നു. ഗുരുദേവന്റെ ഉപദേശങ്ങൾ ഉളവാ ക്കിയിട്ടുള്ള വിമർശനബുദ്ധി അവരെയെല്ലാം ബാധിച്ചി ട്ടുള്ളതിനാൽ ഇന്നു് ഇൻഡ്യയിലുള്ള ജനങ്ങളിൽ അവ ർക്കാണധികം ചിന്താസ്വാതന്ത്ര്യവും അഭിപ്രായ സ്വാത ന്ത്ര്യവും ഉള്ളതെന്നു പറയണം. ഗുരുദേവന്റെ അഭൂത പൂർവ്വമായ ഈ കർമ്മപരിപാടിയിൽ സ്നേഹത്തിന്റെയും സത്യത്തിന്റെയും സാദ്ധ്യതകൾ വിജയപൂർവ്വം പ്രത്യക്ഷ

പ്പെട്ടിരിക്കുന്നു. കേരളത്തിലെ അധഃകൃതരുടെ മോചന മാർഗ്ഗം കണ്ടുപിടിച്ചതുമൂലം ഗുരുദേവൻ ഇന്നത്തെ വലിയ ലോകപ്രശ്നങ്ങൾക്കുള്ള സമാധാനവും നമുക്കു പ്രദാനം ചെയ്തിരിക്കുന്നു.

---

VII

# വിജയം.

## പ്രതിബന്ധങ്ങൾ—അപരിത്യാജ്യങ്ങൾ.

ഗുരുദേവൻെറ ജീവിതപരിപാടിയുടെ അന്ത്യഘട്ടത്തിലേക്കാണ് ഇനി നാം പ്രവേശിക്കാൻ പോകുന്നതു്. അതായതു് അതിലെ പ്രതിബന്ധങ്ങളും, അന്ത്യവിജയവും എല്ലാ വിജയത്തിനും ത്യാഗങ്ങൾ അപരിത്യാജ്യങ്ങളാണ്. ഇതേവരെ നാം വിവരിച്ചിട്ടുള്ള ഫലപ്രദങ്ങളായ കർമ്മങ്ങളും സാധിച്ചിട്ടുള്ള കാര്യങ്ങളും ഗുരുദേവൻെറ അവസാനത്തെ മഹാവിജയത്തിനുള്ള ഒരുക്കങ്ങളാണ്. കേരളത്തിലെ ഒരു ചെറിയ സമുദായത്തിൻെറ സാമുദായികവും സാമ്പത്തികവുമായ ഉൽക്കർഷം സാധിക്കുന്നതിനുവേണ്ടി മാത്രമാണ് ഗുരുദേവൻ ജനിച്ചതെങ്കിൽ ആ കർമ്മം എത്രതന്നെ മഹനീയമായിരുന്നാലും, അതിൽ അദ്ദേഹത്തിനു പ്രാപ്തമായ വിജയം എത്രതന്നെ അത്ഭുതാവഹമായിരുന്നാലും, അങ്ങിനെയുള്ള ഒരാൾ ലോകത്തിലെ ഏററവും വിശിഷ്ടരായ മഹാത്മാക്കളുടെ ഇട

യിൽ ഒരു സ്ഥാനം അർഹിക്കയില്ലായിരുന്നു. ഒരടികൂടി മുന്നോട്ടുവച്ചു പരിശോധിച്ചുനോക്കിയാൽ അദ്ദേഹം ഈ പ്രത്യേകകാര്യം സാധിക്കുന്നതോടുകൂടി ലോകപ്രശ്നങ്ങൾക്കു സമാധാനമുണ്ടാക്കാനുള്ള ശരിയായ മാർഗ്ഗം കാണിച്ചിട്ടുണ്ടെന്നും, യഥാർത്ഥസുഖപ്രാപ്തിക്കായി ലോകത്തിലെ ഏതു ജനങ്ങൾക്കും ഉപയോഗിക്കാവുന്ന ഒരു പരിപാടി അദ്ദേഹം നമുക്കു നല്കിയിട്ടുണ്ടെന്നും, ലോകസമാധാനത്തിനു നിദാനമായ ദൈവികധർമ്മങ്ങളെ അദ്ദേഹം പ്രത്യക്ഷമാക്കിയിട്ടുണ്ടെന്നും നമുക്കു കാണ്മാൻ സാധിക്കും. ഇത്രമാത്രമല്ല അദ്ദേഹത്തിന്റെ ജീവിതത്തിനു് ഇതിനെക്കാൾ എല്ലാം പ്രധാനമായ ഒരു വശംകൂടിയുണ്ടു്. അതു് മനുഷ്യജീവിതത്തിലെ പരമലക്ഷ്യമായി അദ്ദേഹം നമുക്കു നല്കിയിട്ടുള്ള മഹത്തരമായ ആദർശമാകുന്നു. ജ്ഞാനസ്നാനം, പർവ്വതപ്രസംഗം, അത്ഭുതപ്രവൃത്തികൾ, രോഗശാന്തിയുണ്ടാക്കൽ മുതലായവ ക്രിസ്തുവിന്റെ ജീവിതത്തിലെ നിത്യപ്രാധാന്യമുള്ള സംഗതികളല്ല. മനുഷ്യരുടെ രക്ഷയ്ക്കായി കുരിശിന്മേൽ രക്തംചൊരിഞ്ഞു് ഈശ്വരാർപ്പണമായി ജീവനെ ബലികഴിച്ചതാണു് മോക്ഷമാർഗ്ഗത്തിലെ പരമോൽകൃഷ്ടമായ ത്യാഗത്തെ കാണിക്കുന്നതു്. ഗുരുദേവന്റെ ജീവിതത്തിലും അപ്രകാരംതന്നെയായിരുന്നു. പക്ഷെ അദ്ദേഹത്തിന്റെ ജീവിതത്തിൽ സ്ഥൂലമായ ഒരു കുരിശോ ശാരീരികമായ മരണമോ അല്ല അന്ത്യവിജയത്തെ സൂചിപ്പിക്കുന്നതു്. അതു് ഭാവിനാഗരികതയുടെ മുദ്രാവാക്യമായി അദ്ദേഹം മുൻനിറുത്തിയ ആദർശത്തെ മുറുകിപ്പിടിച്ചു് അതിനെ സംരക്ഷിക്കാനായി എന്തു ത്യാ

ഗവും ചെയ്യുവാനുള്ള സന്നദ്ധതയോടുകൂടിയ അദ്ദേഹത്തിൻെറ പ്രൗഢമായ നിലയും ആത്മാർപ്പണവുമാകുന്നു.

## ഗുരുദേവൻെറ ലക്ഷ്യം.

ഗുരുദേവൻ തൻെറ അനുയായികൾക്ക താൻമൂലമുണ്ടായിട്ടുള്ള അഭ്യുന്നതിയിൽ തൃപ്തനായി, മേലിൽ അവർ അവരുടെ ഭാഗധേയം നേടിക്കൊള്ളട്ടെ എന്നു വിചാരിച്ചു വിരമിച്ചിരുന്നെങ്കിൽ പോലും അദ്ദേഹം ലോകത്തിലെ നേതൃവര്യന്മാരിൽ ഒരാളായി കരുതപ്പെട്ടുമായിരുന്നു. പക്ഷെ വിജയലബ്ധിയിൽ സന്തുഷ്ടരായി സുഖിക്കുവാനല്ല, എല്ലാവരുടെയും രക്ഷയ്ക്കു് ആവശ്യമായ ത്യാഗങ്ങൾ വരിക്കാനാണു് അദ്ദേഹം തൻെറ അനുയായികളോട്ടു് ആജ്ഞാപിച്ചതു്. കേരളത്തിലെ അധഃകൃതജനങ്ങളെ അവർ അനേക നൂററാണ്ടുകളായി അനുഭവിച്ചുപോന്ന അധഃപതനത്തിൽനിന്നു രക്ഷിച്ചതു് അവർ സുഖമായിരിക്കാൻ മാത്രമായിട്ടല്ല, അവർമൂലം അവരെപ്പോലെ പരാശ്രയത്തിൽ കിടന്നു് ശ്വാസംമുട്ടുന്ന ഇതരജനങ്ങൾക്കും മോചനം ലഭിക്കുന്നതിനുകൂടിയായിരുന്നു. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആദർശങ്ങളെ വീണ്ടും പ്രഖ്യാപനം ചെയ്യുകയും ലോകജീവിതത്തിൽ അവയെ പ്രായോഗികമാക്കിത്തീർക്കാനുള്ള ഒരു പുതിയ പദ്ധതി കാണിച്ചുകൊടുക്കയും ചെയ്യുക അത്യാവശ്യമായിരുന്നു. മാനവസമുദായത്തിൽ സൃഷ്ടിപരമായ സർവ്വസാഹോദര്യം സ്ഥാപിക്കുന്നതിനു് മുഹമ്മദുനിബി ആരംഭിച്ച പ്രസ്ഥാനത്തെ കാലത്തിനൊത്ത വിധം വിക

സിപ്പിച്ചു് പരിപോഷിപ്പിക്കാനുണ്ടായിരുന്നു. പൂർവ്വകാലങ്ങളിലെ ആചാര്യന്മാർ കാണിച്ച പുരോഗമനമാർഗ്ഗങ്ങളിൽക്കൂടി പ്രയാണം ചെയ്തിരുന്ന ജനങ്ങൾ എങ്ങിനെയോ വഴിപിഴച്ചു് എവിടെയോ ചെന്നുമുട്ടി ഒന്നായി പിൻവാങ്ങി പകച്ചു നിന്നിരുന്നതിനാൽ ലക്ഷ്യത്തിലേക്കു് അവരെ വീണ്ടും അനയിക്കുന്നതിനു് പഴയമാർഗ്ഗങ്ങളെ തുടൎന്നു് ഭാവി നൂററാണ്ടുകളിൽ ആവശ്യമായ പുതിയ പന്ഥാവുകൾ തെളിക്കേണ്ടിയിരുന്നു. ഈ കാര്യങ്ങൾ സാധിക്കുന്നതിനായി ഗുരുദേവൻ നിശ്ശബ്ദമായി തൻെറ ആദർശങ്ങളെ സ്ഥാപിക്കുവാൻ ഒരുങ്ങി.

## ജാതി മത നിഷേധം.

അന്ത്യദശയിൽ അദ്ദേഹം തൻെറ അനുയായികൾക്കു നല്കിയ സന്ദേശം ഇടിത്തീ വീണതുപോലെ അവരെ സ്തംഭിപ്പിച്ചു. നാം നിങ്ങളുടെ സമുദായത്തിൽ ഇല്ല. നമ്മുടെ സമുദായം ലോകമാകുന്നു. നാം ഈ ജാതിയിലൊ ആ മതത്തിലൊ ഉള്ള ആളാണെന്നു് നിങ്ങൾ പലരും ഇപ്പോഴും വിചാരിക്കുന്നു. അതു ശരിയല്ല. നമുക്കു പ്രത്യേക സമുദായമോ മതമോ ഇല്ല. ആ മാതിരി വ്യത്യാസങ്ങൾ നാം ഉപേക്ഷിച്ചിട്ടു് വളരെക്കാലമായി. നമ്മുടെ ആശ്രമത്തിൽ ചേരുന്നവൎക്കും ഈ മാതിരി ചിന്തകൾ പാടില്ലെന്നു നാം നിഷ്കൎഷിച്ചിരിക്കുന്നു. ഗുരുദേവൻെറ നേതൃത്വത്താലും സ്വാധീനശക്തിയാലും ലോകത്തിൽ തങ്ങൾക്കുള്ള വിലയും നിലയും പുഷ്ടിപ്പെടുത്തുവാൻ സാധിച്ച സമുദായം അവരുടെ

ക്ഷേത്രങ്ങൾ, സ്കൂളുകൾ, യോഗങ്ങൾ മുതലായവപോലെ ഗുരുദേവനും അവരുടെയാണെന്നു വിചാരിച്ചുവന്നു. അവർ അവരുടെ വക എല്ലാ വലിയ സ്ഥാപനങ്ങളും അദ്ദേഹത്തിൻെറ പേരിലും അദ്ദേഹവുമായി നേരിട്ടു ബന്ധപ്പെട്ട വിധത്തിലും സ്ഥാപിച്ചുതുടങ്ങി. അദ്ദേഹം തങ്ങൾക്കു പ്രത്യേകമായുള്ള നേതൃവര്യനും, തങ്ങളെ രക്ഷിക്കാനായി ഈശ്വരൻ അയച്ചിട്ടുള്ള പ്രവാചകനും ആണെന്നു് അവർ വിചാരിച്ചു. അവരുടെ ഈ വിചാരഗതിക്കു സമാധാനമായി ഗുരുദേവൻ പറഞ്ഞതു് "നാം നിങ്ങളുടെ കൂട്ടത്തിലില്ല. ലോകമെല്ലാം നമ്മുടെയാണു്." എന്നായിരുന്നു.

ഇന്ത്യയിലെ ഇതരജനങ്ങൾ പണ്ടു് എല്ലാ കാലത്തും ചെയ്തിട്ടുള്ളതും, ഇന്നും ചെയ്തുവരുന്നതുംപോലെ ഗുരുദേവൻെറ അനുയായികളും ഒരു പ്രത്യേക ജാതിയായി സംഘടിക്കയായിരുന്നു. ഇവരും പ്രബല സമുദായങ്ങൾ ചെയ്യുന്നതുപോലെ എല്ലാ ശക്തിയും സ്വാധീനവും ഉപയോഗിച്ചു് തങ്ങളെക്കാൾ ദുർബലരായവരെ ചൂഷണം ചെയ്യുവാൻ ആരംഭിച്ചിരുന്നു. ചുററുമുള്ള ഇതരസമുദായങ്ങൾ ചെയ്തിരുന്നതുപോലെ തങ്ങളും മററു ജനങ്ങളെ കുതിര കയറി ഏതുവിധമെങ്കിലും ലൗകികമായ പ്രാമാണ്യം നേടുന്നതാണു പരമോദ്ദേശ്യമെന്നു് അവർ ധരിച്ചിരുന്നു. ലോകത്തിലെ കുതന്ത്രങ്ങളിലും കുനയങ്ങളിലും അവക്കു വിശ്വാസം വദ്ധിച്ചുകൊണ്ടിരുന്നു. ഗുരുദേവൻെറ ഉൽകൃഷ്ടാദർശങ്ങൾ അപ്രായോഗികങ്ങളായ കിനാവുകളാണെന്നു് അവക്കു തോന്നിത്തുടങ്ങി. ജാതിക്കോട്ടയെ അവർ പൂർവ്വാധികം ബലപ്പെടുത്തി. അവർ മററു

ള്ളവരിൽ നിന്ന ഭിന്നമാണെന്നു കാണിക്കുന്ന മതിലുകൾ ഉയൻറുവന്നു. അപ്പോൾ ഗുരുദേവൻ അവരുടെ ഈ അഭിപ്രായത്തെ ഗംഭീരമായി പ്രതിഷേധിച്ചു. "നാം നിങ്ങളുടെ ജാതിയല്ല. നമുക്കു ജാതിയില്ല. നാം മനുഷ്യജാതിയിൽ പെട്ടതാണ്." തൻെറ ആദർശത്തിൽ നിന്നും ലക്ഷ്യത്തിൽ നിന്നും പിഴച്ചു നടക്കുന്നവരെ അദ്ദേഹം കൈവിട്ടു.

## വർഗ്ഗീയമനോഭാവത്തെ ആക്ഷേപിക്കുന്നു.

ദീർഘകാലം വിജയപൂർവ്വം പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള ഗുരുദേവൻെറ അനുയായികളുടെ "യോഗം" ഇന്ത്യയിലെ ജനകീയ സംഘടനകളിൽ വച്ചു് ഏററവും സംഖ്യാബലമുള്ള ഒരു സംഘമായിത്തീർന്നിരുന്നു. നികൃഷ്ടമായ ആരാധനകളിൽ നിന്നു് ജനങ്ങളെ പിൻതിരിപ്പിക്കുന്നതിനു ക്ഷേത്രങ്ങൾ ആവശ്യമാണെന്നു കണ്ടപ്പോൾ അവക്കായി ഗുരുദേവൻ സ്ഥാപിച്ചുകൊടുത്ത അനേകം ക്ഷേത്രങ്ങളുണ്ടായിരുന്നു. മുടന്തന്മാരുടെ വടിപോലെയുള്ള ഈമാതിരി ബാഹ്യാശ്രയങ്ങളെ ഉപേക്ഷിച്ചു ശക്തരും സ്വതന്ത്രരുമായ മനുഷ്യരെപ്പോലെ തന്നോടൊപ്പം മുന്നോട്ടുവരുവാനായി ഗുരുദേവൻ തൻെറ അനുയായികളോടു് ആവശ്യപ്പെട്ടു. "ജാതി ജയിലിൽ നിന്നു് നിങ്ങളെയും നിങ്ങളെപ്പോലെ അതിൽ കുടുങ്ങിയിട്ടുള്ള മററുള്ളവരെയും രക്ഷിക്കാനുദ്ദേശിച്ചു് നാം സ്ഥാപിച്ച ഈ യോഗം നിങ്ങൾ നിങ്ങളുടെ വകയായ മറെറാരു ജാതി ജയിലാക്കിത്തീർക്കുവാനാണോ നാം നിങ്ങളെ ഏല്പി

ച്ചതു്? നിങ്ങൾ യോഗത്തിൻെറ മതിൽക്കെട്ടിനുള്ളിലിരുന്നു നമ്മുടെ പേരിൽ ലോകത്തിലെ സുഖങ്ങൾ അനുഭവിക്കണമെന്നു വിചാരിച്ചാണോ നാം നിങ്ങളുടെ ഈ യോഗം ഏൎപ്പെടുത്തിയതു്? ഒരിക്കലുമല്ല; യോഗകവാടങ്ങൾ വിശാലമായി തുറന്നിടുക. ലോകത്തിലുള്ള ആൎക്കും അതിൽ പ്രവേശനം അനുവദിക്കുക." ഇപ്രകാരമായിരുന്നു ഗുരുദേവൻെറ അഭിലാഷം, ഇതറിഞ്ഞു ജനങ്ങൾ പിറുപിറുക്കാൻ ആരംഭിച്ചു. യോഗം അവരുടെ ഏററവും മഹത്തായ നേട്ടമായിരുന്നു. അവരുടെ സമുദായത്തിനു് അതുമൂലം ഉണ്ടാകുന്ന ലൗകികഗുണങ്ങളെ ഉപേക്ഷിക്കാൻ അവൎക്കു ധൈൎയ്യമുണ്ടായിരുന്നില്ല. ഗുരുദേവനിൽനിന്നു് ഉണ്ടായിട്ടുള്ള അനുഗ്രഹങ്ങളെ ഇതരസമുദായങ്ങളുമായി സഹകരിച്ചു് അനുഭവിക്കുവാൻ ശ്രമിക്കുന്നതു് ബുദ്ധിപൂൎവ്വമായിരിക്കുമോ എന്നു് അവർ സംശയിച്ചു് മററെല്ലാ സമുദായങ്ങളും അവരവരുടെ ജാതിക്കോട്ടകൾക്കുള്ളിൽ കേന്ദ്രിച്ചുവരുകയായിരുന്നു. ഈ രാജ്യത്തു് ഇത്രത്തോളം ആവശ്യവും ന്യായവുമായ ജാതിഭിത്തികൾകൂടാതെ ഗുരുദേവൻെറ അനുയായികൾക്കുമാത്രം ജീവിക്കുവാൻ സാധിക്കുന്നതെങ്ങിനെ? അവൎക്കു് അതു് തീരെ അസാദ്ധ്യമായിത്തോന്നി. അവർ സമുദായക്കോട്ടയുടെ കവാടങ്ങൾ ബന്ധിച്ചു. അതിൻെറ പൂട്ടുകൾ ബലപ്പെടുത്തി അതിൻെറ ഉള്ളിലിരുന്നു സങ്കുചിതമായ ജാതിമതവിചാരങ്ങളുടെ ബന്ധനം വരിക്കുന്നതു ഗുരുദേവനു സമ്മതമല്ലായിരുന്നു. അദ്ദേഹം അതിൻെറ പുറത്തായി.

## ക്ഷേത്രങ്ങളിലെ വിപ്ലവം.

ഗുരുദേവൻ സ്ഥാപിച്ച ക്ഷേത്രങ്ങൾ പഴയ ഹൈന്ദവ ക്ഷേത്രങ്ങളുടെ നയം അനുകരിച്ചുതുടങ്ങി. അവിടെയും ജാതിവ്യത്യാസങ്ങൾ കടന്നുകൂടി. മതങ്ങൾ തമ്മിലുള്ള വിരോധം തീരെ മാഞ്ഞുപോയിരുന്നില്ല. ആരാധനാമൂർത്തികളെ പഴയ മാമൂൽപ്രകാരമുള്ള വേഷങ്ങൾ അണിയിക്കുന്നതു പതിവായിത്തീർന്നു. അനാവശ്യമായ തന്ത്രങ്ങളും ചടങ്ങുകളും വർദ്ധിച്ചുവന്നു. ഈ തലകീഴായ പുരോഗമനത്തെ തടയേണ്ട കാലം അതിക്രമിച്ചിരുന്നു. അപ്പോൾ അദ്ദേഹം തന്റെ അഭിപ്രായത്തെ വ്യക്തമാക്കി. "നാം നിങ്ങൾക്ക ജാതിദൈവത്തെയല്ലാ എല്ലാ ഭക്തജനങ്ങളുടെയും ദൈവത്തെയാണു് പ്രതിഷ്ഠിച്ചുതന്നിട്ടുള്ളതു്. പ്രവേശിക്കുവാൻ ആഗ്രഹിക്കുന്നവർക്കെല്ലാം ക്ഷേത്രദ്വാരങ്ങൾ തുറന്നുകൊടുക്കുക." ഇതു കേട്ടപ്പോൾ ചിലർ സംശയഗ്രസ്തരായി വാതലുകൾ തുറക്കാതെ പഴയപടി അടച്ചിട്ടു. കുറച്ചുപേർമാത്രം ഗുരുദേവന്റെ ആജ്ഞയെ വണങ്ങി ക്ഷേത്രവാതിലുകൾ എല്ലാവർക്കുമായി തുറന്നിട്ടു. അപ്പോൾ ഗുരുദേവൻ തന്റെ മനസ്സു് ഒന്നുകൂടി തുറന്നു പ്രസ്താവിച്ചു. "നിങ്ങൾക്കു് ക്ഷേത്രങ്ങൾ ധാരാളമായി. എവിടെവച്ചും ദൈവത്തെ ആരാധിക്കാം. ഒരു ചെറിയ പ്രാർത്ഥനാമന്ദിരം മതിയല്ലൊ. പ്രയാസംകൂടാതെ നിർമ്മിക്കുകയും നടത്തിക്കൊണ്ടുപോകയും ചെയ്യാം. ബിംബം ആവശ്യമില്ല. ആദർശങ്ങളാണു പ്രധാനമായിട്ടുള്ളതു്. ആദർശങ്ങളെ ആരാധിക്കുക. സത്യം, സ്നേഹം, ധർമ്മം എന്ന മുദ്രാവാക്യങ്ങൾ ക്ഷേത്രത്തിൽ എഴുതിവയ്ക്കുക. എന്നിട്ടു്

ഈ വിശിഷ്ടഗുണങ്ങളെ പരിശീലിക്കുക. ലോകത്തിലെ എല്ലാം ബിംബങ്ങളും കൂടിയാൽ ഇത്ര ഗുണമില്ല." അതനുസരിച്ചു ബിംബങ്ങളില്ലാത്ത ക്ഷേത്രങ്ങൾ അദ്ദേഹം ഏർപ്പെടുത്തി. അതുകൊണ്ടും തൃപ്തനായില്ല. "ചുവരിന്മേൽ ആദർശങ്ങൾ എഴുതിവച്ചതുകൊണ്ടുമാത്രം പ്രയോജനമില്ല. അതു നിങ്ങളുടെ ഹൃദയങ്ങളിൽ പതിയണം. ഇതുവരെ നിങ്ങൾ ബിംബങ്ങളെ ആരാധിച്ചിരുന്നു. ഇപ്പോൾ നിങ്ങൾ അക്ഷരങ്ങളെ (ലിപികളെ) ആരാധിക്കുന്നു. രണ്ടും അവാസ്തവങ്ങളാണു്. ഈശ്വരൻ നമ്മിൽതന്നെയാണു്. നമ്മുടെ ഹൃദയങ്ങളിൽ ക്ഷേത്രം നിർമ്മിച്ചു് അവിടെ ഈശ്വരനെ ഭജിക്കണം. അതാണു് ശരിയായ ആരാധന. മററുള്ളതെല്ലാം നാമമാത്രങ്ങളാണു്." അതുകൊണ്ടു ക്ഷേത്രത്തിൽ ബിംബത്തിൻെറയും മുദ്രാവാക്യത്തിൻെറയും സ്ഥാനത്തു് ഒരു കണ്ണാടിവച്ചാൽ കൊള്ളാമെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു. അതു നമ്മെത്തന്നെ യഥാർത്ഥസ്വരൂപത്തിൽ കാണിച്ചുതന്നു് നമ്മുടെ ഓരോരുത്തരുടെയും ആത്മീയസ്വഭാവംപോലെയായിരിക്കും നമ്മുടെ ദൈവവും എന്നുള്ള പരമാർത്ഥം നമ്മെ ഓർമ്മപ്പെടുത്തുന്നു. ഈശ്വരൻ ക്ഷേത്രത്തിലല്ല അധിവസിക്കുന്നതു്; പരിശുദ്ധ ഹൃദയങ്ങളിലാണു്.

എന്തൊക്കെയായാലും ഈശ്വരൻെറ ആവശ്യത്തിനല്ലല്ലൊ ക്ഷേത്രങ്ങൾ പ്രതിഷ്ഠിക്കുന്നതു്. അവ പുരോഗമിച്ചുകൊണ്ടിരിക്കുന്ന മനുഷ്യർക്കു വഴിയരുകിലുള്ള വിശ്രമസ്ഥലങ്ങൾപോലെയാണു്. അവ ജനങ്ങളിൽ ധർമ്മബോധംഉളവാക്കി കർത്തവ്യനിർവ്വഹണത്തിനായി അവരെ

സംഘടിപ്പിക്കുന്ന ധ്വജസ്തംഭങ്ങളാണു്. ഈശ്വരൻെറയും ധർമ്മത്തിൻെറയും പേരിൽ ക്ഷേത്രത്തിൽ വന്നുചേന്നാൽ ക്ഷേത്രത്തിനു വെളിയിൽ പോകുമ്പോൾ ജീവിതത്തിൽ നിർവ്വഹിക്കേണ്ട കാര്യങ്ങളെക്കുറിച്ചാണു് വിചിന്തനം ചെയ്യേണ്ടതു്. നിർവ്വഹിക്കാനുള്ള ധർമ്മങ്ങൾ ക്ഷേത്രത്തിലല്ല; അതിനു പുറത്താണു്.

ഒരിക്കൽ ഒരു ക്ഷേത്രത്തെനോക്കി ഗുരുദേവൻ ഇപ്രകാരം പറഞ്ഞു:—"ഇതു് ഒരു നല്ല ക്ഷേത്രമല്ലേ, നോക്കുക. ഇതിൻെറ നാലുപുറവും ഒരു പൂന്തോട്ടം ഉണ്ടാക്കണം. നല്ല വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചു് അതിനു ചുററും തറകൾ കെട്ടണം. അപ്പോൾ ജനങ്ങൾക്കു വന്നിരുന്നു കാററുകൊള്ളാം. എല്ലാ ക്ഷേത്രങ്ങളിലും വായനശാലകൾ ഉണ്ടായിരിക്കണം. എല്ലാ മതഗ്രന്ഥങ്ങളും ശേഖരിച്ചു പഠിപ്പിക്കണം. ക്ഷേത്രം ഒരററത്തു് അവിടെ നിന്നുകൊള്ളട്ടെ. ഭംഗിയും വൃത്തിയുമുള്ള സ്ഥലമായാൽ ജനങ്ങൾ വരും. ആരോഗ്യം വർദ്ധിക്കും. നല്ല വിചാരങ്ങൾ ഉണ്ടാവും വേണ്ടവിധത്തിൽ കൊണ്ടുപോകണം. ശിവഗിരിയിൽതന്നെ എത്ര ആളുകൾ വന്നു താമസിച്ചു് രോഗം മാറിപ്പോകുന്നു. കുളിച്ചു് വൃത്തിയായി ഈശ്വരധ്യാനം ചെയ്യുകയും നല്ല കാററു് ശ്വാസിക്കുകയും ചെയ്താൽ രോഗം മാറുമല്ലോ. എല്ലാവക്കും ക്ഷേത്രം ഉണ്ടല്ലോ. ആക്ക്ാണില്ലാത്തതു്. മറെറാരവസരത്തിൽ ഒരുക്ഷേത്രപ്രതിഷ്ഠയ്ക്കായി കൂട്ടിക്കൊണ്ടു പോകാൻ ജനങ്ങൾ വന്നപ്പോൾ ഗുരുദേവൻ പറഞ്ഞു. "ബിംബപ്രതിഷ്ഠയ്ക്കുപകരം ഒരു വിളക്കു മദ്ധ്യത്തിൽ തൂക്കിയാൽ മതി. വിള

ക്ക ലക്ഷ്മിതന്നെ കുളിച്ചു തൊഴാൻ അനുമതി. എന്താ പോരയോ?"

ഭക്തൻ:—ഇതുകൊണ്ടു് ആളുകൾ തൃപ്തിപ്പെടുകയില്ല. അവക്കു് ഒരു ആരാധനാമൂർത്തി വേണം.

ഗുരുദേവൻ:—എന്നാൽ വിളക്കിനു ചുററും മഹാത്മാക്കളുടെ പടങ്ങൾ വച്ചാൽ മതിയല്ലോ.

മറെറാരു രസകരമായ സംഭവം ഇവിടെ പ്രസ്താവയോഗ്യമായിട്ടുണ്ടു്. ശിവഗിരിയുടെ ആരംഭകാലത്തു് അവിടെ ആരാധനയ്ക്കായി ജനങ്ങൾ ഒരു സ്വർണ്ണവേൽ സ്ഥാപിച്ചിരുന്നു. ഗുരുദേവഭക്തന്മാരിൽ ഒരാൾ ആ സ്വർണ്ണവേൽ എടുത്തു കാട്ടിൽ കളഞ്ഞു്; അതിനു പകരം ഗുരുദേവൻെറ പാദുകം ആ സ്ഥാനത്തുവച്ചു. മററുള്ളവർ അവനെ പിടിച്ചു് ഗുരുദേവസന്നിധിയിൽ കൊണ്ടുചെന്നു.

ഗുരുദേവൻ:—ആ വേൽ എന്തിനായിട്ടു് എടുത്തുകളഞ്ഞു?

ഭക്തൻ:—തൃപ്പാദവിഗ്രഹമല്ലാതെ ഒന്നും പൂജിച്ചുകൂടെന്നാണു് അടിയങ്ങളുടെ വ്രതം.

ഗുരുദേവൻ:—പാദുകമോ?

ഭക്തൻ:—അതു് സ്വാമിതൃപ്പാദസങ്കല്പമായി വച്ചിരിക്കുകയാണു്.

ഗുരുദേവൻ:—പാദുകം നാമാകുമെങ്കിൽ വേൽ നാമായിക്കൂടയോ?

ഇപ്രകാരം ഗുരുദേവൻ ജനങ്ങളുടെ മനസ്സ് ക്ഷേത്രങ്ങളിൽനിന്നും മതങ്ങളിൽനിന്നും "ഒരുജാതി ഒരുമതം ഒരു ദൈവം" എന്ന ആദർശത്തിലേക്കു ക്രമേണ ആനയിച്ചു.

## ക്ലേശങ്ങൾ.

ഭൂരിപക്ഷം ജനങ്ങൾക്ക് ഇതൊന്നും തൃപ്തികരമായിത്തോന്നിയില്ല. ഗുരുദേവൻ അവരുടെ പരിഭ്രമിച്ച മുഖങ്ങൾ കാണുകയും അസുഖസൂചനകളായ പിറുപിറുക്കലുകൾ കേൾക്കുകയും ചെയ്യേണ്ടിവന്നു. ഇതുകൊണ്ടൊന്നും ചലിക്കാതെ ക്ലേശങ്ങൾ സഹിച്ച് മനസ്സുള്ളവർകൂടെ വരട്ടെ എന്നു നിശ്ചയിച്ച് ഗുരുദേവൻ ദൃഢചിത്തനായി മുന്നോട്ടുതന്നെ ഗമിച്ചു. ജീവിതാരംഭംമുതൽ ചെയ്ത പരിശ്രമഫലമായുണ്ടായ മഹായോഗങ്ങളും അനേകം മററു സ്ഥാപനങ്ങളും അദ്ദേഹം കൈവെടിഞ്ഞതുപോലെ കാണപ്പെട്ടു. അപൂർവ്വം ചില സ്ഥാപനങ്ങൾ അദ്ദേഹത്തിൻെറ അധീനത്തിൽ വച്ചിരുന്നവ അന്വേഷിക്കാൻ ആരും ഇല്ലെന്ന നിലയിലായി. ശിഷ്യന്മാരായി നിന്നിരുന്നവർപോലും അദ്ദേഹത്തെ മനസ്സിലാക്കാൻ സാധിച്ചില്ല. അദ്ദേഹത്തിൻെറ പരിപാടി അവർക്കറിഞ്ഞുകൂടായിരുന്നു. തൻെറ കൂടെ വിടാതെ നിന്നിരുന്നവരെ സ്ഥാപനങ്ങളുടെ ഭരണം പലപ്രാവശ്യം ഏല്പിച്ചുനോക്കി. സംഘടിതശക്തികളുടെയും സ്ഥാപിതതാല്പര്യങ്ങളുടെയും എതിർപ്പും ജാതിമുള്ളുകളുടെ കുത്തും പ്രവർത്തകന്മാർക്ക് അസഹനീയമായിത്തീർന്നു. അതുകൊണ്ടു് ഗുരുദേവൻ ചുമതല ഏല്പിച്ചവർ അവരുടെ സ്ഥാനം വിട്ടുപോയി. ഗുരുദേവൻെറ രീതികൾക്ക് ഒരു

നെറിയും കുറിയും ഇല്ലെന്നു് അദ്ദേഹത്തിൻെറ ഏററവും അടുത്ത ശിഷ്യന്മാൎക്കുകൂടി തോന്നിയതിനാൽ അവരും എല്ലാം കൈവിട്ടു. അവരുടെ ബുദ്ധിക്കു് അതീതനായിരുന്നു ഗുരുദേവൻ. അദ്ദേഹത്തെ അനുഗമിക്കാൻ അവൎക്കു സാധിച്ചില്ല. ഏററവും ദുൎഘടമായ സന്ദൎഭങ്ങളിൽ പോലും ഗുരുദേവൻ പ്രസന്നനായി കാണപ്പെട്ടു. എതിരാളികളായി വിചാരിക്കപ്പെട്ടുന്നവരോടും അദ്ദേഹം എപ്പോഴും വാത്സല്യത്തോടും കരുണയോടുംകൂടിയിരുന്നു. തൻെറ അനുയായികളുടെ മനസ്സു് ലൗകികകാൎയ്യ സമ്പാദനങ്ങളിൽ ആണെങ്കിലും അവരുടെ ഹൃദയം തൻെറകൂടെ ഉണ്ടെന്നു് അദ്ദേഹത്തിനറിയാമായിരുന്നു. അവരുടെ മനുഷ്യസഹജമായ ദൗർബല്യം അദ്ദേഹം മനസ്സിലാക്കി അവരോടു കരുണയോടുകൂടി പെരുമാറി. പക്ഷെ അദ്ദേഹത്തിൻെറ ശിഷ്യഗണത്തിനു് ഇതു സാദ്ധ്യമല്ലായിരുന്നു. എതിരാളികളോടു മല്ലിടുവാൻ ഗുരുദേവൻ അവരെ സഹായിക്കുമെന്നു് അവർ ആശിച്ചിരുന്നു. ചുമതല കൈവെടിഞ്ഞുപോയവരും തന്നോടു പററിനിന്നവരും തമ്മിൽ ഗുരുദേവൻ ഒരു വ്യത്യാസവും കാണിച്ചില്ല. അദ്ദേഹത്തിനു് ആരോടും ദ്വേഷമുണ്ടായിരുന്നില്ല. അദ്ദേഹം എല്ലാവരെയും ഒരുപോലെ സ്നേഹിച്ചു. അദ്ദേഹം ആരെയും എതിരാളിയായി കരുതിയില്ല. അദ്ദേഹത്തിൻെറ സന്നിധാനത്തിൽ എതിർപ്പുകൾ അലിഞ്ഞുപോയി; വ്യത്യാസങ്ങൾ അപ്രത്യക്ഷമായി; എതിരാളിപ്രമുഖന്മാർപോലും ഇണങ്ങിയ പ്രാവുപോലെ വൎത്തിച്ചു. പക്ഷെ അദ്ദേഹത്തിൻെറ ലക്ഷ്യം മനസ്സിലാക്കി കാൎയ്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ ഒരൊററ

യാൾ ഉണ്ടായിരുന്നില്ല. അദ്ദേഹം എല്ലാവിധത്തിലും ഏകാകിയായിരുന്നു. അദ്ദേഹം ആരംഭിച്ച ആദർശപരമായ പരിപാടി നിർവ്വഹിക്കാനുള്ള സകലമാർഗ്ഗങ്ങളും അടഞ്ഞതുപോലെ കാണപ്പെട്ടു. ജീവിതത്തിലെ അന്ത്യദശ സമാഗതമായിരുന്നു. ഭാവിയിൽ കാര്യങ്ങൾ ശരിയായി നടന്നുപോകുന്നതിനു് അദ്ദേഹത്തിന്റെ ശക്തികൾ ഒരിടത്തും സംഘടിപ്പിക്കുകയോ ഉറപ്പിക്കുയോ ചെയ്തിരുന്നില്ല. ലൗകിക ദൃഷ്ടിയിൽ അദ്ദേഹത്തിന്റെ ഏർപ്പാടുകളെല്ലാം പാടെ കുഴപ്പത്തിലായതുപോലെ തോന്നി.

## അവസാനത്തെ ജോലി.

ഈ ഘട്ടത്തിൽ ഗുരുദേവൻ വീണ്ടും ഒരടി മുന്നോട്ടു വച്ചു. നാനാതരത്തിലുള്ള ഭാരങ്ങൾ ഒരുവിധം നീങ്ങി. ഇനി തന്റെ ഇഷ്ടംപോലെ എന്തെങ്കിലും ചെയ്യുവാനുള്ള സൗകര്യവും സ്വാതന്ത്ര്യവുമുണ്ടെന്നു കണ്ടപ്പോൾ ഗുരുദേവൻ കുഴപ്പങ്ങൾ ഇല്ലാതെ എവിടെ. എങ്കിലും വേലചെയ്യാമെന്നു വിചാരിച്ചു് തന്നെ വിട്ടുപോയിരുന്ന ശിഷ്യഗണങ്ങളെ എല്ലാം വിളിച്ചുകൂട്ടി നേതാവായി ഒരാളെ തെരഞ്ഞെടുക്കാൻ അവരോടാവശ്യപ്പെട്ടു. അവർ നേതാവിനെ അഭിപ്രായപ്പെടുകയും ഗുരുദേവൻ അയാളെ തന്റെ അനന്തരഗാമിയായി നിശ്ചയിക്കയും ചെയ്തു. സംഘടിതശക്തികൾ ഈ നിശ്ചയത്തെ ഇഷ്ടപ്പെട്ടില്ല. ഒരനന്തരഗാമിയെ നിശ്ചയിക്കണമെന്നു് അവർക്കാഗ്രഹമില്ലായിരുന്നു. ഗുരുദേവന്റെ കാലശേഷം അധികാരമെല്ലാം അവർക്കായിരിക്കുമെന്നു് അവർ പ്രതീക്ഷിച്ചിരുന്നു. ഇപ്പോൾ ഇതാ ഒരനന്തരഗാമി ആ സ്ഥാനത്തു് വാഴിക്ക

പ്പെട്ടിരിക്കുന്നു. ഈ ഏൎപ്പാട്ട് എങ്ങിനെ വിഫലമാക്കാമെന്ന് അവർ ആലോചിച്ചുതുടങ്ങി. പരസ്യമായി ഗുരുദേവനെ എതിൎക്കുന്നതു് തീരെ അചിന്ത്യമായിരുന്നു. ജനങ്ങളുടെ വിശ്വാസത്തിൽ അദ്ദേഹം ഒരു ദിവ്യപുരുഷനായിരുന്നതിനാൽ അവർ അദ്ദേഹത്തെ എതിൎക്കുവാൻ ഒരിക്കലും അനുകൂലിക്കയില്ലായിരുന്നു. അതുകൊണ്ടു് ആദ്യത്തെ ബഹളം ഒന്നു ശമിച്ചു. അനന്തരഗാമിയെ നിശ്ചയിച്ചതുകൊണ്ടു മാത്രം വലിയ കാൎയ്യമൊന്നുമില്ലെന്നു് സംഘടിത ശക്തികൾ സമാധാനിച്ചു. സമയമാകുമ്പോൾ അധികാരം കൈവശപ്പെടുത്താൻ അവൎക്കു സാധിക്കും; വേണ്ടിവന്നാൽ ദുർബലരായ ശിഷ്യന്മാരുടെ കൈയിൽ നിന്നു് ബലം പ്രയോഗിച്ചു് അധികാരം തട്ടിയെടുക്കുന്നതും പ്രയാസമല്ലായിരുന്നു. ഏതായാലും അവരുടെ അതൃപ്തിയും ഉദ്ദേശങ്ങളും അവർ രഹസ്യമായി വച്ചില്ല. ഗുരുദേവൻ, കാലമായാൽ തൽക്ഷണം തങ്ങളുടെ മേൽ ചാടിവീഴാൻ തയ്യാറായിരിക്കുന്ന സംഘടിത ശക്തികളുടെ മദ്ധ്യത്തിൽ തങ്ങൾ തീരെ നിരാലംബരാണെന്നു് ഗുരുദേവൻെറ ശിഷ്യന്മാൎക്കു തോന്നി. ഗുരുദേവൻ ഇഷ്ടംപോലെ എന്തെങ്കിലും ചെയ്യട്ടെ എന്നു വിചാരിച്ചു് അവർ ഓരോരുത്തരായി സ്ഥലം വിട്ടുപോയി. വീണ്ടും ഗുരുദേവൻ ഏകാകിയായി. കൂടെ ഒരാളും ഇല്ലാതെയായി.

ഇതെല്ലാം അറിഞ്ഞിട്ടും താൻ മനഃപൂൎവ്വം സ്വീകരിച്ചിരുന്ന പന്ഥാവിൽനിന്നു് അദ്ദേഹം അണുമാത്രം വ്യതിചലിച്ചില്ല. സ്വാർത്ഥലാഭമോഹത്തിൽ ഉല്ലാദിച്ചു

ക്ഷോഭം ഒരു ഭാഗത്തും, വെറും ഭയം മറെറാരുഭാഗത്തും ഉണ്ടാക്കിത്തീത്ത ഈ ബഹളം ഒരുവിധം ശമിച്ചു എന്നു് തോന്നിയപ്പോൾ ഗുരുദേവൻ രണ്ടാമത്തും ശിഷ്യ ഗണങ്ങളെ വിളിച്ചുകൂട്ടി അവരുടെ നേരാവുമുഖാന്തിരം ലോകനന്മയ്ക്കായി വിനിയോഗിക്കപ്പെടുന്നതിനു് തൻെറ സവ്വസ്വത്തുക്കളും അവരെ ഏല്പിച്ചു. സംഘടിതശക്തി കൾക്ക് ഇതു് തീരെ അസഹനീയമായിത്തീന്നു. അവരുടെ എല്ലാ പ്രത്യാശകളും ശിഥിലമായിപ്പോകുന്നതുപോലെ തോന്നി. ഇതേവരെയും അടിയിൽ കിടന്നു് പുകഞ്ഞിരുന്ന വിരോധം ഗുരുദേവൻെറ ഈ നിശ്ചയത്തെ എതിക്കു വാൻ തലപൊക്കി പുറത്തുവന്നു. സ്ഥാപനങ്ങളുടെ ഭര ണം സന്യാസിശിഷ്യന്മാരെ ഏല്പിക്കുവാൻ അവർ ഒരി ക്കലും സമ്മതിക്കയില്ലെന്നായി. ഭാവിഭരണത്തെപ്പററി നിശ്ചയിക്കാനുള്ള അധികാരം അവക്കാണു്. ഗുരുദേവ നല്ല. ഗുരുദേവൻ ചെയ്തതു ശരിയല്ല. ആ നിശ്ചയ ത്തെ റദ്ദുചെയ്യണം എന്നു് നിർബന്ധിക്കാൻ അവർ ഒരു ങ്ങിവന്നു. ഗുരുദേവൻ രാജ്യംവിട്ടു് കൊളമ്പിലേക്കു പോയി. അവരുടെ ഇഷ്ടത്തിനു് അദ്ദേഹം വഴിപ്പെട്ടി ല്ല. ആദർശങ്ങൾ ഏതുവിധവും സംരക്ഷിച്ചേ തീരൂ. പൊതുജനങ്ങൾ ഇനിയും യോഗ്യരായിട്ടില്ല. ഒരു പക്ഷെ സന്യാസിശിഷ്യന്മാരും യോഗ്യരല്ലായിരിക്കാം. എല്ലാം ആലോചിച്ചുനോക്കിയതിൽ സന്യാസിമാരാണു് കുറെ ഭേദമെന്നു് ഗുരുദേവൻ നിശ്ചയിച്ചു. ജ്ഞാനപ്രകാശം ലോകത്തിൻെറ നാനാഭാഗത്തും കൊണ്ടുപോകുന്നതിനു് ക്രിസ്തു പന്ത്രണ്ടു മീൻപിടിത്തക്കാരെ ഏല്പിച്ചതുപോലെ, ഗുരുദേവൻ തൻെറ ആദർശങ്ങളുടെ പ്രചരണത്തിനായി

സാധുക്കളായ കുറെ സന്യാസിശിഷ്യന്മാരെ തിരഞ്ഞെടുത്തു. ഗുരുദേവൻ കൊളമ്പിലേക്ക പോയപ്പോൾ സന്യാസിമാരും ഗത്യന്തരമില്ലാതെ പല സ്ഥലങ്ങളിലേക്ക പിരിഞ്ഞുപോയി. ചിലർ ഗുരുദേവനെ അനുഗമിച്ചു. മററുള്ളവർ ഈവക കുഴപ്പങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ ചെന്നുകൂടി. താമസിയാതെ കാർമേഘങ്ങൾ നീങ്ങി. അന്തരീക്ഷം ഒരുവിധം തെളിഞ്ഞു. സംഘടിതശക്തിയുടെ നേതാക്കന്മാർ അവരുടെ ഗൃഹങ്ങളിലേക്ക മടങ്ങി. പരിസരങ്ങൾ വീണ്ടും ശാന്തമായി. ഗുരുദേവൻ മടങ്ങിവരുന്നതിനു ഭക്തജനങ്ങൾ നിരന്തരം പ്രാൎത്ഥിച്ചു. അവസാനം ഗുരുദേവൻ അവരുടെ പ്രാൎത്ഥന സ്വീകരിച്ചു മടങ്ങിവന്നു. പക്ഷെ തൻെറ നിശ്ചയത്തിന് ഒരു മാററവും വരുത്തിയില്ല. മൂന്നാമത്തും സന്യാസിശിഷ്യന്മാരെ വിളിച്ചുകൂട്ടി. ഇതു് അവസാനത്തെ ശ്രമമായിരുന്നു. സന്യാസിമാരുടെ ഒരു സംഘം സ്ഥാപിക്കുന്നതിന് അവരോടു് ആവശ്യപ്പെട്ടു. അവർ യോഗംകൂടി ആലോചനകൾ തുടങ്ങി. പ്രതിബന്ധങ്ങൾ കുറച്ചൊന്നുമല്ലായിരുന്നു. അഭിപ്രായവ്യത്യാസങ്ങൾ പലതുമുണ്ടായിരുന്നു. മൂന്നു ദിവസം കഴിഞ്ഞിട്ടും ആലോചനകൾ അവസാനിച്ചില്ല. ഗുരുദേവന് ഇതു് അത്ര തൃപ്തിയായില്ല. ഒരു ശിഷ്യനെ വിളിച്ചു് അദ്ദേഹം പറഞ്ഞു. "ഇങ്ങനെ ആലോചന തുടങ്ങിയിട്ടു വളരെക്കാലമായി. ഒരു സംഘമായി ചേരണമെന്നു് നാം പലപ്പോഴും പറഞ്ഞിട്ടുണ്ടു്. പലപ്പോഴും ശ്രമിച്ചിട്ടുണ്ടു്. ഒന്നും ഫലിച്ചില്ല. ഈ പ്രാവശ്യം നടക്കുമോ? വലിയ കാൎയ്യമൊന്നുമില്ലല്ലൊ. എന്താണു് ഇത്ര ദീർഘമായ ആലോചനയുടെ ആവശ്യം. നമുക്കി

നി ഇരിക്കാൻ സാധിക്കയില്ല. ഒരുകാൎയ്യം പറഞ്ഞേക്കാം, ഇപ്പോൾ നടന്നില്ലെങ്കിൽ നാം നിങ്ങളുടെ കൂട്ടത്തിലില്ല. നാം ധൎമ്മധീരൻെറ മതത്തിൽ (ബുദ്ധമതത്തിൽ) ചേരുന്നുക്കാം. അല്ലെങ്കിൽ പോയി തൊപ്പിയിടാം." ഈ താക്കീതു ഫലിച്ചു. സന്യാസിമാർ ഒത്തൊരുമിച്ചു് ഒന്നുകൂടി ശ്രമിച്ചു. കാൎയ്യം സഫലമായി അവസാനിച്ചു. സംഘനിയമങ്ങൾ വായിച്ചു പാസ്സാക്കി.

സന്യാസിമാർ 'ശ്രീനാരായണധൎമ്മസംഘം' എന്നപേരിൽ ഒരു സംഘമായി ചേൎന്നു. ഗുരുദേവൻ സന്തുഷ്ടനായി. താൻ ചെയ്യേണ്ടതെല്ലാം ചെയ്തുകഴിഞ്ഞു എന്നും ചുമതല തൻെറ ചുമലിൽനിന്നും ഒഴിഞ്ഞു എന്നും അദ്ദേഹം പ്രത്യക്ഷമാക്കി.

## അന്ത്യപ്രേമം.

ഈ സംഭവം നടന്നു് സ്വല്പ ദിവസത്തിനുള്ളിൽ ഗുരുദേവൻ രോഗബാധിതനായി. തൻെറ ജഡശരീരത്തിനു അവശ്യമായ ശുശ്രൂഷകൾ ചെയ്യുന്നതിനു് സന്യാസിശിഷ്യന്മാരെ ചുമതലപ്പെടുത്തി. ഗുരുദേവൻെറ ജീവിതചരിത്രത്തിലെ അവസാന അദ്ധ്യായം ആരംഭിച്ചു. ക്രിസ്തുവിനെ കുരിശിൽ തറച്ചിട്ടു് രണ്ടായിരം സംവത്സരങ്ങൾ കഴിഞ്ഞുപോയിരിക്കുന്നു. മാനവസംസ്കാരത്തിനു വലിയ മാററങ്ങൾ വന്നിട്ടുണ്ടു്. അതുകൊണ്ടു് കുരിശിന്മേൽ തറയ്ക്കൽ ആവൎത്തിക്കാൻ എതിൎശക്തികൾക്കു സാദ്ധ്യമല്ലായിരുന്നു. പക്ഷെ സമരം അന്നും ഇന്നും ഒരുപോലെയായിരുന്നു. അന്നു് കുരിശിന്മേൽ; ഇന്നത്തെ അന്ത്യപരീക്ഷണവും, ഉയൎത്തെഴുനേല്പും

രോഗശയ്യയിൽ. രോഗശയ്യാവലംബിയായിരുന്ന ഒൻപതുമാസവും ഗുരുദേവൻെറ മുഖം പ്രേമത്താലും കൃതകൃത്യതയിൽനിന്നനുഭവിക്കുന്ന ശാന്തിയും സുഖവുംകൊണ്ടും സദാ പ്രകാശിച്ചുകൊണ്ടിരുന്നു സ്ഥാപനസംബന്ധമായ അന്വേഷണങ്ങൾ ഈ കാലത്തും ശരിക്കു നടന്നുകൊണ്ടിരുന്നു. ക്ലേശങ്ങൾ അവസാനിച്ചിട്ടില്ലായിരുന്നു. ലോകർ പലതരത്തിൽ സംസാരം തുടങ്ങി. "ഗുരുദേവൻ ഒരു ദിവ്യപുരുഷനായിരുന്നുവെങ്കിൽ ഇങ്ങനെ കിടന്നു കഷ്ടപ്പെടേണ്ടിവരുമോ? എന്തുകൊണ്ടു് സ്വന്തം രോഗത്തെ മാററാൻ സാധിക്കുന്നില്ല." എന്നു് ചിലർ. "അദ്ദേഹത്തിൻെറ ഏർപ്പാടുകളെല്ലാം കുഴപ്പത്തിലായിരിക്കുന്നു. അനുയായിജനങ്ങൾ അദ്ദേഹത്തെ ഉപേക്ഷിച്ചിരിക്കുന്നു. കൊള്ളരുതാത്ത അഞ്ചാറു് സന്യാസിമാർ മാത്രമേ ഇപ്പോൾ ശുശ്രൂഷയ്ക്കുള്ളൂ. അദ്ദേഹത്തിൻെറ കാലശേഷം സ്ഥാപനങ്ങളുടെയും മററും കഥ എന്തായിരിക്കും? അവയെ നിലനിറുത്തിപ്പോകാൻ ആരുണ്ടു്? ഒരു വലിയ കഷ്ടംതന്നെ. ശോചനീയംതന്നെ." എന്നായി മററു ചിലർ. പക്ഷേ, ഭൂരിജനങ്ങൾക്കു് അദ്ദേഹത്തിലുണ്ടായിരുന്ന ഭക്തിവിശ്വാസങ്ങൾക്കു് ഒരു മാററവും വന്നില്ല. അവർ രോഗവാർത്ത അറിഞ്ഞു് ദുഃഖനിമഗ്നരായിത്തീർന്നു. എല്ലാവരുടെയും മുഖത്തു് ദുഃഖലക്ഷണം കാണാമായിരുന്നു. അനേകായിരം ഹൃദയങ്ങൾ ഭീതികൊണ്ടു സന്തപ്തമായിത്തീർന്നു. കേരളത്തിൻെറ ഒരററം മുതൽ മറേറ അററംവരെ മാടങ്ങളിലും മാളികകളിലും ഗുരുദേവൻെറ രോഗശാന്തിക്കായി പ്രാർത്ഥനകൾ മുടങ്ങാതെ നടന്നു. രോഗശാന്തിക്കായി പ്രാർത്ഥിക്കാൻ ക്ഷേ

ത്രങ്ങളിൽ ആരാധകർ തിങ്ങിക്കൂടി. അനേകം സ്ത്രീകൾ കണ്ണുനീർ ഒലിപ്പിച്ചുകൊണ്ടു് അവരുടെ ഗൃഹാന്തർഭാഗത്തിരുന്നു ഗുരുദേവനുവേണ്ടി പ്രാർത്ഥിച്ചു. എന്തൊരാപത്തിനെ ചിന്തിച്ചാണു് മുതിർന്നവർ ഈവിധം ദുഃഖമാചരിക്കുന്നതെന്നു് കുട്ടികൾക്കു മനസ്സിലായില്ല. എങ്കിലും അവരും സകല ജനങ്ങളുടെയും സ്നേഹത്തിനു് പാത്രമായിരുന്ന ആ മഹാത്മാവിനുവേണ്ടി കളികളിൽനിന്നു വിരമിച്ചു് കുറച്ചുനേരം സ്തോത്രങ്ങളിൽ പങ്കുകൊള്ളാതിരുന്നില്ല. ഒരിടത്തു് ആത്മശാന്തിക്കായി അന്നദാനം നടത്തപ്പെട്ടു. മററാരിടത്തു് ജനങ്ങൾ ഈശ്വരനെയും ഗുരുദേവനെയും ധ്യാനിച്ചുകൊണ്ടു് വ്രതങ്ങൾ ആചരിച്ചു. രോഗശുശ്രൂഷച്ചെലവിനായി സംഭാവന അയയ്ക്കുവാൻ പാവങ്ങൾകൂടി ചില്ലറ നാണ്യങ്ങൾ സൂക്ഷിച്ചുവച്ചു. ധനവാന്മാർ ലുബ്ധുകാണിക്കാതെ ധനസഹായം ചെയ്തുകൊണ്ടിരുന്നു. ചിലർ അപൂർവ്വമായ ഫലങ്ങൾ അയച്ചുകൊടുത്തു. ചിലർ മെത്തകളും വിരികളും അയച്ചു. വൈദ്യന്മാർ പ്രതിഫലേച്ഛ കൂടാതെ ശുശ്രൂഷയ്ക്കായി വന്നുചേർന്നു. മററു കാര്യങ്ങൾക്കും ആളുകൾ വന്നുകൊണ്ടിരുന്നു. ചിലർ അവരുടെ വീടുകളിലേക്കു് ഗുരുദേവനെക്കൊണ്ടുപോയി ശുശ്രൂഷകൾ നടത്തി. വേറെ ചിലർ ഗുരുദേവനു് രോഗശാന്തിയുണ്ടാകുമെന്നു് അവർ വിശ്വസിച്ചിരുന്ന അപൂർവ്വമരുന്നുകൾ ബുദ്ധിമുട്ടി തയ്യാർ ചെയ്തു. ഗുരുദേവനെ അവസാനമായി ഒന്നു ദർശിക്കണമെന്നാഗ്രഹിച്ചു് ദൂരെ ദിക്കുകളിൽനിന്നു അസംഖ്യം ജനങ്ങൾ വന്നുകൊണ്ടിരുന്നു. ശുശ്രൂഷാഗൃഹത്തിനു ചുററും എപ്പോഴും ജനക്കൂട്ടമുണ്ടായിരുന്നു. ദർ

നംകഴിച്ചു പോയവർ അവരവരുടെ ഗ്രാമങ്ങളിൽചെന്നു് രോഗവിവരം ജനങ്ങളെ ധരിപ്പിച്ചിരുന്നതിനാൽ അവരുടെ പരിഭ്രമം ദിനംപ്രതി വൎദ്ധിച്ചുവന്നു. ഒമ്പതുമാസത്തോളം ഇതായിരുന്നു രാജ്യത്തിൻെറ അന്തരീക്ഷം പെട്ടെന്നു സമാധിയായാൽ അത്തു ജനങ്ങൾക്കു് ദുസ്സഹമായ ഒരു സന്താപമായിത്തീരുമല്ലോ എന്നു വിചാരിച്ചിട്ടായിരിക്കാം അപരിഹാൎയ്യമായ ആ വാൎത്ത സ്വീകരിക്കുന്നതിനു് അവരെ ഈവിധം അല്പാല്പമായി ഒരുക്കിക്കൊണ്ടുവന്നതു്. മൂഢവിശ്വാസികൾ പലരും ഗുരുദേവൻ മരിക്കയില്ലെന്നുതന്നെ വിചാരിച്ചുകൊണ്ടിരുന്നു. ഇനിയും പല സംഗതികൾ നിൎവ്വഹിക്കാനുള്ളപ്പോൾ ഇത്ര വേഗത്തിൽ ഗുരുദേവൻ അവരെ വിട്ടുപോകയില്ലെന്നു് അവർ വിശ്വസിച്ചു.

ഈ മാസങ്ങളിലെല്ലാം രോഗശയ്യയ്ക്കു സമീപം എന്തെല്ലാം സംഭവിച്ചുകൊണ്ടിരുന്നു എന്നു നോക്കാം. ഗുരുദേവൻ സുസ്മേരവദനനായി ദിനവും വന്നുകൊണ്ടിരുന്നവരെയെല്ലാം പതിവുപോലെ അനുഗ്രഹിച്ചു സന്തോഷിപ്പിച്ചു. ദേഹം ക്ഷീണിച്ചുവന്നിരുന്നു എങ്കിലും നേത്രങ്ങളിലെ നിസ്തുലമായ ആ പ്രഭയ്ക്കു് ഒരു കുറവും ഉണ്ടായിരുന്നില്ല. ദർശനത്തിനു വന്നവർ പതിവുപോലെ പൂക്കളും പഴങ്ങളും കാഴ്ചവച്ചു. ഗുരുദേവൻ പതിവുപോലെ അതെല്ലാം ചുററുമുള്ളവൎക്കു് കൊടുത്തു് അവരെ സന്തുഷ്ടരാക്കി. രോഗബാധിതരായ പലരും അദ്ദേഹത്തിൻെറ അനുഗ്രഹം ലഭിക്കാൻ വന്നുകൊണ്ടിരുന്നു. അങ്ങിനെയുള്ളവരോടു് അദ്ദേഹം സാന്ത്വനവാക്കുകൾ പറയുകയും ചിലപ്പോൾ ചില ചെറിയ മരുന്നുകൾ ഉപ

ദേശിക്കയും അവക്ക് രോഗശാന്തിയുണ്ടാക്കയും ചെയ്തു. ഭൂതാവേശമുള്ളവരും അക്കൂട്ടത്തിലുണ്ടായിരുന്നു. പതിവു പോലെ ഗുരുദേവൻെറ ശാസന അനുസരിച്ചു് ഭൂതങ്ങൾ രോഗികളെ വിട്ടുപോകുന്നതും സാധാരണമായിരുന്നു. ചില ബഹുമാന്യരായ അതിഥികളും ദർശനാത്ഥം വരാറുണ്ടായിരുന്നു. ഗുരുദേവൻ അവരുടെ സംഭാഷണങ്ങൾ ശ്രവിക്കുകയും ചിലപ്പോൾ ഫലിതപൂണ്ണമായ ചുരുങ്ങിയ മറുപടികൾ പറയുകയുംചെയ്തു. ഡാക്ടർമാർ മരുന്നുകളും ഉപകരണങ്ങളുംകൊണ്ടു് എപ്പോഴും അടുത്തുണ്ടായിരുന്നു. ചില മരുന്നുകൾക്കു് ഗുരുദേവൻ വിസമ്മതം കാണിച്ചില്ല. ചിലതു കഴിക്കാൻ അശേഷം മനസ്സില്ലെങ്കിലും ഡാക്ടർമാരെ ദുഃഖിപ്പിക്കാതിരിക്കാൻ അതും സേവിച്ചുവന്നു. ചിലപ്പോൾ താൻതന്നെ ചില മരുന്നുകൾ വരുത്തി ഫലിതങ്ങൾ പറഞ്ഞു സേവിച്ചു. അവരവരുടെ സാമത്ഥ്യം കാണിക്കണമെന്നു് ആഗ്രഹമുണ്ടായിരുന്ന ഡാക്ടർമാക്കും വൈദ്യന്മാക്കും സൌകര്യം കൊടുത്തുകൊണ്ടിരുന്നു. അവരിൽ ചിലർ ഭക്തിയോടും വിനയത്തോടുംകൂടി ശുശ്രൂഷയ്ക്കു വന്നു. അവരെ ഗുരുദേവൻ രസികതങ്ങളും ഫലിതങ്ങളും പറഞ്ഞു് മുഷിപ്പിക്കാതെ കളിയാക്കുമായിരുന്നു. ഇതെല്ലാം സഹിച്ചുകൊണ്ടിരുന്നാൽ അവരുടെ ഇഷ്ടംപോലെ ശുശ്രൂഷകൾ നടത്തുന്നതിനു് വിരോധമുണ്ടായിരുന്നില്ല. ചിലപ്പോൾ ഗുരുദേവൻ ഒരു വികൃതിക്കുട്ടിയെപ്പോലെ നിസ്സാരകാര്യത്തിനു് ബഹളം കൂട്ടുകയും മരുന്നു കഴിക്കാതെ വാശി പിടിക്കുകയുംചെയ്തു. മററു ചിലപ്പോൾ ശരീരത്തിനു് എന്തെങ്കിലും സംഭവിക്കട്ടെ എന്ന ഭാവത്തിൽ വളരെ ഗൌരവത്തോടെ

വത്തിച്ചു. ചിലപ്പോൾ ഫലിതങ്ങൾ പറഞ്ഞ് ചുററുമുള്ളവരെ ചിരിപ്പിക്കും. മററു ചിലപ്പോൾ എല്ലാവരോടും എല്ലാത്തിനോടും വെറുപ്പു കാണിക്കും. എന്തെല്ലാം മാററങ്ങളും മറിച്ചിലുകളും അട്ടത്തെല്ലാം നടന്നാലും ഗുരുദേവസന്നിധിയിൽ എല്ലാം പ്രശാന്തമായിരുന്നു.

## ആത്മശക്തിയുടെ ഗാംഭീര്യവും മനുഷ്യപ്രേമത്തിൻെറ പ്രശാന്തതയും.

രാവും പകലും രോഗശയ്യയ്ക്കടുത്തുനിന്ന് കൈകാര്യം ചെയ്തിരുന്ന യുവാക്കന്മാർ ഉണ്ടായിരുന്നു. അവർ കാണിച്ച പല തെററുകൾക്കും ഗുരുദേവൻ അവരെ ഗൗരവത്തോടെ ശാസിക്കും. പക്ഷെ ആ ശാസനയിൽ ദേഷ്യത്തെക്കാൾ കൂടുതൽ മനസികതപം ഉണ്ടായിരുന്നതിനാൽ വേലക്കാക്ക് ദുഃഖം തോന്നിയില്ലെന്നു മാത്രമല്ല ശുശ്രൂഷയിൽ പങ്കെടുക്കുന്നതിന് അവർ കൂടുതൽ ഉത്സുകരായിത്തീൻ. ചിലപ്പോൾ അവരുടെ ബുദ്ധിമുട്ടുകൾ കണ്ടു ഗുരുദേവൻ സങ്കടപ്പെട്ടിരുന്നു അവക്ക് ഒരു സമയത്തും വിശ്രമം ഉണ്ടായിരുന്നില്ല. നല്ല വാക്കുകൾ പറഞ്ഞ് പ്രേരിപ്പിച്ചാൽപോലും അവർ ശുശ്രൂഷയിൽനിന്നു വിരമിച്ച് അല്പം വിശ്രമമെടുക്കാൻ വിമുഖരായിരുന്നു. ശുശ്രൂഷയ്ക്കുള്ള സൗകര്യം അല്പമെങ്കിലും വിട്ടുകൊടുക്കുന്നതു് അവക്ക സമ്മതമല്ലായിരുന്നു. വേറെ ആരെങ്കിലും ആ ചുമതല എടുക്കാൻ തയാറായാൽ അവരുടെ ഉത്സാഹവും വാശിയും വദ്ധിക്കും. അതുകൊണ്ടു് അവക്ക വിശ്രമം കൊടുക്കാൻ ഒരുമാർഗ്ഗം മാത്രമേ ഉണ്ടായിരുന്നുള്ളൂ.

ചിലപ്പോൾ ഗുരുദേവൻ എന്തെങ്കിലും കുററവും വഴക്കും പറഞ്ഞു് അവരെ ഓട്ടിക്കും. അവർ ദുഃഖിതരായും, അവരുടെ തെററുകൾ ദൈവം പൊറുക്കണമേ, പുണ്യകർമ്മമായ ഗുരുദേവശുശ്രൂഷ ചെയ്യുവാൻ ഗുരുദേവൻ അവരെ വീണ്ടും കല്പിച്ചു വിളിക്കേണമെ എന്നു പ്രാർത്ഥിച്ചുകൊണ്ടും കുറെ ദിവസം മാറിനില്ക്കും. വേറെ യുവാക്കൾ ആ സ്ഥാനത്തു് ശുശ്രൂഷകൾ നടത്തും. കുറെ ദിവസങ്ങൾക്കു ശേഷം അവരെയും അതേപ്രകാരം എന്തെങ്കിലും കുററം പറഞ്ഞു വിശ്രമിക്കാനയയ്ക്കും. അപ്പോൾ മുമ്പു പറഞ്ഞയച്ചവരെ തിരിച്ചുവിളിക്കും. ഈവിധം രോഗശയ്യയിലും ഗുരുദേവൻ മററുള്ളവരുടെ ക്ലേശങ്ങളെ ഒരിക്കലും വിസ്മരിച്ചില്ല. ശുശ്രൂഷകന്മാരെ വഴക്കിട്ടോടിച്ചിട്ടെങ്കിലും വിശ്രമമെടുക്കാൻ നിർബന്ധിക്കും.

സന്ന്യാസിശിഷ്യന്മാരും ചുററുമുണ്ടായിരുന്നു. അവരിൽ പലരും ഗുരുശുശ്രൂഷ ചെയ്യുവാൻ ഒരിക്കലും സൗകര്യം കിട്ടാത്തവരായിരുന്നു. അതുകൊണ്ടു് ഈ സന്ദർഭത്തിൽ എന്തുക്ലേശവും സഹിച്ചു് ഗുരുസേവ ചെയ്യുവാൻ അവർ കാംക്ഷിച്ചിരുന്നു. അവർ സമയം നിശ്ചയിച്ചു് ഓരോരുത്തരായി ശുശ്രൂഷയ്ക്കുവരും. അവരുടെ കൂട്ടത്തിൽ പല സ്വഭാവക്കാർ ഉണ്ടായിരുന്നു. പണ്ഡിതന്മാരും, പാമരന്മാരും, ബലവും അഹങ്കാരവുമുള്ള മുൻകോപികളും, എന്തു ബുദ്ധിമുട്ടും ക്ഷമാപൂർവ്വം സഹിച്ചിരുന്ന സാധുക്കളും, സദാ പാട്ടുപാടി ഗുരുദേവനെ സന്തോഷിപ്പിക്കാൻ അനുഗ്രഹിച്ചിരുന്ന സംഗീതജ്ഞന്മാരും, വേദാന്തതത്വങ്ങളെപ്പററി ചർച്ചചെയ്യുവാൻ തല്പരരായ താർക്കികന്മാരും, മുൻകാലങ്ങളിൽ പൊതുജനസേവയിൽ വലിയ

നേട്ടങ്ങൾ നേടിയിട്ടുള്ളതിനെപ്പററി സദാ സ്മരിച്ച് അതിനെപ്പററിയുള്ള ഗുരുദേവൻെറ അനുമോദനവാക്കുകൾ കേൾക്കുവാൻ ആശിച്ചിരുന്ന കർമ്മകുശലന്മാരും, പലവിധ സംശയങ്ങൾ തീർക്കുവാൻ ആഗ്രഹിച്ചിരുന്ന പ്രവർത്തകന്മാരും, അവരവരുടെ നിസ്സാരക്ലേശങ്ങളിൽപോലും ഗുരുദേവൻെറ ഉപദേശം കേൾക്കാൻ കാംക്ഷിച്ചിരുന്ന ഭക്തന്മാരും അവിടെ കൂടിയിരുന്നു. ഇവർ ഓരോരുത്തരുടെയും പ്രകൃതിക്കൊത്തവിധം ആരെയും ക്ലേശിപ്പിക്കാതെയും എല്ലാവർക്കും വിജ്ഞാനപ്രദമാകുന്നവണ്ണവും, സന്ദർഭോചിതംപോലെചിലപ്പോൾനിർദ്ദാക്ഷിണ്യമായും,ഗൗരവമായും, എന്നാൽ എപ്പോഴും അവരുടെ ഹൃദയത്തിൽ ഭക്തിബഹുമാനങ്ങൾ വർദ്ധിപ്പിക്കുന്ന വിധത്തിലും ഗുരുദേവൻ വർത്തിച്ചു. അവർ രാപകലില്ലാതെയുള്ള ദീർഘകാലത്തെ രോഗശുശ്രൂഷയിൽ അനിവാര്യമായി ഉണ്ടാകുന്ന ക്ലേശങ്ങളും പ്രതിബന്ധങ്ങളും വകയാക്കാതെ മത്സരിച്ച് കൈങ്കര്യം നടത്തുകയും വേറെ ആരും സമീപത്തില്ലാത്ത അവസരങ്ങളിൽ ഗുരുദേവൻ അവരോടു പറയുന്ന വിലയേറിയ വാക്കുകളെ ഹൃദയത്തിൽ വലിയ നിധിയായി നിക്ഷേപിച്ചാനന്ദിക്കയും ചെയ്തു. തന്നെപ്പററി ഗുരുദേവന് എന്തോ പ്രത്യേകം താല്പര്യം ഉണ്ടെന്നും താൻ എങ്ങിനെയോ ഗുരുദേവൻെറ വാത്സല്യത്തിനു പാത്രവാനായിട്ടുണ്ടെന്നും ഓരോരുത്തരും വിചാരിച്ചു. വേലക്കാരായ യുവാക്കന്മാരെപ്പോലെ ഈ സന്ന്യാസിമാർക്കും ഇടക്കിടയ്ക്കു് വിശ്രമസൗകര്യം കൊടുക്കേണ്ടിയിരുന്നു. അതും എന്തെങ്കിലും നിസ്സാരവഴക്കുണ്ടാക്കി അവരെ മുഷിപ്പിച്ചോടിച്ചാൽ മാത്രമേ സാദ്ധ്യമായിരുന്നുള്ളൂ. അതു കഴിഞ്ഞു്,

കുറച്ചുദിവസം കഴിയുമ്പോൾ വീണ്ടും ശുശ്രൂഷയ്ക്കു ചെല്ലുവാൻ ഗുരുദേവൻ കല്പിച്ചിട്ടുള്ള വിവരം അവരെ ആഹ്ലാദചിത്തരാക്കുകയും അവർ പൂർവ്വാധികം സന്തോഷത്തോടുകൂടി കൈങ്കര്യങ്ങളിൽ പങ്കുകൊള്ളുകയും ചെയ്തു. അന്യോന്യം സ്നേഹിച്ചിരുന്ന ഗുരുശിഷ്യന്മാർ ഇങ്ങനെ വീണ്ടും ഒന്നിച്ചുചേരും. അപ്പോൾ താൻ ദേഷ്യപ്പെട്ടതുമൂലം ശിഷ്യനു് അധികം ക്ലേശത്തിനു കാരണമായോ എന്നറിയുവാൻ ഗുരുദേവൻ വാത്സല്യപൂർവ്വം ചെയ്യുന്ന അന്വേഷണം, ശുശ്രൂഷയ്ക്കു മടങ്ങി വന്നതിൽ ഗുരുദേവനുള്ള അതിയായ സന്തോഷം, ശിഷ്യൻ ഇല്ലായിരുന്ന അവസരങ്ങളിൽ ഉണ്ടായ സംഭവങ്ങൾ, അയാൾ ഇല്ലാതിരുന്നതുമൂലമുണ്ടായിരുന്ന പല അസൗകര്യങ്ങൾ, ഇതോടുചേന്നു് ഗുരുദേവൻെറ സംഭാഷണങ്ങളിലെ രസികതകൾ ഇവയെല്ലാം ശിഷ്യനെ സന്തുഷ്ടനാക്കുകയും തന്മൂലം അയാളുടെ ഭക്തിബഹുമാനങ്ങൾ വദ്ധിക്കുകയും ഗുരുശുശ്രൂഷയിൽ അയാൾ വദ്ധിച്ച ശ്രദ്ധ കാണിക്കുകയും ചെയ്യും. ഇപ്രകാരം ഗുരുശിഷ്യന്മാർ തമ്മിലുള്ള സ്നേഹബന്ധം ശക്തിപ്പെട്ടു വന്നു. സന്യാസിമാരുടെയിടയിൽ വളരെക്കാലമായി ദൂരസ്ഥലങ്ങളിൽ സ്വതന്ത്രമായി താമസിച്ചിരുന്നവരും ഗുരുദേവൻെറ ശിഷ്യന്മാക്കുള്ള പൊതുതാല്പര്യങ്ങളെയും ആദശ്ങ്ങളെയുംപററി ചിന്തയില്ലാത്തവരും ഉണ്ടായിരുന്നു. അങ്ങിനെയുള്ളവരെല്ലാം ഈ സന്ദർഭത്തിൽ അവിടെ ഒന്നിച്ചുചേന്നു് ഗുരുദേവശുശ്രൂഷയിൽ നിമഗ്നരായി ഏകോദരസഹോദരന്മാരെപ്പോലെ വസിച്ചു. അവരുടെയെല്ലാം പ്രേമമൂത്തിയും ആദശമൂത്തിയുമായ ഗുരുദേവനോടുള്ള ഭക്തികൊണ്ടു് പരിപൂതമായ

ആ അന്തരീക്ഷത്തിൽ സഹോദരസ്നേഹത്തോടുകൂടി അന്യോന്യം സഹകരിച്ചും, ഗുരുദേവസാമീപ്യത്തിലെ ആത്മീയപ്രചോദനത്താൽ പരിശുദ്ധരായിത്തീൎന്നും, ഒരേ ക്ലേശങ്ങൾ അനുഭവിച്ചും, കഴിഞ്ഞ കാൎയ്യങ്ങളെപ്പററിയോ ഭാവികാൎയ്യങ്ങളെപ്പററിയോ ചിന്തകൂടാതെ ഗുരുശുശ്രൂഷയിൽ ബദ്ധശ്രദ്ധരായും അവിടെ കൂടിയിരുന്ന സന്യാസിമാർ ഗുരുദേവനോടുള്ള ഭക്തിബഹുമാനങ്ങളാൽ അന്യോന്യം ബന്ധിക്കപ്പെട്ടുകയും, മുമ്പൊരിക്കലും ഉണ്ടാകാത്തവിധം അവരുടെ ഇടയിൽ ഒരു സംഘബോധം ഉളവാകുകയും ചെയ്തു. സന്യാസിസംഘം സ്ഥാപിച്ചപ്പോൾ അതിൽ പതിനൊന്നംഗങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. മുമ്പൊരിക്കലും ഒരുമിച്ചുചേരാൻ സാധിക്കാതെ ദൂരസ്ഥലങ്ങളിൽ നിവസിച്ചിരുന്ന ശിഷ്യന്മാരും രോഗശുശ്രൂഷയ്ക്കായി അവിടെ എത്തി സംഘത്തിൽ അംഗങ്ങളായിചേൎന്നു. ഇപ്രകാരം ഭാവി ധൎമ്മപ്രവൎത്തകന്മാരായിരിക്കേണ്ട സന്യാസിമാരെ സംഘടിപ്പിക്കേണ്ട പ്രവൃത്തി ആരും അറിയാതെ നിശ്ശബ്ദമായി നടന്നുകൊണ്ടിരുന്നു.

ഗുരുദേവൻ ആരോഗ്യമുള്ളപ്പോൾ ഒരിടത്തും അധികദിവസം വിശ്രമിക്കുന്ന പതിവില്ല. തൻെറ സാന്നിദ്ധ്യത്താൽ അനേകംപേരെ അനുഗൃഹീതരാക്കാനുണ്ടായിരുന്നതിനാൽ എപ്പോഴും സഞ്ചരിച്ചുകൊണ്ടിരുന്നു. രോഗബാധിതനായതിനുശേഷവും സ്ഥലം മാറിമാറി താമസിച്ചുകൊണ്ടിരുന്നു. ഭക്തന്മാരെയും സ്ഥാപനങ്ങളെയും അവസാനമായി ഒന്നു സന്ദൎശിച്ച് യാത്ര പറയുന്നതുപോലെ ആയിരുന്നു അക്കാലത്തെ ഗുരുദേവൻെറ സ്ഥലംമാററ

ങ്ങൾ. രോഗകാലത്തു് അദ്ദേഹം അനേകശതം നാഴിക സഞ്ചരിച്ചു് പല സ്ഥലങ്ങളിലുമുള്ള ഭക്തജനങ്ങളുടെ ഭക്ത്യാദരവുകളും ശുശ്രൂഷയും സ്വീകരിച്ചു. സമാധിക്കു് കുറച്ചു ദിവസങ്ങൾക്കു മുമ്പു് തലസ്ഥാനമായ വക്കലെയ്ക്കു് മടങ്ങി എത്തുകയും ചെയ്തു.

## അവസാനത്തെ പരീക്ഷ.

ഇതുവരെ ഗുരുദേവൻെറ അനുയായികളായിരുന്നവരും ഇപ്പോൾ എതിരാളികളായിത്തീൎന്നവരുമായ കുറെ ആളുകൾ ഗുരു കൈങ്കര്യത്തിൽ നിമഗ്നരായിരുന്ന പൊതുജനങ്ങളുടെ അറിവുകൂടാതെ ഗൂഢമായി ആലോചനകളും വാദപ്രതിവാദങ്ങളും നടത്തുന്നുണ്ടായിരുന്നു. സ്ഥാപനങ്ങളെ സന്ന്യാസി ശിഷ്യന്മാരുടെ അധികാരത്തിൽ വിട്ടുകൊടുത്തുകൊണ്ടുള്ള ഗുരുദേവൻെറ നിശ്ചയത്തെ എങ്ങിനെയെങ്കിലും വിഫലമാക്കുന്നതിനായിരുന്നു അവർ ഒരുക്കം കൂട്ടിയിരുന്നതു്. അധികാരം, പ്രശസ്തി, സംഘടനാബലം, ധനം, സ്വാധീനശക്തി മുതലായി ഗുരുദേവൻെറ സ്ഥാപനങ്ങൾക്കുള്ളതായി അവർ കണ്ട ലൗകികനേട്ടങ്ങളിലുള്ള മതിമറന്ന മോഹംമൂലം അവർ കഴിഞ്ഞുപോയ സംഗതികളെല്ലാം മറക്കുകയും, അവയ്ക്കുണ്ടായിരുന്ന എല്ലാ നന്മയ്ക്കും പെരുമയ്ക്കും കാരണഭൂതനായ ഗുരുദേവൻെറ മഹത്വത്തെ വിസ്മരിക്കുകയും, ധനലാഭത്തെ അസ്പദമാക്കിയല്ലാതെ ഭാവിയെപ്പററി ചിന്തിച്ചിട്ടു് പ്രയോജനമില്ലെന്നു വിചാരിക്കയും ചെയ്തു. സന്ന്യാസിശിഷ്യന്മാർ പ്രായേണ അപ്രാപ്തരും, പല കുറവുകളോടുകൂടി

യവരും, ഗുരുദേവനുമായി താരതമ്യപ്പെടുത്തി നോക്കു മ്പോൾ വെറും പൂജ്യങ്ങളുമായിരുന്നതിനാൽ അവക്ക് അധികാരം കൊടുക്കുന്നതു് സമുദായത്തിൻെറ അഭിമാന ത്തെ ഹനിക്കുന്നതുപോലെയാണെന്നായിരുന്നു ഗുരുദേവ നെ എതിക്കുന്നതിനു് അവർ പറഞ്ഞിരുന്ന ന്യായം. ഈവിധം വെറും വേഷധാരികൾ മാത്രമായ ഒരു അവി യൽസംഘം ഉണ്ടായിട്ടോ അവരെ വിശ്വസിച്ചിട്ടോ യാ തൊരുപ്രയോജനവുമില്ലെന്നു് അവർ വാദിച്ചു. അവരുടെ നേതാക്കന്മാർ രഹസ്യമായി ആലോചനകൾ നടത്തിയ ശേഷം തങ്ങളുടെ ന്യായമായ അധികാരമാണെന്നു് അ വർ വിശ്വസിച്ചിരുന്നതിനെ സ്ഥാപിക്കാൻ ഒരുങ്ങിവന്നു. അവരിൽ കുറച്ചുപേർ ഗുരുദേവൻെറ അന്ത്യദിനങ്ങളിൽ– ഗുരുദേവൻ രോഗത്തിൻെറ മൂർദ്ധന്യാവസ്ഥയിൽ കിടക്കു മ്പോൾ ശിവഗിരിയിൽ വന്നു ഗുരുദേവൻ സന്ന്യാസി മാരെ ഏല്പിച്ച ചുമതലകളും അധികാരാവകാശങ്ങളും സ്ഥാനവും അവർ ഉപേക്ഷിക്കുന്നതാണു് ഉത്തമമെന്നു് ശിഷ്യന്മാരോടു് അവർ പലപ്രകാരത്തിൽ പറഞ്ഞും വാ ദിച്ചും നോക്കി. തന്ത്രങ്ങൾ നിഷ്ഫലമായപ്പോൾ അവർ സന്ന്യാസിമാരെ ഭയപ്പെടുത്തി കാര്യം സാധിക്കാൻ ശ്രമി ച്ചു. "ഞങ്ങൾക്കെല്ലാം വിരോധമായി നിങ്ങൾക്കിവിടെ ഭരണം നടത്താൻ സാധിക്കുമോ? ഞങ്ങൾക്കു് സംഘബല മുണ്ടു്; ധനമുണ്ടു്; സഹായത്തിനു് അനേകായിരം ജന ങ്ങളുണ്ടു്. നിങ്ങൾ നിരാശ്രയരായ കുറെ സന്ന്യാസിമാർ; ഞങ്ങളുടെമേൽ സ്വേച്ഛാപ്രഭുത്വം നടത്തുവാൻ തുടങ്ങി യാൽ നിങ്ങൾക്കിവിടെ ജീവിക്കുവാൻ സാധിക്കുമെന്നു് വിചാരിക്കുന്നുവോ? ഞങ്ങളുടെ അവകാശത്തെ സമ്മതി

ച്ചാൽ ഞങ്ങൾ നിങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിച്ചു കൊള്ളാം. അതല്ലെങ്കിൽ ഞങ്ങൾ എന്തിനും തയാറായിരിക്കയാണു്." ഇതായിരുന്നു അവർ സന്ന്യാസിമാക്ക് കൊടുത്ത താക്കീതു്. സന്ന്യാസിമാക്ക് കുറെ പരിഭ്രമം ഉണ്ടായി. കാര്യങ്ങൾ ഈവിധമിരിക്കുമ്പോൾ അവർ എന്തു ചെയ്യണമെന്നു് ഗുരുദേവൻ വ്യക്തമായി ആജ്ഞാപിക്കണമെന്നു് അവർ ഗുരുദേവനോടു് അപേക്ഷിച്ചു. അതിനുള്ള കശ്നമായ മറുപടി ഇപ്രകാരമായിരുന്നു. "നിങ്ങളെന്തിനാണു് ഈവിധം പരിഭ്രമിക്കുന്നതു്? വിശ്വാസവും ധൈര്യവും ഇല്ലയോ? ഇതേവരെ നമ്മെ മനസ്സിലാക്കിയിട്ടില്ലല്ലൊ. അവർ സന്ന്യാസിമാരെ വെട്ടി കഷ്ണമാക്കിയാലും അവസാനം സന്ന്യാസിമാർ ജയിക്കും. നിങ്ങളുടെ സംഘം അത്ര ദുർബലമാണെന്നു് നിങ്ങൾ വിചാരിക്കുന്നുവോ? അതു് ലോകാവസാനംവരെ നിലനില്ക്കണം." സംശയഗ്രസ്തരായ ശിഷ്യന്മാർ ധൈര്യമവലംബിച്ചു് പ്രമാണികളുടെ അപേക്ഷകളും ശാസനകളും നിരസിച്ചു. അപ്പോൾ ഗുരുദേവൻെറ നിശ്ചയത്തെ മാററിക്കിട്ടാൻ പ്രമാണികൾ ഒരു അവസാനശ്രമംകൂടി ചെയ്തു. അവരുടെ പ്രതിനിധികൾ ഗുരുദേവൻ കിടന്നിരുന്ന സ്ഥലത്തുചെന്നു് ഈ വിധം വ്യക്തമായി ഉണത്തിച്ചു. "ഗുരുദേവൻെറ നിശ്ചയം ജനങ്ങൾക്കു് സമ്മതമല്ല. അവക്കു് അധികാരം ലഭിക്കുമെന്നാണു് അവർ ഇതേവരെ വിശ്വസിച്ചുവന്നിട്ടുള്ളതു്. ഗുരുദേവൻ അവരുടെ നേതാവാണെന്നും ഗുരുദേവൻെറ സ്ഥാപനങ്ങളെല്ലാം അവരുടേതാണെന്നും ആണു് അവർ എപ്പോഴും വിചാരിച്ചിട്ടുള്ളതു്. അങ്ങിനെയല്ലെന്നു് ഇപ്പോൾ പറ

ഞ്ഞാൽ അവർ സമ്മതിക്കയില്ല. വിൽപ്പത്രം മാററി ജന ങ്ങൾക്ക് ഒരധികാരം കൊടുത്തില്ലെങ്കിൽ വലിയ കുഴപ്പ ങ്ങൾ ഉണ്ടാകും. ഞങ്ങൾ വിചാരിച്ചാൽ നിവൃത്തിയില്ല." ഇതിനുള്ള ഗുരുദേവൻെറ മറുപടി ഇപ്രകാരമായിരുന്നു. "നാം ചില നിശ്ചയങ്ങൾ ചെയ്തിട്ടുണ്ട്. ഇവിടെ ഒരു ധർമ്മസംഘം സ്ഥാപിച്ചിട്ടുണ്ട്. അതു് മാററിക്കൂടാ; നി ങ്ങൾ വഴക്കിടരുത്. എല്ലാവരും യോജിച്ചുപോകണം." സംഘടിതശക്തികളുടെ ആശകളെല്ലാം പാടെ തകർന്നു. അവർ വന്നതുപോലെ മടങ്ങിപ്പോയി. കാർമേഘങ്ങൾ നീങ്ങി അന്തരീക്ഷം തല്ക്കാലം തെളിഞ്ഞു. ജോലി സർവ്വ വും തീർന്നു. അവസാനം അടുത്തടുത്തു വന്നു.

## ശാന്തി! ശാന്തി!

ഗുരുദേവൻ രോഗശയ്യയിൽ കിടക്കുമ്പോഴും ഭാവി യിലെ കർമ്മപരിപാടി നിർവ്വഹിക്കുന്നതിനു് ഒരു ചെറിയ സംഘം സൃഷ്ടിക്കുകയായിരുന്നു. പല സ്ഥലങ്ങളിലായി ചിതറിക്കിടന്ന ശിഷ്യന്മാരെയെല്ലാം ആ സംഘത്തിലേ ക്കാകർഷിച്ചു. അവർക്കെല്ലാം ഗുരുദേവനിലുണ്ടായിരുന്ന ഭക്തിസ്നേഹങ്ങളാലും ഗുരുദേവൻെറ ആദർശങ്ങൾക്കുവേ ണ്ടി ജീവിതം അർപ്പിച്ചു് പ്രവർത്തിക്കാനായി സ്ഥാപിക്ക പ്പെട്ട സംഘം ഒരു യഥാർത്ഥ ആത്മീയസാഹോദര്യമാണെ ന്നുള്ള അവരുടെ അവിസ്മരണീയമായ അനുഭവത്താലും അവർ അന്യോന്യം ബന്ധിക്കപ്പെട്ടു. ഭാവിയിൽ അഭിമു ഖീകരിക്കാനിരിക്കുന്ന കുഴപ്പങ്ങളിൽ അവർക്ക് ധൈര്യം നല്കുന്നതിനു് ആവശ്യമായ പരസ്പരവിശ്വാസവും സ്നേ ഹവും ഉളവായി. ഗുരുദേവനിൽ അവർ കണ്ട അചഞ്ച

ലമായ സ്ഥൈര്യവും, അവസാനം സന്ന്യാസിമാർ ജയിക്കുമെന്ന് ഗുരുദേവൻ നല്കിയ ഉറപ്പും അവരിൽ ഭീരുക്കളായവരുടെ സന്ദേഹങ്ങൾ നിർമ്മാർജ്ജനം ചെയ്തു. എതിർശക്തികളെ ഗുരുദേവൻതന്നെ നേരിട്ടതിനാൽ അവരുടെ ബലവും കുഴപ്പങ്ങൾ ഉണ്ടാക്കാനുള്ള സാദ്ധ്യതയും വളരെ കുറഞ്ഞു. സാധുക്കളായ ശിഷ്യന്മാർക്ക് നേരിട്ടേക്കാവുന്ന ക്ലേശങ്ങൾ കഴിയുന്നത്ര കുറയ്ക്കുന്നതിന് ഗുരുദേവൻ തന്നെ പ്രബലമായ എതിർപ്പുകളെ സ്വയം വരിച്ചു. പല സ്ഥലങ്ങളിൽ മാറി മാറി താമസിച്ച് ശിഷ്യന്മാരെ ഭാവിയിലെ ധർമ്മപ്രചാരകന്മാരായി തൻെറ അനുയായി ജനങ്ങൾക്ക പരിചയപ്പെടുത്തി. രോഗബാധിതനായിരുന്നാലും ഗുരുദേവൻ രോഗത്തിൻെറ അടിമയല്ലെന്നും രോഗാവസ്ഥയിൽപോലും ഭൂതങ്ങളെ ശാസിച്ച് ഒഴിക്കാനും, മററുള്ളവരുടെ രോഗങ്ങളെ വാക്‌മാത്രത്താൽ സുഖപ്പെടുത്തുവാനും അദ്ദേഹത്തിനു സാധിക്കുമെന്ന് ലോകർക്ക് അനുഭവപ്പെട്ടു. പ്രാണൻ വിടുന്നതുവരെ അദ്ദേഹത്തിൻെറ മഹത്വത്തിനും മഹിമയ്ക്കും ഒരു കുറവും തട്ടിയില്ല. എങ്ങിനെ ജീവാവസാനംവരെ അവരവർ നിർവ്വഹിക്കേണ്ട ധർമ്മത്തിന് മുടക്കം വരുത്താതെ കർത്തവ്യനിർവ്വഹണത്തിൽ സദാ ഏർപ്പെട്ടുകൊണ്ട് ശാന്തമായി മരണം പ്രാപിക്കാമെന്നുള്ളതിന് അദ്ദേഹത്തിൻെറ ജീവിതം ശിഷ്യന്മാർക്ക് ഒരു മാതൃകയായിത്തീർന്നു.

ഗുരുദേവൻ ആരോടും വിരോധമില്ലാതെ സമാധാനമായി ജീവിച്ചു. ലോകസമാധാനാർത്ഥംസദാ കർമ്മങ്ങൾ ചെയ്തുകൊണ്ടിരുന്നു. അവസാനം സമാധാനമായി മരിക്കുകയും ചെയ്തു.

പക്ഷെ ലക്ഷണങ്ങൾ എല്ലാം സുഖകരമായിട്ടുള്ളവയല്ല. മാർഗ്ഗം ഇനിയും തെളിഞ്ഞിട്ടില്ല. അന്തരീക്ഷം മേഘപടലങ്ങളാൽ ഇരുണ്ടിരിക്കുന്നു. ശിഷ്യന്മാർക്കാശ്രയമായി ഗുരുദേവനിലുള്ള വിശ്വാസം ഒന്നുമാത്രമാണുള്ളതു്. അവർ ഇരുപതു് ശതാബ്ദങ്ങൾക്കു മുമ്പു് ക്രിസ്തുഭഗവാൻ തിരഞ്ഞെടുത്ത പന്ത്രണ്ടു മീൻപിടിത്തക്കാരെക്കാൾ മെച്ചമുള്ളവരല്ല. അവരുടെ കൂട്ടത്തിൽ ഒററു കൊടുത്ത "ഇസ്കരിയോത്തും" കോഴി മൂന്നു കൂവുന്നതിനു് മുമ്പു മൂന്നു പ്രാവശ്യം ഗുരുദേവനെ നിഷേധിച്ച "പീററും" ഉണ്ടായിരിക്കാം. ഗുരുദേവൻെറ ചെരിപ്പു തുടയ്ക്കാൻ പോലും യോഗ്യതയില്ലാത്തവരെയും കണ്ടേക്കാം. അവരിൽ ചിലർ ഗുരുദേവൻെറ ആദർശങ്ങളെപ്പററി ബോധമില്ലാതെ അന്ധകാരത്തിൽ ഉഴലുന്നവരും ഭാവികുഴപ്പങ്ങളെപ്പററി ചിന്തിച്ചു ഭയപ്പെടുന്നവരും ആയിരിക്കാം. പക്ഷെ അവരുടെ മദ്ധ്യത്തിൽ കൊടുങ്കാററിലും പേമഴയിലും കെടാത്ത "സമാധാനദീപം" സദാ പ്രകാശിക്കുന്നു. നമ്മുടെ ആശകൾക്കെല്ലാം അവലംബമായിരിക്കുന്നതു് ആ ദീപമാണു്.

# സന്ദേശം.

## വേദാന്തം.

ഗുരുദേവൻ പ്രസംഗിക്കുന്നതിന് എപ്പോഴും വിമുഖനായിരുന്നു. പ്രസംഗിക്കുന്നതു് അദ്ദേഹം വെറുത്തു. ചിലപ്പോൾ തൻെറ അനുയായികളെ തൃപ്തിപ്പെടുത്താനും പ്രോത്സാഹിപ്പിക്കാനുമായി ചില യോഗങ്ങളിൽ സന്നിഹിതനായിട്ടുണ്ടെങ്കിലും സഭകളിൽ പോകുന്നതു് അദ്ദേഹത്തിന് ഒരിക്കലും ഇഷ്ടമായിരുന്നില്ല. അദ്ദേഹം പണ്ഡിതശിരോമണികളുടെ സദസ്സിൽ പ്രശോഭിച്ചിരുന്ന ഒരു തത്വജ്ഞാനിയായിരുന്നു. വേദാന്തശാസ്ത്രത്തിലെ സൂക്ഷ്മതത്വങ്ങൾ വ്യാഖ്യാനിക്കുന്നതിൽ അദ്ദേഹം പ്രയോഗിച്ചിരുന്ന ആശയങ്ങൾ നവീനങ്ങളും മർമ്മസ്പൃക്കുകളുമായിരുന്നു. പ്രാചീനഗ്രന്ഥങ്ങളിലെ ഉത്കൃഷ്ടാദർശങ്ങൾ ഏററവും ലളിതമായ രീതിയിൽ അല്പം വാക്കുകളിൽ പറഞ്ഞു ഗ്രഹിപ്പിക്കുന്നതിനു അദ്ദേഹത്തിന് ഒരു പ്രത്യേക സാമർത്ഥ്യമുണ്ടായിരുന്നു. യഥാർത്ഥ തത്വാന്വേഷികളായ പണ്ഡിതന്മാരുമായി സ്വൈരസംഭാഷണം നടത്തുന്നതു് അദ്ദേഹത്തിനു താല്പര്യമായിരുന്നു. എങ്കിലും വേദാന്തം അദ്ദേഹത്തിൻെറ ജീവിതത്തിൻെറയും കർമ്മപരിപാടിയുടെയും അന്തർഭാഗത്തു നിന്നല്ലാതെ മുന്നണിയിൽ വന്നില്ല. അദ്ദേഹം അധികമൊന്നും എഴുതിയിട്ടില്ല. സാധാരണ ജനങ്ങളുടെ ഉപയോഗത്തിനാ

യി കുറെ സ്തോത്രങ്ങൾ എഴുതിയിട്ടുണ്ടു്. അവയെല്ലാം അത്യുൽകൃഷ്ടങ്ങളായ തത്വചിന്തകളും ഭക്തിപൂർവ്വമായ ഈശ്വരപ്രാർത്ഥനകളും കൂടി കലൎന്നവയാണു്. ശിവഗിരിയിൽ ദിവസവും ഈശ്വരഭജനത്തിനായി വന്നിരുന്ന കുട്ടികളെ ഉദ്ദേശിച്ചു് അദ്ദേഹം രചിച്ചിട്ടുള്ള ഒരു പ്രാർത്ഥനയുണ്ടു്. ഒരു കുട്ടിക്കുപോലും അതു് എളുപ്പത്തിൽ ചൊല്ലുവാൻ സാധിക്കും. പക്ഷെ അതിലെ ആശയങ്ങൾ അതിഗംഭീരങ്ങളാണു്.

ദൈവമേ! കാത്തുകൊൾകങ്ങു-
കൈവിടാതിങ്ങു ഞങ്ങളെ,
നാവികൻ നീ ഭവാബ്ധിക്കൊ-
രാവിവൻ തോണി നിൻപദം.

ഒന്നൊന്നായെണ്ണിയെണ്ണിത്തൊ-
ട്ടെണ്ണും പൊരുളൊടുങ്ങിയാൽ;
നിന്നിടും ദൃക്കുപോലുള്ളം
നിന്നിലസ്പന്ദമാകണം.

അന്നവസ്ത്രാദി മുട്ടാതെ
തന്നു രക്ഷിച്ചു ഞങ്ങളെ;
ധന്യരാക്കുന്ന നിയൊന്നു-
തന്നെ ഞങ്ങൾക്കു തമ്പുരാൻ.

ആഴിയും തിരയും കാററും
ആഴവും പോലെ ഞങ്ങളും;
മായയും നിൻ മഹിമയും
നീയുമെന്നുള്ളിലാകണം.

നീയല്ലോ സൃഷ്ടിയും സ്രഷ്ടാ-
വായതും സൃഷ്ടിജാലവും;
നീയല്ലോ ദൈവമേ! സൃഷ്ടി-
ക്കുള്ള സാമഗ്രിയായതും.

നീയല്ലോ മായയും മായാ-
വിയും മായാവിനോദനും;
നീയല്ലോ മായയെ നീക്കി-
സ്സായൂജ്യം നൽകുമാര്യനും.

നീ സത്യം ജ്ഞാനമാനന്ദം
നീ തന്നെ വർത്തമാനവും;
ഭൂതവും ഭാവിയും വേറ-
ല്ലോതും മൊഴിയുമോർക്കിൽ നീ.

അകവും പുറവും തിങ്ങും
മഹിമാവാർന്ന നിൻപദം
പുകഴ്ത്തുന്നു ഞങ്ങളങ്ങു
ഭഗവാനേ! ജയിക്കുക.

ജയിക്കുക മഹാദേവാ
ദീനാവന പരായണാ
ജയിക്കുക ചിദാനന്ദ!
ദയാസിന്ധോ! ജയിക്കുക.

ആഴമേറും നിൻ മഹസ്സാ-
മാഴിയിൽ ഞങ്ങളാകവേ;
ആഴണം വാഴണം നിത്യം
വാഴണം വാഴണം സുഖം.

പക്ഷെ ഗുരുദേവൻെറ വേദാന്തം വാനപ്രസ്ഥ ഋഷിമാരുടെ മായാവാദങ്ങളല്ല. അദ്ദേഹം വേദാന്തത്തെ ലോകസേവയ്ക്കുള്ള ഒരു ഉപകരണമാക്കിത്തീൎത്തു. ഏതെങ്കിലും പ്രത്യേക സമ്പ്രദായത്തിലുള്ള പാണ്ഡിത്യത്തെ അദ്ദേഹം അത്യാവശ്യമായി കരുതിയില്ല. ജീവിതത്തിലെ ഏതു തുറയിലും വിജയം നേടുന്നതിനു് വിവേകപൂൎവ്വമായ ഒരു വേദാന്ത മനോഭാവം ആവശ്യമാണെന്നു് അദ്ദേഹം പറയാറുണ്ടു്. ലോകത്തിൽ ജീവിച്ചു് ലോകക്കുവേണ്ടി വേലചെയ്യുന്നതിനു് ആവശ്യം വേണ്ട ത്യാഗവും ധൈൎയ്യവും സത്യാസത്യവിവേചനവും ഉണ്ടാകുവാൻ പൎയ്യാപ്തമായ വിജ്ഞാനത്തെയാണു് വേദാന്തംമൂലം സിദ്ധിക്കാമെന്നു് ഗുരുദേവൻ പഠിപ്പിച്ചിട്ടുള്ളതു്. അദ്ദേഹത്തിൻെറ കൃതികളിൽ മാത്രമല്ല സംഭാഷണത്തിൽ പോലും വേദാന്തതത്വങ്ങളുടെ ശകലങ്ങൾ നിറഞ്ഞുകാണുന്നതിനുള്ള കാരണം ഇതാണു്. ഇതിനെ അടിസ്ഥാനമാക്കിയായിരിക്കാം "റോമയിൻ റോളണ്ടു്" എന്ന പാശ്ചാത്യ പണ്ഡിതൻ ഗുരുദേവൻെറ മതം "കൎമ്മവിജ്ഞാനയോഗ"മാണെന്നു പ്രസ്താവിച്ചിട്ടുള്ളതു്. (Life of Sree Ramakrishna by Romain Rolland. P. 67)

ഗുരുദേവൻെറ വേദാന്തപരമായ രണ്ടു കൃതികളുണ്ടു്—ആത്മോപദേശശതകവും, ദൎശനമാലയും—അവ രണ്ടും, പ്രപഞ്ചമെല്ലാം ഒരേ നിത്യസത്തയുടെ ഭാവമാണെന്നുള്ള അദ്വൈതവേദാന്തതത്വപ്രതിപാദകങ്ങളാകുന്നു. ഇതേ ഉപദേശങ്ങൾ മറെറാരു വിധത്തിൽ ക്രിസ്തുവിൻെറ ജീവിതകഥയിലും കാണാം. ഇസ്ലാംമതത്തിലെ

വേദാന്തവും പ്രപഞ്ചത്തിൻെറ ഐക്യത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. അതുപ്രകാരം മനുഷ്യസാഹോദര്യം വെറും ഒരു ആദർശമല്ല, സമുദായവ്യവസ്ഥയുടെ ജീവനാണ്.

ഗുരുദേവൻ മുൻകാലങ്ങളിലെ മതസ്ഥാപകന്മാർ ഉപദേശിച്ചിട്ടുള്ള തത്വങ്ങളെ സംയോജിപ്പിച്ച് ഭാവിയിലെ നാഗരികതയുടെ ആദർശമായിരിക്കേണ്ട ഒരു വ്യവസ്ഥയായി പ്രഖ്യാപിക്കയും ആ വ്യവസ്ഥയിലെ തത്വങ്ങൾ, തന്നെ അഭിമുഖീകരിച്ചിരുന്ന ലോകപ്രശ്നങ്ങൾക്കു സമാധാനമുണ്ടാകുവാൻ വിനിയോഗിക്കയും ചെയ്യുന്നു. ഹിന്ദുക്കളുടെ വേദാന്തരഹസ്യം, ക്രിസ്തുവിൻെറ ജീവിതത്തിൽ പ്രത്യക്ഷമാക്കപ്പെട്ടിട്ടുള്ള ആത്മീയജീവിതത്തിലെ നിയമങ്ങൾ, ഇസ്ലാമിൽ കാണുന്ന മനുഷ്യസാഹോദര്യത്തെ സ്ഥാപിച്ചുകൊണ്ടുള്ള സമുദായവ്യവസ്ഥ—ഇവയെല്ലാം ഗുരുദേവൻ ഒരു വമ്പിച്ച സമുദായത്തിൻെറ മോചനത്തിനായും അവരുടെ സമുദായഘടനയെ പരിഷ്കരിക്കുന്നതിനായും ഉപയോഗപ്പെടുത്തുന്നു.

ഒരു സമുദായത്തിലെ പ്രശ്നം അതിലെ ഓരോ വ്യക്തിയേയും സംബന്ധിച്ചുള്ള പ്രശ്നമാണെന്നും മനുഷ്യസമുദായത്തിൻെറ പുരോഗമനം എന്നു പറയുന്നതിനു് അതിലെ ഓരോ വ്യക്തിയുടെയും സംസ്കാരവും അഭിവൃദ്ധിയുമാണെന്നും നാം പലപ്പോഴും പറയാറുണ്ട്. നമുക്കിപ്പോൾ അത്യാവശ്യം പ്രശ്നത്തിൻെറ സ്വഭാവത്തെപ്പററി ഒരു വ്യാഖ്യാനമല്ല, അതിൻെറ പോംവഴി എന്താണെന്നു കാണിക്കുന്ന ഒരു വിശദീകരണമാണ്.

അത്യന്തം നോക്കുമ്പോൾ ലോകപ്രശ്നം എല്ലാവക്കും എല്ലാ കാലത്തും ഒന്നുതന്നെയാണെന്നു് നാം ഇതിനു മുമ്പു് വിശദമാക്കിയിട്ടുണ്ടു്. വ്യക്തിയുടെ പരിവത്തനമോ സാമ്പത്തികമായ അഭിവൃദ്ധിയോ ഏതാണു് പ്രധാനം എന്നതല്ല, ജീവിതലക്ഷ്യത്തെ ക്രമേണ പ്രാപിക്കത്തക്ക വണ്ണം ഈ രണ്ടിനെയും പരസ്പരം സമരമിപ്പിച്ചുകൊണ്ടു പോകുന്നതു് എങ്ങിനെയാണെന്നുള്ളതാകുന്നു യഥാത്ഥ വിഷയം ലക്ഷ്യത്തോടു് അടുക്കുന്നതനുസരിച്ചു് പ്രവത്തനരീതികൾ മാറും. കാലദേശാവസ്ഥകൾപോലെ ഏകമായ ലോകപ്രശ്നത്തിൻെറ ഓരോ വശങ്ങൾക്കുള്ള പ്രാധാന്യവും മാറിക്കൊണ്ടിരിക്കും.

## ലോകപുനരുദ്ധാരണത്തിന്നാവശ്യമായ രണ്ടു സംഗതികൾ.

രണ്ടു സംഗതികളിൽ ഒരു മാററം വരുത്തേണ്ടതു് അത്യാവശ്യമാകുന്നു:—

(1) വ്യക്തികളുടെ സംസ്കാരത്തിന്നു് ആവശ്യമായി സ്വീകരിച്ചുവരുന്ന സാന്മാൎഗ്ഗികതത്വങ്ങളും രാഷ്ട്രീയകാൎയ്യങ്ങളിൽ ആചരിച്ചുവരുന്ന സാന്മാൎഗ്ഗികതത്വങ്ങളും തമ്മിൽ വലിയ അന്തരമുണ്ടു്. അവ തമ്മിൽ അന്യോന്യം ബന്ധമില്ലെന്നും, എന്നുമാത്രമല്ല, അവ പരസ്പരവിരുദ്ധങ്ങൾകൂടിയായിരിക്കാമെന്നുമാണു് പൊതുവിലുള്ള ധാരണ. ഒരു രാജ്യം അതിൻെറ രാഷ്ട്രീയജീവിതത്തിലും മററു രാജ്യങ്ങളുമായുള്ള സമ്പക്കത്തിലും പ്രയോഗിക്കുന്ന നയം ആ രാജ്യത്തെ പൗരന്മാർ ആചരിക്കേണ്ട സാന്മാ

ഗ്ലികനിയമങ്ങൾക്ക് തീരെ അനുഗുണമല്ലാത്തവയാണ്. വ്യക്തികളുടെ അവകാശങ്ങളും എന്നും പ്രവത്തിക്കാനുള്ള അധികാരവും അതിരില്ലാതെ പുകഴ്ത്തുകയും പരിപാലിക്കയും ചെയ്യുന്നതാണത്രെ സ്വാതന്ത്ര്യം. അതുകൊണ്ടു് ഏററവും സ്വാതന്ത്ര്യപ്രേമികളായ ജനങ്ങളുടെ ഇടയിൽ ഒരേ രാജ്യത്തിലെയും സമുദായത്തിലെയും വ്യക്തികൾ തമ്മിലുള്ള അസമത്വങ്ങൾ അസഹനീയമായിത്തീന്നിട്ടുണ്ടു്. ഇതാണ് രാജ്യത്തിനുള്ളിലെ സ്ഥിതി. രാജ്യത്തിനു പുറത്തു നടക്കുന്ന സംഗതികൾ ഇതിലും ശോചനീയമായിരിക്കും. സത്യധമ്മങ്ങൾക്കുവേണ്ടി നിലകൊള്ളുന്നവരാണെന്നും മനുഷ്യസ്വാതന്ത്ര്യത്തെ പരിപാലിക്കുന്നവരാണെന്നും അഹങ്കരിക്കുന്ന രാഷ്ട്രങ്ങൾ തങ്ങളുടെ സകല കഴിവുകളും ഉപയോഗിച്ചു് അന്യരാജ്യങ്ങളെ കീഴടക്കി മദ്ദിക്കുന്നതിൽ അശേഷം സങ്കോചം കാണിക്കുന്നില്ല. ചെറിയ രാജ്യങ്ങൾക്കും തങ്ങളുടെ സ്വാതന്ത്ര്യം പാലിക്കാൻ അവകാശമുണ്ടെന്നുള്ള വസ്തുത അവർ തീരെ വിസ്മരിക്കുന്നു. ഒരു വ്യക്തി മനുഷ്യനെ കൊല്ലുന്നതു് വലിയ പാതകമാണ്. പക്ഷെ, യുദ്ധത്തിൻെറ പേരിൽ മനുഷ്യനെ കൊല്ലുന്നതു് ഒരു പൗരൻെറ ധമ്മമായിത്തീരുന്നു. ഏതു രാജ്യത്തും ശിക്ഷാനിയമപ്രകാരം കവച്ച ഒരു കുററമാണ്. പക്ഷെ വലിയ രാജ്യങ്ങൾ ചെറിയ രാജ്യങ്ങളെ മദ്ദിച്ചു് ആദായം കവന്നെടുക്കുന്നതു നല്ല മയ്യാദയാണത്രെ. "നിന്നെപ്പോലെ തന്നെ നിൻെറ അയൽവാസിയെയും സ്നേഹിക്കുക. സത്യം പറയുക. എല്ലാവരോടും ദയവുള്ളവനായിരിക്കുക. കക്കരുതു്." ഇങ്ങനെ വ്യക്തിക്കായി നിർമ്മിച്ചി

ക്കപ്പെട്ടിട്ടുള്ള മൗലികധർമ്മങ്ങൾ ഓരോന്നും ലോകത്തിലെ ഏററവും പൂജനീയരായ ജനങ്ങൾപോലും മററുള്ളവരുമായുള്ള അവരുടെ കൃത്രിമമായ ഇടപാടുകളിൽ പരസ്യമായി അവഹേളിക്കുന്നു. സ്വപ്രയത്നം, സ്വബോധം, സ്വാനുഭൂതി ഇതെല്ലാം വ്യക്തികളുടെ അഭിവൃദ്ധിക്കുള്ള ഉത്തമമാർഗ്ഗങ്ങളായി സർവരാലും പരിഗണിക്കപ്പെടുന്നു. എന്നാൽ ദേശീയാഭിവൃദ്ധിയും ഈ മാർഗ്ഗങ്ങളിൽക്കൂടിയായിരിക്കണം എന്നു പറയുന്നതു് തീരെ അസാദ്ധ്യമായ ഒരു ജല്പനമാണെന്നാണു് നമ്മുടെ രാജ്യതന്ത്രജ്ഞന്മാരുടെ അഭിപ്രായം. ലോകത്തിലെ വിവിധ രാഷ്ട്രങ്ങൾ തമ്മിലുള്ള ഇടപാടുകളെല്ലാം പ്രായേണ മുഷ്ടിബലന്യായത്തെയും കള്ളവ്യാപാരതത്വങ്ങളെയും അടിസ്ഥാനപ്പെടുത്തിയാണു നടത്തപ്പെടുന്നതു്. പുരോഗമനം എന്നു പറഞ്ഞാൽ അന്യരുടെ ചുമലിൽ കയറി അവരുടെ ദുർബലതകളെയും ദുരഭിമാനങ്ങളെയും ചൂഷണം ചെയ്തു് തൻകാര്യം നേടുക എന്നാണു വയ്പു്. സർവശക്തനായ "ചവൻെറ" ശക്തിയും സ്വഭാവവും അടിസ്ഥാനമാക്കി സ്ഥാപിക്കപ്പെട്ടിട്ടുള്ള ഒരു ലോകത്തിൽ ഇങ്ങനെയായിരിക്കാനേ നിവൃത്തിയുള്ളൂ. പുരോഗമനം പരസ്പരമത്സരമായി തീർന്നിരിക്കുന്നു. അതു മാററി പരസ്പരമത്സരത്തെ ത്യജിക്കുന്നതാണു് പുരോഗമനം എന്നാക്കണം. വ്യക്തികളുടെ വളർച്ചയ്ക്കു് നിദാനമായിരിക്കുന്ന ധാർമ്മികരീതികൾതന്നെയാണു് ദേശീയക്ഷേമത്തിനും സർവലോകസമാധാനത്തിനും അവലംബമായിരിക്കുന്നതെന്നുള്ള പരമാർത്ഥം ലോകത്തിൽ സ്ഥാപിക്കേണ്ടതു് അത്യാവശ്യമായിരിക്കുന്നു.

(2) നമ്മെ ബാധിക്കുന്ന പ്രധാന സംഗതികളെല്ലാം ലോകത്തിൽ എല്ലാവരെയും ബാധിക്കുന്ന സംഗതികളാണെന്നു് മുമ്പൊരിടത്തു സുവ്യക്തമാക്കിയിട്ടുണ്ടല്ലൊ. അവരവക്കു് ജന്മസിദ്ധമായ സ്വാതന്ത്ര്യത്തെ പരിപാലിക്കാൻ വ്യക്തികൾ ഒരുവിധം ശക്തരായിത്തീന്നിട്ടുണ്ടു്. എല്ലാവരെയും ബാധിക്കുന്ന പൊതുപ്രശ്നങ്ങൾക്കു് സമാധാനം കണ്ടുപിടിക്കേണ്ടതാണു് ഇപ്പോൾ അത്യാവശ്യം. ഇന്നത്തെ ഒരു ലോകത്തിൽ വ്യക്തികൾക്കുപോലും ഒരഭിവൃദ്ധിയും ഉണ്ടാകാൻ സാദ്ധ്യമല്ലെന്നുള്ള ഒരു ദുഘടസന്ധിയിൽ നാം എത്തിയിരിക്കുന്നു. സമുദായവ്യവസ്ഥയുടെ അടിയും മുള്ളും അഴിച്ചു പണിയണം. പുരോഗമനയന്ത്രങ്ങളെല്ലാം ഉടച്ചു വാക്കണം. ജീവിതത്തിൽ ഓരോ വിഷയങ്ങൾക്കുള്ള വിലയും പ്രാധാന്യവും എന്താണെന്നു് പുതുക്കി ചച്ചചെയ്യണം; എല്ലാ സ്ഥാപനങ്ങളുടെയും സ്വഭാവത്തിനു സമൂലപരിവത്തനം വരുത്തണം. നമ്മുടെ ശ്രദ്ധകൾ മനുഷ്യവ്യക്തികളിൽനിന്നു് മനുഷ്യസമുദായത്തിലേക്കും സ്വാതന്ത്ര്യത്തിൽനിന്നു് സമത്വത്തിലേക്കും വ്യക്തികളുടെ ജീവിതത്തിൽനിന്നു് സാമൂഹ്യസ്ഥാപനങ്ങളിലേക്കും ദേശീയലക്ഷ്യങ്ങളിൽനിന്നു് സാർവ്വദേശീയലക്ഷ്യങ്ങളിലേക്കും തിരിക്കണം. മത്സരപൂർവ്വമായ അഭിവൃദ്ധി വേണ്ടതിലധികമായി. നമുക്കിനി സമാധാനവും സുഖവുമാണു വേണ്ടതു്.

## ഒരു പ്രായോഗിക മാതൃക.

രണ്ടു വിധത്തിലാണു് ഗുരുദേവൻ ഈ സംഗതികളിൽ നമുക്കു് ഒരു ചെറിയ മാതൃക കാണിച്ചുതന്നിട്ടുള്ളതു്

(1) ഗുരുദേവൻെറ ജീവിതവും പരിപാടിയും ധമ്മനീതികളുടെ ഒരു ദൃഷ്ടാന്തമായിരുന്നു. (2) ആ ധമ്മനീതികൾ അനുസരിച്ചു് അദ്ദേഹം സമുദായവ്യവസ്ഥകൾ പുതുക്കി സ്ഥാപിക്കയും ചെയ്തു.

വളരെ എളിയ നിലയിൽ ജനിച്ചു് സാമ്പത്തികശക്തിയുടെയൊ മററുള്ളവരുടെ സ്വാധീനശക്തിയുടെയൊ സാഹായ്യംകൂടാതെ ഒരു മനുഷ്യനു് ഈ ലോകത്തിൽ പ്രാപിക്കാവുന്ന ഏററവും ഉൽകൃഷ്ടസ്ഥാനത്തെ അദ്ദേഹം പ്രാപിച്ചു. ബാഹ്യശക്തികളുടെ അനുകൂലം ഒന്നുംകൂടാതെ സ്വപ്രയത്നത്താലാണു് അദ്ദേഹം ഈവിധം പൂജനീയനായിത്തീൎന്നതു്. കാളേജുകളിൽ പഠിക്കാതെതന്നെ അദ്ദേഹം മഹാ പണ്ഡിതനായിത്തീൎന്നു. മൂലധനം ഒന്നും ഇല്ലാതെ അനേകലക്ഷം സ്ഥാപനങ്ങളുടെ ജനയിതാവായി. സ്വാധീനശക്തി ഒന്നും ഇല്ലാതെ ജനിച്ചെങ്കിലും ഒരു രാജാവിനെക്കാൾ കൂടുതൽ സ്വാധീനമുള്ളവനായിത്തീൎന്നു. പട്ടാളത്തിൻെറ പിൻബലംകൂടാതെ അദ്ദേഹം ഭൂപാലന്മാരെക്കാൾ പ്രബലനമായി. അദ്ദേഹത്തിൻെറ വിദ്യയും, ധനവും, ശക്തിയും എല്ലാം പുറത്തെവിടെയുമല്ല; അദ്ദേഹത്തിൽതന്നെയായിരുന്നു.

ഈവിധമുള്ള ഉൽക്കൎഷത്തെ പ്രാപിക്കുന്നതിനു് അദ്ദേഹം ഒരാളെയും ഉപദ്രവിച്ചില്ല. ജാതിശൃംഖലകളിൽനിന്നു് അദ്ദേഹം വിമുക്തനായതു് മററുള്ളവരിൽനിന്നു് അവകാശങ്ങൾ ചോദിച്ചു വാങ്ങിയിട്ടല്ല. എല്ലാവിധ പരാശ്രയത്തിൽനിന്നുമുയൎന്നു് നിസ്തുലമായ ഒരു സ്വാതന്ത്ര്യത്തെയും മഹത്വത്തെയും പ്രാപിക്കയാലാ

യിരുന്നു. ധനത്തെ ത്യജിക്കയാലാണു് അല്ലാതെ അതിനെ കാംക്ഷിച്ചിട്ടല്ല അദ്ദേഹം സ്വത്തുക്കൾ സമ്പാദിച്ചതു്. "ലോകത്തിലെ ധനമെല്ലാം നമ്മുടെയാണു്; അതു് വേണ്ട പോലെ ഉപയോഗിക്കാൻ പ്രാപ്തിയുള്ളവരില്ലാത്തതാണു് ദോഷം." എന്നു് അദ്ദേഹം പലപ്പോഴും നേരമ്പോക്കായി പറയാറുണ്ടു്. മററുള്ളവരെ ബലവാന്മാരാക്കിയതിനാലാണു് അദ്ദേഹം ബലവാനായതു്. അവരെ മദ്ദിച്ചിട്ടല്ല, ലോകസേവയ്ക്കായി ജീവിതം അർപ്പിച്ചതുകൊണ്ടു് അദ്ദേഹം ലോകനാഥനായിത്തീർന്നു. ആദർശപരമായി മാത്രമല്ല കർമ്മപരിപാടിയിലും അദ്ദേഹം വിപ്ലവകാരികളിൽ ഒരു വിപ്ലവകാരിയായിരുന്നു. പക്ഷെ സ്ഥാപിത താല്പര്യങ്ങളുടെ എതിർപ്പുണ്ടാകാൻ അദ്ദേഹം ഇടയാക്കിയില്ല. അവരെപ്പററി ചിന്തിക്കാതെ അദ്ദേഹം തൻെറ പ്രവൃത്തികൾ ശാന്തമായി തുടർന്നു; അവസാനം അവരുടെ ബഹുമാനവും സഹകരണവും സമ്പാദിക്കയും ചെയ്തു. ഇതുപോലെ ഒരു വിപ്ലവം ഇത്ര നിശ്ശബ്ദമായും ശാന്തമായും ഒരുകാലത്തും ഉണ്ടായിട്ടില്ലെന്നു് വേണം പറയുവാൻ.

താൻ ഏററവും ഉൽകൃഷ്ടമായ ഒരു സ്ഥാനത്തെ പ്രാപിച്ചശേഷം, തൻെറ സ്വന്തസുഖവും യശസ്സും ഗണ്യമാക്കാതെ അദ്ദേഹം പാവപ്പെട്ടവരുടെ ഇടയിൽവന്നു് അവരുടെ രക്ഷയ്ക്കായി ജീവിതം അർപ്പിച്ചു. അക്കാലത്തു് അവർക്കു് പുരോഗമിക്കാൻ സാദ്ധ്യമായിരുന്നതനുസരിച്ചു് അവരെ നിവൃത്തിയുള്ളിടത്തോളം മുന്നോട്ടു നയിച്ചുകൊണ്ടുപോയി. അവസാനം തൻെറ സർവ്വസ്വവും ലോകന

ന്മയെ ലക്ഷ്യമാക്കി ഈശ്വരാൎപ്പണംചെയ്തു് ഒരു മഹത്തായ ധൎമ്മസംസ്ഥാപനാൎത്ഥം സമൎപ്പിച്ചു.

ഇപ്രകാരമുള്ള ധാൎമ്മികതത്വങ്ങളെയും പന്ഥാവുകളെയും വിനിയോഗിച്ചാണു് അദ്ദേഹം മർദ്ദിതരെ ഉദ്ധരിച്ചതു്. അദ്ദേഹം തൻെറ അനുയായികളെ അജ്ഞതയുടെയും അടിമത്തത്തിൻെറയും അഗാധതയിൽനിന്നും ഉയൎത്തി മററു ജനങ്ങളോടൊപ്പം ഒരു സ്വതന്ത്രജനതയായി ജീവിക്കാൻ യോഗ്യരാക്കിയതു് ഏതുവിധമെന്നു് നാം കണ്ടുവല്ലൊ.

അവരുടെ ജീവിതം പരിശുദ്ധമാക്കുക, ദുർബലതകളെ നീക്കുക, സൽഗുണങ്ങളെ ശക്തിപ്പെടുത്തുക, ദുരാചാരങ്ങളെയും നീചസമ്പ്രദായങ്ങളെയും അകററുക, ലൗകികവും ആത്മീയവുമായ എല്ലാ കാൎയ്യത്തിലും മനുഷ്യൎക്കു് സഹജമായി ഉണ്ടായിരിക്കേണ്ട സ്വാതന്ത്ര്യത്തെ സ്ഥാപിക്കുക—ഇതായിരുന്നു ഒന്നാമത്തെ പരിപാടി.

വിദ്യ, ധനം, സംഘടന, സാമൂഹ്യബോധം മുതലായവ പുലൎത്തുവാനായി മററുള്ളവരെ ഒരു വിധത്തിലും ബുദ്ധിമുട്ടിക്കാതെ ദീൎഘകാലം തുടൎച്ചയായി നടത്തിയ സൃഷ്ടിപരമായ പ്രവൃത്തികളായിരുന്നു രണ്ടാമത്തെ പരിപാടി. ഗുരുദേവൻെറ പ്രവൃത്തികൾ പലതും സമുദായവ്യവസ്ഥയെപ്പററി ഇതരസമുദായങ്ങൾക്കുണ്ടായിരുന്ന വിശ്വാസത്തിൻെറ വേരറുക്കുന്നവയായിരുന്നെങ്കിലും, അവരും ബഹുമാനപൂൎവ്വം ഗുരുദേവനു് നല്കിയിരുന്ന സഹായസഹകരണങ്ങൾ കാണേണ്ട ഒരു കാഴ്ചതന്നെയായിരുന്നു.

യഥാൎത്ഥ വിജയവും സമാധാനവും കരസ്ഥമാകുന്ന തിനു് അവസാനം ചെയ്യേണ്ടതായ മഹാത്യാഗം അനു ഷ്ഠിക്കുവാൻ തന്റെ അനുയായികൾ ഒരുവിധം ഉൽബുദ്ധ രായിട്ടുണ്ടെന്നു് തോന്നിയപ്പോൾ അദ്ദേഹം അവരുടെ സൎവ്വനേട്ടങ്ങളും ലോകസേവയ്ക്കായി ഈശ്വരാൎപ്പണം ചെയ്തു് ആദൎശസ്ഥാപനാൎത്ഥം മുന്നോട്ടു് എടുത്തു ചാട്ടവാൻ അവരോടു് ആജ്ഞാപിച്ചു. അദ്ദേഹത്തിന്റെ സ്ഥാപനങ്ങളുടെ മുകളിൽ അദ്ദേഹം നാട്ടിയിട്ടുള്ള "ഒരുജാതി ഒരുമതം ഒരുദൈവം" എന്ന പതാക ഈ അവസാന ആത്മാൎപ്പണത്തിലേക്കും വിജയത്തിലേക്കും എല്ലാവരെയും എന്നും ആഹ്വാനം ചെയ്തുകൊണ്ടിരിക്കും.

## സ്ഥിതി സമത്വം.

ഗുരുദേവന്റെ ആദൎശവും വേദാന്തവും "ഒരുജാതി ഒരുമതം ഒരുദൈവം" എന്ന മുദ്രാവാക്യത്തിൽ അടങ്ങി യിരിക്കുന്നു. ഒരു കൃതിയിൽ അദ്ദേഹം പറഞ്ഞിട്ടുള്ളതു് നോക്കുക:—

"ഒരുജാതി ഒരുമതം ഒരുദൈവം മനുഷ്യനു്
ഒരുയോനി ഒരാകാരമൊരുഭേദവുമില്ലതിൽ.
ഒരുജാതിയിൽനിന്നല്ലോ പിറന്നീടുന്നു സന്തതി
നരസംഘമിതോൎക്കുമ്പോളൊരു ജാതിയിലുള്ളതാം."

ഒരു പത്രപ്രതിനിധിയുമായുള്ള സംഭാഷണത്തിൽ അദ്ദേഹം ഇപ്രകാരം പറഞ്ഞിരിക്കുന്നു:—"മനുഷ്യനു് ജാതിയില്ല എന്നു നാം പറഞ്ഞതായി എഴുതിവയ്ക്കണം.

ജാതി ഉണ്ടെന്നുള്ള വിചാരം പോണം. അതാണു വേണ്ടതു്. ജാതിയെ സൂചിപ്പിക്കുന്ന പേരുകൾ ഉപയോഗിക്കരുതു്. അല്ലാതെ നല്ല പേരുകൾ വളരെയുണ്ടല്ലോ. എഴുത്തുകുത്തുകളിൽ ജാതി കാട്ടരുതു്. അതിനു സക്കാരിലേക്കു് എഴുതി സമ്മതം വാങ്ങണം. മതം ഇഷ്ടംപോലെ പറയുവാനും ഒന്നുമില്ലെന്നു പറയുവാനും സ്വാതന്ത്ര്യം വേണം.

നമ്മുടെ അഭിപ്രായത്തിൽ ജാതി ഇല്ല. ഉണ്ടെന്നു് വിചാരിക്കുന്നതുകൊണ്ടു് ദോഷമല്ലാതെ എന്താണു് ഗുണമുള്ളതു്. മഹാകഷ്ടം, ഇനിയും ഈ വിശ്വാസം നീങ്ങിയിട്ടില്ലല്ലോ.

ജാതികൊണ്ടു് ഒരു ഗുണവുമില്ല; അതു് മനുഷ്യരുടെ സ്വാതന്ത്ര്യം തടുക്കുന്നു. ബുദ്ധി നശിപ്പിക്കുന്നു. സ്വാതന്ത്ര്യവും ബുദ്ധിയുമില്ലാതെ തൊഴിൽ എങ്ങിനെ നന്നാവും. നമ്മുടെ ആശാരി, കൊല്ലൻ മുതലായവക്കു് ഒരു വസ്തുവും അറിയാതായല്ലോ. ബുദ്ധിയുംകൂടി കെട്ടുപോയി. ജാതികൊണ്ടു് തൊഴിൽ ചീത്തയാകും. ഒരേ സംഗതിയെത്തന്നെനോക്കി ലോകത്തിലുള്ള മററു യാതൊന്നും അറിയാത്തവക്കു് ഒരുജോലിയും നന്നായി ചെയ്യുവാൻ സാധിക്കയില്ല. വാസനപോലെ ഓരോരുത്തക്കും തൊഴിലിൽ ഏപ്പെട്ടുവാനും സൗകര്യമില്ലല്ലോ. ജനിച്ചതുകൊണ്ടു് ഒരു ജോലി ചെയ്യുക എന്നാവും. പ്രാപ്തിയും വാസനയും ഇല്ലെങ്കിലും അതു ചെയ്യണം. അപ്പോൾ തൊഴിൽ നന്നാവാൻ ഒരു വഴിയുമില്ല.

ജാതികൊണ്ടു് ഒരാവശ്യവുമില്ല. ജാതിയില്ലെങ്കിലും അച്ഛൻെറ തൊഴിൽ മകൻ ശീലിക്കും; നിർബ്ബന്ധം

ക്കേണ്ട അവശ്യമില്ല. പൂണ്ണസ്വാതന്ത്ര്യം കൊടുക്കാമല്ലോം. മനുഷ്യൻെറ സ്വാതന്ത്ര്യവും ബുദ്ധിയുംകുറയ്ക്കുന്നതുകൊണ്ടു് ഒരു പ്രയോജനവുമില്ല. ഇഷ്ടംപോലെയുള്ള ജോലി എടുക്കുവാനും പഠിക്കുവാനും എല്ലാവക്കും സ്വാതന്ത്ര്യം വേണം. ഒന്നുമാത്രമേ പഠിക്കാവൂ എന്നു വയ്ക്കരുത്. എല്ലാവക്കും എന്തും പഠിക്കുകയും ശീലിക്കുകയും ചെയ്യുവാൻ വിരോധം ഉണ്ടായിരിക്കരുതു്.

"സ്വാതന്ത്ര്യംകൊടുത്താൽ മത്സരം വദ്ധിക്കുമെന്നു് ജാതിയുണ്ടാക്കിയവരുടെ വാദമായിരിക്കാം. ജാതികൊണ്ടുള്ള സകല ഗുണവും കിട്ടുന്നവർ അങ്ങിനെ പറയും. മററുള്ളവർ കഷ്ടപ്പെടുന്നതു് അവരുടെ ഗുണത്തിനു് ആവശ്യമായിരിക്കാം. മനുഷ്യൻ ജീവിക്കുന്നതു് ജാതിക്കും ലോകത്തിനും മററും വേണ്ടിയാണോ? അതോ ഇതെല്ലാം മനുഷ്യനു വേണ്ടിയോ? മനുഷ്യൻ കെട്ടുപോയാൽ ലോകത്തിൽ സമാധാനമുണ്ടായിട്ടു് എന്തുകാൎയ്യം. അതു് ആവശ്യമില്ല. ജാതി ഇല്ല. ഉണ്ടെന്നു വിചാരിക്കുന്നതു് വിഡ്ഢിത്തമാണു്."

ജാതിചിന്തയില്ലാത്തവരേയും, മതം ഒരു സംഘടന അല്ല അവരവരുടെ വിശ്വാസമാണു് എന്നു സമ്മതിക്കുന്നവരേയും ചേൎത്തു് ഒരു സഭ സ്ഥാപിക്കണമെന്നു് അദ്ദേഹത്തിനു വലിയ ആഗ്രഹം ഉണ്ടായിരുന്നു. അദ്ദേഹത്തിൻെറ സന്ന്യാസിശിഷ്യന്മാർ അങ്ങനെയുള്ള ഒരു സഭയുടെ ബീജമാണു്. അവക്കു് ഒരുവിധത്തിലുള്ള ജാതിചിന്തയും ഉണ്ടായിരിക്കരുതു്. ജാതിവിചാരം തീരെ ഉപേക്ഷിച്ചിട്ടുള്ളവരെ മാത്രമേ സന്ന്യാസിസംഘത്തിൽ

ക്കേണ്ടതാവൂ എന്നു് അദ്ദേഹം പരസ്യമായി ആജ്ഞാപിച്ചിട്ടുണ്ടു്.

"ജാതി ചോദിക്കരുതു് പറയരുതു് വിചാരിക്കരുതു്" ഇതായിരുന്നു അദ്ദേഹം മനുഷ്യസാഹോദര്യത്തിൽ വിശ്വസിച്ചവക്കായി അവസാനംകൊടുത്ത ശാസനം. ജാതിപ്രശ്നത്തിനു് അദ്ദേഹം നിർവ്വഹിച്ചിട്ടുള്ള സമാധാനവും ഇതുതന്നെ. മനുഷ്യരുടെ അജ്ഞതയിലും അന്ധവിശ്വാസങ്ങളിലുമാണു് ജാതി സ്ഥിതിചെയ്യുന്നതു്. സ്വയംകൃതമായ ഈ കെണിയിൽനിന്നു് രക്ഷപ്പെടുന്നതിനു് അതിനെ തീരെ അവഗണിച്ചാൽ മതി. ഗുരുദേവൻെറ തത്വോപദേശങ്ങൾ ശരിയായി ഗ്രഹിച്ചിട്ടുള്ളവർ വേറെ വിശേഷിച്ചൊന്നും ചെയ്യേണ്ടതില്ല. ഈ ഉപദേശത്തെ അനുസരിക്കാതെ ജാതിഭ്രമത്തിൽ നിന്നു് രക്ഷകിട്ടാൻ വേറെ ഒരു വഴിയുമില്ലതന്നെ. അത്ഥശൂന്യമായ ജാതിവ്യത്യാസങ്ങളുടെ ആചരണം നിയമപ്രകാരം ശിക്ഷാഹമാക്കിത്തീത്താൽ ജാതിഭ്രമം നീങ്ങുന്നതിനു് അതൊരു സഹായമായിത്തീരും. ഏതുവിധമായാലും ഈ മിത്ഥ്യാബോധം പോകേണ്ടതാണത്യാവശ്യം. അന്യരുടെ ജാതി ചോദിക്കാതിരിക്കുക, അവനവൻെറ ജാതി പറയാതിരിക്കുക, ഒരാളുടേയും ജാതിയെപ്പററി ചിന്തിക്കാതിരിക്കുക— ഈ മൂന്നു ലഘുവായ ചട്ടങ്ങൾ ആചരിച്ചാൽ ആക്കും ജാതിവിചാരത്തെ നശിപ്പിക്കാൻ സാധിക്കും.

ഒരുജാതി എന്ന വാക്യത്തിൽ നിർവ്വചിച്ചിട്ടുള്ള മനുഷ്യൈക്യത്തേയും രക്തബന്ധത്തേയും തന്നേയാണു് എച്ച്. ജി. വെത്സ് തൻെറ "ആദ്യന്തസംഗതികൾ" എന്ന പുസ്തകത്തിൽ വിവരിച്ചിട്ടുള്ളതു്. അതിലെ ചില

വാചകങ്ങൾ ഇവിടെ ഉദ്ധരിക്കാം. "നാം, നിങ്ങളും ഞാനും, (വേദാന്തികൾ പറയുന്നതുപോലെ) വെറും ചിന്തയിൽമാത്രം അന്യോന്യം ബന്ധപ്പെട്ടവരല്ല, ഒരേ ജീവപ്രവാഹത്തിന്റെയും ഒരേ രക്തപ്രവാഹത്തിന്റെയും അംശങ്ങളാകുന്നു. നമ്മുടെ ഓരോരുത്തരുടേയും മാതാപിതാക്കന്മാരായി രണ്ടുപേർ ഉണ്ടായിരുന്നു. ആ മാതാപിതാക്കന്മാരുടെ അച്ഛനമ്മമാരായി നാലുപേരും ആ അച്ഛനമ്മമാരുടെ അച്ഛനമ്മമാരായി എട്ടുപേരും ഉണ്ടായിരിക്കണം. ഇങ്ങനെ ഒരു അമ്പതുതലമുറ പിന്നോക്കം കണക്കാക്കിയാൽ അക്കാലത്തു് ലോകത്തിലുണ്ടായിരുന്നവരെല്ലാം നമ്മോടു രക്തബന്ധമുള്ള ജനയിതാക്കളായിരുന്നു എന്നു കാണാം. (ഒരു കുടുംബത്തിലുള്ളവർ തമ്മിലുണ്ടായേക്കാവുന്ന മിശ്രവിവാഹത്തെ ഇവിടെ വിസ്മരിക്കുന്നു) ഒരു നൂറു തലമുറ പിന്നോക്കം കണക്കാക്കുന്നതായാൽ തീർച്ചയായും അന്നുള്ളവരെല്ലാം നമ്മുടെ ജനയിതാക്കളായിരിക്കണം. ഇതുമാത്രമല്ല ഇതുപോലെ ഇനിമേലും നാം ഓരോരുത്തരും നമ്മുടെ രക്തബന്ധം ലോകത്തിലെല്ലാം വ്യാപിപ്പിക്കും. ഈ പ്രവാഹത്തിൽനിന്നു് ഒഴിഞ്ഞുനില്ക്കാൻ ആക്കും സാധിക്കുകയില്ല. ഒരു അൻപതു തലമുറ കഴിഞ്ഞു നോക്കിയാൽ നമ്മുടെ ഓരോരുത്തരുടേയും രക്തം ലോകത്തിലുള്ള സകല ജനങ്ങളുടേയും നാഡികളിൽകൂടി ഓടുന്നുണ്ടെന്നു കാണാം. അക്കാലത്തു ജനിക്കുന്ന ഒരു കുട്ടിയിൽ എന്റെ രക്തമോ ഇന്നെന്റെ പരമശത്രുവായിരിക്കുന്ന ഒരാളുടെ രക്തമോ ഓടുന്നതെന്നു് തിരിച്ചറിയുവാൻ സാധിക്കുകയില്ല. മനുഷ്യവ്യക്തികളും, സമുദായങ്ങളും രാഷ്ട്രങ്ങളും, വർഗ്ഗങ്ങളും ഗംഭീരമായ ഈ മാനവരക്ത

പ്രവാഹത്തിലെ കുമിളകളും നുരത്തുള്ളികളുംപോലെയാണ്. പരമാത്ഥമായ മനുഷ്യൈക്യത്തെപ്പററിയുള്ള ബോധം വളരെ സാവധാനത്തിൽ മാത്രമേ ഉണ്ടായിവരുന്നുള്ളു. ആ ബോധം വന്നിട്ടുള്ളവരായ നാം മററുള്ളവരുടെ ഹൃദയത്തിലും അതു് ഉദിപ്പിക്കാൻ യത്നിക്കണം. പൊതുവിൽ പറയുന്നതായാൽ ഇന്നത്തെ മനുഷ്യവഗ്ഗത്തിന്നു് ഈ ബോധം ഇനിയും വന്നിട്ടില്ലെന്നാണു് എൻെറ അഭിപ്രായം. വ്യക്തികളും, വഗ്ഗങ്ങളും, രാഷ്ട്രങ്ങളും എല്ലാം അന്യോന്യബന്ധമില്ലാതെ എന്നും വ്യത്യസ്തമായി സ്ഥിതിചെയ്യുന്നവയാണെന്നുള്ള വ്യാമോഹത്തിൽ മനുഷ്യർ ആണ്ടുകിടക്കുകയാണു്. അതുകൊണ്ടാണു് മനുഷ്യസമുദായം അതിനെത്തന്നെ ദ്രോഹിക്കുന്നതും, അതിനോടുതന്നെ ശണ്ഠയിടുന്നതും, അതിനുള്ള ഗംഭീരമായ സാദ്ധ്യതകളെ കാണാതിരിക്കുന്നതും.

ഇന്ത്യയ്ക്കു പുറത്തുള്ളവക്കു് ജാതി ഒരു തുമ്പുമില്ലാത്ത ഒരു ഭോഷത്വമാണു്. പരമാത്ഥത്തിൽ അങ്ങിനെതന്നെ. പക്ഷെ ഒരായിരം വിധത്തിൽ അതു ജനങ്ങളെ അടിമപ്പെടുത്തുകയും അവരുടെ ഏകീകരണവും വളച്ച്യയും തടയുകയും ചെയ്തിട്ടുണ്ടെന്നുള്ള സംഗതി അവർ വിസ്മരിക്കുന്നു. ഏകദേശം ജാതിയെപ്പോലുള്ള ചില സാമുദായികവ്യത്യാസങ്ങൾ മററു രാജ്യങ്ങളിൽ ഉണ്ടായിരിക്കാം. പക്ഷെ അവ ഒന്നും ഇന്ത്യയിലെ ജാതിപോലെ ആണെന്നു പറയത്തക്കവണ്ണം അത്ര ഭയങ്കരമായ ദുഷ്ടതയോടുകൂടിയതല്ല. ജാതി ലോകത്തിലുള്ള ദുഷ്ടതകളിൽവച്ചു് ഏററവും വിഷം നിറഞ്ഞതും നിഷ്ഠുരമായിട്ടുള്ളതും ആകുന്നു. അതു്

പല തലമുറ പരിഷ്കൃത്താക്കളുടെ എതിർപ്പിനേയും കാലപ്പഴക്കത്തിലെ ബലക്ഷയത്തേയും വിജയപൂർവ്വം തരണം ചെയ്തിട്ടുണ്ട്. ഗുരുദേവൻ അതിനെക്കൊന്നു കുഴിച്ചിട്ടു എന്ന് പറയാറായിട്ടില്ല. ഗുരുദേവൻ ഇളക്കിവിട്ടിട്ടുള്ള ശക്തികൾ യഥാകാലം ഈ ശപിച്ച ജാതിവ്യവസ്ഥയെ തച്ചുടയ്ക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു അദ്ദേഹത്തിൻെറ വാക്കുകൾ സഫലമായിത്തീരുന്നതിൻെറ ലക്ഷണങ്ങൾ ദിനംപ്രതി വർദ്ധിച്ചുവരുന്നുണ്ട്. ഈ പൈശാചികമായ ഏൎപ്പാടിൻെറ പേരിലുള്ള വിരോധം ഇന്ന് ഇന്ത്യയിൽ എല്ലാ സ്ഥലത്തും തിളച്ചു പൊങ്ങിത്തുടങ്ങിയിട്ടുണ്ട്. ഉല്പതിഷ്ണുക്കളും, യാഥാസ്ഥിതികരും തമ്മിൽ ഒരു മരണപൎയ്യന്തമുള്ള യുദ്ധം ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. അതു് എങ്ങിനെയായാലും ലോകത്തിൻെറ നാനാഭാഗത്തുള്ള പലവിധ സാമുദായികാസമത്വങ്ങളെ നശിപ്പിക്കുവാൻ ആഗ്രഹിക്കുന്നവൎക്ക് ഗുരുദേവൻെറ കൎമ്മപരിപാടി ഒരു മാതൃകയാകുന്നു.

## മതമൈത്രി.

മതങ്ങളെപ്പററി ഗുരുദേവൻ പറഞ്ഞിട്ടുള്ളതു് "പല മതസാരമേകം" എന്നാകുന്നു. "എല്ലാ മതങ്ങളുടേയും ഉദ്ദേശം ഒന്നുതന്നെ. നദികൾ സമുദ്രത്തിൽ ചേൎന്നാൽ പിന്നെ തിരക്കുഴി എന്നും നടുക്കടലെന്നും ഉണ്ടോ? ജീവാത്മാക്കൾക്ക് ശുദ്ധമുഖത്വം ഉണ്ടാക്കാനുള്ള അധികാരമേ മതങ്ങൾക്കുള്ളു. അതുണ്ടായിക്കഴിഞ്ഞാൽ സൂക്ഷ്മം അവർ തന്നെ അന്വേഷിച്ചു് കണ്ടെത്തിക്കൊള്ളും. സൂക്ഷ്മാന്വേഷണത്തെ സഹായിക്കുന്ന മാൎഗ്ഗദൎശികൾ മാത്രമാണു് മത

ങ്ങൾ; സൂക്ഷ്മം അറിഞ്ഞവന്ന് മതപ്രമാണമല്ല. മതത്തിന്ന് അവൻ പ്രമാണമാണ്. ബുദ്ധമതം പഠിച്ചാണോ ബുദ്ധൻ നിർവ്വാണമാർഗ്ഗം ഉപദേശിച്ചതു്? ബുദ്ധൻ നിർവ്വാണമാർഗ്ഗം ആരാഞ്ഞറിഞ്ഞു് അതുപദേശിച്ചു. ആ മാർഗ്ഗം പിന്നീടു ബുദ്ധമതമായി. ബുദ്ധന്നു ബുദ്ധമതംകൊണ്ടോ, ക്രിസ്തുവിന്ന് ക്രിസ്തുമതംകൊണ്ടോ പ്രയോജനമില്ല. അതുപോലെ മററു മതങ്ങളെക്കുറിച്ചും പറയാവുന്നതാണ്. എന്നാൽ ബുദ്ധമതംകൊണ്ടു് ബുദ്ധമതക്കാർക്കും ക്രിസ്തുമതംകൊണ്ടു് ക്രിസ്തുമതക്കാർക്കും പ്രയോജനമുണ്ടു്. അതുപോലെ എല്ലാ മതങ്ങളും അതാതു മതാനുയായികൾക്ക് പ്രയോജനമുള്ളവതന്നെ.

രാജ്യങ്ങൾ തമ്മിലും, സമുദായങ്ങൾ തമ്മിലും ഉള്ള ശണ്ഠ ഒന്ന് മറെറാന്നിനെ തോല്പിക്കുമ്പോൾ അവസാനിക്കും. മതങ്ങൾ തമ്മിൽ പൊരുതിയാൽ ഒടുങ്ങാത്തതുകൊണ്ടു് ഒന്നിന്ന് മറെറാന്നിനെ തോല്പിക്കാൻ കഴിയുകയില്ല; മതപ്പോരിന്ന് അവസാനം ഉണ്ടാകണമെങ്കിൽ സമബുദ്ധിയോടുകൂടി എല്ലാമതങ്ങളും എല്ലാവരും പഠിക്കണം. അപ്പോൾ പ്രധാനതത്വങ്ങളിൽ അവക്കു തമ്മിൽ സാരമായ വ്യത്യാസം ഇല്ലെന്ന് വെളിപ്പെടുന്നതാകുന്നു. അങ്ങനെ വെളിപ്പെട്ടുകിട്ടുന്ന മതമാണ് നാം ഉപദേശിക്കുന്ന ഏകമതം."

"മതത്തിന്ന് അഭ്യന്തരവും ബാഹ്യവുമായ രണ്ടുവശങ്ങൾ ഉണ്ടു്. ഇവയിൽ ഏതിനാണ് പരിവർത്തനം വേണമെന്നു പറയുന്നതു്? ബാഹ്യമായ മാററത്തിനാണ് ഉത്സാഹമെങ്കിൽ അതു മതപരിവർത്തനമല്ല; സമുദായപ

രിവൎത്തനമാണ്. ചിന്താശീലമുള്ള ഓരോ വ്യക്തികളിലും അഭ്യന്തരമായ പരിവൎത്തനം ക്രമേണ സംഭവിച്ചുകൊണ്ടു തന്നെയിരിക്കുന്നു. വിജ്ഞാനവൎദ്ധനയോടുകൂടി മതം സ്വാഭാവികമായി മാറുകയല്ലാതെ ആക്കും മാററാൻ കഴിയുന്നതല്ല. ഹിന്ദുമതം, ക്രിസ്തുമതം എന്നിങ്ങനെ പ്രത്യേക നാമങ്ങളാൽ അറിയപ്പെടുന്ന മതങ്ങളിൽ ചേൎന്നിരിക്കുന്നവരിൽ ഒരാൾക്ക് ആ മതത്തിൽ വിശ്വാസമില്ലെന്നു വന്നാൽ അയാൾ ആ മതം മാറുകതന്നെയാണു വേണ്ടതു്. വിശ്വാസമില്ലാത്ത മതത്തിൽ ഇരിക്കുന്നതു് ഭീരുത്വവും കപടവുമാണ്. അവർ മതം മാറുന്നതു് അവനും നല്ലതാണ്. ഒരു മതത്തിനും ആ മതത്തിൽ അവിശ്വാസികളുടെ സംഖ്യ വൎദ്ധിക്കുന്നതു് ശ്രേയസ്കരമല്ലല്ലോ.

"വൈദികമതം, പൌരാണികമതം, സാംഖ്യമതം, വൈശേഷികമതം, മീമാംസകമതം, ദ്വൈതമതം, അദ്വൈതമതം, വൈഷ്ണവമതം, എന്നിങ്ങനെ പ്രത്യക്ഷത്തിൽ വിഭിന്നങ്ങളായിരിക്കുന്ന അനേക മതങ്ങൾക്ക് എല്ലാററിനുംകൂടി ഹിന്ദുമതം എന്നൊരു പൊതുപ്പേരു പറയുന്നതു് യുക്തിഹീനമല്ലെങ്കിൽ മനുഷ്യജാതിക്കെല്ലാററിനും മോക്ഷപ്രാപ്തിക്കുപയുക്തങ്ങളായി ദേശകാലാവസ്ഥകൾ അനുസരിച്ചു് ഓരോ ആചാൎയ്യന്മാർ ഈഷദീഷത് ഭേദങ്ങളോടുകൂടി ഉപദേശിച്ചിട്ടുള്ള എല്ലാ മതങ്ങൾക്കും കൂടി ഏകമായ ലക്ഷ്യത്തോടുകൂടിയ ഏകമതം എന്നുപറയുന്നതിൽ എന്തിനാണ് യുക്തിഹീനതയെ സംശയിക്കുന്നതു്. ഏകത്വത്തിൽ നാനാത്വവും, നാനാത്വത്തിൽ ഏകത്വവും അവനവൻെറ മതത്തെ സംബന്ധിച്ചു് ചാ

ത്സുത്തോടെ പ്രസംഗിക്കുന്നവക്ക് മനുഷ്യജാതിയുടെ മതത്തെ പൊതുവിൽ എടുത്തു് അതിൻെറ ഏകത്വത്തിൽ നാനാത്വവും നാനാത്വത്തിൽ ഏകത്വവും കാണ്മാൻ കഴിയാതെ വന്നതു് ആശ്ചൎയ്യമായിരിക്കുന്നു. മത്സരം മതം നിമിത്തമല്ല, മദം നിമിത്തമാണു്."

ഒരു പദ്യകൃതിയിൽ ഗുരുദേവൻ ഇപ്രകാരം പറയുന്നു:—

പലമതസാരവുമേകമെന്നുപാരാ—
ലുലകിലൊരാനയിലന്ധരെന്നപോലെ
പലവിധയുക്തി പറഞ്ഞു പാമരന്മാ—
രലവതു കണ്ടലയാതമന്നിടേണം

അഖിലരുമാത്മസുഖത്തിനായ് പ്രയത്നം
സകലവുമിങ്ങു സദാപി ചെയ്തിടുന്നു;
ജഗതിയിലിമ്മതമേകമെന്നു ചിന്തി—
ച്ചഘമണയാതകതാരമൎത്തിടേണം.

മനുഷ്യൻെറ അഭിലാഷങ്ങളെല്ലാം നിത്യസുഖലബ്ധിയെ ലക്ഷ്യമാക്കിയുള്ളവയാണു്. മനുഷ്യനെ ഈ പരമാനന്ദത്തിലേക്കു നയിക്കുവാൻ മതങ്ങൾ ശ്രമിക്കുന്നു. ഈ കാൎയ്യത്തിൽ എല്ലാ മതങ്ങളും ഒന്നാണു്. പ്രകൃതിശാസ്ത്രജ്ഞൻ, ജ്യോതിശാസ്ത്രജ്ഞൻ, വേദാന്തി, കവി ഇവർ ഓരോരുത്തരും അവരവരുടെ മാൎഗ്ഗത്തിൽകൂടി ഒരേ പ്രകൃതിയെ മനസ്സിലാക്കുവാൻ ശ്രമിക്കുന്നു. അവർ അന്യോന്യം വഴക്കിടുന്നില്ല. ആരുംതന്നെ മുഴുവൻ പരമാൎത്ഥം അറിഞ്ഞിട്ടില്ല. മതാത്മാക്കൾക്കുപോലും പ്രപ

ഖധമ്മത്തിൻെറ ചില മങ്ങിയ കാഴ്ചകൾ മാത്രമേ ലഭിച്ചിട്ടുള്ളു. വിദ്യാത്ഥികൾ പ്രകൃതിശാസ്ത്രം പഠിക്കുന്നതുപോലെ നാം സത്യത്തെ അന്വേഷിക്കാനും അറിയാനുമായി മതത്തെ സമീപിക്കണം. മതാഭിമാനികൾ സ്നേഹിതന്മാരേയും സഹോദരന്മാരേയുംപോലെ ഒരുമിച്ച് ജീവിക്കണം; സഹപാഠികളെപ്പോലെ ഒരുമിച്ചു പഠിക്കണം. അവരവരുടെ വിശ്വാസത്തിനു് അനുരൂപമായ മാഗ്ഗത്തിൽക്കൂടി പരമാത്ഥത്തെ അഥവാ ദൈവത്തെ അനുഭവിച്ചറിയുവാൻ ശ്രമിക്കുകയും വേണം. ഈ മനസ്ഥിതി വളത്തുവാനാണു് ഗുരുദേവൻ നമ്മോടാവശ്യപ്പെടുന്നതു്.

"വാദിക്കാനും ജയിക്കാനുമല്ല. അറിയാനും അറിയിക്കാനുമാണു്." എന്നു പ്രഖ്യാപനം ചെയ്തുകൊണ്ടു് മേൽ പറഞ്ഞ ആശയങ്ങളെ വ്യക്തമാക്കാനായി ഗുരുദേവൻ ഒരു സവ്വമത സമ്മേളനം വിളിച്ചു കൂട്ടുകയും സത്യാന്വേഷണബുദ്ധിയോടുകൂടി എല്ലാ മതങ്ങളും പഠിക്കുന്നതിനു തൻെറ തലസ്ഥാനമായ ശിവഗിരിയിൽ ഒരു ബ്രഹ്മവിദ്യാലയം സ്ഥാപിക്കുന്നതിനു് ചില നിശ്ചയങ്ങൾ ചെയ്യുകയും ചെയ്തു. സവ്വമത സമ്മേളനം ഇപ്പോൾ ആ വാഷികാഘോഷമായി ജനങ്ങൾ പല സ്ഥലങ്ങളിൽ നടത്തുന്നുണ്ടു്. പക്ഷെ ബ്രഹ്മവിദ്യാലയത്തെ സംബന്ധിച്ച കാര്യമൊന്നും ഇതുവരെ നടന്നിട്ടില്ല. മതപരമായ സംശയങ്ങൾ തീക്കുന്നതിനു് ഗുരുദേവനെ സമീപിക്കുന്നവരോടു് അദ്ദേഹം വീണ്ടും വീണ്ടും പറയാറുള്ളതു് "മതമേതായാലും മനുഷ്യൻ നന്നായാൽ മതി" എന്നായിരുന്നു.

സമാധിക്ക് ഉദ്ദേശം 1ൽ കൊല്ലം മുൻപ് ആല പ്പുഴ കൂടിയ യോഗത്തിൽവച്ച് അദ്ദേഹം തന്റെ അന്ത്യ സന്ദേശം ജനങ്ങൾക്ക നൽകിയത് ഇപ്രകാരമായിരുന്നു. "സമുദായസംഘടനയെപ്പററിയും മതപരിഷ്കാരത്തെപ്പ ററിയും നിങ്ങൾ ഗൌരവമായ ചില ആലോചനകൾ ചെയ്യവരുന്നുണ്ടെന്നറിയുന്നത് നമുക്ക് വളരെ സന്തോ ഷംതന്നെ. എന്നാൽ സംഘടനയുടെ ഉദ്ദേശം ഒരു പ്രത്യേക വർഗ്ഗക്കാരെ മാത്രം ചേർത്ത് ഒരു സമുദായത്തെ സൃഷ്ടിക്കുവാൻ ആയിരിക്കരുത്. മതപരിഷ്കാരം ഇന്നുള്ള ഏതെങ്കിലും ഒരു മതത്തെ ഉപേക്ഷിച്ച് മററൊരു മത സംഘത്തിൽ ചേരുന്ന ശ്രമം മാത്രമായി കലാശിക്കരുത്. നമ്മുടെ സമുദായസംഘടന എല്ലാ മനുഷ്യരേയും ഒന്നാ യി ചേർക്കുന്നതായിരിക്കണം.

"മതം വിശ്വാസസ്വാതന്ത്ര്യത്തെ അനുവദിക്കുന്നതും സംസ്കൃത ബുദ്ധികൾക്കെല്ലാം സ്വീകാര്യവും മനുഷ്യരെ ഉത്തമമായ ആദർശത്തിലേക്ക നയിക്കുന്നതും ആയിരി ക്കണം."

"ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യനു" എന്നുള്ള സനാതനധർമ്മം അങ്ങനെയുള്ള ഒരു മതമാ കുന്നു ഈ സനാതനധർമ്മത്തിൽ വിശ്വസിക്കുന്നവരെ യെല്ലാം ഒന്നായി ചേർക്കുന്നതു സംഘടനയ്ക്കു് ഏററവും ഉത്തമമായ രീതിയായിരിക്കുമെന്നു നമുക്ക തോന്നുന്നു. മതപരിവർത്തനം കൂടാതെ അസമത്വങ്ങളും ബുദ്ധിമുട്ടു കളും തീരുകയില്ലാ എന്നു് വിശ്വസിക്കുന്നവർക്ക് ഈ സനാതനധർമ്മം മതമായി സ്വീകരിക്കുന്നതു് അവരുടെ

മതപരിവർത്തനവും സ്വാതന്ത്ര്യപ്രഖ്യാപനവും ആയിരിക്കുന്നതാണ്."

നാം ഗ്രഹിക്കേണ്ട ഗുരുദേവൻെറ ഉപദേശങ്ങൾ അദ്ദേഹം എഴുതുകയോ പറയുകയോ ചെയ്തിട്ടുള്ളതിൽ നിന്നു മാത്രമല്ല അദ്ദേഹത്തിൻെറ ജീവിതത്തിൽ നിന്നും കർമ്മപരിപാടിയിൽ നിന്നുംകൂടി ആയിരിക്കണം. ഈ രണ്ടാമത്തു പറഞ്ഞതിനെപ്പററി നാം ചർച്ച ചെയ്തു കഴിഞ്ഞിരിക്കുന്നു. അതിൽനിന്നും നാലു സംഗതികൾ നാം ഗ്രഹിച്ചിട്ടുണ്ട്. (1) ജീവൻ ഒന്നാണ്. (2) ആ ജീവനെ നിയന്ത്രിക്കുന്ന തത്വങ്ങൾ എല്ലാവക്കും ഒന്നാണ്. (3) ആ ജീവൻെറ പരമമായ ലക്ഷ്യവും എല്ലാവക്കും ഒന്നുതന്നെ. (4) അതുകൊണ്ടു് മനുഷ്യവ്യക്തികളുടേയും സമുദായങ്ങളുടേയും സാന്മാർഗ്ഗികവും ആത്മീയവുമായ പുരോഗമനത്തിനും ജീവിതത്തിനും പ്രമാണമായ മൂലതത്വങ്ങൾ എല്ലാവക്കും പൊതുവാകുന്നു. ഈ ആശയങ്ങളാണ് ഗുരുദേവൻ "ഒരു ജാതി, ഒരുമതം, ഒരു ദൈവം മനുഷ്യന്" എന്ന മുദ്രാവാക്യംകൊണ്ടു് ഏററവും ലളിതമായ ഭാഷയിൽ അരുളിച്ചെയ്തിട്ടുള്ളതു്.

IX

# ഒരു ജാതി ഒരു മതം ഒരു ദൈവം.

## ഒരു പുതിയ ജീവിതാദൎശ പ്രഖ്യാപനം.

ഒരു ജാതി, ഒരു മതം, ഒരു ദൈവം എന്ന മുദ്രാവാക്യത്തിൽ അടങ്ങിയിരിക്കുന്ന വേദാന്തത്തെപ്പററി സൂക്ഷ്മമായി വിചിന്തനം ചെയ്താൽ ജീവിതാദൎശത്തെ പുതുക്കി സ്ഥാപിക്കുന്ന കാൎയ്യത്തിൽ ഗുരുദേവൻ എത്രമാത്രം പുരോഗമിച്ചിട്ടുണ്ടെന്നു വ്യക്തമാകും. ഗുരുദേവൻെറ ഈ മുദ്രാവാക്യത്തെ "സ്വാതന്ത്ര്യം, സമത്വം, സാഹോദൎയ്യം" എന്ന സുപ്രസിദ്ധമായ വിപ്ലവലക്ഷ്യവുമായി താരതമ്യപ്പെടുത്തി പരിശോധിച്ചുനോക്കാം. വ്യക്തിമഹത്വത്തെ അടിസ്ഥാനമാക്കിയുള്ള ഇന്നത്തെ നാഗരികതയുടെ അധീശാശയങ്ങളാണു് "സ്വാതന്ത്ര്യം സമത്വം സാഹോദൎയ്യം." എല്ലാ വിഷയങ്ങളേയും ഒരു പ്രത്യേകരീതിയിൽ വീക്ഷിക്കുന്ന ആധുനിക ലോകത്തിൻെറ ഏററവും ഉൽകൃഷ്ടമായ അഭിലാഷങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. വ്യക്തിത്വത്തിനു പ്രാമാണ്യം കൊടുക്കുന്ന ഈ യുഗം ലോകത്തിനു പ്രദാനം ചെയ്തിട്ടുള്ള രണ്ടു പ്രധാന നേട്ടങ്ങൾ രാഷ്ട്രീയബോധവും ശാസ്ത്രീയപുരോഗതിയുമാണു്. ഇവയുടെ ഫലമായി ലോകം ഒന്നാണെന്നും, മനുഷ്യരെല്ലാം ഒരു സമുദായത്തിൽപെട്ടവരാണെന്നും,

സാമൂഹ്യജീവിതം ഒരാശയം മാത്രമല്ല ദൈനംദിനജീവിതത്തിലെ പരമാൎത്ഥമാണെന്നുമുള്ള ബോധവും അനുഭവവും ഒരുവിധം സാൎവത്രികമായി തീൎന്നിട്ടുണ്ടു്. ഭാവിനാകരികം ഈ അനുഭവത്തെ അടിസ്ഥാനമാക്കി അതിൻെറ ഗതി ആരംഭിക്കണം. അവസാനമില്ലാത്ത ലോകപ്രശ്നത്തിൻെറ ഒരു രൂപം എന്ന നിലയിൽ സ്വാതന്ത്ര്യം വ്യക്തിയുടെ അവകാശത്തേയും, സമത്വം സമുദായത്തിൻെറ സ്വഭാവത്തേയും, സാഹോദൎയ്യം രണ്ടിൻേറയും ലക്ഷ്യത്തേയും സൂചിപ്പിക്കുന്നു എന്നു പ്രസ്താവിച്ചു കഴിഞ്ഞിരിക്കുന്നു. ഈ വിപ്ലവാഹ്വാനത്തിൽ അതിപ്രധാനമായി കല്പിക്കപ്പെട്ടിട്ടുള്ളതു് വ്യക്തികളുടെ മഹത്വമാണെന്നു പ്രത്യക്ഷമാണല്ലോ. ലോകം വ്യത്യസ്തരായ അസംഖ്യം മനുഷ്യവ്യക്തികളുടെ ഒരു വലിയ കൂട്ടമാണെന്നാണു് വിപ്ലവ വേദാന്തം. (Philosophy of the Revolution.) ഈ വ്യക്തികൾ സമാധാനമായും സഹകരിച്ചും ജീവിക്കാനുള്ള ഉപായമാണു്, വിപ്ലവാദൎശം നിൎവചിക്കുന്നതു്. ഓരോ വ്യക്തിക്കും പൂൎണ്ണ സ്വാതന്ത്ര്യം ഉണ്ടായിരിക്കണം; വ്യക്തികളെ സമന്മാരായി വിചാരിക്കണം; പക്ഷെ എല്ലാവരും സഹോദരസ്നേഹത്തോടെ ഒന്നായി വൎത്തിക്കണം. ഇതാണു് ആധുനികനാകരികം ലോകത്തിനു നൽകിയിട്ടുള്ള സമാധാനം.

ഗുരുദേവൻെറ ഒരു ജാതി, ഒരു മതം, ഒരു ദൈവം എന്ന ഉപദേശത്തിലെ ഏററവും പ്രധാനമായ ആശയം "ഐക്യ"മാണു്. വ്യക്തിപ്രധാനമായ തത്വശാസ്ത്രം, വ്യക്തികളുടെ വ്യത്യസ്തമായ ജീവിതത്തിനു് മുൻഗണന

കൊടുക്കുന്നു; എന്നിട്ട് അവരെ ഒന്നാക്കുവാൻ ശ്രമിക്കുന്നു. ഗുരുദേവൻെറ വേദാന്തം സ്ഥിതിസമത്വവാദം പോലെ എല്ലാവരും വാസ്തവത്തിൽ ഇപ്പോൾ ഒന്നായിരിക്കുന്നു എന്നുള്ള ആശയത്തിനു് മുൻഗണന കൊടുത്തു് വ്യക്തിസ്വാതന്ത്ര്യത്തെ സാമൂഹ്യമായ നന്മയ്ക്കു് അധീനമാക്കുന്നു.

## ഒരു ജാതി.

ഭാവിയിലെ നാഗരികത്തിൽ പ്രഥമസ്ഥാനം വ്യക്തികൾക്കല്ല, മനുഷ്യജാതിക്കു് അഥവാ മാനവസമുദായത്തിനായിരിക്കും. മാനവസമുദായത്തെ അതു് ഒരു വലിയ വ്യക്തിയായി കരുതി അതിൻെറ താല്പര്യങ്ങൾക്കു സർവ്വോപരി പ്രാധാന്യം കൊടുക്കുന്നു. വ്യക്തിസ്വാതന്ത്ര്യമല്ല യഥാർത്ഥമായിട്ടുള്ളതു്, മനുഷ്യരെല്ലാം ഒന്നാണെന്നും എല്ലാ വ്യക്തികളും അന്യോന്യം പ്രകൃത്യാ ബന്ധപ്പെട്ടവരാണെന്നും ഉള്ളതാണു് പരമാർത്ഥം എന്ന ആശയമാണു് ഗുരുദേവൻ "ഒരു ജാതി"കൊണ്ടു് നിർദ്ദേശിച്ചിട്ടുള്ളതു്. ഈ "ഏകത്വ"മാണു് മനുഷ്യജീവിതത്തിലെ മൌലികമായ യാഥാർത്ഥ്യം. എല്ലാ മനുഷ്യരിലും തിളയ്ക്കുന്ന രക്തം ഒന്നാണെന്നുള്ള വാസ്തവത്തെ കാണ്മാൻ നമ്മെ അശക്തരാക്കിത്തീർക്കുന്ന വർഗ്ഗവ്യത്യാസം, ദേശവ്യത്യാസം, സംസ്കാരവ്യത്യാസം, മുതലായവയെ നമ്മുടെ മനസ്സിൽനിന്നു് നിർമ്മാർജ്ജനം ചെയ്യണം. അവയെല്ലാം ഇടുങ്ങിയ ബുദ്ധിയിലെ വിഡ്ഢിത്തങ്ങളാണു് എന്നു നാം മനസ്സിലാക്കണം. മനുഷ്യവർഗ്ഗം ഒന്നാണെന്നുള്ളതു് ഭൌതിക പ്രകൃതിയിലെയും മനുഷ്യശരീരത്തി

ൻേറയും മനുഷ്യജീവിതത്തിൻേറയും ഒരു സ്വഭാവവും പരമാത്ഥവുമാണെന്നു് "ഒരു ജാതി" ഉദ്ബോധിപ്പിക്കുന്നു.

## ഒരു മതം.

മനുഷ്യരുടെ ജീവിതത്തെ നിയന്ത്രിക്കുന്ന "നിയമ"വും ഒന്നാണെന്നു് ഗുരുദേവൻ സ്ഥാപിച്ചിരിക്കുന്നു. മനുഷ്യസമുദായത്തെ സ്വതന്ത്രരായ വ്യക്തികളുടെ ഒരു ട്ടമായി വിചാരിച്ചാൽ അങ്ങിനെയുള്ള ഒരു സമുദായത്തിലെ മൌലികമായ ഒരു സിദ്ധാന്തം അതിലെ വ്യക്തികളെല്ലാം സമന്മാരാണു് എന്നായിരിക്കണം. അതുകൊണ്ടു് വിപ്ലവവേദാന്തികൾ സ്വാതന്ത്ര്യത്തിൽ നിന്നു് സയുക്തികമായി സമത്വം അനുമാനിക്കുന്നു. ഗുരുദേവൻേറ വേദാന്തപ്രകാരം മനുഷ്യജീവിതം ഒന്നാണു്. അതുകൊണ്ടു് ആ ജീവിതത്തിന്നാധാരമായ നിയമം അഥവാ "മതം" ഒന്നായിരിക്കണം. പാവനവും ഉൽകൃഷ്ടവുമായ ധമ്മം അഥവാ തത്വം അഥവാ നിയമം എന്ന അത്ഥത്തിലാണു് അധികംപേരും "മതം" എന്ന പദം ഉപയോഗിക്കുന്നതു്: ഈ അത്ഥത്തിൽതന്നെ ഗുരുദേവൻ "ഒരു മതം" എന്നു പ്രയോഗിച്ചിരിക്കുന്നു. എല്ലാ മതങ്ങളുടേയും മൌലികവിശ്വാസങ്ങൾ ഒന്നാണെന്നു് ഗുരുദേവൻേറ കൃതികളിലും സംഭാഷണങ്ങളിലും അദ്ദേഹം വിസ്തരിച്ചു പ്രസ്താവിച്ചിട്ടുണ്ടു്. അവയിലെ ആത്മീയതത്വങ്ങൾ എല്ലാം ഒന്നുതന്നെ. സാരമായ വ്യത്യാസം ഒന്നുമില്ല. മതങ്ങളെ നിഷ്പക്ഷബുദ്ധിയോടുകൂടി പഠിച്ചാൽ പ്രത്യക്ഷപ്പെടുന്ന അവയുടെ മൌലിക

മായ "ഏകത്വ"മാണു് ഒരു മതം, അഥവാ യഥാൎത്ഥ മതം, അഥവാ എല്ലാവൎക്കും പൊതുവായ ധൎമ്മം അഥവാ നിയമം എന്നും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ടു്. ആത്മീയതത്വങ്ങളെപ്പററി പറഞ്ഞിട്ടുള്ളതു് ഭൌതികപ്രകൃതി, സാന്മാൎഗ്ഗികധൎമ്മം സാമുദായികവും, രാഷ്ട്രീയവുമായ സംഘടന, സാമ്പത്തികസമാധാനം മുതലായവയെ സംബന്ധിച്ചുള്ള നിയമങ്ങൾക്കും ബാധകമാണു്. അവയിലും മൌലികമായ "ഏകത്വ"മുണ്ടു്. മനുഷ്യരുടെ നന്മയ്ക്കായുള്ള എല്ലാ നിയമങ്ങളിലും ഈ "ഐക്യം" കാണാം. ഇപ്രകാരമുള്ള എല്ലാ നിയമങ്ങളും ഒരുമതം എന്ന പദത്തിൽ ഉൾപ്പെട്ടതായി വിചാരിക്കണം. അവയെല്ലാം മനുഷ്യൎക്കു പൊതുവായിരിക്കണം. "മനുഷ്യരക്തം" ഒന്നാണെന്നുള്ള പ്രകൃതിതത്വത്തെ മനുഷ്യർ ഇനിയും മനസ്സിലാക്കിയിട്ടില്ലാത്തതുപോലെ അവരുടെ "ധൎമ്മം" അഥവാ അവരുടെ ജീവിതത്തെ നിയന്ത്രിക്കുന്ന "നിയമം" ഒന്നാണെന്നും അവർ ഇതേവരെ ഗ്രഹിച്ചിട്ടില്ല ഓരോ ജനതയുടേയും രാജ്യത്തിന്റേയും സാന്മാൎഗ്ഗികനിയമങ്ങളും സാമ്പത്തികനിയമങ്ങളും വിഭിന്നങ്ങളായിരിക്കാനെ തരമുള്ളു എന്നാണു ധാരണ. മനുഷ്യരുടെ സാന്മാൎഗ്ഗികതത്വങ്ങളെ ഏകീകരിച്ചു് എല്ലാവൎക്കും പൊതുവായ ഒരു ധൎമ്മം അഥവാ എല്ലാ രാജ്യങ്ങളും അംഗീകരിച്ചിട്ടുള്ള നിയമങ്ങൾ നടപ്പിൽ വരുത്തുന്നതും ഒരു മതത്താൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു.

## ഒരു ദൈവം.

വിപ്ലവവേദാന്തപ്രകാരം സമുദായത്തിലെ വ്യക്തികൾ സഹോദരസ്നേഹത്തോടുകൂടി വർത്തിക്കുന്നതാണു് പരമമായ ലക്ഷ്യം സാർവ്വത്രികമായ സാഹോദര്യം സ്ഥാപിക്കുന്നതാണു് ഐഹികജീവിതത്തിലെ പരമോല്കൃഷ്ടമായ ഉദ്ദേശ്യം. മനുഷ്യവർഗ്ഗം ഒന്നാണെന്നുള്ള വിശ്വാസത്തിന്മേലാണു് സ്ഥിതിസമത്വവാദം ആരംഭിക്കുന്നതു്. അതുകൊണ്ടു് മനുഷ്യസാഹോദര്യം ആ വിശ്വാസത്തിന്റെ ഒരു അവിഭാജ്യതത്വമായും നിയമമായും അതു സ്വീകരിക്കുന്നു. പക്ഷേ സ്ഥിതിസമത്വവാദിയുടെ പരമലക്ഷ്യം സാഹോദര്യത്തെക്കാൾ കുറേക്കൂടി വിപുലവും ഒരു പക്ഷേ അവ്യക്തവുമാണു്. അതിനെ വാക്കുകൊണ്ടു് പൂർണ്ണമായി വിവരിക്കുവാൻ സാദ്ധ്യമല്ല. എല്ലാ അഭിലാഷങ്ങളുടേയും സമ്പൂർണ്ണമായ സാക്ഷാൽക്കാരമാണു് അവരുടെ പരമോദ്ദേശ്യം. അതിനെ സങ്കല്പിച്ചാണു് ഗുരുദേവൻ സാധാരണ ജനങ്ങടങ്ങൾക്കു് സൌകര്യമായി ഉപയോഗിക്കാവുന്ന "ഒരു ദൈവം" എന്ന പദം പ്രയോഗിച്ചിട്ടുള്ളതു്. "ഒരു ദൈവം" പരമമായ ലക്ഷ്യമായിരിക്കാം; പരിപൂർണ്ണതയായിരിക്കാം; സാർവ്വത്രികമായ ശാന്തിയായിരിക്കാം; മനുഷ്യജീവിതത്തിലെ ഏററവും ഉൽകൃഷ്ടമായ ആദർശമായി സ്വീകരിക്കാവുന്ന മറെറന്തെങ്കിലും തത്വമായിരിക്കാം.

## ഇവയുടെ പ്രായോഗികവശം.

പഴയ വിപ്ലവഃവദാന്തത്തിൻെറയും ഗുരുദേവൻെറ പുതിയ വേദാന്തത്തിൻെറയും വീക്ഷണഗതികൾ തമ്മിൽ മറെറാരു വ്യത്യാസംകൂടിയുണ്ടു്. ഭൌതികശാസ്ത്രപ്രധാനമായ ഇന്നത്തെ ലോകത്തിലുള്ളവക്കു് സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നതു് അപ്രായോഗികമായ മനോരാജ്യങ്ങളും അഭിലാഷങ്ങളും മാത്രമായി തീൎന്നിരിക്കുന്നു. മനുഷ്യരുടെ സംഘടിതപരിശ്രമങ്ങളിലും, അവരുടെ ശുശ്രൂഷയ്ക്കും ഗുണത്തിനുമുള്ള സ്ഥാപനങ്ങളിലും ഈ തത്വങ്ങളെ എങ്ങനെ പ്രായോഗികമാക്കിത്തീൎക്കണമെന്നു് ഇനിയും ആൎക്കും അറിഞ്ഞുകൂട. ഗുരുദേവൻ അവയെ നമ്മുടെ നിത്യജീവിതത്തോടു് അടുപ്പിച്ചു്, ആ ജീവിതത്തെ പുനഃസംഘടിപ്പിക്കുന്നതിനു് ഈ തത്വങ്ങളെ എങ്ങനെ ഉപയോഗപ്പെടുത്താമെന്നു പ്രത്യക്ഷമാക്കുന്നു. സമുദായവ്യവസ്ഥയും, എല്ലാ സ്ഥാപനങ്ങളുടെയും ഘടനയും സ്വഭാവവും, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന തത്വങ്ങളെ അനുസരിച്ചായിരിക്കണമെന്നു് "ഒരു ജാതി!" എന്ന വാക്യത്തിൽ ഗുരുദേവൻ സ്പഷ്ടമാക്കിയിരിക്കുന്നു. ഗുരുദേവൻെറ കൈയിൽ വിപ്ലവവേദാന്തം വെറും അഭിലാഷങ്ങൾ മാത്രമല്ല; അവ നമ്മുടെ രാഷ്ട്രീയയന്ത്രങ്ങളേയും, ദേശീയലക്ഷ്യങ്ങളേയും, സാമ്പത്തികവ്യവസ്ഥകളേയും നമ്മുടെ ലൌകികജീവിതത്തെ ബാധിക്കുന്ന മറെറല്ലാ ഏൎപ്പാടുകളേയും നവീകരിക്കുന്നതിനു് ഉപയോഗപ്പെടുത്തേണ്ട പ്രകൃതിയിലെ പരമാൎത്ഥങ്ങളാകുന്നു.

നാം പരിശ്രമിച്ചു പ്രയോഗത്തിൽ വരുത്തേണ്ട സുവ്യക്തമായ ഒരു ആശയം "ഒരു മത"ത്തിലും അടങ്ങിയിരിക്കുന്നു. ലോകത്തിലുള്ള മതങ്ങൾ തമ്മിൽ മൈത്രി സ്ഥാപിക്കുന്നതു് പ്രായോഗികവിഷയങ്ങളുടെ കൂട്ടത്തിൽ പ്രാധാന്യമർഹിക്കുന്ന ഒന്നായി ഇപ്പോൾ ഒരുവിധം എല്ലാവരും അംഗീകരിച്ചിരിക്കുന്നു. ഗുരുദേവൻെറ വേദാന്തത്തിൽ മതത്തിനു സാധാരണ കൊടുത്തുവരുന്ന സങ്കുചിതമായ അർത്ഥമല്ലെന്നു നാം കണ്ടുവല്ലോ. ജീവിതത്തിലെ എല്ലാ വശങ്ങളെയും ബാധിക്കുന്ന "ധർമ്മം" അഥവാ "നിയമം" ആണു് മതം. സാമുദായികം, രാഷ്ട്രീയം, സാമ്പത്തികം, ആദ്ധ്യാത്മികം മുതലായി മനുഷ്യരുടെ സംഘടിതജീവിതത്തെ സംബന്ധിച്ചുള്ള എല്ലാ തത്ത്വങ്ങളും "മത"ത്തിൽ ഉൾക്കൊള്ളുന്നു. ഇവയെ ലോകത്തിലുള്ള എല്ലാ ജനങ്ങളേയും, രാജ്യങ്ങളേയും ഒരുപോലെ ബാധിക്കുന്ന സർവ്വജനീനമായ ധർമ്മങ്ങളായി സംയോജിപ്പിക്കണമെന്നാണു് "ഒരു മതം" പ്രബോധിപ്പിക്കുന്നതു്.

ശാരീരികമായും ആദ്ധ്യാത്മികമായും മനുഷ്യരെല്ലാം അന്യോന്യം ബന്ധപ്പെട്ടിരിക്കുന്ന "ഏകജാതി"യാണെന്നും അവരെ ബാധിക്കുന്ന എല്ലാ ധർമ്മങ്ങളും നിയമങ്ങളും ഒന്നായിരിക്കണമെന്നും ബോദ്ധ്യമായിക്കഴിഞ്ഞാൽ അവരുടെയെല്ലാം പരമമായ ലക്ഷ്യം ഇപ്പോൾ എത്രതന്നെ അവ്യക്തമായിരുന്നാലും ഒന്നായിരിക്കണമെന്നുള്ളതു് അനിവാര്യമായ ഒരു അനുമാനമാണല്ലോ. അതുകൊണ്ടു് എല്ലാ മനുഷ്യരും പ്രാപിക്കുവാൻ ശ്രമിക്കുന്നതു് ഒരേ ലക്ഷ്യത്തേയാണു്; അഥവാ ഇപ്പോൾ ശരിയായി

അറിയാതെ കിടക്കുന്ന ഒരേ ദിവ്യാവസ്ഥയെയാണു്, അഥവാ ഒരേ ദൈവത്തെയാണു് എന്നു് നമുക്കു സധൈര്യം പറയാം. നാം ഒരു ജീവനും ഒരു രക്തവുമായതുകൊണ്ടു് ഒരേ സ്ഥലത്തുനിന്നു് പുറപ്പെട്ടുന്നവരാണു്. നമ്മെയെല്ലാം ബാധിക്കുന്ന ധർമ്മങ്ങളും, നിയമങ്ങളും ഒന്നാകയാൽ നാം പ്രയാണം ചെയ്യുന്നതു് ഒരേ മാർഗ്ഗത്തിൽക്കൂടിയും ഒരേ ഉദ്ദേശ്യത്തോടുകൂടിയുമായിരിക്കുന്നു; അതുകൊണ്ടു് എല്ലാവരുടേയും പരമമായ ലക്ഷ്യവും ഒന്നായിരിക്കണമെന്നുള്ളതു സ്വാഭാവികമാണല്ലോ.

## ലോകർക്കെല്ലാം പൊതുവായ സ്ഥാപനങ്ങൾ.

മേൽപ്രകാരം ഗുരുദേവന്റെ വേദാന്തം നമ്മെ സാമാന്യ തത്വങ്ങളിൽനിന്നും പരിശുദ്ധസങ്കല്പങ്ങളിൽനിന്നും ദൈനംദിനജീവിതത്തിലെ വസ്തുതകളോടു് അടുപ്പിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ എല്ലാം സ്ഥാപനങ്ങളേയും നിയമങ്ങളേയും മനുഷ്യർ ഒന്നാണെന്നുള്ള തത്വത്തെ അടിസ്ഥാനമാക്കിയുള്ള സർവ്വജനീനമായ ആദർശങ്ങളെ പ്രയോഗത്തിൽ കൊണ്ടുവരുന്നവയാക്കിത്തീർക്കണം. ഈ വഴിക്കായിരിക്കണം നമ്മുടെ ഭാവിയിലെ പുരോഗതി. നാം പ്രതിനിമിഷം ജനിച്ചും മരിച്ചും എണ്ണിയാൽ തീരാതെ പരന്നുകിടക്കുന്ന മനുഷ്യവ്യക്തികളെപ്പററിയും അവരുടെ ക്ഷണികമായ ജീവിതത്തെപ്പററിയും ധ്യാനിച്ചുകൊണ്ടിരുന്നാൽ, മാനവസംസ്കാരത്തിന്റെ അടിസ്ഥാനം സദാ ഇളകിമറിഞ്ഞുകൊണ്ടിരിക്കുന്നു; ലോകത്തിലെ എണ്ണമില്ലാത്ത മനുഷ്യരുടേയും വിഷയങ്ങളുടേയും പരസ്പരവ്യത്യാസങ്ങളും വൈപരീത്യ

ങ്ങളും തീരെ ദുർഗ്രാഹ്യമായിരിക്കുന്നു; അവയുടെ വിപുലത ഭയാനകമായിത്തോന്നുന്നു. അവയെല്ലാം സംയോജിപ്പിക്കുന്നതിനു സുസ്ഥിരമായ ഒരു തത്വവും കാണ്മാനില്ല. അതുകൊണ്ടു് മനുഷ്യരുടെ പൊതുനാഗരികത്തെപ്പററി ചിന്തിക്കുന്നതു് തീരെ നിഷ്ഫലമായ ഒരു കർമ്മമാണു്; എന്നെല്ലാം പരിഭ്രമം തോന്നിപ്പോകും. മനുഷ്യർക്കെല്ലാം പൊതുവായ ആദർശങ്ങളേയും അഭിലാഷങ്ങളേയും പരിപാലിക്കുന്നവയും പൊതുവായ നിയമങ്ങളും സാന്മാർഗ്ഗികതത്വങ്ങളും അടിസ്ഥാനമാക്കി നടത്തപ്പെടുന്നവയുമായ സംഘടനകളും സ്ഥാപനങ്ങളും മൂലമാണു് സംസ്കാരപരിവർത്തനം സാധിക്കേണ്ടതെന്നു് ഗുരുദേവൻെറ വേദാന്തം നിർബന്ധിക്കുന്നു. സ്ഥിതിസമത്വവാദവും ഇത്തരത്തിലുള്ള ഒരു പരിവർത്തനം ഉടനെ വരുത്തണമെന്നാണു് നിർദ്ദേശിക്കുന്നതു്.

## സാർവ്വജനീനമായ നിയമങ്ങൾ.

മനുഷ്യനെ മനുഷ്യനിൽനിന്നകററി അവരുടെ വ്യത്യാസങ്ങളെ ദൃഢീകരിക്കുന്നതും അവർ തമ്മിൽ ഒന്നായി സമ്മേളിക്കുന്നതു് അസാദ്ധ്യമാക്കിത്തീർക്കുന്നതും പുരോഗതിക്കുള്ള സൌകര്യങ്ങൾ ലഭിക്കുവാൻ എല്ലാ മനുഷ്യർക്കും ഒരുപോലെ അവകാശം ഉണ്ടെന്നുള്ള സത്യത്തെ നിരോധിക്കുന്നതും ആയ എല്ലാ ഏർപ്പാടുകളോടും ഉള്ള ഒരു എതിർപ്പാണു് "ഒരു ജാതി." അങ്ങിനെയുള്ള ഏർപ്പാടു് പുഴുത്തുകളഞ്ഞു് മനുഷ്യസാഹോദര്യത്തെ അടിസ്ഥാനമാക്കി മനുഷ്യസമുദായത്തെ പുതുക്കി സംഘടിപ്പിക്കുവാൻ "ഒരു ജാതി" നമ്മെ ഉദ്ബോധിപ്പിക്കുന്നു. അതുപോലെ പ്രചാ

രത്തിലിരിക്കുന്ന വിശ്വാസങ്ങളിലും നിയമങ്ങളിലും മൌലികമായ മാററം വരുത്തേണ്ടതു് ഏററവും പ്രധാനമാണെന്നു് "ഒരു മതം" പ്രഖ്യാപിക്കുന്നു. വ്യക്തികളേയും രാഷ്ട്രങ്ങളേയും ബാധിക്കുന്ന സാന്മാർഗ്ഗികനിയമങ്ങൾ, സാമ്പത്തികവ്യവസ്ഥകൾ, രാഷ്ട്രീയബന്ധങ്ങൾ, സാമുദായികനിബന്ധനകൾ മുതലായവ ലോകത്തിലെല്ലാം ഒരുപോലെയാക്കിത്തീക്കുവാൻ തിപ്രമായി യത്നിക്കണം. മനുഷ്യരുടെ സംസ്കാരാഭിവൃദ്ധി ശിഥിലമാകാതെ തുടൎന്നു് മുന്നോട്ടു പോകണമെങ്കിൽ അവരുടെ വിശ്വാസങ്ങളിലും നിയമങ്ങളിലും ഐകരൂപ്യം വൎദ്ധിച്ചുകൊണ്ടിരിക്കണം. നിയമങ്ങളെ ഉണ്ടാക്കുകയും പാലിക്കുകയും ചെയ്യേണ്ടതു് ഗവമ്മെൻറു് ആകയാൽ മനുഷ്യരുടെ ഐക്യത്തെ നിഷേധിക്കുന്ന ആചാരങ്ങൾ നിലനിറുത്തിപ്പോരുന്ന ഒരു ഗവമ്മെൻറു് ആക്ഷേപാർഹമാകുന്നു. വൎദ്ധിച്ചുവരുന്ന ഐക്യബോധത്തെ നിയമപ്രകാരം സ്ഥാപിച്ചു് ബലപ്പെട്ടുത്തേണ്ടതു് എല്ലാ ഗവമ്മെൻറുകളുടേയും ഒരു പ്രധാനകത്തവ്യമാകുന്നു. സ്വാതന്ത്ര്യവും സമത്വവും നിരന്തരം വൎദ്ധിച്ചുവരുന്നവിധം നിയമങ്ങളേയും നടപടികളേയും വേഗം വേഗം മാററി പരിഷ്കരിച്ചുകൊണ്ടുപോകാൻ പ്രാപ്തിയില്ലാത്ത ഒരു ഗവമ്മെൻറു് അതിനും മററുള്ളവക്കും ആപൽക്കരമായിട്ടുള്ളതാകുന്നു, അതു് സ്വയം നശിക്കതന്നെ ചെയ്യും.

X

# നവലോകം.

## രാഷ്ട്രങ്ങൾക്കു ധാർമ്മികമായ അടിസ്ഥാനം.

സമുദായത്തെ ഒരു പുതിയ അടിസ്ഥാനത്തിന്മേൽ പൊളിച്ചു പണിയണം. രാഷ്ട്രങ്ങൾ, ധാർമ്മികശക്തികൾ അല്ലാതെയായിത്തീർന്നിട്ടു് വളരെക്കാലം ആയി. അവയെ വീണ്ടും ധർമ്മപരിപാലനാർത്ഥമുള്ള ശക്തികളായി പുനരുദ്ധരിക്കണം. ഉള്ളിൽ തട്ടാത്ത പരിഷ്കാരം വരുത്തിയതുകൊണ്ടു് എവിടേയും വ്യാപിച്ചുകിടക്കുന്ന ദോഷങ്ങൾ നീങ്ങുകയില്ല. ഏററവും വിഷമമുള്ള പ്രശ്നങ്ങളാണു് നമ്മെ ഇന്നഭിമുഖീകരിക്കുന്നതു്. തീരെ നവീനമായ ചില ഉപായങ്ങൾ പ്രയോഗിക്കാതെ അവയ്ക്കു സമാധാനമുണ്ടാക്കാൻ സാധിക്കയില്ല. നമ്മുടെ കഷ്ടതകൾ എല്ലാം ലോകരെയെല്ലാം ബാധിക്കുന്ന കഷ്ടതകളാണു്. സുഖത്തിലും ദുഃഖത്തിലും മനുഷ്യവർഗ്ഗം ഒന്നായിതീർന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ടു് ഈ വർദ്ധിച്ചുവരുന്ന ഐക്യത്തിനു് അനുഗുണമായവിധം സർവസാമാന്യമായ തത്ത്വങ്ങൾ അനുസരിച്ചു് എല്ലാ സ്ഥാപനങ്ങളേയും പുതുക്കിപണിയാതെ നമുക്കു് ഇന്നത്തെ കുഴപ്പങ്ങളിൽനിന്നു രക്ഷയില്ല. ഒന്നാമതു ചെയ്യേണ്ടതു് ലോകത്തിലെ എല്ലാ ഗവർമ്മെൻറുകളും വ്യക്തികൾക്കു് നല്ലതാണെന്നു സമ്മതിക്കുന്ന ധാർമ്മികതത്ത്വങ്ങൾ രാഷ്ട്രത്തിനും ബാധകമാണെന്നു സമ്മതിക്കണം. രാഷ്ട്രങ്ങളുടെ അടിസ്ഥാനം ധർമ്മമായിരിക്കണം.

## സ്ഥിതി സമത്വം.

സ്ഥാപനങ്ങളെയും നയപരിപാടികളെയും സവ്വജനീനമാക്കിത്തീക്കുന്നതാണു് അടുത്തപടി. എവിടെയും മനുഷ്യഹൃദയങ്ങളിൽ വേരുറച്ചു കിടക്കുന്ന ഭയങ്ങളെയും വാശികളെയും നിരാകരിച്ചുകൊണ്ടു് സംഗതികൾ ഈ വഴിക്കു പരിവത്തനം ചെയ്തുകൊണ്ടിരിക്കയാണു്. ഗുരുദേവൻ തൻെറ പുനരുദ്ധാരണപരിപാടികളിൽ ധാരാളമായി വിനിയോഗിച്ചിട്ടുള്ള തത്വങ്ങൾക്കു പററിയ പേരു് പലരും പലവിധം തെററിദ്ധരിച്ചിട്ടുള്ള "സ്ഥിതിസമത്വവാദം" ആകുന്നു. എച്ചു്. ജി. വെൽസ് തൻെറ "ആദ്യന്തസംഗതികൾ" എന്ന പുസ്തകത്തിൽ സ്ഥിതിസമത്വവാദത്തെപ്പററി പറഞ്ഞിട്ടുള്ളതു് ഗുരുദേവൻെറ ആദർശങ്ങൾക്കു നല്ലപോലെ യോജിക്കുന്ന ഒരു വിശദീകരണമാണു്. സംഘടിതയത്നങ്ങൾമൂലം സാധിക്കാവുന്നതെല്ലാം സാധിക്കുവാനായി ഈശ്വരാപ്പണമായി സ്ഥാപിതമായിട്ടുള്ള ഒരു രാഷ്ട്രമാണു് മാനവസമുദായം. സ്വാത്ഥതല്പരരായ വ്യക്തികളുടെ മനസ്സിനെ മാനവസമുദായത്തിൻെറ സുഖത്തെ ഉദ്ദേശിച്ചു് കീഴടക്കി നിറുത്തണം. ഇതാണു് ഏതു വശത്തുനിന്നു പരിശോധിച്ചാലും സ്ഥിതിസമത്വവാദത്തിൻെറ ആശയം ഈശ്വരസങ്കല്പപ്രകാരം മനുഷ്യർ ഒന്നായി സംഘടിച്ചു് ഐകമത്യം സ്ഥാപിക്കുന്നതിനു നാം എല്ലാവരും ചെയ്യുന്ന പൊതുപരിശ്രമം ആണു് സ്ഥിതിസമത്വവാദം. അതു് മനുഷ്യക്കെല്ലാം പൊതുവായ അനേകം മൌലികതാല്പര്യങ്ങൾ സാധിക്കുന്നതിനായി അവിടവിടെ ഓരോവിധം നട

ക്കുന്ന പരിശ്രമങ്ങൾക്കു പകരമായി തുടങ്ങിയിട്ടുള്ള ഏകോപിച്ചുള്ള ഒരു സംഘടിതയത്നമാണ്.

"എല്ലാവരുടെയും ലക്ഷ്യം ഒന്നാണെന്നുള്ള ബോധം ഉണ്ടാവുക; എല്ലാപേക്കും പൊതുവായ ഭക്തിവിശ്വാസങ്ങൾ ഉളവാക്കുക; എല്ലാവരിലും ഒരു പൊതുകത്തവ്യ ബോധം ജനിപ്പിക്കുക; എല്ലാവരുടെയും മനസ്സിനെ യോജിപ്പിച്ച് അതിൽനിന്നു സംയുക്തമായ ഒരു മനസ്സും ഇച്ഛാശക്തിയും ഉൽഭൂതമാക്കുക; ഇതിൻെറ എല്ലാം ഫലമായി ലോകനന്മയ്ക്കായി നവംനവങ്ങളായ പരിശ്രമങ്ങൾ ചെയ്യുന്നതിനും നവംനവങ്ങളായ നേട്ടങ്ങൾ നേടുന്നതിനും യോഗ്യരായ ഉത്തമ മനുഷ്യവ്യക്തികൾ അവസാനമില്ലാതെ സംജാതമാകുക ഇതെല്ലാമാണ് എൻെറ അഭിപ്രായത്തിൽ "സ്ഥിതിസമത്വവാദം." (എച്ച്. ജി. വെൽസ്.)

റഷ്യ, ടർക്കി, ഇന്ത്യ മുതലായ രാജ്യങ്ങളിൽ നടക്കുന്ന പരീക്ഷണങ്ങൾ ലോകരുടെ ജീവിതാദശത്തിൽ ആസന്നമായ വലിയ പരിവത്തനങ്ങളുടെ പലമാതിരി ലക്ഷണങ്ങളാണ്. ഈ രാജ്യങ്ങൾ ഓരോന്നും മഹനീയമായ ഒരു ലക്ഷ്യപ്രകാശത്തെ അല്പാല്പം ദർശിക്കുന്നുണ്ട്. ഓരോന്നും അതാതിൻെറ സംസ്കാരവികാസത്തിനും വളച്ചയ്ക്കും, യോജിച്ച പരിപാടികൾ തുടരുന്നു. അതേപ്രകാരം ഗുരുദേവനും ഒരു പ്രത്യേക സമ്പ്രദായത്തിലുള്ള പുനരുദ്ധാരണപദ്ധതി മാതൃകയായി നടത്തി കാണിച്ചുതന്നിട്ടുണ്ട്.

ഗുരുദേവൻെറ എല്ലാ പ്രവത്തനങ്ങളുടേയും കേന്ദ്രം ക്ഷേത്രമോ മഠമോ ആയിരുന്നു എന്നു നാം കണ്ടുവല്ലോ.

അധികവും ക്ഷേത്രമായിരുന്നു. പക്ഷെ അതു് അദ്ദേഹത്തിൻെറ ആദർശം പ്രതിനിധീകരിക്കുന്നതിനു് ഉത്തമമായ സ്ഥാപനം ക്ഷേത്രം ആയിരുന്നതുകൊണ്ടല്ല പ്രത്യുത പരോപകാരാത്ഥം ജീവിതാപ്പണം ചെയ്ത ത്യാഗികളുടെ മഠങ്ങൾ ഇല്ലാത്തതുകൊണ്ടായിരുന്നു. മഠംമാ ക്ഷേത്രമോ കേന്ദ്രസ്ഥാനമായി ഉപയോഗിച്ചതിൻെറ സാരമെന്തു്?

## ആത്മാപ്പണം ചെയ്തിട്ടുള്ള ത്യാഗികളുടെ ഭരണം.

ഗുരുദേവൻെറ പരിപാടിപ്രകാരമുള്ള ഒരു സമുദായവ്യവസ്ഥയിൽ ഏററവും ഉയന്ന അധികാരസ്ഥാനം അഥവാ സ്വാതന്ത്ര്യമ സക്കാർഅല്ലെങ്കിൽ ഒരാദർശകേന്ദ്രം അഥവാ ഒരു കേന്ദ്രസ്ഥാപനം ആയിരിക്കണം. ഈ കേന്ദ്രസ്ഥാപനത്തിൻെറ പ്രതിനിധികൾ അഥവാ അധികാരികൾ ത്യാഗികളായ പ്രവത്തകന്മാരായിരിക്കണം. കേന്ദ്രസ്ഥാനം മഠമോ, ക്ഷേത്രമോ, സക്കാരോ ഏതായിരുന്നാലും അധികാരത്തിൻെറയും ധനത്തിൻെറയും ധമ്മകത്താക്കൾ ത്യാഗികളായ പരോപകാരികളായിരിക്കണം. ഖുറാനിൽ പറയുന്നപ്രകാരം ഒരു നല്ല ദൈവഭക്തൻെറ ലക്ഷണം "അള്ളായിൽ പൂണ്ണമായ ആത്മാപ്പണവും പരോപകാരതല്പരതയും" ആകുന്നു. ഏതുവിധമുള്ളതായിരിക്കണം ആത്മാപ്പണം എന്നുള്ളതിനു് ക്രിസ്തുവിൻെറ ജീവിതം ഒരു ഉത്തമമാതൃകയാകുന്നു. പൊതുക്ഷേമത്തിന്നു് ഉത്തരവാദികളായ ധമ്മകത്താക്കൾ ക്രിസ്തുവിനെപ്പോലെയുള്ളവരായിരിക്കണം. ക്രിസ്തു പോയി

ടത്തെല്ലാം ദൈവത്തിന്റെ ഇഷ്ടം ചെയ്യുവാനാണ് താൻ വന്നിട്ടുള്ളതെന്നു പറഞ്ഞുകൊണ്ടിരുന്നു. ദൈവത്തിന്റെ ഇഷ്ടം ക്രിസ്തു ലോകനന്മയ്ക്കായി ജീവിക്കയും മരിക്കയും ചെയ്യണമെന്നതായിരുന്നു. ഇതിൽ നിന്നു രണ്ടു സംഗതികൾ പ്രത്യക്ഷമാകുന്നുണ്ട്:—(1) ഈശ്വരേച്ഛയ്ക്കു പരിപൂർണ്ണമായ ആത്മാർപ്പണം. (2) ക്ലേശങ്ങളും ആത്മത്യാഗവും നിറഞ്ഞ ജീവിതം. ഇതു രണ്ടുമാണ് പരോപകാരിയായ ഒരു സന്ന്യാസിയുടെ ത്യാഗം. ഗുരുദേവൻ ത്യാഗശീലത്തിനു വലിയ പ്രാധാന്യം കല്പിച്ചിരുന്നു എന്ന് താഴെ വിവരിക്കുന്ന സംഭാഷണത്തിൽനിന്നു പ്രത്യക്ഷമാകുന്നുണ്ട്. അദ്ദേഹത്തിന്റെ അനുയായികൾ ഒരു വലിയ സഭ വിളിച്ചുകൂട്ടുവാൻ ഏർപ്പാടുചെയ്തിരുന്നു. പ്രസംഗകരിൽ ഒരാൾ ഗുരുദേവനെ കാണ്മാൻ ചെന്നു.

ഗുരുദേവൻ:—സഭയിൽ എന്താണ് പ്രധാന വിഷയം.

അനുയായി:—തീർച്ചയാക്കിയില്ല. ആലോചിക്കുവാനാണ് വന്നതു്.

ഗുരുദേവൻ:—ത്യാഗം എല്ലാ മനുഷ്യർക്കും ആവശ്യമാണ്. വിദ്യാലയങ്ങളിൽ കുട്ടികളെക്കൂടി ത്യാഗം പഠിപ്പിക്കണം. ത്യാഗത്തോടുകൂടി കർമ്മം ചെയ്യണം. പണം സമ്പാദിക്കാനും വിരോധമില്ല. എല്ലാം ചെയ്യാം. പക്ഷെ ത്യാഗബുദ്ധിയോടുകൂടിചെയ്യണം. മനുഷ്യരെല്ലാം ത്യാഗികളാകണം എന്നാണ് നമ്മുടെ അഭിപ്രായം. എന്താ വിരോധം?

അനുയായി:—ത്യാഗം നല്ലതാണ്.

ഗുരുദേ:—ത്യാഗം വേണം. അപ്പോൾ കർമ്മം ശരിയാകും. ധൈര്യമുണ്ടാകും. മരിക്കുവാൻകൂടി ഭയമുണ്ടാകില്ല. ലോകത്തിനുവേണ്ടി യത്നിക്കണമെങ്കിൽ നല്ല ധൈര്യം വേണം. യുദ്ധത്തിൽ എത്രപേർ മരിച്ചു. അതൊന്നും സാരമില്ല. ത്യാഗികൾക്കു് മരണത്തെ ഒരു ഭയവുമില്ല. അവരാണു് ശരിയായ മനുഷ്യർ. ഇപ്പോഴുള്ളവരെല്ലാം ഭീരുക്കൾ......എല്ലാ സ്കൂളുകളിലും ത്യാഗം പഠിപ്പിക്കണം. സഭയിൽ ഇതായിരിക്കണം പ്രധാന വിഷയം!!

ഈ സംഭാഷണത്തിൽ മൂന്നു പ്രധാന തത്വങ്ങൾ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. (1) കർമ്മം ശരിയാകണമെങ്കിൽ അതായതു് ജീവിതം പരിശുദ്ധമാകണമെങ്കിൽ ത്യാഗം ആവശ്യമാണു്. (2) ത്യാഗം മാത്രമേ പരോപകാരിയായ ഒരു പ്രവർത്തകനു് അപാരമായ ധൈര്യം കൊടുക്കുകയുള്ളു. (3) പരോപകാരിയുടെ ജീവിതം ക്ലേശങ്ങളും ത്യാഗങ്ങളും നിറഞ്ഞതായിരിക്കും.

സാമുദായികമോ രാഷ്ട്രീയമോ മതപരമോ ആയ ഏതു സ്ഥാപനത്തിന്റെയും പരമാധികാരം എങ്ങിനെയുള്ള അധികാരിയിൽ ഇരിക്കണമെന്നുള്ളതിനു് ഗുരുദേവൻ തന്നെ ഒരുത്തമമാതൃകയാണു്. അധികാരസ്ഥാനത്തിരിക്കുന്നവർ ഹൃദയശുദ്ധികൊണ്ടും ജ്ഞാനംകൊണ്ടും ത്യാഗംകൊണ്ടും സ്നേഹംകൊണ്ടും ആത്മസംയമം സിദ്ധിച്ചവരായിരിക്കണം. തങ്ങളുടെ ഏററവും വിലയേറിയ സമ്പാദ്യങ്ങൾപോലും ലോകോപകാരാർത്ഥം യജ്ഞമായി അർപ്പിച്ചിട്ടുള്ളവരായിരിക്കണം; അവർ ക്ലേശ

ങ്ങൾ സഹിച്ചും മോഹങ്ങൾക്കടിമപ്പെടാതെയും സർവ്വസാഹോദര്യം എന്ന ലക്ഷ്യത്തിലേയ്ക്കു് ലോകത്തെ നയിക്കുവാൻ ശക്തരായിരിക്കണം; മനുഷ്യരുടെ സമാധാനവും സുഖവുമായിരിക്കണം അവരുടെ ഏക വിചാരം. അങ്ങനെയുള്ളവർ മാത്രമേ മഠങ്ങളിലെ സന്യാസിമാരും രാജ്യങ്ങളുടെ ഭരണാധികാരികളും ആകുവാൻ അർഹതയുള്ളൂ.

ഒരാളുടെ ആത്മാർപ്പണം ഉത്തമവിശ്വാസത്തോടുകൂടിയതാണെന്നും ഒരു ത്യാഗിക്കു് അവശ്യമായ ധൈര്യം അയാൾക്കുണ്ടെന്നും നമുക്കെങ്ങിനെ അറിയാം. പ്രാചീനമതങ്ങളിൽ ഇതിനുപയോഗിച്ചിരുന്ന ഉപായം ഏറെക്കുറെ എല്ലാം ഒരുപോലെയായിരുന്നു. സാധാരണ ലൌകികജീവിതത്തിലെ ഏററവും ഉൽകൃഷ്ടമായ ആത്മാർപ്പണം വിവാഹമാണു്. ഭർത്താവു ഭാര്യയ്ക്കും, ഭാര്യ ഭർത്താവിനും ആത്മാർപ്പണംചെയ്തു് ജീവിതത്തിലെ ശേഷമുള്ള കാലം മുഴുവൻ പരസ്പരം സ്നേഹിച്ചും, ക്ലേശങ്ങൾ ഒരുമിച്ചു സഹിച്ചും, ത്യാഗം ശീലിച്ചും വിവാഹബന്ധത്തിന്റെ പാവനതയെ പരിപാലിക്കുന്നു. വിവാഹസുഖത്തെ ഉപേക്ഷിച്ചു് ആ സ്ഥാനത്തു് പൊതുസ്ഥാപനത്തിന്റെ സേവയ്ക്കായി ജീവിതത്തെ അതേ തീവ്രതയോടുകൂടി അർപ്പിക്കുന്നതു് ഭാവിലോകത്തിലെ ഭരണാധികാരിയുടേയും ഉത്തമപ്രവർത്തകന്റേയും ഒരു പ്രധാന യോഗ്യതയായി പരിഗണിക്കപ്പെട്ടു. വിവാഹബന്ധത്തെ തന്റെ ഏററവും വിശിഷ്ടധർമ്മമായും ഏററവും വലിയ സുഖമായും വിചാരിക്കുന്നവർക്കു് അതിനേക്കാൾ വലിയ ത്യാഗമോ സുഖമോ ഉണ്ടാവാൻ തരമില്ല. അതുകൊണ്ടു് ധർമ്മപ്ര

വത്തകന്മാർ ബ്രഹ്മചാരികളായിരിക്കണം. അതായത്ത് ഒന്നാമതായി അവർ ശാരീരികമായ കാമങ്ങളെ ത്യജിക്കണം; രണ്ടാമത്ത് ലൌകികമോഹങ്ങളെ ത്യജിക്കണം. അതായത്ത് നിർദ്ധനതചം വരിക്കണം. ഇവ രണ്ടും, ബ്രഹ്മചര്യവും നിർദ്ധനതചവും ഒരുമിച്ച് പരിപാലിക്കണം. പ്രവത്തകന്മാരെ അധഃപതിപ്പിക്കുന്ന മോഹങ്ങൾ പ്രായേണ ശാരീരികവും സാമ്പത്തികവുമാണല്ലോ. ബ്രഹ്മചര്യം പരിപാലിച്ച് ആഹാരാദികളെ നിയന്ത്രിക്കുന്നതുകൊണ്ട് ശാരീരികമോഹങ്ങളെ ജയിക്കാം. നിർദ്ധനതചം സാമ്പത്തികമോഹങ്ങളെ ജയിച്ച് ക്ലേശഭ്രയിഷ്ഠവും നിസചാത്ഥവുമായ ജീവിതം നയിക്കുവാൻ പ്രവത്തകനെ ശക്തനാക്കുന്നു. ഈ രണ്ടു ത്യാഗങ്ങൾ വരിച്ചിട്ടുള്ള ഒരാൾ ലോകസേവയ്ക്കു യോഗ്യനാണെന്ന് വിചാരിക്കപ്പെടണം. ബ്രഹ്മചര്യവും നിർദ്ധനതചവും മരണപര്യന്തമുള്ള ഒരു തപസ്സാണ്. ഈ വിഷയങ്ങളിൽ താൻ യോഗ്യനാണോ എന്ന് പ്രവത്തകൻ നിത്യവും പരിശോധിച്ചുനോക്കണം. എല്ലാ കമ്മങ്ങളുടേയും വിജയത്തിന് ആവശ്യമായ സവ്സാഹോദര്യബോധം പരിപാലിക്കുന്നതിന് ഈ ത്യാഗങ്ങൾ ഏററവും അനുകൂലമായ പരിതസ്ഥിതി ഉളവാക്കുന്നു. സചകാര്യമായ രക്തബന്ധത്തെ ത്യജിച്ചിട്ടുള്ള ഒരാൾ മനുഷ്യക്കെല്ലാം ഒരു സോദരനായി തീരുന്നു. സചകാര്യസചത്ത് ഉപേക്ഷിക്കുന്നതുകൊണ്ട് അയാൾ എളിയവന്റെയും പാവപ്പെട്ടവന്റെയും ഒരു സഖാവായും പൊതുസചത്തിന്റെയും ഭരണാധികാരത്തിന്റെയും ധമ്മകത്താവായും തീരുന്നു. അങ്ങനെയുള്ള പ്രവത്തകന്മാർ ജാതി, മതം, വണ്ണം, സ്ത്രീ, പുരുഷൻ,

രാജ്യം എന്നിങ്ങനെയുള്ള വ്യത്യാസങ്ങൾക്ക് അതീതന്മാരാകുന്നു. അവരാകുന്നു പരമാർത്ഥത്തിൽ സ്വതന്ത്രരായ മനുഷ്യർ.

ഇതുകൂടാതെ വേറെ യോഗ്യതകളൊന്നും ആവശ്യമില്ലെന്നു് അർത്ഥമില്ല. ഓരോ സ്ഥാനത്തേയ്ക്കാവശ്യമായ മററു യോഗ്യതകളും ഉണ്ടായിരിക്കണം. ഭരണാധികാരത്തിൻെറ ഉത്പത്തിസ്ഥാനവും ലോകക്ഷേമാർത്ഥമുള്ള ധർമ്മകർത്തൃത്വവും ദുഷിക്കാതിരിക്കുന്നതിനു് പ്രാചീനന്മാർ ഉപയോഗിച്ച മേൽപറഞ്ഞ മാർഗ്ഗങ്ങളല്ലാതെ വേറെ വല്ല മാർഗ്ഗവും ഉണ്ടോ എന്നു ചിന്തിക്കേണ്ടതാണു്.

ഇവിടെ വിവരിച്ചിട്ടുള്ള പരിതസ്ഥിതികൾ പൂർണ്ണമായി ഉണ്ടാക്കിത്തീർക്കാൻ ഒരു പക്ഷേ സാദ്ധ്യമല്ലായിരിക്കാം. നാം ഒരു മഹത്തായ ആദർശത്തെപ്പററിയാണു് പ്രതിപാദിക്കുന്നതു്. ഭാവിയിലെ ഒരു വലിയ ആദർശം അത്ര ക്ഷിപ്രസാദ്ധ്യമായിരിക്കാൻ തരമില്ല. നമ്മുടെ ജീവിതവികാസത്തിനു് ചില പരിധികൾ ഉണ്ടു്. അവയെ വിഗണിക്കാതെ രാഷ്ട്രത്തെ കഴിയുന്നത്ര ആദർശത്തോടടുപ്പിച്ചുകൊണ്ടുവരണം. കേന്ദ്രസ്ഥാപനത്തെ ആദർശത്തിന്നനുരൂപമാക്കിത്തീർക്കുന്നതു് അനുസരിച്ചായിരിക്കും അതിൻെറ വിജയവും സ്ഥിരതയും.

അധികാരകേന്ദ്രമായി ഒരു ക്ഷേത്രം നിർമ്മിക്കുന്നതു് താരതമ്യേന പ്രയാസം കുറഞ്ഞ ഒരു കാര്യമാണു്. എന്നാൽ ഒരു മഠം അഥവാ ത്യാഗികളായ പ്രവർത്തകരുടെ ഒരു സംഘം സാവധാനത്തിൽ മാത്രമേ വളർത്തിക്കൊണ്ടുവരുവാൻ സാധിക്കയുള്ളു. ആദർശത്തെ മനസ്സിലാക്കി

അതനുസരിച്ചു ജീവിക്കണമെങ്കിൽ ജനങ്ങൾ അത്രത്തോളം സംസ്കാരം സിദ്ധിച്ചവരായിരിക്കണം. അതുകൊണ്ടു് ആരംഭംമുതൽ ഗുരുദേവന്റെ സ്ഥായിയായ ഉദ്ദേശ്യം ത്യാഗികളുടെ ഒരു സംഘമോ മഠമോ സ്ഥാപിക്കണമെന്നായിരുന്നു. എങ്കിലും അതിനു ജനങ്ങൾ പക്വമാകുന്നതിനു മുമ്പു് തൃപ്തികരമല്ലാത്ത മററു താല്ക്കാലിക ഏർപ്പാടുകൾ കൊണ്ടു് തൃപ്തിപ്പെടേണ്ടിവന്നു. തന്റെ ജീവകാലം മുഴുവൻ മഠം എന്നുപറയുന്നതു് താൻ മാത്രമായിരിക്കുമെന്നു് അദ്ദേഹത്തിന്നറിയാമായിരുന്നു. അതുകൊണ്ടാണു് ആദ്യകാലങ്ങളിൽ അദ്ദേഹം ക്ഷേത്രത്തെ പ്രവൎത്തനകേന്ദ്രമായി സ്വീകരിച്ചതു്. പക്ഷെ ആദർശത്തെ പരിപാലിച്ചു പ്രവൎത്തനപരിപാടികൾ തുടൎന്നു നടത്തിക്കൊണ്ടു പോകാൻ സജീവമായ ഒരു പ്രവൎത്തകസംഘം വേണമെന്നു് അദ്ദേഹം ആദ്യകാലത്തു വ്യക്തമാക്കിയിട്ടുണ്ടു്. ഇരുപതു നൂററാണ്ടുകൾക്കുമുമ്പു് ക്രിസ്തുദേവൻ ചെയ്തതുപോലെ ഗുരുദേവനും തന്റെ ചുമതലകൾ ഒരു ചെറിയ ശിഷ്യസംഘത്തെ ഏല്പിച്ചു. ക്രിസ്തുവിന്റെ ശിഷ്യന്മാരായിരുന്ന ഗലീലിയിലെ മത്സ്യപ്പിടുത്തക്കാരെപ്പോലെ ഗുരുദേവന്റെ സന്യാസിശിഷ്യന്മാരും മഹാ പാവങ്ങളാണു്; അവരുടെ ലൗകികമായ യോഗ്യതകൾ വളരെ തുച്ഛമാണു്; ഗുരുദേവന്റെ അസാന്നിദ്ധ്യത്തിൽ തീരെ ദുർബലരാണു്. അറിവില്ലാത്ത ജനങ്ങളുടെ പരിഹാസത്തിനും ദ്രോഹത്തിനും അവർ വിധേയരാണു്; യോജിപ്പില്ലാതെ അവിടവിടെ ചിതറിക്കിടക്കുന്നവരും അശക്തരുമാണു്; പക്ഷെ അന്നത്തെപ്പോലെ ഇന്നും പരിശുദ്ധാത്മാവു് അവരെ രക്ഷിച്ചും നയിച്ചുംകൊണ്ടു് അവരുടെ മീതെ വിലസുന്നു.

## മററു രണ്ടു് ഉദ്ദേശ്യങ്ങൾ.

ക്ഷേത്രത്തെയും മഠത്തെയും ഈ ഉൽകൃഷ്ടസ്ഥാനത്തേക്കു് ഉയർത്തിയതിൽ ഗുരുദേവനു വേറെയും രണ്ടു് ഉദ്ദേശ്യങ്ങൾ ഉണ്ടായിരുന്നു. അനേക ശതാബ്ദങ്ങളിലെ അധഃപതനംമൂലം അന്ധവിശ്വാസങ്ങളും ക്രൂരകർമ്മങ്ങളും കടന്നുകൂടി ഞെരുക്കി നിർജ്ജീവമാക്കിത്തീർത്തിരുന്ന ക്ഷേത്രം ഗുരുദേവൻെറ കൈയിൽ ഒരു പുതിയ ശക്തിയായി രൂപാന്തരപ്പെട്ടു. അതു് ജനങ്ങളുടെ സകലവിധത്തിലുമുള്ള ഉന്നമനത്തിനും ഒരു ഉപകരണമായിത്തീർന്നു. അതിലെ ദൃഷ്ട്യങ്ങൾ മിക്കതും നീങ്ങി സാധാരണ ജനങ്ങൾക്കു് അതൊരു സംസ്കാരപ്രസ്ഥാനമായിത്തീർന്നു. അതു് ജനങ്ങളുടെ പൊതുഗുണത്തിനായുള്ള ഒരു ധർമ്മസ്ഥാപനവും അവരുടെ ഐകമത്യത്തിൻെറയും ബലത്തിൻെറയും വിദ്യയുടെയും ഒരു കേന്ദ്രവുമായിത്തീർന്നു.

ഹിന്ദുക്കളുടെ അതിപ്രാചീനമായ ഒരു പ്രസ്ഥാനമാണു് സന്ന്യാസം അഥവാ ത്യാഗജീവിതം. അതു് അവരുടെ വേദാന്തത്തിലെ ഏററവും വിശിഷ്ടമായ ഒരു ആശയവും എല്ലാ വിഷമപ്രശ്നങ്ങൾക്കും അവർ കണ്ടുപിടിച്ചിട്ടുള്ള ഒരു നിവാരണവുമാണു്. പക്ഷേ, കാലപ്പഴക്കത്തിൽ അതു തുരുമ്പിച്ചു ദുഷിച്ചു് ഇന്നു് സന്ന്യാസി എന്നുപറഞ്ഞാൽ ഒരു പരിഹാസപാത്രമായിത്തീർന്നിട്ടുണ്ടു്. ചിലപ്പോൾ ജനങ്ങൾ സന്ന്യാസിമാരെ വണങ്ങുന്നുണ്ടെങ്കിൽ അതു് പഴയ പാരമ്പര്യത്തോടുള്ള ഒരു ബഹുമാനം മാത്രമാകുന്നു. ലൗകികമോഹങ്ങളെ ത്യജിച്ചു് അദ്ധ്യയനം, ധ്യാനം, ജപം, ആസനാദി അഭ്യാസങ്ങൾ മുതലായവ

ശീലിച്ചു്, നിഷ്കാമനായി ഏകാന്തജീവിതം നയിക്കുന്ന ഒരു മഹാശയനാണു് പഴയ സമ്പ്രദായപ്രകാരമുള്ള സന്യാസി. ഈവിധത്തിലുള്ള സന്യാസം ഇപ്പോൾ ആരും ഒരിടത്തും ആചരിക്കുന്നില്ലെന്നു പറയണം. ഇന്നത്തെ സന്യാസിമാരിൽ പലരും കാലത്തിനൊത്തവിധം അവിടവിടെ പരോപകാരാത്ഥമുള്ള സേവനം നടത്തുന്നവരാണു്. അങ്ങനെയുള്ള കുറച്ചുപേരെ ഒഴിച്ചാൽ ഹിന്ദുക്കളുടെ ഇടയിലുള്ള വലിയ ഭൂരിഭാഗം സന്യാസിമാരും മാത്രവമാക്കിപ്പറയുന്നതായാൽ ചുമതലാബോധം ഇല്ലാതെ അലസന്മാരായി ജീവിക്കുന്നവരാണു്. പഴയ സമ്പ്രദായം ഒരുകാലത്തു നന്നായിരുന്നിരിക്കാം. ഗുരുദേവൻ അതിനെയും ഇന്നത്തെ ദുഷിച്ച സമ്പ്രദായങ്ങളെയും ഉപേക്ഷിച്ചു സന്യാസിയെ സമുദായസേവനത്തിനുള്ള ഒരു പ്രധാന വ്യക്തിയാക്കിയിരിക്കുന്നു. ഇന്ത്യയിലെ മററു പ്രദേശങ്ങളെ അപേക്ഷിച്ചു് കേരളം സന്യാസിമാക്കു് അശേഷം പററാത്ത ഒരു പ്രദേശമായിരുന്നു. ലോകത്തിലെ ഏററവും വിശ്രുതനായ ഒരു വേദാന്തിയായ ശ്രീശങ്കരൻ കേരളത്തിൽ ജനിച്ചു് ഒരു സന്യാസിയായിത്തീന്നശേഷം സ്വദേശം വിട്ടുപോകേണ്ടിവന്നു എന്നു് ഒരു ഐതിഹ്യമുണ്ടു്. അങ്ങനെയുള്ള ഒരു ദേശത്താണു് ഗുരുദേവൻ ഒരു പുതിയ സന്യാസിപരമ്പര സൃഷ്ടിച്ചു് പഴയ സമ്പ്രദായങ്ങളെയും ഇന്നത്തെ ദുഷിച്ച ഏപ്പാടുകളെയും സമൂലം മാററി ഭാവിലോകവ്യവസ്ഥയുടെ മകുടമായി ശോഭിക്കേണ്ട ആത്മാപ്പണം ചെയ്തിട്ടുള്ള ത്യാഗികളായിരിക്കണം സന്യാസിമാർ എന്നു് ആജ്ഞാപിച്ചിട്ടുള്ളതു്.

രാജ്യത്തിലെ മററു പൊതുസ്ഥാപനങ്ങളെല്ലാം കേന്ദ്രസ്ഥാപനത്തിൻെറ രക്ഷയിലും നേതൃത്വത്തിലും അതിനു ചുററും നിർമ്മിക്കപ്പെടണം. ഗുരുദേവൻ സ്ഥാപിച്ച ക്ഷേത്രങ്ങളുടെയും മഠങ്ങളുടെയും ചുററും നിശാപാഠശാലകളും, ബാങ്കുകളും, കുട്ടികളുടെ സമാജങ്ങളും, പൗരന്മാരുടെ മഹായോഗങ്ങളും, ശാന്തമായ വായനശാലകളും, ബദ്ധശ്രദ്ധരായി വേലചെയ്യുന്ന തൊഴിലാളികളുടെ സംസാരംകൊണ്ടും അതിവേഗത്തിൽ തിരിഞ്ഞുകൊണ്ടിരിക്കുന്ന ചക്രങ്ങളുടെ ശബ്ദംകൊണ്ടു മുഴങ്ങുന്ന യന്ത്രശാലകളും, വിദ്യാലയങ്ങളും, വൈദ്യശാലകളും, ചന്തകളും, ഉപകാരപ്രദങ്ങളായ മററു പല സ്ഥാപനങ്ങളും കാണാം. ആദർശാനുസരണം പുതുക്കി സംഘടിക്കപ്പെട്ടിട്ടുള്ള ഒരു സമുദായത്തിലെ വ്യക്തികൾക്കു് ഒന്നും ഭയപ്പെടാനില്ല. എല്ലാ പൌരന്മാരും സ്വതന്ത്രരും സമന്മാരുമാണു്. ജാതിവ്യത്യാസങ്ങൾ ഉണ്ടായിരിക്കയില്ല. പൊതുനിയമത്തിൻെറ പരിധിക്കുള്ളിൽ പൂർണ്ണമായ വിശ്വാസസ്വാതന്ത്ര്യം ആക്കും ഉണ്ടു്. അതുകൊണ്ടു മതമത്സരത്തിനു സ്ഥാനമില്ല. ഈവക വ്യത്യാസങ്ങൾക്കെല്ലാം അതീതമായി വർത്തിക്കുന്ന അധികാരകേന്ദ്രം എല്ലാവരെയും ഒരുപോലെ സംരക്ഷിക്കും.

## സമാധാനവും സാഹോദര്യവും—മുദ്രാവാക്യം.

രാഷ്ട്രത്തിലെ എല്ലാ സ്ഥാപനങ്ങളുടെയും പ്രധാനമായ ഉദ്ദേശ്യങ്ങൾ മൂന്നാണു്.

(1) എല്ലാവൎക്കും ഒരുപോലെ അഭിവൃദ്ധിക്കുള്ള സൌകര്യങ്ങൾ ഉണ്ടാക്കുക.

(2) ഓരോരുത്തരുടെയും പ്രകൃതി അനുസരിച്ചു് അഭിവൃദ്ധിപ്പെട്ടുവാനുള്ള സ്വാതന്ത്ര്യം അനുവദിക്കുക.

(3) രാജ്യത്തിനകത്തും പുറത്തും എല്ലാപേരുമായി സമാധാനത്തോടും സൌഹാർദ്ദമായും വർത്തിക്കുക. ഈ പരിതഃസ്ഥിതികൾ പരിപാലിച്ചാൽമാത്രമേ പുരോഗമനം സാദ്ധ്യമായിത്തീരുകയുള്ളൂ. വിദ്യാലയങ്ങൾ ദേശീയദുരഭിമാനങ്ങളും വ്യത്യാസങ്ങളും വളർത്തുന്നതിനു പകരം മനുഷ്യരെല്ലാം ഒന്നാണെന്നുള്ള ബോധം യുവജനങ്ങളിൽ ഉളവാക്കും. സഹിഷ്ണുത, പരസ്പരസഹായം, നിഷ്പക്ഷത, സർവ്വസാഹോദര്യം, യഥാർത്ഥമാക്കിത്തീർക്കാനുള്ള ആത്മാർപ്പണബുദ്ധി, മുതലായ സൽഗ്ഗുണങ്ങൾ പുലർത്തും. വ്യാപാരശാലകളും വ്യവസായശാലകളും മററുള്ളവരെ തോല്പിച്ചു് ആദായംഉണ്ടാക്കുവാൻ ശ്രമിക്കുന്നതിനു പകരം ജനങ്ങളുടെ അകൃത്രിമമായ ആവശ്യങ്ങൾ അറിഞ്ഞു് എല്ലാവരുടെയും പൊതുസുഖസൌകര്യങ്ങൾ കഴിയുന്നത്ര വർദ്ധിപ്പിക്കുന്നതിനു പര്യാപ്തമായവിധം ഉത്പാദനത്തെയും വില്പനയേയും നിയന്ത്രിക്കും. ഓരോ രാജ്യത്തെയും ഗവർമ്മെൻറു മററു ഗവർമ്മെൻറുകളുമായി സഹകരിച്ചു സാമ്പത്തികമായ സമത്വവും സുഖസൌകര്യങ്ങൾക്കുള്ള അവകാശസമത്വവും നിലനിർത്തുവാൻ നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കും. പുരോഗമനം ഒരു സാമ്പത്തികമത്സരമാണെന്നുള്ള ധാരണ നിർമ്മാജ്ജനം ചെയ്യപ്പെട്ടും. എല്ലാ വ്യവസ്ഥകളുടെയും മുദ്രാവാക്യം സമാധാനവും സാഹോദര്യവുമായിരിക്കും. ഒരു ശരീരത്തിലെ അവയവങ്ങൾപോലെ അന്യോന്യം സഹോദര

സ്നേഹത്തോടുകൂടി സഹകരിച്ചും സമാധാനതല്പരരായും ജീവിക്കുന്ന സ്വതന്ത്രവ്യക്തികളുടെ മാനസികവും സാന്മാർഗ്ഗികവുമായ അഭിവൃദ്ധിയായിരിക്കും പുരോഗമനത്തിന്റെ ലക്ഷ്യം. ഈവിധമുള്ള സാമുദായികവും, രാഷ്ട്രീയവും, സാമ്പത്തികവും, മതപരവുമായ സമാധാനം ലോകത്തിലെവിടെയും സ്ഥാപിച്ചു പരിപാലിക്കുന്നതായിരിക്കും എല്ലാ സ്ഥാപനങ്ങളുടെയും ഗവമ്മേൻറുകളുടെയും മഹത്തായ കർത്തവ്യം.

---

XI

# ഗുരുദേവന്റെ മതം എന്ത്?

## അദ്ദേഹത്തിന്ന് സംഘടിത മതമില്ല.

ഗുരുദേവന്റെ മതം എന്തായിരുന്നു എന്നു പലരും ചോദിക്കാറുണ്ട്. ഈ ചോദ്യത്തിനു രണ്ടുവശങ്ങളുണ്ട്. (1) അദ്ദേഹം ഏതു സംഘടിതമതത്തിൽ ചേന്ന ആളായിരുന്നു? (2) അഥവാ അദ്ദേഹം ലോകക്കായി നല്കിയിട്ടുള്ള മതം അല്ലെങ്കിൽ ആദ്ധ്യാത്മികസന്ദേശം എന്താണ്? ഒന്നാമത്തെ അത്ഥത്തിൽ ഗുരുദേവനു മതം ഉണ്ടായിരുന്നില്ല. താൻ ഏതെങ്കിലും പ്രത്യേക മതത്തിലോ വിശ്വാസത്തിലോ ഉൾപ്പെട്ടിരിക്കുന്നില്ലെന്നു അദ്ദേഹം പരസ്യമായി പ്രസ്താവിച്ചിട്ടുണ്ട്. ലോകത്തിലെ പല മതങ്ങൾ തമ്മിൽ സാരമായ വ്യത്യാസങ്ങൾ ഉള്ളതായി അദ്ദേഹം വിചാരിച്ചില്ല, സാരാംശത്തിൽ അവയെല്ലാം

ഒന്നാണെന്നായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. അതുകൊണ്ടു് അദ്ദേഹം ഹിന്ദുക്കൾക്കു ഹിന്ദുവായും, ക്രിസ്ത്യാനികൾക്കു ക്രിസ്ത്യാനിയായും മുഹമ്മദീയർക്കു മുഹമ്മദീയനായും വർത്തിച്ചു. ഓരോ മതക്കാരും അവരവരുടെ മതത്തിലെ ആദർശങ്ങളുടെയും അഭിലാഷങ്ങളുടെയും മൂർത്തീകരണം ഗുരുദേവനിൽ ദർശിക്കയും അദ്ദേഹത്തെ ഒരു മഹാത്മാവായി നിസ്സങ്കോചം കീർത്തിക്കുകയും ചെയ്തു.

## അദ്ദേഹം പുതിയ മതം സ്ഥാപിച്ചിട്ടില്ല.

രണ്ടാമത്തെ വശം പരിശോധിച്ചാൽ ഗാഢമായ ചിന്തയ്ക്കു വിഷയമാകേണ്ട പലതും അദ്ദേഹം പ്രദാനം ചെയ്തിട്ടുണ്ടു്, എന്നുള്ളതു നിസ്തർക്കമാണു്. പക്ഷേ, അതു് ഒരു മതമാണെന്നു പറയുന്നതു ശരിയായിരിക്കയില്ല. സംഘടിത വിശ്വാസത്തിനോ ആരാധനയ്ക്കോ അദ്ദേഹം ഒരു പാവനതയും കല്പിച്ചില്ല. അവ മനുഷ്യരെ ഉദ്ധരിക്കാനും അവരുടെ ജീവിതം പരിശുദ്ധമാക്കുവാനും ഉതകുന്നുവെങ്കിൽ ഉപകാരപ്രദം തന്നെ എന്നു് അദ്ദേഹം എപ്പോഴും സമ്മതിക്കാറുണ്ടായിരുന്നു. അദ്ദേഹത്തിൻെറ ചിന്തയ്ക്കു പ്രധാന വിഷയമായിരുന്നതു് മനുഷ്യരുടെ ഐഹിക ജീവിതമായിരുന്നു. സംഘടിത മതങ്ങൾ ഓരോ കാര്യസാദ്ധ്യങ്ങൾക്കുള്ളവയായി അദ്ദേഹം പരിഗണിച്ചു. നാം അവയെ ഏതുവിധം ഉപയോഗപ്പെടുത്തുന്നു എന്നുള്ളതിനെ ആശ്രയിച്ചിരിക്കും മറെറല്ലാ സംഗതികളും. ദൃശ്യവസ്തുക്കളും സ്ഥാപനങ്ങളും അതിപ്രധാനങ്ങളായി അദ്ദേഹം കരുതിയില്ല. അവ എന്തായാലും

ആത്മശാന്തിയും ആത്മസുഖവും പ്രാപ്തമാകുന്നവിധം അവയെ വിനിയോഗിക്കുന്ന വിഷയത്തിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണു് ആവശ്യമെന്നു് അദ്ദേഹം ജനങ്ങളെ ഉദ്ബോധിപ്പിച്ചു. ഉൽക്കർഷേച്ഛുക്കളായ മനുഷ്യർക്ക് ഉപകാരപ്രദമാക്കിത്തീക്കാൻ സാധിക്കാത്തതായി ഒന്നുംതന്നെയില്ല. എന്നാൽ എല്ലാവരുടേയും മോക്ഷത്തിനുതകുന്ന പെരുവഴിയായി ഒന്നും ഇല്ല. ഈശ്വരസൃഷ്ടിയിൽ ഒരു ചെറു ഉറുമ്പിനും അതിൻെറ കർത്തവ്യമുണ്ടു്. ഗുണമൊന്നുമില്ലാത്ത പരിതഃസ്ഥിതികളിൽനിന്നും നമുക്കു ചില ആവശ്യമായ പാഠങ്ങൾ പഠിക്കാൻ സാധിക്കും. മനുഷ്യൻ ഇപ്പോൾ ഇവിടെ എങ്ങനെ ജീവിക്കുന്നുവെന്നുള്ളതാണു സാരമായിട്ടുള്ളതു്.

## ഉപദേശം കൊടുത്തു ശിഷ്യന്മാരെ സൃഷ്ടിച്ചില്ല.

വേറെയും ചില ചോദ്യങ്ങൾക്കു് ഇടയുണ്ടു്. സുഖജീവിതത്തെക്കുറിച്ചു് അദ്ദേഹത്തിൻെറ ഉപദേശം എന്താണു്? മുമുക്ഷുക്കൾക്കു് അദ്ദേഹം എന്തെങ്കിലും സന്ദേശം കൊടുക്കുന്നുണ്ടോ? പരിപൂർണ്ണതയും നിത്യശാന്തിയും പ്രാപിക്കുന്നതിനു് മനുഷ്യഹൃദയത്തിനു് എന്നുമുള്ള അഭിലാഷത്തെ തൃപ്തിപ്പെടുത്തുവാൻ എന്തെങ്കിലും പുതിയ ജ്ഞാനപ്രകാശം അദ്ദേഹത്തിൽനിന്നു പുറപ്പെട്ടിട്ടുണ്ടോ? മോക്ഷപ്രാപ്തിക്കുള്ള സുലഭമായ ഒരു സൂത്രം കാണിച്ചുതരികയാണു് ഒരു ഗുരു ചെയ്യേണ്ടതെങ്കിൽ അദ്ദേഹം അങ്ങനെ ഒന്നും ചെയ്തിട്ടില്ല. സുഖലബ്ധിക്കു പശ്ചാത്ത

മായ ഒരു ലഘുജീവിതക്രമം ലഭിക്കുമെന്നു വിചാരിച്ച് അദ്ദേഹത്തെ സമീപിച്ചാൽ നാം നിരാശപ്പെടേണ്ടിവരും. അങ്ങനെ എല്ലാവക്കും പററിയ ഒരു ജീവിതക്രമം അദ്ദേഹം പ്രഖ്യാപനം ചെയ്തിട്ടില്ല. ഏതെങ്കിലും ആത്മീയമായ അഭ്യാസങ്ങഠം ചെയ്താൽ ജീവിതലക്ഷ്യത്തെ പ്രാപിക്കുമെന്നു് അദ്ദേഹം പറഞ്ഞിട്ടില്ല. ഈ അത്ഥത്തിലൊന്നും അദ്ദേഹം ഒരു ഗുരുവല്ല, ഉപദേശങ്ങഠം കൊണ്ടും ചട്ടങ്ങഠംകൊണ്ടും മനുഷ്യരുടെ ആദ്ധ്യാത്മിക ജീവിതത്തെ നിയന്ത്രിക്കാൻ അദ്ദേഹം ശ്രമിച്ചിട്ടില്ല. ഗുരുവിൽനിന്നു് ഉപദേശം വാങ്ങുന്ന മാമൂൽ അനുസരിച്ച് അദ്ദേഹത്തിൻെറ ഏററവും അടുത്തശിഷ്യന്മാക്കുപോലും അദ്ദേഹത്തിൽനിന്നു് ഉപദേശം ലഭിച്ചിട്ടില്ല. മോക്ഷവിദ്യ പഠിക്കാനായി പലരും അദ്ദേഹത്തെ സമീപിച്ചു. "വിദ്യ നിങ്ങളിൽതന്നെയുണ്ടു്. ലക്ഷ്യത്തെപ്പററി ശ്രദ്ധിക്കുക" എന്നു പറയുന്നതുപോലെയായിരുന്നു അദ്ദേഹത്തിൻെറ പെരുമാററം. സാധിക്കേണ്ട കായ്യങ്ങഠം എന്തെല്ലാമാണെന്നു് അദ്ദേഹം കാണിച്ചുതന്നു. അതിനുള്ള വഴി എന്താണെന്നു് ഓരോരുത്തരും പ്രാപ്തിപോലെ കണ്ടുപിടിച്ചുകൊള്ളണം. നിഷ്കളങ്കമായും ബുദ്ധിപൂവ്വമായും ജീവിതം നയിക്കുന്ന ഒരാഠംക്കു് അയാളുടെ സ്വന്തം അനുഭവമാണു മതം.

## സുഖജീവിതത്തെപ്പററിയുള്ള ഗീതം.

സുഖജീവിതത്തെപ്പററിയും പ്രപഞ്ചതത്വത്തെപ്പററിയും അദ്ദേഹം ചിലപ്പോഠം ചിലതെല്ലാം എഴുതുകയും പറയുകയും ചെയ്തിട്ടുണ്ടു്. ഉദാഹരണമായി ചില പദ്യങ്ങഠം ഇവിടെ ഉദ്ധരിക്കാം.

അഖിലരുമാത്മസുഖത്തിനായ് പ്രയത്നം
സകലവുമിങ്ങു സദാപി ചെയ്തിടുന്നു.
ജഗതിയിലിമ്മതമേകമെന്നു ചിന്തി-
ച്ചഘമണയാതകതാരമർത്തിടേണം.

പ്രിയമൊരു ജാതി;യിതെൻ പ്രിയം ത്വദീയ
പ്രിയമപരപ്രിയമെന്നനേകമായി
പ്രിയവിഷയംപ്രതി വന്നിടും ഭ്രമം; തൻ-
പ്രിയമപരപ്രിയമെന്നറിഞ്ഞിടേണം.

പ്രിയമപരൻെറ യതെൻ പ്രിയം; സ്വകീയ-
പ്രിയമപരപ്രിയ; മിപ്രകാരമാകും
നയമതിനാലെ നരന്നു നന്മ നൽകും
ക്രിയയപരപ്രിയ ഹേതുവായ്വരേണം.

അപരനുവേണ്ടിയഹന്നിശം പ്രയത്നം
കൃപണത വിട്ടു കൃപാലു ചെയ്തിടുന്നു;
കൃപണനധോമുഖനായ് കിടന്നു ചെയ്വൂ-
ന്നപജയകർമ്മമവന്നുവേണ്ടിമാത്രം.

അവനിവനെന്നറിയുന്നതൊക്കെയോർത്താ-
ലവനിയിലാദിമമായൊരാത്മരൂപം
അവരവരാത്മസുഖത്തിനാചരിക്കു-
ന്നവയപരന്നു സുഖത്തിനായ് വരേണം.

നാം ഇതിനുമുമ്പു പ്രതിപാദിച്ചിട്ടുള്ള ഗുരുദേവൻെറ ലോകപുനരുദ്ധാരണപരിപാടിയിലെ തത്വങ്ങൾക്ക് അനുരൂപമായവയാണ് ഈ പദ്യങ്ങളിലെ ആശയങ്ങൾ. ഇവിടെയും സർവ്വപ്രധാനമായി സ്ഫുരിക്കുന്നതു നിഃസ്വാർത്ഥതയും ത്യാഗവുമാണ്. അതിനു നിദാനമാ

യിരിക്കുന്ന തത്വം മുമ്പു നാം വിവരിച്ചിട്ടുള്ള "ഏകകജാതി" അഥവാ "മനുഷ്യർ ഒന്നാണ്" അഥവാ "എല്ലാവരിലുമുള്ള ആത്മചൈതന്യം ഒന്നാണ്," എന്നുള്ളതാകുന്നു. "നിങ്ങളുടെ ചെറിയ വ്യക്തികളെ മനുഷ്യനു് അഥവാ ലോകത്തിനു് അഥവാ ഈശ്വരനു് അർപ്പണം ചെയ്യുക," എന്നുള്ള ആഹ്വാനമാണു് നാം വീണ്ടും വീണ്ടും കേൾക്കുന്നതു്. അവനവനിൽനിന്നു പുറപ്പെട്ടു് സദാ ലോകസാഗരത്തിലേയ്ക്കു പ്രവഹിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രേമപ്രവാഹംപോലെയാണു് സുഖജീവിതം.

## അദ്ദേഹംതന്നെ മതം.

ജീവൻ ഇപ്പോഴും എപ്പോഴും എവിടെയും ഇവിടെയും ഉള്ളതാകുന്നു. അവനവന്റെ കാലിന്മേൽ നടക്കുവാൻ സാധിക്കാത്ത കൊച്ചുകുട്ടിക്കു് അന്യരുടെ സഹായം ആവശ്യമാണു്. കുരുടനു് ആപത്തു വരാതിരിക്കണമെങ്കിൽ കണ്ണുള്ളവർ പിടിച്ചുനടത്തണം. മതങ്ങൾ കുട്ടികളെയും കുരുടന്മാരെയുംപോലുള്ളവൎക്കാണു്. ആരോഗ്യവും ബലവുമുള്ള ഒരു മനുഷ്യൻ ധീരനായി ജീവിക്കാൻ നിശ്ചയിച്ചാൽ അയാൾക്കു് ആവശ്യമായ പന്ഥാവു് അയാൾതന്നെ വെട്ടിത്തുറക്കും; എല്ലാവരും ഇപ്പോഴല്ലെങ്കിൽ കുറേ കഴിഞ്ഞാൽ അവരവൎക്കു പററിയ മാർഗ്ഗം കണ്ടുപിടിച്ചേ തീരു; എന്തുകൊണ്ടെന്നാൽ സ്വർഗ്ഗം കുരുടന്മാൎക്കും പാപികൾക്കുമായിട്ടുള്ളതല്ല. "ദൈവം മരിച്ചവരുടെ ദൈവമല്ല, ജീവിക്കുന്നവരുടെയാണു്." കുരുടനു കാഴ്ച ലഭിക്കണം; പാപി പരിശുദ്ധനാകണം; അപ്പോൾ

മാത്രമേ സുഖജീവിതത്തിലേക്കു പ്രവേശിക്കുവാൻ അവർ അർഹരാകയുള്ളു. ഗുരുദേവൻ നമുക്കു് ഒരു മതവും ഉപദേശിച്ചിട്ടില്ല. ഗുരുദേവൻതന്നെയാണു് ഗുരുദേവൻെറ മതം. അദ്ദേഹത്തിൻെറ ജീവിതം ഒരു പരസ്യമായ അഭ്യാസമാണു്; അതു് ഓരോരുത്തൎക്കും അവരവരുടെ പ്രാപ്തിയനുസരിച്ചു് പഠിച്ചറിഞ്ഞു് അഭ്യസിച്ചു് അവരവൎക്കു തന്നെ നന്നാവാനുള്ള ഒരു പന്ഥാവാണു്.

ഈ ഗഹനമായ സംഗതി രണ്ടു ചിത്രീകരണംമൂലം കുറേക്കൂടി വ്യക്തമാക്കാം. ഒന്നാമത്തേതു ഗുരുദേവൻെറ ജനനത്തേയും രണ്ടാമത്തേതു് ജന്മസാഫല്യത്തേയും സൂചിപ്പിക്കുന്നു. അദ്ദേഹത്തിൻെറ ജന്മസ്ഥലം ചെമ്പഴന്തി എന്ന ഒരു ചെറുഗ്രാമമാണു്. അവിടെ വിജ്ഞാനപ്രദമായ രണ്ടു കാഴ്ചകൾ ഉണ്ടു്. ഒന്നു്, മൺചുവരോടു കൂടിയതും, ഓലമേഞ്ഞതും പഴക്കംകൊണ്ടു ദ്രവിച്ചുതുടങ്ങിയിട്ടുള്ളതുമായ ഒരു ചെറിയ കുടിലു്. ഇരുട്ടടഞ്ഞതും ഉയരം കുറഞ്ഞതും ഭംഗിയില്ലാത്തതും പരിഷ്കാരത്തിൻെറയും വിദ്യാഭ്യാസത്തിൻെറയും സ്ഥാനമാനങ്ങളുടെയോ യാതൊരു ചിഹ്നങ്ങളുമില്ലാത്തതുമായ ആ കുടിൽ എളിമയുടെയും നിൎദ്ധനത്വത്തിൻെറയും ഒരു മാതൃകാപടമാണു്. അതാണു ഗുരുദേവൻ ജനിച്ച വീടു്. അദ്ദേഹം പരിഷ്കാരമോ ധനമോ ഇല്ലാത്ത പാവങ്ങളുടെ ഇടയിൽ ഒരു ചെറിയ പുരയിൽ ജനിച്ചു.

അതിന്നടുത്തു്, ഏകദേശം ഒരു പുരയിടത്തിൽ തന്നെ, മുൻകാലങ്ങളിൽ ജനങ്ങൾ കാളിവിഗ്രഹംവച്ചു പൂജിച്ചിരുന്ന ഒരു പഴയ ക്ഷേത്രമുണ്ടു്. അതു് ഒരുകാലത്തു

ധനവും പ്രസിദ്ധിയും സ്വാധീനശക്തിയുമുള്ള ഒരു ക്ഷേത്രമായിരുന്നു. അക്കാലത്തെ കാളിയുടെ ഐശ്വര്യവും ഇന്ന് അവിടെ വന്നിട്ടുള്ള വിപ്ലവകരമായ മാററവും ഓൎത്ത് അന്ധാളിക്കുന്ന വൃദ്ധരായ സ്ത്രീപുരുഷന്മാർ ഇപ്പോഴും ചിലർ അവശേഷിച്ചിട്ടുണ്ട്. പഴയ കാലത്തു ദേവിയെ പൂജിച്ചിരുന്ന സ്ഥലത്തു്, അതേ മതിൽക്കള്ളിൽ, അതേ ഗൎഭഗൃഹത്തിൽ, അതേ സ്ഥാനത്തു ദേവിയുടെ വിഗ്രഹത്തിനുപകരം ഗുരുദേവൻെറ ഒരു പടം പ്രദശാഭിക്കുന്നു. അവിടെ ചെറിയവരും വലിയവരും പൂൎവ്വാധികം ഭക്തിവിശ്വാസങ്ങളോടുകൂടി ഈശ്വരാരാധനയ്ക്കു വന്നുകൂടുന്നു. ഗുരുദേവൻെറ മഹത്വവും പ്രേമവും അവൎക്കനുഭവിച്ചറിയുവാൻ ഇടയായിട്ടുള്ളതിനാൽ അദ്ദേഹത്തിൻെറ ദിവ്യത്വത്തിൽ അവൎക്ക് അചഞ്ചലമായ വിശ്വാസമുണ്ടു്. അദ്ദേഹത്തിൻെറ ബന്ധുക്കൾ, വീട്ടുകാർ, ചങ്ങാതിമാർ, സതീൎത്ഥ്യർ, അവധൂതകാലത്തെ കൂട്ടാളികൾ ഇങ്ങനെ സുപരിചിതനായ നാണു ഒരു അമാനുഷശക്തിയാണെന്നു വിചാരിക്കാൻ ഒരിക്കലും മനസ്സുവരാത്ത കൂട്ടർ മുൻകാലങ്ങളിൽ ദേവിയെ ഭജിച്ചിരുന്നതുപോലെ ഇപ്പോൾ ഗുരുദേവൻെറ പടത്തിൻെറ മുമ്പിൽ നമസ്കരിച്ചു് അദ്ദേഹത്തിൻെറ രക്ഷയും അനുഗ്രഹവും ലഭിക്കുവാൻ പ്രാൎത്ഥിക്കുന്നതായി കാണാം. അവൎക്കെല്ലാം ഗുരുദേവൻ ഈശ്വരനാണു്. ആ ഗ്രാമത്തിലെ ഒരു സാധു ചെറുക്കൻ ക്ഷേത്രത്തിലെ ആരാധനാമൂൎത്തിയായിത്തീൎന്നിരിക്കുന്നു. ഇവിടെ മാത്രമല്ല, കേരളത്തിലെ മററു പല ക്ഷേത്രങ്ങളിലും ഇതേ വിസ്മയാവഹമായ കാഴ്ച നമുക്കു കാണാം. ഗുരുദേവൻ കുടിലിൽനിന്നു കോവിലിലേക്കു്

ഉയൻ. ഇതാണ് അദ്ദേഹത്തിൻെറ ജീവിതം നമ്മെ പഠിപ്പിക്കുന്ന മഹാതത്ത്വം. ഇതാണ് അദ്ദേഹത്തിൻെറ മതം.

## ഇവിടെ ഈ ജീവിതത്തിൽതന്നെ ഈശ്വരാനുഭൂതി.

ഇവിടെ ഈ ജീവിതത്തിൽതന്നെ ഈശ്വരാനുഭൂതി എല്ലാവൎക്കും സാദ്ധ്യമാണെന്നുള്ളതാണ് അദ്ദേഹത്തിൻെറ മഹാ സന്ദേശം. മനുഷ്യൻെറ ഭാഗധേയം നിശ്ചയിക്കുന്നതു് മനുഷ്യൻതന്നെയാണ്. ദുഃഖങ്ങളും ബുദ്ധിമുട്ടുകളും തരണം ചെയ്തു് ഇഹലോകത്തിൽ ഇരിക്കുമ്പോൾതന്നെ പരമാനന്ദപദം പ്രാപിക്കാൻ മനുഷ്യനു സാധിക്കും. സ്വൎഗ്ഗലോകപ്രാപ്തി ഇഹലോകത്തിൽ ജീവിക്കുമ്പോൾ തന്നെ ആവാം. ഏററവും എളിയ മനുഷ്യനും അതു സാദ്ധ്യമാണ്; അതിനു മതങ്ങളൊ പുരോഹിതന്മാരൊ ആവശ്യമില്ല. ഇതാണ് ഗുരുദേവൻെറ മതം. ചെമ്പഴന്തി ഈ സന്ദേശത്തിൻെറ നിത്യസ്മാരകമാണ്. അവിടെ ഒരു ജീൎണ്ണിച്ച ഓലക്കുടിലും ദ്രവിച്ചുതുടങ്ങിയിട്ടുള്ള അതിൻെറ മൺചുവരുകളും ഈശ്വരതുല്യനായിതീൎന്ന ഒരു മനുഷ്യൻെറ മഹാ സന്ദേശം രേഖപ്പെടുത്തിയിരിക്കുന്നു.

# XII

# ഒരു ചിത്രം

## എളിയ ജനനം.

തിരുവിതാംകൂറിൻെറ തലസ്ഥാനനഗരിയായ തിരുവനന്തപുരത്തുനിന്നു സുമാർ ഏഴു മൈൽ ദൂരെ ഒരു ചെറിയ ഗ്രാമമുണ്ടു്. ചെമ്പഴന്തി എന്ന മാധുര്യമുള്ള പേരാൽ അറിയപ്പെടുന്ന ആ ഗ്രാമത്തിൽ ഇപ്പോഴും ഒരു പഴയ ജീർണ്ണിച്ച ക്ഷേത്രവും അടുത്തുതന്നെ, ഒരു പുരയിടത്തിലാണെന്നു പറയാം, മൺചുവരുകളോടുകൂടിയതും, ഓലമേഞ്ഞതും, ഒരാൾക്കു നിവർന്നുനില്ക്കാൻ സാധിക്കാത്തവിധം ഉയരം കുറഞ്ഞതും. ഞെരുങ്ങിക്കൂടിയാൽ അഞ്ചെട്ടുപേർക്കു നില്ക്കാൻമാത്രം സ്ഥലമുള്ളതുമായ ഒരു ചെറിയ കുടിലുമുണ്ടു്. ഈ കുടിലിൽ 1031 ചിങ്ങം 14-ാം തീയതി (1855 ആഗസ്റ്റ് 28-ാം തീയതി) ഒരു അത്ഭുത ശിശു ഭൂജാതനായി.

## ബാല്യം.

ഈ ബാലൻ, ഗ്രാമത്തിലെ മററു ശിശുക്കളെപ്പോലെ എഴുത്തുപള്ളിയിൽപോയി പ്രാഥമിക പാഠങ്ങൾ പഠിച്ചു; പഠിപ്പിൽ നല്ല സമൎത്ഥനായിരുന്നതിനാലും ചങ്ങാതിമാരെ രസിപ്പിക്കുന്ന പല സൂത്രങ്ങളും അറിഞ്ഞിരുന്നതിനാലും ഈ കുട്ടി സഹപാഠികളുടെ ഒരു നേതാവായിത്തീൎന്നു. കുട്ടി ഭിക്ഷക്കാരോടും സന്ന്യാസിമാരോടും സ്നേ

ഹം കാണിക്കയും തൻെറ ചങ്ങാതിമാരുടെ ശല്യത്തിൽ നിന്നു് അവരെ രക്ഷിക്കയും ചെയ്തിരുന്നു. അല്പം ഉയരത്തിൽനിന്നു നിലത്തേയ്ക്കു് ഇട്ടു് തേങ്ങ ഉടയ്ക്കുന്ന വിദ്യ കുട്ടിക്കറിയാമായിരുന്നതു് പ്രായമായവരേയും അത്ഭുതപ്പെടുത്തി. ഉന്നംതെററാതെ എറിയാനും ഒരൊററ ഏറുകൊണ്ടു് തേങ്ങ വീഴ്ത്താനും ആ കുട്ടിക്കു സാധിച്ചിരുന്നുവത്രെ. വികൃതിക്കുട്ടികളുടെ കൂട്ടത്തിൽ ഈ ബാലൻ ഒരു ന്യായാധിപതിയായിരുന്നു. തൻെറ മുമ്പിൽവച്ചു ക്രൂരകൃത്യങ്ങൾ ചെയ്യുവാൻ ആ ബാലൻ ആരെയും അനുവദിച്ചില്ല.

## ഒരു ജാതിധ്വംസകൻ.

എഴുത്തുപള്ളിയിലെ പഠിപ്പു് അവസാനിച്ചശേഷം ആ കുട്ടി കൃഷി, കാലിമേയ്ക്കൽ മുതലായ ഗൃഹകൃത്യങ്ങളിൽ പ്രവേശിച്ചു് ദിവസവും കാലികളെയും കൊണ്ടു് അടുത്തുള്ള മനോഹരങ്ങളായ കുന്നിൻപുറങ്ങളിൽ പോയി യഥേഷ്ടം കാലികളെ മേയുവാൻ വിട്ടശേഷം തണലുള്ള വൃക്ഷത്തിന്മേൽ കയറിയിരുന്നു് ഏതെങ്കിലും പുസ്തകം വായിക്കുക പതിവായിരുന്നു. കാവ്യങ്ങളും സ്തോത്രങ്ങളും മനഃപാഠമാക്കുന്നതും അവയുടെ അർത്ഥത്തെപ്പററി മനനം ചെയ്യുന്നതും അവിടെയിരുന്നുകൊണ്ടായിരുന്നു. തന്നെക്കാൾ പാവപ്പെട്ടവരായിരുന്ന മററു കുട്ടികളും കാലികളെയും കൊണ്ടുവരും. അവരിൽ പലരും ജാതിയിൽ താഴ്ന്നവരും വൃത്തിഹീനരുമായിരുന്നതിനാൽ ഈ കുട്ടിയുടെ അടുക്കൽ ചെല്ലുവാൻ ധൈര്യപ്പെടുകയില്ല. പക്ഷേ നമ്മുടെ കഥാനായകനായ ബാലൻ അവരുടെ അടുക്കലേക്കുചെന്നു് അവരെ പലവിധത്തിൽ സഹായിക്കയും

തൻെറ ആഹാരം അവരുമായി പങ്കിട്ടു ഭുജിക്കയുംചെയ്യും. കുട്ടിയായിരിക്കുമ്പോഠംതന്നെ ജാതിച്ചട്ടങ്ങളെ ലംഘിക്കുന്ന കുസൃതികഠംമൂലം നാണു പ്രസിദ്ധനായിത്തീൎന്നു. ചിലപ്പോഠം അസ്പൃശ്യരായ പാവങ്ങളുടെ മാടങ്ങളിൽ കയറിച്ചെന്നു് അവരുടെ ആഹാരം മേടിച്ചു കഴിക്കും; അവരെ വീട്ടുജോലികളിൽ സഹായിക്കും; എന്നിട്ടു് വീട്ടിൽ മടങ്ങി എത്തി എല്ലാവരെയും തൊട്ടു് അശുദ്ധമാക്കും. ഈ വികൃതികഠംമൂലം വീട്ടിലെ സ്ത്രീകഠംക്കു പലപ്പോഴും അയിത്തം കളയുവാൻ മുങ്ങിക്കുളിക്കേണ്ടിവന്നിട്ടുണ്ടു്.

## ഒരു ഭക്തൻ.

വളൎന്നുവന്നതോടുകൂടി നാണുവിൻെറ ഈശ്വരഭക്തിയും വൎദ്ധിച്ചുവന്നു. പ്രാൎത്ഥന, ധ്യാനം, ജപം, വ്രതം മുതലായവയിൽ അധികസമയം കഴിച്ചുകൂട്ടി. ഒരിക്കൽ നാണുവിനു മസൂരിബാധയുണ്ടായി. അപ്പോഠം കുറേ ദിവസങ്ങഠം അടുത്തുള്ള ക്ഷേത്രത്തിൽ ഒളിച്ചിരുന്നു രോഗവിവരം ആരെയും അറിയിക്കാതെ കഴിച്ചു. നാണു മൂന്നുകൊല്ലം ഒരു സംസ്കൃതവിദ്വാൻെറ കീഴിൽ പഠിച്ചിട്ടുണ്ടു്. ആ കാലത്തിനുള്ളിൽതന്നെ ശിഷ്യൻ ഗുരുവിനെക്കാഠം സമൎത്ഥനായിത്തീൎന്നിട്ടുള്ളതായി പലൎക്കും ബോദ്ധ്യപ്പെട്ടു. പിന്നീടു് താൻതന്നെ ഒരു പള്ളിക്കൂടം സ്ഥാപിച്ചു് കുട്ടികളെ പഠിപ്പിച്ചുകൊണ്ടിരുന്നു. പക്ഷെ, ഒരു ആശാനെക്കാഠം കൂടുതൽ ഒരു ഭക്തൻ എന്ന നിലയിലാണു് അന്നു ജനങ്ങഠം നാണുവിനെ അറിഞ്ഞിരുന്നതു്.

## ത്യാഗം.

നല്ല പണ്ഡിതനായ ആ യുവാവു് അധികം താമസിയാതെ വീടുവിട്ടിറങ്ങി ഒരു അവധൂതനായി സഞ്ചരിച്ചുതുടങ്ങി. ദീൎഘകാലം ഇങ്ങനെ നാനാസ്ഥലങ്ങളിൽ സഞ്ചരിച്ചു് അനേകം മഹാന്മാരെ കാണുകയും അവരിൽനിന്നു പലതും ഗ്രഹിക്കയും ചെയ്തു. നാണു ആശാൻ ഒരു മഹാജ്ഞാനിയും ത്യാഗിയുമായി അറിയപ്പെട്ടുതുടങ്ങി. പഠിപ്പുകൊണ്ടു തൃപ്തിപ്പെടാതെ നാണു ആശാൻ മലകളിലും കാടുകളിലും താമസിച്ചു തപസ്സു ചെയ്തു.

## വനവാസം.

വിജനങ്ങളായ കാടുകളിലും ഗുഹകളിലും താഴ്വരകളിലും താമസിച്ചും പച്ചിലകളും ഫലമൂലങ്ങളും ഭുജിച്ചും, കാട്ടുമൃഗങ്ങളുമായി സഹവസിച്ചും, ഗുരുദേവൻ തപസ്സു ചെയ്തിരുന്ന അരുവിപ്പുറം ഒരു പുണ്യസ്ഥലമായിത്തീൎന്നിരിക്കുന്നു. അദ്ദേഹത്തിൻെറ അക്കാലത്തെ ജീവിതത്തെപ്പററി പല അത്ഭുതകഥകളും ജനങ്ങൾ പറയുന്നുണ്ടു്. ഗുരുദേവൻ ആത്മശാന്തിയും ആത്മസാക്ഷാൽക്കാരവും ലഭിച്ച ഒരു സിദ്ധനായിത്തീൎന്നു. ചിലപ്പോൾ കാടുവിട്ടു വന്നു്, കീറിമുഷിഞ്ഞവസ്ത്രം ഉടുത്തും, വഴിയരികിൽ കിടന്നുറങ്ങിയും, സാധുക്കൾ കൊടുത്തതെല്ലാം വാങ്ങിതിന്നും, ഏററവും പാവങ്ങളായ ജനങ്ങളോടു സഹവസിച്ചും, ഉൾപ്രദേശങ്ങളിൽ സഞ്ചരിക്കുമായിരുന്നു. മുഹമ്മദീയരുടെ കൂട്ടത്തിൽ താമസിക്കുന്നകാലത്തു് അദ്ദേഹംമൂലം അവൎക്കുണ്ടായ അനുഗ്രഹങ്ങൾ ഓൎത്തും അദ്ദേഹത്തിൻെറ

പരിപാവനമായ ജീവിതത്തെ കണ്ടും അനേകം മുഹമ്മദീയർ അദ്ദേഹത്തോടു ഭക്തിയുള്ളവരായിത്തീൎന്നു. കടലോരങ്ങളിലെ മുക്കവൎക്കു് ഗുരുദേവനെ വലിയ കാൎയ്യമായിരുന്നു. കുട്ടികൾക്കു പ്രത്യേകിച്ചും വലിയ ഇഷ്ടമായിരുന്നു. ഗുരുദേവൻെറ അനുഗ്രഹമുണ്ടായാൽ തങ്ങൾക്കു പലവിധത്തിൽ ആശ്വാസവും സുഖവും ഉണ്ടാകുന്നുണ്ടെന്നു പറഞ്ഞു് സ്ത്രീകൾ അദ്ദേഹത്തോടു് ഭക്ത്യാദരവുകൾ കാണിക്കുന്നതിൽ ശ്രദ്ധാലുക്കളായിത്തീൎന്നു. ഗുരുദേവൻെറ സാന്നിദ്ധ്യമുണ്ടായാൽ തങ്ങളുടെ തൊഴിലും വ്യാപാരവും വളരെ ആദായകരമായിത്തീരുന്നുണ്ടെന്നു പുരുഷന്മാൎക്കും അനുഭവമായിത്തീൎന്നു. ഇങ്ങനെ സഞ്ചരിക്കുന്ന കാലത്തു് ചിലപ്പോൾ അപ്രത്യക്ഷനാകും. വീണ്ടും കാട്ടുകളിൽ പോയിരിക്കും. ഈവിധം കാട്ടിലും, നാട്ടിലും, തപസ്സിലും, സഞ്ചാരത്തിലുമായി ഒരു ലക്കില്ലാത്ത ആളെപ്പോലെ കുറേ വൎഷങ്ങൾ കഴിച്ചുകൂട്ടി.

## അത്ഭുതകൃത്യങ്ങൾ.

അരുവിപ്പുറത്തു് അത്ഭുതശക്തികളുള്ള ഒരു മഹാസിദ്ധനുണ്ടു് എന്നുള്ള വാൎത്ത പലദിക്കിലും പരന്നു. പലതരക്കാരായ ജനങ്ങൾ അവിടെ കൂടിത്തുടങ്ങി. ചിലർ വെറും ദർശനത്തിനായും, ചിലർ ജിജ്ഞാസുക്കളായും, ചിലർ രോഗശാന്തിക്കായും, ചിലർ ഭൂതാവേശം ഒഴിക്കാനായും, ചിലർ കണ്ണിനു കാഴ്ച ലഭിക്കുവാനായും, ചിലർ കുഷ്ഠരോഗം മാറിക്കിട്ടാനായും, ഇങ്ങനെ ഓരോ ഉദ്ദേശത്തോടുകൂടി അരുവിപ്പുറത്തു സ്വാമിയുടെ അടുക്കൽ പോ

യിക്കൊണ്ടിരുന്ന ഇക്കാലത്തു മാത്രമല്ല ജീവിതകാലം മുഴുവൻ തന്നെ ഗുരുദേവൻ പ്രദശിപ്പിച്ചിട്ടുള്ള അത്ഭുതസിദ്ധികൾക്കു കണക്കില്ല. കുരുടന്മാക്കു കാഴ്ച ലഭിച്ചിട്ടുണ്ടു്; കുഷ്ഠരോഗികൾ സുഖപ്പെട്ടിട്ടുണ്ടു്; മദ്യപാനികൾ സദാചാരതരായിട്ടുണ്ടു്; മുടന്തന്മാർ നടക്കുവാൻ പ്രാപ്തരായിട്ടുണ്ടു്; ഭൂതപ്രേതങ്ങൾ ഒഴിഞ്ഞുപോയിട്ടുണ്ടു്. ഭ്രാന്തന്മാക്കു ബുദ്ധിഭ്രമം നീങ്ങിയിട്ടുണ്ടു്. ചിലപ്പോൾ അദ്ദേഹത്തിൻെറ ആജ്ഞ എഴുത്തുവഴിയോ ശിഷ്യന്മാർ വഴിയോ ദൂരസ്ഥലങ്ങളിലേക്കു് അയച്ചു് ദേവതോപദ്രവങ്ങൾ തീൎത്തിട്ടുണ്ടു്. ഒരിക്കൽ മഴയില്ലാതെ കൃഷിയെല്ലാം വരണ്ടും, കന്നുകാലികൾ നശിച്ചും, കുടിക്കാൻ പോലും ജലമില്ലാതെ ജനങ്ങൾ ദുരിതമനുഭവിക്കുന്നതു കണ്ടു് ഗുരുദേവനു് അലിവു തോന്നുകയും അദ്ദേഹം ഒരു ഈശ്വരപ്രാത്ഥന എഴുതി ജനങ്ങളോടു് അതുചൊല്ലി സ്തോത്രം ചെയ്യുവാൻ പറയുകയും ചെയ്തു. അവർ അതുപ്രകാരം ചെയ്തപ്പോൾ നല്ല മഴയുണ്ടായി. അവരുടെ ദുരിതത്തിനു ശമനമുണ്ടായി അതിനുശേഷം ഭക്തജനങ്ങൾ ആ പ്രാത്ഥന ചൊല്ലിയ അവസരത്തിൽ മഴയുണ്ടായിട്ടുള്ളതായി പറയപ്പെടുന്നു.

## പ്രവൃത്തി ആരംഭിക്കുന്നു.

ഒരു സിദ്ധനെന്നനിലയിൽ ജനങ്ങളുമായി ഇടപെടാൻ തുടങ്ങി അധികം കഴിയുന്നതിനുമുമ്പു് ഗുരുദേവൻ അവരുടെ ഉന്നമനാത്ഥം മഹത്തായ യത്നം തുടങ്ങി. അരുവിപ്പുറം മലമുകളിൽ ഒരു ചെറിയ കുടിൽകെട്ടി. അതാണു് ഒന്നാമത്തെ സ്ഥാനം. പിന്നീടു് അതിനു സമീ

പം ഒരു ക്ഷേത്രവും ഒരു മഠവും ഒരു സ്കൂളും ഉണ്ടാക്കി. ഭക്തജനങ്ങളെ സംഘടിപ്പിക്കുവാനായി S. N. D. P. യോഗം സ്ഥാപിക്കപ്പെട്ടു.

പറയത്തക്ക സംഘടിതപ്രവർത്തനമോ പരിപാടിയോ ഒന്നുംതന്നെയില്ല. ജനങ്ങൾ വന്ന്, കാണിക്കയായും ദാനമായും പണവും സ്ഥലവും കൊടുത്തുകൊണ്ടിരുന്നു. ഒരു സ്ഥലത്ത് ഒരു സ്ഥാപനമായിക്കഴിഞ്ഞാൽ ഉടനെ ഗുരുദേവൻ മറെറാരു ദിക്കിൽ പോയി താമസിക്കും. അവിടെ ജനങ്ങൾ കൂട്ടമായി വന്നുചേരും. അവിടെയും ഒരു സ്ഥാപനമുണ്ടാകും. ഉടനെ വേറൊരു സ്ഥലത്തേക്കുപോകും. ഈ വിധം ഗുരുദേവൻ എവിടെയെങ്കിലും കുറച്ചുകാലം വസിച്ചാൽ അവിടെ ഒരു ക്ഷേത്രമോ, മഠമോ, വിദ്യാലയമോ, യോഗമോ, സ്ഥാപിതമാകും. അരുവിപ്പുറം വിട്ടു ഗുരുദേവൻ കാടുപിടിച്ചു കിടന്നിരുന്ന ശിവഗിരിക്കുന്നിലേക്കു താമസം മാററി. അവിടെ ദിനവും അനേകം ഭക്തജനങ്ങൾ ദർശനത്തിനായി വന്നു തുടങ്ങി. മഠം, ക്ഷേത്രം, വിദ്യാലയം മുതലായവ ഓരോന്നായി അതിവേഗം നിർമ്മിക്കപ്പെട്ടു. പുതിയ റോഡുകളും പാലങ്ങളും ഉണ്ടായി. അവിടെയുള്ള വെള്ളച്ചാട്ടങ്ങളിൽ സ്നാനത്തിനായി ജനങ്ങൾ ധാരാളമായി വരുവാൻ ആരംഭിച്ചു. ആററിൻെറ ഓരങ്ങളിൽ പുതിയ കൃഷികൾ തുടങ്ങി. ധനികന്മാരായ ഭക്തന്മാർ ശിവഗിരിയിൽ സാധുക്കൾക്കു് അന്നദാനങ്ങൾ ഏർപ്പാടുചെയ്തു. കാടുപിടിച്ചിരുന്ന കുന്നിൽ സമൃദ്ധിയും ആഹ്ലാദവും നടമാടിത്തുടങ്ങി.

അടുത്ത രംഗം ആലുവായാണ്. ഗുരുദേവൻ അവിടെ താമസമാക്കുന്നു. അതു്, ഒരു പ്രധാന പ്രവർത്തനകേന്ദ്രമായിത്തീരുന്നു. ഒരു ഒന്നാംതരം സംസ്കൃതപാഠശാലയും, ആശ്രമവും, വിദ്യാർത്ഥിസത്രവും അവിടെ നിർമ്മിക്കപ്പെട്ടുന്നു. അനേകം വിദ്യാർത്ഥികൾക്കു സൗജന്യമായ വിദ്യാഭ്യാസവും ചിലക്കു ഭോജനവും ലഭിക്കുന്നു.

ഈവിധം ഓരോന്നായി ഗുരുദേവൻെറ കർമ്മപരിപാടികൾ നിർവ്വഹിക്കപ്പെട്ടുന്നു. ഗുരുദേവൻ രാജ്യത്തിൻെറ നാനാഭാഗത്തും സഞ്ചരിച്ചു് ഒരു ഇന്ദ്രജാലക്കാരനെപ്പോലെ സാന്നിദ്ധ്യമാത്രത്താൽ കാട്ടുപിടിച്ചു കിടന്നിരുന്ന സ്ഥലങ്ങളെ ഭക്തിയുടെയും വിദ്യയുടെയും നിലയനങ്ങളാക്കി; അറിവില്ലാത്ത ജനങ്ങളെ സുസംഘടിതമായ സമുദായങ്ങളാക്കി; ദുരാചാരങ്ങളെയും ക്രൂരകർമ്മങ്ങളെയും ദൂരെപ്പുറപ്പിച്ചു; ഈശ്വരൻെറ മഹത്വത്തിനും മനുഷ്യരുടെ നന്മയ്ക്കുമായി സ്വാതന്ത്ര്യക്ഷേത്രങ്ങൾ സ്ഥാപിച്ചു; വിദ്യാലയങ്ങൾ ഏപ്പെട്ടുത്തി; നവജീവസന്ദേശ വാഹകന്മാരായ പ്രസംഗകരെ പല ദിക്കിലേക്കും അയച്ചു; കർമ്മകുശലന്മാരായ ശിഷ്യന്മാരെ ചേർത്തു; രാജ്യത്തെ ഒട്ടാകെ ഒരു മഹനീയമായ ഭാവിയെപ്പററിയുള്ള ശുഭാശംസകളിൽ ആറാടിച്ചു.

## ശിവഗിരിയിൽ വിശ്രമിക്കുന്നു.

ഈവിധം നാല്പതുകൊല്ലത്തോളം നിരന്തരപരിശ്രമം നടത്തിയശേഷം ഗുരുദേവൻ ശിവഗിരിയിൽ തലസ്ഥാനമുറപ്പിച്ചു. തങ്ങളുടെ എല്ലാ അഭിലാഷങ്ങളു

ടെയും ദിവ്യസ്വരൂപമായ ഗുരുദേവനെ ഏതു കാൎയ്യ
ത്തിലും ശരണം പ്രാപിച്ചുകൊണ്ടിരുന്ന അനേകലക്ഷം
ഭക്തജനങ്ങളുടെ ജയാപജയങ്ങളെ വാത്സല്യപൂർവ്വം
വീക്ഷിച്ചുകൊണ്ടു് ഗുരുദേവൻ ശിവഗിരിക്കുന്നിന്മേൽ
വിശ്രമിക്കുന്നു. പണ്ഡിതശിരോമണിയും ജ്ഞാനഭണ്ഡാ
ഗാരവുമായിരുന്ന ഗുരുദേവനെ ദർശിക്കുവാനായി ജിജ്ഞാ
സുക്കളായ വിദ്യാൎത്ഥികളും, വിദ്വാന്മാരും അവിടെ സദാ
വന്നുംപോയും ഇരുന്നു. ആദ്യകാലങ്ങളിലെ സംഭവ
ങ്ങൾതന്നെ ഇവിടെ പലമടങ്ങു വർദ്ധിച്ച തോതിൽ നട
ക്കുന്നു. അനുഗ്രഹം ലഭിക്കാനും, രോഗം ശമിക്കാനും,
ദേവതോപദ്രവം നീങ്ങാനും, എന്നല്ല, നൂറുതരത്തിലുള്ള
അനുഗ്രഹസാദ്ധ്യത്തിനായി, ജനങ്ങൾ കൂട്ടംകൂട്ടമായി ഗുരു
ദേവനെ പ്രാപിക്കുന്നു. പൊതുക്കാൎയ്യങ്ങളിൽ അഭിപ്രായം
അറിയാനും ഉപദേശം സ്വീകരിക്കാനുമായി നേതാക്ക
ന്മാർ വന്നുകൊണ്ടിരിക്കുന്നു. ഏഴകൾക്കും മഹത്തു
ക്കൾക്കും ഒരുപോലെ ശിവഗിരി ഒരു പുണ്യതീൎത്ഥമായി
ത്തീരുന്നു. മഹാത്മാഗാന്ധി, രവീന്ദ്രനാഥടാഗോർ,
സ്വാമി ശ്രദ്ധാനന്ദ്, സി. എഫ്. ആൻഡ്രൂസ് മുതലായ
മഹാന്മാർ അദ്ദേഹത്തെ സന്ദർശിച്ചു സന്തുഷ്ടരാകുന്നു.
പക്ഷേ, ഗുരുദേവൻ ആദ്യം എങ്ങനെയോ അതുപോലെ
അവസാനംവരെ ഒരു എളിയ ഗ്രാമീണനെപ്പോലെ
മുണ്ടും തോൎത്തുമായി ജീവിക്കുന്നു. അദ്ദേഹം വസിക്കുന്നതു
പത്തടി സമചതുരത്തിലുള്ള ഒരു ഒററമുറിക്കെട്ടിടത്തിലാ
കുന്നു. അതു്, അദ്ദേഹം ജനിച്ച ചെമ്പഴന്തിയിലെ
കുടിലിനെ സ്മരിപ്പിക്കുന്നു. ദണ്ഡും ജലപാത്രവുമാണു്
അദ്ദേഹത്തിൻെറ സ്വകാൎയ്യസമ്പത്തു്.

## ചില സ്വഭാവവിശേഷങ്ങൾ.

ശരീരവസ്ത്രാദികളും പരിസരങ്ങളും എപ്പോഴും വൃത്തിയായി സൂക്ഷിക്കുന്നതിൽ അദ്ദേഹം സദാ ജാഗരൂക നായിരുന്നതിനാൽ ഈ വിഷയത്തിൽ അദ്ദേഹത്തെ സംതൃപ്തിപ്പെടുത്തുന്നതു വളരെ പ്രയാസമായിരുന്നു. അദ്ദേഹത്തിൻെറ സുന്ദരരൂപം ലക്ഷണമൊത്ത അവയവ ങ്ങളോടുകൂടിയതും, ദർശനമാത്രയിൽ ആക്കും ഭക്തിബഹു മാനം തോന്നിപ്പിക്കുന്നതും അടുത്തു ചെല്ലുന്നവരുടെ വിചാരങ്ങൾകൂടി ചൂഴ്ന്നു കാണുന്നുണ്ടോ എന്നു തോന്നു മാറു് തിളങ്ങിക്കൊണ്ടിരുന്ന കണ്ണുകളോടുകൂടിയതുമായി രുന്നു. ചിലപ്പോൾ കാരുണ്യപൂർവ്വമായും, മററു ചില പ്പോൾ ജ്ഞാനപ്രകാശത്തോടുകൂടിയും, ഒരവസരത്തിൽ ആത്മപ്രാഭവത്തോടും, മറെറാരവസരത്തിൽ അജ്ഞാത മായ ഒരു ആനന്ദാതിരേകത്തോടുംകൂടിയും ജ്വലിച്ചുകൊ ണ്ടിരുന്ന ആ നേത്രങ്ങൾ അനേക കഠിനഹൃദയങ്ങളെ പരാജയപ്പെടുത്തിയിട്ടുണ്ടു്.

അദ്ദേഹം ഉച്ചരിച്ച ഓരോ വാക്കിലും ഒരു പ്രത്യേക രസികത്വം ഉണ്ടായിരുന്നു. അദ്ദേഹത്തിൻെറ സംഭാ ഷണം ഫലിതംകൊണ്ടും, സൂക്ഷ്മജ്ഞാനംകൊണ്ടും, കാരു ണ്യംകൊണ്ടും തുളുമ്പിക്കൊണ്ടിരുന്നതിനാൽ അതു കേൾ ക്കുന്നതു പണ്ഡിതപാമരന്മാക്കു് ഒരുപോലെ അഹ്ലാദ മായിരുന്നു. അദ്ദേഹത്തിൻെറ അവസരോക്തികൾ കേ ട്ടാൽ ഒരിക്കലും മറക്കാത്തവിധം മനസ്സിൽ പതിയുന്നവ യായിരുന്നു. ചിലപ്പോൾ തെററുചെയ്തവരെ ശാസിച്ചി രുന്നതുകൂടി ഫലിതം നിറഞ്ഞ ഭാഷയിലായിരുന്നതി

നാൽ അതും ശ്രോതാക്കൾക്കു രസാവഹമായിത്തീന്നി രുന്നു. നിരക്ഷരനായ ഒരു ഗ്രാമീണനും വിദ്വാനായ ഒരു പ്രഫസക്കും അദ്ദേഹവുമായി പരസ്പരസംതൃപ്തിയോടുകൂടി മനസ്സു തുറന്നു സംഭാഷണം ചെയ്യാമായിരുന്നു. എളിയ വരുമായി സംസാരിക്കുമ്പോൾ അദ്ദേഹവും ഒരു എളിയ വനായിരുന്നു. മഹാത്മാക്കളുമായി സംസാരിക്കുമ്പോൾ അവരുടെ ദൃഷ്ടിയിലും അദ്ദേഹം ഒരു അതിമാനുഷനായി പ്രത്യക്ഷപ്പെട്ടു.

## ആരാധ്യനായിത്തീരുന്നു.

ആബാലവൃദ്ധം അനേകലക്ഷം സ്ത്രീപുരുഷന്മാർ അദ്ദേഹത്തെ അളവററ ഭക്തിബഹുമാനത്തോടുകൂടി ആരാധിച്ചിരുന്നു. അനേകായിരം വീടുകൾ അദ്ദേഹ ത്തിൻെറ പടംവച്ചു നിത്യവും പുഷ്പമിട്ടു പ്രാത്ഥന നട ത്തിയിരുന്നു. അനേകായിരം ഹൃദയങ്ങൾ എല്ലാ ബുദ്ധി മുട്ടുകളിലും അദ്ദേഹത്തെ ധ്യാനിച്ചു് സമാധാനമണഞ്ഞി രുന്നു. അനീതികളിൽനിന്നു രക്ഷ കിട്ടുന്നതിനും, പ്രിയ പ്പെട്ടവർ സുഖമായിരിക്കുന്നതിനും, തൊഴിൽ ആദായകര മായിത്തീരുന്നതിനും, ഇങ്ങനെ മനുഷ്യർ സാധാരണ ഈശ്വരനെ ഭജിക്കുന്ന എല്ലാ ഉദ്ദേശ്യങ്ങൾക്കും അവർ ഗുരുദേവനെ പ്രാത്ഥിച്ചിരുന്നു. തങ്ങളുടെ എല്ലാ വിജ യവും സുഖവും ഗുരുദേവാനുഗ്രഹത്താലുണ്ടായിട്ടുള്ളതാ ണെന്നു വിശ്വസിക്കുന്ന അനേകായിരം ഭക്തന്മാർ ഇന്നു മുണ്ടു്. അവരുടെ ഈ വിശ്വാസം ദിനംപ്രതി അവരുടെ അനുഭവത്തിൽ ശക്തിപ്പെട്ടുവരികയും ചെയ്യുന്നു. ഈ ഭക്തിബഹുമാനം ഒരു പ്രത്യേക സമുദായക്കാരക്കോ, മത

ക്കാർക്കോ മാത്രമല്ലായിരുന്നു. അദ്ദേഹത്തിൻെറ ഭക്തന്മാരിൽ ഹിന്ദുക്കളും, ബൌദ്ധന്മാരും, ക്രിസ്ത്യാനികളും, മുസ്ലീമുകളും, പാർസികളും മററുള്ളവരും ഉണ്ടായിരുന്നു. മതം കൊണ്ടും സമുദായസ്ഥിതികൊണ്ടും അവർ ഭിന്നിച്ചവരായിരുന്നുവെങ്കിലും ഗുരുദേവനോടുള്ള ഭക്തിയിൽ അവരെല്ലാം ഒന്നായിരുന്നു. ഡാക്ടർ നടരാജൻെറ "ഗുരുവിൻെറ ജീവിതരീതി" എന്ന പുസ്തകത്തിൽ ഒരു ക്രിസ്ത്യാനിഭക്തൻെറ അനുഭവത്തെപ്പററി ഇപ്രകാരം പറഞ്ഞിരിക്കുന്നു:—

"ഞങ്ങൾ പള്ളിയുടെ മുൻവശത്തുകൂടി കടന്നുപോയപ്പോൾ ആ പുതിയ ക്രിസ്ത്യാനിസ്നേഹിതൻ വളരെ ഭക്തിയോടുകൂടി തൻെറ അനുഭവത്തെപ്പററി ഇപ്രകാരം പറഞ്ഞു:—'സർ, ഞാൻ ഗുരുസ്വാമിയെ കണ്ടിട്ടുണ്ട്. അദ്ദേഹത്തെ കണ്ട ഉടനെ ക്രിസ്തുമിശിഹാപോലെയായിരിക്കുന്നു എന്നാണ് എനിക്കു തോന്നിയതു്. രോഗം മാറിക്കിട്ടാനും, അല്ലെങ്കിൽ വേറെ ബുദ്ധിമുട്ടുകളിൽ അനുഗ്രഹവാക്കുകൾ ലഭിക്കുവാനും വന്നവരെക്കൊണ്ടു് അദ്ദേഹം ചുററപ്പെട്ടിരുന്നു. ചിലർ അദ്ദേഹത്തിൻെറ പാദം തൊട്ടു തലയിൽ വയ്ക്കുവാൻ ആഗ്രഹിച്ചു കാത്തുനില്ക്കുകയായിരുന്നു. മററുചിലർക്ക് അല്പം തീർത്ഥം കിട്ടണമെന്നായിരുന്നു ആഗ്രഹം. ക്രിസ്തുമിശിഹായും ഇപ്രകാരമാണു് ജനങ്ങളുടെ ഇടയിൽ സഞ്ചരിച്ചതെന്നു് വേദപുസ്തകത്തിൽ പറഞ്ഞിട്ടുണ്ടു്. ഞാൻ നമസ്കരിച്ചപ്പോൾ അദ്ദേഹം എൻെറ ശിരസ്സിൽ മന്ദമായി തലോടി. ആ

ദിവ്യസ്പർശം ഏററപ്പോൾ എനിക്കു രോമാഞ്ചമുണ്ടായി. ഞാൻ അനുഗൃഹീതനായിത്തീൎന്നു.'

ഗുരുദേവനെപ്പററി ഏററവും പ്രചാരമുള്ള ഒരു പ്രാൎത്ഥന ഇവിടെ ഉദ്ധരിക്കാം. അനേകായിരം വീടുകളിൽ ഈ പ്രാൎത്ഥന നിത്യവും ചൊല്ലുന്നുണ്ടു്. ജനങ്ങൾ ഏതുവിധത്തിൽ അദ്ദേഹത്തെ ബഹുമാനിക്കുന്നുണ്ടെന്നു് അതിലെ ആശയങ്ങളിൽനിന്നു നമുക്കു മനസ്സിലാക്കാം.

ആരായുകിലന്ധതയൊഴിച്ചാദിമഹസ്സിൽ
നേരാംവഴികാട്ടും ഗുരുവല്ലോ പരദൈവം
ആരാദ്ധ്യനതോൎത്തീടുകിൽ ഞങ്ങൾക്കവിടുന്നാം
നാരായണമൂൎത്തേ ഗുരു നാരായണമൂൎത്തേ.

അമ്പാൎന്നവരുണ്ടോ പരവിജ്ഞാനികളുണ്ടോ
വമ്പാകെ വെടിഞ്ഞുള്ളവരുണ്ടോയിതുപോലെ;
മുമ്പായി നിനച്ചോക്കയിലും ഞങ്ങൾ ഭജിപ്പൂ
നിൻപാവനപാദം ഗുരു നാരായണമൂൎത്തേ.

അന്യൎക്കുഗുണംചെയ്യതിനായുസ്സു വപുസ്സും
ധന്യത്വമൊടങ്ങാത്മതപസ്സും ബലിചെയ്വൂ
സന്യാസികളില്ലിങ്ങനെയില്ലില്ലമിയന്നോർ
വന്യാശ്രമമേലുന്നവരും ശ്രീ ഗുരുമൂൎത്തേ.

വാദങ്ങൾ ചെവിക്കൊണ്ടു മതപ്പോരുകൾ കണ്ടും
മോദസ്ഥിരനായങ്ങു വസിപ്പൂ മലപോലെ

വേദാഗമസാരങ്ങളറിഞ്ഞതങ്ങൊരുവൻതാൻ
ഭേദാദികൾ കൈവിട്ടു ജയിപ്പൂ ഗുരുമൂർത്തേ.

മോഹാകുലരാം ഞങ്ങളെയങ്ങേടെയടിപ്പൂ
സ്നേഹാത്മമതാംപാശമതിൽക്കെട്ടിയിഴപ്പൂ
'അഹാ ബഹുലക്ഷം ജനമങ്ങേ തിരുനാമ-
വ്യാഹാരബലത്താൽ വിളയിപ്പൂ ഗുരുമൂർത്തേ.

അങ്ങേ തിരുവുള്ളൂറിയൊരമ്പിൻവിനിയോഗം
ഞങ്ങൾക്കു ശുഭംചേർത്തിടുമീ ഞങ്ങടെ ദയാഗം
എങ്ങും ജനചിത്തങ്ങളിണക്കി പ്രസരിപ്പൂ
മങ്ങാതെ ചിരം നിൻ പുകൾപോൽ ശ്രീഗുരുമൂർത്തേ.

തമ്പോലെയിറുമ്പാദിയെയും പാർത്തിടുമങ്ങേ
മുമ്പോലുലകത്ഥിച്ചു ചിരാശിസ്സു ദയാബ്ധേ!
അമ്പാൽസുഖമാംമേന്മതൊട്ടന്നോർക്കരുളുംകാൽ-
ത്തുമ്പോടിനിയും വാഴ്ക ഹൃദന്തേ ഗുരുമൂർത്തേ.

## മനുഷ്യനോ ദൈവമോ.

ഗുരുദേവനിൽ വിശ്വസിച്ചു് ആ വിശ്വാസംമൂലം അവാച്യമായ ഒരു മനസ്സമാധാനം ആസ്വദിക്കുവാൻ സാധിച്ചിരുന്നവക്കു് അദ്ദേഹം ഒരു മനുഷ്യനല്ല, സാക്ഷാൽ ഈശ്വരൻെറ അവതാരമാകുന്നു. അദ്ദേഹത്തിൻെറ ദിവ്യസന്നിധിയിൽ അവർ മനുഷ്യത്വത്തെ മറക്കുന്നു. അദ്ദേഹത്തിൻെറ ജീവിതത്തിൽ ഒരു നിമിഷംപോലും ഗോപ്യ

മായി വയ്യുന്നില്ല. ഊണു കഴിക്കുക, വെള്ളം കുടിക്കുക, നടക്കുക, ഉറങ്ങുക മുതലായ ജീവിതത്തിലെ ഓരോ ചെറിയ പ്രവൃത്തികളും പരസ്യമായ സംഭവങ്ങളാകുന്നു. അദ്ദേഹം ഒരു സാധാരണ മനുഷ്യനെപ്പോലെ ജീവിക്കുന്നു; എങ്കിലും അദ്ദേഹം മനുഷ്യരിൽനിന്നു് അതീതനായി ദിവ്യപ്രഭാവത്തോടുകൂടി വിജയിക്കുന്നു എന്നു് അദ്ദേഹത്തെ ദർശിക്കുവാൻ വരുന്ന മഹാന്മാക്കു ബോദ്ധ്യമാകുന്നതുപോലെ അദ്ദേഹത്തിൻെറ ലഘുഭക്ഷണം തയ്യാർ ചെയ്യുന്ന പാചകയുവാവും വിശ്വസിക്കുന്നു. ബുദ്ധൻെറ നിർവ്വാണപ്രാപ്തി, ഹിന്ദുക്കളുടെ ഈശ്വരാനുഭൂതി, ക്രിസ്തുവിൻെറ സ്വർഗ്ഗാരോഹണം എന്നിങ്ങനെയുള്ളതെല്ലാം ഗുരുദേവനെ കാണുന്നതിനുമുമ്പു് വെറും കഥകൾ മാത്രമായിരുന്നു. എളിയ നിലയിൽ ജനിച്ച ഒരു ഗ്രാമീണചെറുക്കനുപോലും ഈശ്വരാനുഭൂതി ഉണ്ടാകാമെന്നുള്ളതിനു ഗുരുദേവൻെറ ജീവിതം ഒരു പ്രത്യക്ഷമാതൃക ആയിരുന്നു. ഏതായാലും അതിലും വിശിഷ്ടമായ ഒരു ഉദാഹരണം ഈ ഭൗതികലോകത്തിൽ സാദ്ധ്യമായിത്തോന്നുന്നില്ല. മനുഷ്യാത്മാവു പരമാർത്ഥത്തിൽ ഈശ്വരചൈതന്യംതന്നെയാണെന്നു് അദ്ദേഹം സ്വജീവിതംകൊണ്ടു പ്രത്യക്ഷമാക്കിയിരിക്കുന്നു. അദ്ദേഹം മനുഷ്യനാണെങ്കിലും മനുഷ്യാതീതനുമാണു്. അദ്ദേഹം ഈശ്വരനല്ലെങ്കിലും ഈശ്വരപ്രഭാവത്തോടുകൂടിയിരിക്കുന്നു. അദ്ദേഹത്തിൽ മനുഷ്യത്വവും ഈശ്വരത്വവും ഒരുപോലെ സമ്മേളിച്ചിരുന്നു. ഇതുപോലെ ചരിത്രത്തിൽ ഒരു അനുഭവമുണ്ടായിട്ടില്ലെന്നു പറയണം. ഗുരുദേവനുമായി അടുത്തു പെരുമാറുവാൻ ഭാഗ്യമുണ്ടായിട്ടുള്ളവക്കു് ഇവിടെ പ്രസ്താ

വിച്ചിട്ടുള്ളതിൻെറ പരമാൎത്ഥം അറിയാം. മററുള്ളവൎക്ക് ഇതെല്ലാം വെറും അതിശയോക്തിയായിതോന്നിയേക്കാം. അതെങ്ങനെയെങ്കിലുമാകട്ടെ. സത്യമെന്നു തോന്നിയതു് ഇവിടെ രേഖപ്പെടുത്താതെ തരമില്ലല്ലൊ. മനുഷ്യനു് ലോകത്തെ ജയിച്ചു് അതീതനാവാമെന്നും, മനുഷ്യനു് ഈശ്വരാനുഭൂതി സാദ്ധ്യമാണെന്നും ഉള്ള തത്വങ്ങൾക്ക ഗുരുദേവൻെറ ജീവിതം ഒരു നിത്യസ്മാരകമാകുന്നു. അദ്ദേഹത്തെ അറിയാനും അദ്ദേഹത്തിൽ വിശ്വസിക്കാനും സംഗതി വന്നിട്ടുള്ളവരെ എപ്പോഴും അഭിമുഖീകരിക്കുന്ന ഒരു പ്രശ്നമുണ്ടു്—അദ്ദേഹം മനുഷ്യനായിരുന്നൊ, ഈശ്വരനായിരുന്നോ? ഭാവിതലമുറകൾക്കും ഇതേ പ്രശ്നം എന്നും ഉണ്ടായിരിക്കും—മനുഷ്യനോ ഇശ്വരനോ?

ലോകത്തിൽ ഉണ്ടായിട്ടുള്ള മററു് അവതാരപുരുഷന്മാരുമായി താരതമ്യപ്പെടുത്തി നോക്കുന്നതായാൽ ഗുരുദേവൻ ഒരുവിധത്തിലും അവരേക്കാൾ കുറവുള്ള ആളല്ലെന്നു കാണാം. താഴ്ന്ന നിലയിലുള്ള അദ്ദേഹത്തിൻെറ ജനനം, അന്ത്യകാലത്തെ അത്ഭുതാവഹമായ മാഹാത്മ്യവും യശസ്സും അദ്ദേഹത്തിൻെറ അഗാധമായ ജ്ഞാനം, അദ്ദേഹത്തിൻെറ ഉപദേശങ്ങളുടെ വൈശിഷ്ട്യം, അദ്ദേഹത്തിനു മനുഷ്യൻെറയും പ്രകൃതിയുടെയും മേൽ ഉണ്ടായിരുന്ന അത്ഭുതശക്തികൾ, ലോകോപകാരാൎത്ഥം അദ്ദേഹം ചെയ്തിട്ടുള്ള കാൎയ്യങ്ങളുടെ വിപുലതയും മഹത്വവും, ജീവിതകാലത്തുതന്നെ അദ്ദേഹത്തിനു ലബ്ധമായ സീമയററ ഭക്തിബഹുമാനങ്ങൾ, അദ്ദേഹത്തിൻെറ

നിസ്തുല്യമായ ത്യാഗവും ലോകസേവനവും, അദ്ദേഹം പ്രചരിപ്പിച്ചിട്ടുള്ള ആദർശങ്ങളുടെ മഹനീയതയും ലോകത്തിനൊട്ടാകെ അവകൊണ്ടുണ്ടായേക്കാവുന്ന അനുഗ്രഹവും—ഇങ്ങനെ ഏതുവിധം നോക്കിയാലും മനുഷ്യരുടെ സ്നേഹവിശ്വാസങ്ങൾക്കു പാത്രവാന്മാരായിത്തീൎന്നിട്ടുള്ള മഹാത്മാക്കളുടെ മദ്ധ്യത്തിൽ അദ്ദേഹം അഗ്ര്യസ്ഥാനത്തു പ്രശോഭിക്കുന്നു.

DISTRIBUTING LIBRARY,
No.....................
KOTTAYAM.

**KOTTAYAM PUBLIC LIBRARY**

KOTTAYAM

Cl. No. 1708 Acc. No. 79821

This book should be returned on or before the date last stamped below.

11 MAR 2021

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

1108 7982

Dar. 3

ചെക്കിന്റെ

സമാധാനപ്രബോധകൻ

KOTTAYAM PUBLIC LIBRARY

Call No. L 708 D.S Acc. No. 79821

Author ഷേക്സ്പിയർ

Title [illegible]